ISSN-0971-8397

# യോജന

മാർച്ച് 2015 ഒരു വികസനപത്രിക ₹ 20

## പൊതു ബജറ്റ് 2015–16

**ബജറ്റ് 2015–16: വളർച്ച, തൊഴിൽ, ക്ഷേമം**
ഡി.കെ. ശ്രീവാസ്തവ

**ഉത്തരവാദിത്തം മാറുന്നുവോ? സ്ത്രീപക്ഷ ബജറ്റ് വീക്ഷണം**
നീത.എൻ

**സാമ്പത്തിക സർവെ വിശകലനം**
അഷിമ ഗോയൽ

**റെയിൽ ബജറ്റ്: പുരോഗതിയുടെ സുവർണ്ണപാത**
ജി. ശ്രീനിവാസൻ



**പ്രത്യേക ലേഖനം**
**പതിനാലാം ധനകാര്യകമ്മീഷൻ ശിപാർശകൾ**
പ്രവാകർ സാഹു

**ഫോക്കസ് ലേഖനം**
**ദേശീയ നൈപുണ്യ വികസന പദ്ധതി**
സ്വദേശ് സിംഗ്




**35 –ാം ദേശീയ ഗെയിംസിന്റെ ഭാഗമായി ഗെറ്റ്, സെറ്റ്, പ്ലേ എന്ന സചിത്ര കോഫി ടേബിൾ ബുക്ക് കേരളാ ഗവർണർ ജസ്റ്റിസ് പി. സദാശിവം തിരുവനന്തപുരത്ത് പ്രകാശനം ചെയ്ത ചടങ്ങ്.**

35 ാമത് നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് "ഗെറ്റ്, സെറ്റ്, പ്ലേ" എന്ന കോഫീടേബിൾ ബുക്ക് പുറത്തിറക്കിയത്. ഇരുനൂറിലധികം പേജുകളിൽ അത്യാകർഷകങ്ങളായ ചിത്രങ്ങളോടെ രൂപകല്പന ചെയ്തിരിക്കുന്ന ഈ പുസ്തകം കേരളക്കരയുടെ ദൃശ്യചാരുതയും കായികചരിത്രവും എടുത്തുകാട്ടുന്നതാണ്. പ്രമുഖ ദിനപത്രങ്ങളിലെ ഉൾപ്പെടെയുള്ള പ്രതിഭാസമ്പന്നരായ ഫോട്ടോഗ്രാഫർമാർ കാമറാക്കണ്ണുകളിൽ ഒപ്പിയെടുത്ത ചിത്രങ്ങൾ പുസ്തകത്തെ കെട്ടിലും മട്ടിലും വേറിട്ടതാക്കുന്നു. ഇതാദ്യമായാണ് ദേശീയ ഗെയിംസിന് വേണ്ടി ഒരു കോഫി ടേബിൾ ബുക്ക് പ്രകാശനം ചെയ്യുന്നത്.

കായിക, ചരിത്ര, സാംസ്ക്കാരിക മേഖലകളിലെ പ്രമുഖരുടെ ലേഖനങ്ങളെ ജീവൻ തുളുമ്പുന്ന ചിത്രങ്ങൾ ഹൃദ്യമായ അനുഭവമാക്കുന്നു. കേരളത്തിന്റെ കായിക പാരമ്പര്യം എടുത്തുകാട്ടുന്ന പുസ്തകം രാജ്യാന്തരതലത്തിൽ കേരളക്കരയ്ക്ക് ഖ്യാതിനേടിത്തന്ന നമ്മുടെ കായികതാരങ്ങളെ അവർ അർഹിക്കുന്ന പ്രാധാന്യത്തോടെ വായനക്കാരിലെത്തിക്കുന്നു. 1987 –ൽ കേരളത്തിൽ അരങ്ങേറിയ ദേശീയഗെയിംസിനെക്കുറിച്ചുള്ള സചിത്രലേഖനവും ശ്രദ്ധേയമാണ്. ഏതൊരു കായികപ്രേമിയും അവശ്യം സ്വന്തമാക്കേണ്ട പുസ്തകമാണ് കോഫി ടേബിൾ ബുക്ക്, "ഗെറ്റ്, സെറ്റ്, പ്ലേ." ജേക്കബ് പുന്നൂസ് (ഐ.പി. എസ്) (റിട്ട) ചീഫ് എഡിറ്ററും, കെ. കുഞ്ഞികൃഷ്ണൻ എക്സിക്യൂട്ടീവ് എഡിറ്ററുമായിട്ടുള്ള പത്രാധിപ സമിതിയാണ് ഈ മികച്ച റഫറൻസ് ഗ്രന്ഥത്തിന്റെ അണിയറ ശില്പികൾ.

മാർച്ച് 2015

വാല്യം 43 | ലക്കം 8

# യോജന

ചീഫ് എഡിറ്റർ:
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

*സീനിയർ എഡിറ്റർ:*
**ഡോ. നീതു സോണ എം.**

*എഡിറ്റർ:*
**ആർ. കെ. പിള്ള**




ഈ ലക്കത്തിൽ

## പൊതു ബജറ്റ് 2015–16

**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001, ഫോൺ : 0471 – 2323826
ഇ–മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ–മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് – 4, ലെവൽ – 7, ആർ.കെ.പുരം, ന്യൂഡൽഹി – 110066, ഫോൺ : 26105590

വരിസംഖ്യ ഒരു വർഷം ₹ 100/–, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/–

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. പി.ജി ധോപെ

യോജന മാർച്ച് 2015




# ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ**
**മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര**
**കണക്കുകളോടെ വിശകലനം ചെയ്യുന്ന**

## ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

**വിലാസം:**
**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**
**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**
yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● മാർച്ച് 2015 ● വാല്യം 43 ● ലക്കം എട്ട്

# ഉള്ളടക്കം

## പൊതു ബജറ്റ് 2015–16


7 2015–16 പൊതു ബജറ്റ്; വളർച്ച, തൊഴിൽ, ക്ഷേമം
ഡി. കെ. ശ്രീവാസ്തവ

12 കേന്ദ്ര ബജറ്റ് 2015–16; പ്രധാന സവിശേഷതകൾ

15 ബജറ്റ് തയ്യാറാക്കൽ പ്രക്രിയ
രവീന്ദ്ര എച്ച്. ധോലക്യ

20 ഉത്തരവാദിത്തങ്ങൾ മാറുന്നോ? സ്ത്രീപക്ഷ ബജറ്റ് വീക്ഷണം
നീത. എൻ.

25 റെയിൽ ബജറ്റ്: പുരോഗതിയുടെ സുവർണ്ണപാത
ജി. ശ്രീനിവാസൻ

29 14–ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ
പ്രവാകർ സാഹു

33 കർഷകർക്ക് പ്രതീക്ഷ നൽകുന്ന ബജറ്റ്
ഡോ. ജോസ് ജോസഫ്

39 ദേശീയ നൈപുണ്യ വികസന പദ്ധതി: മുന്നോട്ടുള്ള പ്രയാണം
സ്വദേശ് സിംഗ്

45 വൈവിധ്യവൽക്കരണ മുന്നേറ്റവുമായി കേരള കൈത്തറി
അബ്ദുൽ കരീം ചേലേരി

50 മനുഷ്യ–വന്യജീവി സംഘർഷം; സംരക്ഷണ രംഗത്തെ വെല്ലുവിളികൾ
ഡോ. ഈസ

54 അന്താരാഷ്ട്ര തലത്തിൽ എണ്ണവിലയുടെ ഗതിവിഗതികൾ
ഹിരൺമയ് റോയ്, അനിൽ കുമാർ, വിജയ് ഷെഖാവത്

59 വിദേശ ഇൻഷ്വറൻസ് കമ്പനികളുടെ പ്രാധാന്യം
ധീരജ് നയ്യാർ

62 തൊഴിലിടങ്ങളിലെ സ്ത്രീസംരക്ഷണ നിയമങ്ങൾ
അഡ്വ. നിസ ഫാസിൽ

68 ഹൈടെക് കൃഷിയിലേയ്ക്ക് കരുതലോടെ ചുവടുവെയ്ക്കാം
ബി. എൽ. ബിജുലാൽ

74 നിങ്ങൾക്കറിയാമോ?


## അടുത്ത ലക്കം

### ഏപ്രിൽ 2015

**ഉത്പാദനം, സംരംഭകത്വം & തൊഴിൽ**

## പത്രാധിപകുറിപ്പ്

**കേന്ദ്ര ഗവൺമെന്റിന്റെ വളരെയധികം പ്രതീക്ഷയോടെ കാത്തിരുന്ന സമ്പൂർണ്ണ പൊതു ബജറ്റ് അവതരിപ്പിച്ചു കഴിഞ്ഞു. ജനപ്രിയ പ്രഖ്യാപനങ്ങൾക്ക് പകരം നിക്ഷേപവും സാമ്പത്തിക വളർച്ചയും പ്രദാനം ചെയ്യുന്ന നിരവധി നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്. ദീർഘകാല സുസ്ഥിര വികസനത്തിനായി ചില അടിസ്ഥാന പ്രശ്നങ്ങളെ ധനമന്ത്രി ബജറ്റിലൂടെ അഭിമുഖീകരിക്കാൻ ശ്രമിക്കുന്നു. മൊത്തം ആഭ്യന്തര ഉൽപ്പാദനം 8%ത്തിന് മുകളിലാക്കി ഇന്ത്യയെ ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാക്കുകയാണ് ലക്ഷ്യം.**

**പുതിയ പെൻഷൻ പദ്ധതിയിൻ കീഴിൽ നികുതി കിഴിവ് പരിധി 1.5 ലക്ഷമായി ഉയർത്തുക, ആരോഗ്യ ഇൻഷുറൻസ് പ്രീമിയത്തിൽ 25,000/- രൂപ വരെ നികുതി ഇളവ് നൽകുക, പ്രധാന മന്ത്രി സുരക്ഷാബീമാ യോജന, പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമ യോജന എന്നിവയുടെ പ്രഖ്യാപനം സവിശേഷ ശ്രദ്ധ ആകർഷിക്കുന്നു. വനിതകളുടെ സുരക്ഷക്കായി നിർഭയ ഫണ്ടിലേക്ക് 2015-16 ൽ 1000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.**


**യുവജനങ്ങളുടെ കഴിവ് പ്രയോജനപ്പെടുത്തി അവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബജറ്റിൽ നിരവധി പ്രഖ്യാപനങ്ങളുണ്ട്. അഞ്ചു കിലോമീറ്റർ പരിധിയിൽ ഒരു സീനിയർ സെക്കന്ററി സ്കൂൾ, സാങ്കേതിക വിദ്യാഭ്യാസത്തിന് ഉന്നത സ്ഥാപനങ്ങൾ എന്നിവ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കാൻ ബജറ്റ് വിഭാവനം ചെയ്യുന്നു. ന്യൂനപക്ഷ യുവാക്കളുടെ വിദ്യാഭ്യാസത്തേയും ഉപജീവനത്തേയും സംയോജിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് 'നയീമൻസിൽ', പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് മുൻഗണന നൽകി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പുതിയ ഏജൻസിയാണ് 'മുദ്ര', സ്വയം തൊഴിലിനും മികവ് വിനിയോഗത്തിനുമായുള്ള സേതു പദ്ധതി എന്നിവ ശ്രദ്ധേയമാണ്. ദേശീയ നൈപുണ്യമിഷൻ ഈ മേഖലയിൽ വിവിധ മന്ത്രാലയങ്ങളുടെ പദ്ധതികളെ ഏകോപിപ്പിച്ച് കൂടുതൽ മികവുറ്റതാക്കാൻ ലക്ഷ്യമിടുന്നു.**

**'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയ്ക്ക് ആക്കം കൂട്ടുന്നതിനായി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൊതു ബജറ്റിൽ ലളിതമാക്കിയിട്ടുണ്ട്. 2016 ഏപ്രിൽ മുതൽ ചരക്ക് - സേവന നികുതി പ്രാവർത്തികമാക്കുന്നത് ഈ മേഖലയെ കാര്യക്ഷമമാക്കുകയും മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ വർദ്ധനവിന് വഴി തെളിക്കുകയും ചെയ്യും. ഇന്ത്യയിൽ ബിസിനസ്സ് സംരംഭങ്ങൾ നടത്തുന്നത് സുഗമമാക്കുന്നതിനായി നടപടി ക്രമങ്ങൾ ലളിതമാക്കാനും ഡിജിറ്റൽ രീതിയിലാക്കാനും ബജറ്റിൽ വിഭാവനം ചെയ്യുന്നു.**

**അടിസ്ഥാന സൗകര്യ മേഖലയുടെ കുതിപ്പിനായി ബജറ്റ് വിഹിതം 70,000 കോടി രൂപ ആയി ഉയർത്തിയത് കൂടാതെ നാഷണൽ ഇൻവെസ്റ്റ്മെന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പ്രഖ്യാപിക്കുകയുണ്ടായി. ഇതിലേക്ക് പ്രതിവർഷം 20,000 കോടി രൂപ വന്നുചേരും. റെയിൽ, റോഡ്, ജലസേചന മേഖലകളിൽ നികുതിയില്ലാത്ത ബോണ്ടുകളും ബജറ്റിൽ പ്രഖ്യാപിച്ചു.**


**ഫലത്തിൽ ഉപയോഗപ്പെടാതെ കിടക്കുന്ന വിഭവങ്ങൾ സമ്പദ് വ്യവസ്ഥയുടെ ചലനവ്യൂഹത്തിലേയ്ക്ക് കൊണ്ടുവരാനും ബജറ്റിൽ നിർദ്ദേശമുണ്ട്. സ്വർണ്ണബോണ്ട്, അശോകസ്തംഭം ആലേഖനം ചെയ്ത് ഇന്ത്യയുടെ തനത് സ്വർണ്ണനാണയം എന്നിവ ഇന്ത്യയുടെ അതിഭീമമായ സ്വർണ്ണ സമ്പാദ്യത്തെ നിക്ഷേപങ്ങളാക്കി മാറ്റുന്ന പദ്ധതികളാണ്. കള്ളപ്പണത്തിന് തടയിടാൻ സുപ്രധാന നിയമമാണ് ബജറ്റിലുള്ളത്. കണക്കിൽപെടാത്ത സമ്പത്തിന് 300% വരെ പിഴയും 10 വർഷതടവുമാണ് പുതിയ നിയമത്തിലുണ്ടാകുക. ഒരു കോടിയിലധികം വാർഷിക വരുമാനമുള്ള അതിസമ്പന്നർക്ക് 2% സർചാർജ്ജ് ചുമത്താനുള്ള തീരുമാനം നികുതിവരുമാനം വർദ്ധിപ്പിക്കും.**

**ചുരുക്കത്തിൽ, ദീർഘകാല അടിസ്ഥാനത്തിൽ ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ വിഭാവനം ചെയ്യുന്ന ബജറ്റ് രാജ്യത്തിന്റെ ഉന്നമനം ഉറപ്പാക്കുകയും ഓരോ പൗരന്റേയും ജീവിതത്തിൽ മാറ്റം വരുത്താനും ലക്ഷ്യമിടുന്നു.**




# 2015–16 പൊതുബജറ്റ്: വളര്‍ച്ച, തൊഴില്‍, ക്ഷേമം

ഡി.കെ. ശ്രീവാസ്തവ



**തൊഴിലവസരങ്ങള്‍ വര്‍ധിപ്പിക്കാന്‍ വഴിയൊരുക്കുന്നതില്‍ പൊതുബജറ്റ് കൂടുതല്‍ പ്രത്യക്ഷത്തിലുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നൈപുണ്യവല്‍ക്കരണ പദ്ധതിക്ക് ലഭിച്ച ഊന്നലില്‍ നിന്നാണിത്. ആകെ ജനസംഖ്യയുടെ 54 ശതമാനവും 25 വയസില്‍ താഴെയുള്ളവരുടെ രാഷ്ട്രമായ ഇന്ത്യ ലോകത്തിലെ ഏറ്റവും യുവത്വമേറിയ രാജ്യമാണ് എന്ന വസ്തുത ബജറ്റ് തിരിച്ചറിയുന്നുണ്ട്. നൈപുണ്യ വികസന സംരംഭക മന്ത്രാലയത്തിലൂടെ ദേശീയ നൈപുണ്യ വികസന ദൗത്യത്തിന് തുടക്കമിടാന്‍ ബജറ്റ് നിര്‍ദ്ദേശിക്കുന്നു.**

**കേന്ദ്രഗവണ്‍മെന്റിന്റെ** 2015–16ലേക്കുള്ള പൊതു ബജറ്റ് വളര്‍ച്ചാ രംഗത്തും ക്ഷേമരംഗത്തും ദീര്‍ഘകാല -ഹ്രസ്വകാല ലക്ഷ്യങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. വളര്‍ച്ച, തൊഴില്‍, ജനങ്ങളുടെ ക്ഷേമം എന്നിവ തമ്മില്‍ നേരിട്ടുള്ള ബന്ധമാണുള്ളത്. വളര്‍ച്ച കൂടുതല്‍ തൊഴിലവസരങ്ങളും അതുവഴി കൂടുതല്‍ സമ്പാദ്യവും അങ്ങനെ മെച്ചപ്പെട്ട ക്ഷേമവും ഉറപ്പുവരുത്തുന്നു. ഈ അര്‍ത്ഥത്തില്‍ 2015–16 ലേക്കുള്ള പൊതുബജറ്റ് തൊഴിലവസര രംഗത്തും അതുപോലെ തൊഴിലവസര സൃഷ്ടിക്ക് ഉപയുക്തമായ നയരൂപീകരണത്തിലും വരുത്തുന്ന മാറ്റങ്ങള്‍ പരിശോധിക്കാം.

### വളര്‍ച്ചയും ക്ഷേമവും: ഹ്രസ്വകാല-ദീര്‍ഘകാല ലക്ഷ്യങ്ങള്‍

വരുന്ന സാമ്പത്തിക വര്‍ഷം 8 മുതല്‍ 8.5 ശതമാനം വരെ വളര്‍ച്ച നേടുകയാണ് ലക്ഷ്യം. ദീര്‍ഘകാലാടിസ്ഥാനത്തില്‍ കുറഞ്ഞത് 10 ശതമാനം എന്ന ഇരട്ടയക്ക വളര്‍ച്ചയും ലക്ഷ്യമിടുന്നു. ക്ഷേമരംഗത്ത് 2022 ല്‍ അതായത് സ്വാതന്ത്ര്യത്തിന്റെ 75-ാം വാര്‍ഷികത്തില്‍ താഴെ പറയുന്ന 13 ലക്ഷ്യങ്ങള്‍ കൈവരിക്കുക എന്നതും ബജറ്റ് ഉന്നം വയ്ക്കുന്നു.

1. നഗരപ്രദേശങ്ങളില്‍ 2 കോടിയും ഗ്രാമീണ മേഖലയില്‍ 4 കോടിയും ഭവനങ്ങള്‍ നിര്‍മ്മിച്ച്

എല്ലാവർക്കും പാർപ്പിടം ഉറപ്പാക്കുക.

2. എല്ലാ വീട്ടിലും 24 മണിക്കൂർ വൈദ്യുതി, ശുദ്ധ ജലം, ശൗചാലയം, റോഡ് സൗകര്യം എന്നിവ ഉറപ്പാക്കുക.
3. എല്ലാ വീട്ടിലും ഒരാൾക്കെങ്കിലും വരുമാനം.
4. ദാരിദ്ര്യം കാര്യമായി കുറയ്ക്കുക.
5. എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിക്കുക.
6. എല്ലാ ജനവാസകേന്ദ്രങ്ങളെയും എല്ലാ കാല വാസ്ഥയ്ക്കും അനുയോജ്യമായ റോഡിനാൽ ബന്ധിപ്പിക്കുക.
7. എല്ലാ ഗ്രാമത്തിലും നഗരത്തിലും വൈദ്യ സഹായം.
8. യുവജനങ്ങൾക്ക് വിദ്യാഭ്യാസവും നൈപുണ്യ വികസനവും
9. കാർഷിക ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക.
10. എല്ലാ ഗ്രാമങ്ങൾക്കും വാർത്താ വിനിമയ സൗകര്യം
11. യുവജനതയെ നൈപുണ്യവൽക്കരിക്കുക.
12. വ്യവസായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
13. കിഴക്കും വടക്കുകിഴക്കും പ്രദേശങ്ങളെ വികസിപ്പിക്കുക.

മേൽപ്പറഞ്ഞ വളർച്ചാ-ക്ഷേമ ലക്ഷ്യങ്ങൾ നേടുന്നതിൽ കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾക്കും വകുപ്പുതല സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലക്കും സുപ്രധാന പങ്ക് വഹിക്കാനുണ്ട്. ഈ ലക്ഷ്യങ്ങളുടെ സാമ്പത്തികവും നയപരവും ആയ പ്രായോഗികതയും ആവശ്യകതയും പരിശോധിക്കാം.

**വളർച്ചാ ദർശനങ്ങൾ**

കേന്ദ്ര സ്ഥിതിവിവരക്കണക്ക് സംഘടന പുറത്തുവിട്ട പുതുക്കിയ ജി.ഡിപി കണക്കനുസരിച്ച് നടപ്പുവർഷം മൊത്തം ആഭ്യന്തര ഉത്പാദനം 7.4 ശതമാനം വളർച്ച നേടുമെന്ന് കണക്കാക്കുന്നു. 2015-16 ൽ 8 മുതൽ എട്ടരവരെ ശതമാനം വളർച്ച കൈവരിക്കുമെന്നാണ് ബജറ്റ് ലക്ഷ്യം. അതായത് വളർച്ചാനിരക്ക് ഏകദേശം ഒരു ശതമാനം വർദ്ധിക്കേണ്ടതുണ്ട്. ഇതിന് നിക്ഷേപ നിരക്കിൽ 4 മുതൽ 5 വരെ ശതമാനം വർധന ആവശ്യമാണ്. 2015-16 ൽ മൊത്തം നിക്ഷേപനിരക്ക് 35-36 ശതമാനമായി ഉയരണമന്ന് ചുരുക്കം. ദീർഘകാല വളർച്ചാ ലക്ഷ്യമായ 10 ശതമാനം നേടണമെങ്കിൽ ഇന്ത്യക്ക് 40 ശതമാനം നിക്ഷേപ നിരക്ക് വേണ്ടിവരും. അതിന് നമ്മുടെ സമ്പാദ്യനിരക്ക് 37-38 ശതമാനമായും നിക്ഷേപനിരക്ക് 40 ശതമാനമായും വർദ്ധിപ്പിക്കേണ്ടതുണ്ട്. ആഭ്യന്തര സമ്പാദ്യവും ആവശ്യമായ നിക്ഷേപ നിരക്കും തമ്മിലുള്ള അന്തരം കറന്റ് അക്കൗണ്ട് കമ്മിയായ ഏകദേശം 2 ശതമാനം വഴി നേരിടാം. ഈ അവസ്ഥയിൽ നാണയപ്പെരുപ്പം ഇല്ലാത്ത 10 ശതമാനം വളർച്ച നമുക്ക് നിലനിർത്തുകയും ചെയ്യാം. ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയുടെ പകുതിഭാഗം 2015-16 ൽ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. ഈ ദൗത്യത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് സുപ്രധാന പങ്ക് വഹിക്കാനുണ്ട്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെ ചേർത്ത് 'ടീം ഇന്ത്യ' എന്ന് വിശേഷിപ്പിക്കുന്നു. തപാൽ, റെയിൽവെ എന്നീ വകുപ്പുകളും കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ മേഖലയും ആഭ്യന്തര വിദേശ നിക്ഷേപകരും വീടുകളുമാണ് ഈ സംയുക്ത സാമ്പത്തിക ദൗത്യത്തിലെ പങ്കാളികൾ. ഗവൺമെന്റിന്റെ പ്രഖ്യാപിത നയം അനുസരിച്ച് ഈ ഘടകങ്ങളുടെയെല്ലാം യോജിച്ച പ്രവർത്തനത്തിലൂടെ മാത്രമെ ഇന്ത്യയുടെ വളർച്ചാ ലക്ഷ്യം നേടാനാവൂ.

**കേന്ദ്ര ഗവൺമെന്റിന്റെ പങ്ക്**

പൊതുനിക്ഷേപത്തിലൂടെ നേരിട്ടും സ്വകാര്യ നിക്ഷേപത്തിന് വഴിയൊരുക്കി പരോക്ഷമായും ഈ സാമ്പത്തിക ദൗത്യത്തിൽ കേന്ദ്ര ഗവൺമെന്റ് നിർണ്ണായക പങ്ക് വഹിക്കുന്നു. 2015-16 ലേക്കുള്ള ബജറ്റ് അനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ പൊതു നിക്ഷേപത്തിലെ വർധന പരിമിതമായിരിക്കും. കേന്ദ്രത്തിന്റെ വരുമാനത്തിന്മേലുള്ള സമ്മർദ്ദമാണ് ഇതിന് കാരണം. മൂലധന ചെലവും ജിഡിപിയും തമ്മിലുള്ള അനുപാതത്തിൽ 0.2 ശതമാനം വർധന മാത്രമാണ് പൊതു ബജറ്റ് നിർദ്ദേശിക്കുന്നത്. നടപ്പുവർഷത്തെ 1.7 ശതമാനത്തിൽ നിന്ന് 2015-16 ൽ 1.7 ശതമാനത്തിലേക്ക് പൊതു ബജറ്റ് വിഹിതം മാത്രം ഉപയോഗിച്ച് വളർച്ചാ നിരക്ക് കാര്യമായി ഉയർത്താൻ ഇത് തികച്ചും അപര്യാപ്തമാണ്. കേന്ദ്ര നിക്ഷേപത്തി

നുള്ള ഈ പരിമിത ഇടം പാലിക്കാൻ ബജറ്റ് മാനേജ്മെന്റ് നിയമങ്ങളിലെ കർശന വ്യവസ്ഥയാലാണ് ധനമന്ത്രി നിർബന്ധിതനായത്. 2014-15 ലേക്കുള്ള ധനകമ്മി പുതുക്കിയ ലക്ഷ്യമായ ജി.ഡി.പിയുടെ 4.1 ശതമാനമായി നിലനിർത്തുമെന്നാണ് ധനമന്ത്രി വ്യക്തമാക്കിയത്. ധനകമ്മിയും ജി.ഡി.പി യും തമ്മിൽ നേരത്തെ കണക്കാക്കിയിരുന്ന 3.6 ശതമാനം അനുപാതത്തിൽ 0.3 ശതമാനത്തിന്റെ ഇടമാണ് ധനമന്ത്രി സൃഷ്ടിച്ചത്. ജിഡിപിയുടെ 0.2 ശതമാനം അധിക മൂലധന ചെലവ് നടത്താൻ മാത്രമെ ഈ ക്രമീകരണത്താലും സാധ്യമാകുന്നുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യമേഖലാ നിക്ഷേപകരെയും ബാധിക്കുന്ന നയപരമായ മുൻകൈ നടപടികളും സംസ്ഥാന ഗവൺമെന്റുകളുമായുള്ള കേന്ദ്രത്തിന്റെ സാമ്പത്തിക ബന്ധവും വളർച്ചയിലേക്കുള്ള പ്രയത്നങ്ങൾക്ക് വഴിയൊരുക്കും.

### സംസ്ഥാന ഗവൺമെന്റുകളുടെ പങ്ക്

നേരിട്ടുള്ള കൂടുതൽ നിക്ഷേപം നടത്താൻ കേന്ദ്രഗവൺമെന്റിനുള്ള പരിമിതികൾ നോക്കുമ്പോൾ സംസ്ഥാന ഗവൺമെന്റുകളുടെ പങ്ക് നിർണ്ണായകമാകുന്നു. പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്കുശേഷം യഥാർത്ഥത്തിൽ 2014-15 ബജറ്റ് അനുസരിച്ചും ധനകൈമാറ്റങ്ങൾ സംസ്ഥാനങ്ങൾക്കു നൽകുകയാണ്. സുതാര്യത വർധിപ്പിക്കുന്നതും മുൻഗണനകൾ നിശ്ചയിക്കാൻ സംസ്ഥാന ഗവൺമെന്റുകളെ അനുവദിക്കുന്നതുമാണിത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകാനിരുന്ന പല ഫണ്ട് കൈമാറ്റങ്ങളും 2014-15 ബജറ്റ് മുതൽ സംസ്ഥാന ഗവൺമെന്റുകൾക്ക് പദ്ധതി ഗ്രാന്റായി നൽകുന്നുണ്ട്. ഇത് കൈമാറ്റങ്ങളിലെ സുതാര്യത വർദ്ധിപ്പിക്കുന്നു. 2015-16 ലെ ബജറ്റിൽ പദ്ധതി ധനസഹായത്തിലെ വർധനയുടെ ഒരുപങ്ക് സംസ്ഥാനങ്ങൾക്ക് കേന്ദ്ര നികുതി വിഹിതമായി നൽകാൻ നിർദ്ദേശിക്കുന്നു. ഈ തുക ചെലവാക്കുന്നത് സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യമാണുള്ളത്. ഈ മാറ്റങ്ങൾക്ക് സമഗ്ര സ്വഭാവമുണ്ടെങ്കിലും സംസ്ഥാന ഗവൺമെന്റുകളുടെ പക്കൽ അധിക വിഭവങ്ങൾ ലഭ്യമാക്കുന്നില്ല. പകരം ധനവിനിയോഗത്തിലെ കാര്യക്ഷമത മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. മൂലധന ചെലവ് വർദ്ധിപ്പിച്ചും സംസ്ഥാനതലത്തിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും മൊത്തത്തിലുള്ള വളർച്ചാ യത്നത്തിലൂടെയാകും ഈ കാര്യക്ഷമതയുടെ ഒരു പങ്ക് കൈവരിക്കുക.

### വകുപ്പുതല-പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്ക്

നിക്ഷേപം ഉയർത്തുന്നതിലെ ബാക്കി പങ്ക് നിർവ്വഹിക്കാനുള്ളത് വകുപ്പ്തല സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമാണ്. റെയിൽവെ, തപാൽ വകുപ്പ് നൽകുന്ന സേവനങ്ങൾ വൻതോതിൽ വികസിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കും വികസന മാർഗരേഖ തയ്യാറാക്കാൻ അവസരം ഇതുതന്നെ. വിപണിയിൽ നിന്നുള്ള കടമെടുപ്പിലൂടെ ഈ നിക്ഷേപ ആവശ്യം നേരിടാൻ അവർക്ക് കഴിഞ്ഞാൽ ഗവൺമെന്റിന്റെ ധനകമ്മിയെ അത് പ്രതികൂലമായി ബാധിക്കില്ല. റോഡുകൾ, റെയിൽവെ എന്നിവക്കുള്ള ആകെ ബജറ്റ് സഹായം ധനമന്ത്രി 14,031 കോടിയും 10,050 കോടിയും രൂപ കണ്ട് വർദ്ധിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള മൂലധന ചെലവ് 80,844 കോടി വർദ്ധിച്ച് 3,17,889 കോടി രൂപയാകുമെന്നാണ് കണക്ക്. മുൻവർഷത്തെ അപേക്ഷിച്ച് അടിസ്ഥാന സൗകര്യ മേഖലയിലെ നിക്ഷേപം 70,000 കോടി രൂപ വർധിപ്പിക്കുമെന്നും കണക്കാക്കുന്നു. ഇതിനുമപ്പുറം സ്വകാര്യമേഖലക്കും പ്രധാന പങ്ക് വഹിക്കാനുണ്ട്.

### സ്വകാര്യ മേഖലയുടെ പങ്ക്

വീടുകൾ, സ്വകാര്യ വ്യവസായങ്ങൾ, ആഭ്യന്തര-വിദേശ സ്വകാര്യ നിക്ഷേപകർ, എന്നിവയടങ്ങിയതാണ് സ്വകാര്യ മേഖല. സമ്പാദ്യം എന്ന പോലെ നിക്ഷേപത്തിനും വീടുകൾ അവസരമൊരുക്കുന്നു. ഗാർഹിക മേഖലയുടെ മൊത്തത്തിലുള്ള സമ്പാദ്യനിരക്ക് കാര്യമായി കുറഞ്ഞില്ലെങ്കിലും അടുത്തിടെയായി ജി.ഡി.പി ക്ക് ആനുപാതികമായി അത് കുറയുകയുണ്ടായി. നാണയപ്പെരുപ്പം കുറയുകയും യഥാർത്ഥ പലിശ നിരക്ക് വർധിക്കുകയും ചെയ്യുന്നതോടെ ഗാർഹിക സമ്പാദ്യ നിരക്ക് മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കാം.

സ്വകാര്യ നിക്ഷേപകരിൽ വിദേശ നിക്ഷേപകർ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം, വേഗത്തിലുള്ള അനുമതി ലഭ്യമാക്കൽ, വ്യക്തവും സുതാര്യവുമായ നികുതി ഘടന എന്നിങ്ങനെ മെച്ചപ്പെട്ട നിക്ഷേപ അന്തരീക്ഷം ഉറ്റു നോക്കുന്നുണ്ട്. ഈ രംഗങ്ങളിലെല്ലാം മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചതോടെ ഇന്ത്യയിലെ നിക്ഷേപ അന്തരീക്ഷം സാവധാനം മെച്ചപ്പെടുകയാണ്. അടുത്ത നാല് വർഷം കൊണ്ട് കോർപ്പറേറ്റ് നികുതി നിലവിലെ 30 ശതമാനത്തിൽനിന്ന് 25 ശതമാനമായി കുറയ്ക്കാൻ ഉദ്ദേശിക്കുന്നതായി ധനമന്ത്രി പ്രഖ്യാപിച്ചു. നിക്ഷേപം വർധിപ്പിക്കാൻ ഇത് നിക്ഷേപകരെ പ്രോത്സാഹിപ്പിക്കും എന്നുറപ്പാണ്. പൊതുവായ ഒഴിവാക്കൽ വിരുദ്ധ ചട്ടങ്ങൾ (ജി.എ.എ.ആർ) ഇന്ത്യയിൽ നിക്ഷേപം നടത്തുന്നതിൽ നിന്ന് വിദേശ നിക്ഷേപകരെ തടഞ്ഞിരുന്നു. ഈ ചട്ടം പ്രാബല്യത്തിൽ വരുന്നത് രണ്ട് വർഷത്തേക്ക് മാറ്റി വയ്ക്കുന്നതായി ഗവൺമെന്റ് പ്രഖ്യാപിച്ചു. കൂടാതെ, നടപ്പിലാക്കുമ്പോൾ ഇതിന് മുൻകാല പ്രാബല്യം ഉണ്ടാകുകയില്ലെന്നും വ്യക്തമാക്കപ്പെട്ടു. ഒരു നിക്ഷേപ ലക്ഷ്യം എന്ന നിലയിൽ ഇന്ത്യയുടെ നില മെച്ചപ്പെടുത്തുന്ന നടപടികളാണ് ഇവയൊക്കെ.

നിലവിലുള്ള കേന്ദ്ര-സംസ്ഥാന നികുതികൾ ഉയർത്തുന്ന പ്രശ്നങ്ങൾ മറികടക്കാൻ സമഗ്രമായ ചരക്കു സേവന നികുതി (ജി.എസ്.ടി) നടപ്പാക്കാനുള്ള പ്രതിബദ്ധതയും ഗവൺമന്റ് വ്യക്തമാക്കി. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ചലനത്തിൽ ചരക്കുസേവന നികുതി മാറ്റത്തിന്റെ ശംഖൊലി മുഴക്കുമെന്നാണ് പ്രതീക്ഷ. പൊതുവായി ഇന്ത്യൻ വിപണി വികസിപ്പിച്ചും സാധനങ്ങളുടെയും സേവനങ്ങളുടെയും മേലുള്ള ആഘാതങ്ങൾ ലഘൂകരിച്ചും സമ്പദ് ഘടനയ്ക്ക് പുതുജീവൻ പകരും.

ആവശ്യക്കാരുടെ ഭാഗത്ത് ചില വെല്ലുവിളികൾ ഉണ്ട്. 2014-15 ൽ എല്ലാ വിഭാഗങ്ങളും പരിമിത വളർച്ചയാണ് നേടിയത്. അന്തിമമായ സ്വകാര്യ ഉപഭോക്തൃ ചെലവ് 7 ശതമാനം കണ്ട് വളർന്നു. നിക്ഷേപചെലവ് 4 ശതമാനവും കയറ്റുമതി ഒരു ശതമാനത്തിൽ താഴെയും വളർച്ച രേഖപ്പെടുത്തി. നാണയപ്പെരുപ്പം 4 ശതമാനത്തോളമായിരിക്കും. ഡിമാന്റ് സൃഷ്ടിക്കേണ്ട കാര്യത്തിലും സംസ്ഥാന ഗവൺമെന്റുകൾ കാര്യമായ പങ്ക് വഹിക്കേണ്ടതുണ്ടെന്ന് സാരം. ആഗോള സാഹചര്യങ്ങൾ ദുർബലമായതിനാൽ കയറ്റുമതി മെച്ചപ്പെടാനുള്ള സാധ്യതയും പരിമിതമാണ്. അതുകൊണ്ട് തന്നെ പലിശ നിരക്ക് കുറയ്ക്കുന്നതിലും സ്വകാര്യ ആവശ്യം ഉത്തേജിപ്പിക്കുന്നതിലും ആണ് പ്രാധാന്യം നൽകേണ്ടത്. നാണയപ്പെരുപ്പം പൊതുവിലും പെട്രോളിയം വില പ്രത്യേകിച്ചും താഴ്ന്ന നിലവാരത്തിൽ തുടരുന്നതിനാൽ ഗാർഹിക ആവശ്യത്തിൽ ക്രമേണ വർധന ഉണ്ടാകുമെന്ന് കണക്കാക്കാം.

### തൊഴിലവസരങ്ങൾക്ക് നേരിട്ടുള്ള പിന്തുണ

തൊഴിലവസരങ്ങൾ വർധിപ്പിക്കാൻ വഴിയൊരുക്കുന്നതിൽ പൊതുബജറ്റ് കൂടുതൽ പ്രത്യക്ഷത്തിലുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നൈപുണ്യവൽക്കരണ പദ്ധതിക്ക് ലഭിച്ച ഊന്നലിൽ നിന്നാണിത്. ആകെ ജനസംഖ്യയുടെ 54 ശതമാനവും 25 വയസിൽ താഴെയുള്ളവരുടെ രാഷ്ട്രമായ ഇന്ത്യ ലോകത്തിലെ ഏറ്റവും .യുവത്വമേറിയ രാജ്യമാണ് എന്ന വസ്തുത ബജറ്റ് തിരിച്ചറിയുന്നുണ്ട്. നൈപുണ്യ വികസന സംരംഭക മന്ത്രാലയത്തിലൂടെ ദേശീയ നൈപുണ്യ വികസന ദൗത്യത്തിന് തുടക്കമിടാൻ ബജറ്റ് നിർദ്ദേശിക്കുന്നു. വിവിധ മന്ത്രാലയങ്ങളിലായി വ്യാപിച്ചു കിടക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ദൗത്യം ഏകീകരിക്കും. 31 മേഖലകളിലെ നൈപുണ്യ കൗൺസിലുകളിലായി നടപടി ക്രമങ്ങളും പരിണിതഫലവും ദൗത്യം സമന്വയിപ്പിക്കുകയും ചെയ്യും. ദീൻദയാൽ ഉപാധ്യായ ദേശീയ നൈപുണ്യ പദ്ധതിക്ക് തുടക്കമിട്ട ഗവൺമെന്റ് 1500 കോടി രൂപ ഇതിനായി വകയിരുത്തി.

സ്വയം തൊഴിൽ പദ്ധതിയും വൈദഗ്ധ്യ വിനിയോഗ പദ്ധതിയും സമന്വയിപ്പിച്ചുകൊണ്ടുള്ള തൊഴിലവസരം സൃഷ്ടിക്കുന്ന മറ്റൊരു പദ്ധതിയും ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മേഖലകളിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതിക-സാമ്പത്തിക പരിപാടിയാണിത്. ഇതിനായി 1000 കോടി രൂപ മാറ്റിവച്ചു. ഇന്ത്യയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കു

വാനുള്ള നവീന മാർഗ്ഗങ്ങളാണ് ഇവയെല്ലാം.

ഔപചാരിക വായ്പാ ലഭ്യതക്ക് സംരംഭകർ നിരവധി തടസ്സങ്ങൾ നേരിടുന്നു എന്നതും ധനമന്ത്രി മനസ്സിലാക്കി. ഇത് മറികടക്കാൻ അദ്ദേഹം മുദ്ര ബാങ്ക് മൈക്രോ യൂണിറ്റ് സ്ഥാപനത്തിന് 20,000 കോടി രൂപയുടെ സഞ്ചിത നിധിയോടെ രൂപം നൽകി. ഇതിൽ 3000 കോടിരൂപ വായ്പാ ഗാരന്റ് തുകയാണ്. പ്രധാന മന്ത്രി മുദ്ര യോജനയിലൂടെ മുദ്ര ബാങ്ക് മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ ക്രോഡീകരിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്ഥാപനങ്ങൾക്ക് ബാങ്ക് മുൻഗണന നൽകും. ജനസംഖ്യയിലെ ഏറ്റവും അവഗണിക്കപ്പെടുന്ന വിഭാഗങ്ങൾക്ക് പിന്തുണയേകാനുള്ള സ്വാഗതാർഹമായ നടപടിയാണിത്.

ജനസംഖ്യയിൽ വലിയൊരു വിഭാഗത്തിനും യാതൊരുവിധത്തിലുള്ള ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുന്നില്ല. നമ്മുടെ യുവതലമുറ വർഷങ്ങൾ പിന്നിടുന്നതോടെ പെൻഷൻ രഹിതരായി മാറുമെന്ന കാര്യവും ബജറ്റ് ചൂണ്ടിക്കാട്ടുന്നു. പ്രധാനമന്ത്രി **ജൻധൻ യോജന**യുടെ അഭൂതപൂർവമായ വിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ധനമന്ത്രി സാർവത്രിക സാമൂഹ്യ സുരക്ഷാ പദ്ധതി- പ്രധാനമായും ദരിദ്രർക്കും അവശർക്കും വേണ്ടി - പ്രാവർത്തികമാക്കാൻ മുന്നിട്ടിറങ്ങുമെന്ന് വ്യക്തമാക്കി.

പ്രതിവർഷം 12 രൂപമാത്രം പ്രീമിയം നൽകി രണ്ടുലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് പരിരക്ഷ ഉറപ്പു നൽകുന്ന *പ്രധാനന്ത്രി സുരക്ഷ ബീമാ യോജനയും* ധനമന്ത്രി അവതരിപ്പിച്ചു. അടയ്ക്കുന്ന തുകയും കാലാവധിയും അടിസ്ഥാനമാക്കി നിശ്ചിത പെൻഷൻ ഉറപ്പാക്കുന്ന അടൽ പെൻഷൻ പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചു. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി ഇക്കൊല്ലം ഡിസംബർ 31 ന് മുമ്പ് ചേരുന്നവരുടെ പ്രീമിയത്തിന്റെ 50% പരമാവധി പ്രതിവർഷം 1000 രൂപ എന്ന കണക്കിൽ അഞ്ച് വർഷത്തേക്ക് ഗവൺമെന്റ്തന്നെ വഹിക്കും.

*പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന*യാണ് ബജറ്റിൽ സ്ഥാനം നേടിയ മൂന്നാമത്തെ സാമൂഹ്യ സുരക്ഷാ പദ്ധതി. പ്രതിവർഷം 330 രൂപ മാത്രം- അതായത് ഒരു ദിവസം ഒരു രൂപയിൽ കുറവ്- പ്രീമിയം അടച്ചാൽ 18 മുതൽ 50 വയസ് വരെ പ്രായത്തിൽ ഉള്ളവർക്ക് രണ്ടു ലക്ഷം രൂപയുടെ സ്വാഭാവിക-അപകട മരണ പരിരക്ഷ ഈ പദ്ധതി ഉറപ്പു വരുത്തുന്നു. സുശക്തവും നവീനവുമായ ഒരു സാമൂഹ്യ സുരക്ഷ ശൃംഖല കെട്ടിപ്പടുക്കാൻ ഈ പദ്ധതികൾ സഹായിക്കും.

ദരിദ്ര-ഇടത്തരം കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക ലഭ്യതയെപ്പറ്റി ആശങ്കപ്പെടാതെ ഉപരിപഠനത്തിന് പോകാൻ ഗവൺമെന്റ് പദ്ധതി തയ്യാറാക്കി എന്നതാണ് മറ്റൊരു സവിശേഷത. സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവയുടെ കുറ്റമറ്റ നടത്തിപ്പിനും വിതരണത്തിനും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വിദ്യാർത്ഥിസാമ്പത്തിക സഹായ അതോറിറ്റി രൂപീകരിക്കും. പ്രധാനമന്ത്രി വിദ്യാലക്ഷ്മി പരിപാടിയിലൂടെയാണ് ഇത് നടപ്പാക്കുക. ധന ലഭ്യതയ്ക്ക് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ നേരിടുന്ന പ്രയാസങ്ങൾ മറികടക്കാൻ ഇവ ഉപകരിക്കും.

ദേശീയ നിക്ഷേപ-അടിസ്ഥാന സൗകര്യ നിധിക്ക് രൂപം നൽകാനും ധനമന്ത്രി ബജറ്റിൽ നിർദേശിച്ചു. പ്രതിവർഷം 20,000 കോടി രൂപയാണ് ഇതിന് കണ്ടെത്തുക.

പ്രത്യേകിച്ചും സമൂഹത്തിലെ ദരിദ്ര ജന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ-തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാൻ ഈ തുടക്കങ്ങൾ കരുത്ത് നൽകും. സംസ്ഥാന ഗവൺമെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദേശനിക്ഷേപകർ, ബാങ്കിംഗ്, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായം എല്ലാറ്റിലുമുപരി ജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയും പരിശ്രമത്തിലൂടെയും വിഭവ പരിമിതകൾ മറികടന്നും ഇന്ത്യയുടെ വളർച്ചാ ഗാഥക്ക് വിജയത്തിലേക്ക് കുതിക്കാൻ കഴിയുമെന്ന് ബജറ്റ് അടിവരയിടുന്നു.

**മദ്രാസ് സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഹോണററി പ്രഫസറാണ് ലേഖകൻ**

# കേന്ദ്ര ബജറ്റ് 2015–16 – പ്രധാന സവിശേഷതകൾ

## സംരംഭങ്ങൾക്ക് പ്രോത്സാഹനം

**മുദ്ര ബാങ്ക്:** ▶ സംരംഭകരിൽ ഉത്സാഹം ജനിപ്പിച്ച് സൂക്ഷ്മ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് മൈക്രോ യൂണിറ്റ് ഡവലപ്മെന്റ് റീഫൈനാൻസ് ഏജൻസി(എംയുഡിആർഎ) ബാങ്ക്. ▶ പ്രധാൻ മന്ത്രി മുദ്ര യോജനയിലൂടെ ഈ ബാങ്ക് സൂക്ഷ്മ പണമിടപാടു സ്ഥാപനങ്ങൾക്ക് പണം തിരികെ ലഭ്യമാക്കുന്നു. ▶ ബാങ്കിന് 20,000 കോടിയുടെ ധനനിധിയും 3000 കോടിയുടെ വായ്പാ നിധിയും. ▶ മുൻഗണന പട്ടിക ജാതി പട്ടിക വർഗ്ഗ സംരംഭകർക്ക്.

## അടൽ ഇന്നൊവേഷൻ മിഷൻ (എഐഎം)

▶ സംരംഭകർ, ഗവേഷകർ, തുടങ്ങിയവരുടെ പുത്തൻ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, ദേശീയ അന്തർദേശീയ പരിചയം സമ്പാദിക്കുന്നതിനും ഇന്ത്യയിൽ സാംസ്കാരിക നവീകരണവും വികസനവും ശാസ്ത്രീയ ഗവേഷണവും പരിപോഷിപ്പിക്കുന്നതിനുമുള്ള പൊതു വേദി. ▶ ലോക നിലവാരത്തിലുള്ള നവീകരണ കേന്ദ്രങ്ങളും ശൃംഖലയും ഇന്ത്യയ്ക്കു വേണ്ടി വെല്ലുവിളികളും പ്രോത്സാഹിപ്പിക്കും. ▶ ഇതിനായി തുടക്കത്തിൽ 150 കോടി നീക്കി വച്ചിരിക്കുന്നു.

## സേതു(എസ്ഇടിയു)

▶ സേതു എന്നാൽ സെൽഫ് എംപ്ലോയ്മെന്റ് ആൻഡ് ടാലന്റ് യൂട്ടിലൈസേഷൻ. (സ്വയം തൊഴിലും സ്വന്തം കഴിവും ഉപയോഗിക്കുക) ഇതിനുള്ള സംവിധാനം ഒരുക്കണം. ▶ സാങ്കേതിക, സാമ്പത്തിക സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതി രൂപീകരിച്ച് സാങ്കേതിക വിദ്യയുടെ മേഖലയിൽ സ്റ്റാർട് അപ് ബിസിനസുകൾക്കും മറ്റ് സ്വയം തൊഴിൽ പ്രവർത്തനങ്ങൾക്കും പിന്തുണ ലഭ്യമാക്കുക. ▶ നിതി ആയോഗിൽ ഇതിനായി 1000 കോടി നീക്കി വച്ചിരിക്കുന്നു.

## 4. സാമൂഹ്യ സുരക്ഷാ പദ്ധതികൾ

എല്ലാ ഇന്ത്യാക്കാർക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും സാമൂഹ്യ സുരക്ഷാ സംവിധാനം ഒരുക്കുന്നതിന് ബജറ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

▶ പ്രധാൻ മന്ത്രി സുരക്ഷ ബീമ യോജന വഴി 12 രൂപയുടെ വാർഷിക പ്രീമിയം അടയ്ക്കുമ്പോൾ അപകട മരണത്തിനിരയാകുന്നവർക്ക് രണ്ടു ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ. ▶ അടൽ പെൻഷൻ യോജനയിലൂടെ ഗുണഭോക്താവിന്റെ വിഹിതത്തെയും അത് അടയ്ക്കുന്ന കാലയളവിനെയും കണക്കാക്കി പങ്കാളിത്ത പെൻഷൻ. ▶ ഇതിൽ ഗവൺമെന്റിന്റെ വിഹിതം 50 ശതമാനമാണ്. ഗുണഭോക്താവ് 2015 ഡിസംബർ 31 നു മുമ്പ് ഇതിനായി ഒരു പുതിയ അക്കൗണ്ട് തുറന്ന് അടുത്ത അഞ്ചു വർഷത്തേയ്ക്ക് പ്രതിവർഷം 1000 രൂപ വീതം പ്രീമിയം അടയ്ക്കുക. പ്രധാന മന്ത്രിയുടെ ജീവൻ ജ്യോതി ബീമ യോജന സ്വാഭാവികവും അസ്വാഭാവികവുമായ മരണങ്ങൾക്ക് രണ്ടു ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നല്കും. 18–50 പ്രായപരിധിയിലുള്ള എല്ലാവർക്കും അംഗമാകാം. പ്രതിവർഷം അടയ്കേണ്ട പ്രീമിയം 330 രൂപ മാത്രം. അതായത് ദിവസം ഏകദേശം ഒരു രൂപ. ▶ സീനിയർ സിറ്റിസൺ വെൽഫെയർ ഫണ്ട് രൂപീകരിക്കുന്നതിനായി പിപിഎഫിൽ 3000 കോടിയുടെയും ഇപിഎഫിൽ 6000 കോടിയുടെയും നിക്ഷേപങ്ങൾ. പ്രായമായവർ, പെൻഷൻ വാങ്ങുന്നവർ, ബിപിഎൽ കാർഡ് ഉടമകൾ, ചെറുകിട പരിമിത കർഷകർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രീമിയം തുകയിൽ വലിയ ഇളവുകളും നല്കും. മാർച്ചിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ പ്രഖ്യാപിക്കും. ▶

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്കായി ഭൗതിക ചികിത്സാ സഹായങ്ങളും ജീവൻ നിലനിർത്താനുള്ള ഉപകരണങ്ങളും ലഭ്യമാക്കുന്ന പുതിയ പദ്ധതി. ▶ നയിമൻസിൽ എന്ന പേരിൽ സമഗ്ര വിദ്യാഭ്യാസ ഉപജീവന പദ്ധതി ഈ വർഷം ആരംഭിക്കും. ഔപചാരിക സ്കൂൾ വിടുതൽ രേഖ ലഭിക്കാത്ത ന്യൂനപക്ഷ യുവജനങ്ങൾക്ക് അത് ലഭ്യമാക്കാനും നല്ല തൊഴിൽ കണ്ടെത്തുന്നതിനും ഉദ്ദേശിച്ചാണിത്.

### അടിസ്ഥാനസൗകര്യങ്ങൾ

▶ നീഫ് (നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - എൻഐഐഎഫ്) ഉദ്ദേശിക്കുന്നത് പ്രതിവർഷം 20,000 കോടി സംഭരിക്കാനാണ്. ഐആർഎഫ്സി, എൻഎച്ച്ബി തുടങ്ങിയ അടിസ്ഥാന സൗകര്യ ധനകാര്യ കമ്പനികളിൽ നിക്ഷേപിക്കുന്നതിനു വേണ്ടിയാണ്. അവർ ഇതിനെ വിവിധ വിധത്തിലുള്ള സഹായധനമാക്കി മാറ്റി പലമടങ്ങായി സമൂഹത്തിൽ തന്നെ ലഭ്യമാക്കും. ▶ റെയിൽ, റോഡ് , ജലസേചന പദ്ധതികളിൽ നികുതി രഹിത അടിസ്ഥാന വികസന വായ്പകൾ നല്കും. പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള അടിസ്ഥാന സൗകര്യ വികസന സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കും.

### 6. ശേഷി വികസനം

▶ ശേഷിവികസന സംരംഭകത്വ മന്ത്രാലയം വഴി ദേശീയ ശേഷി ദൗത്യം ആരംഭിച്ചിട്ടുണ്ട്. 31 മേഖലകളിലുള്ള സ്കിൽ കൗൺസിലുകൾ വഴി ഇത് എല്ലാ മന്ത്രാലയങ്ങളുടെയും കീഴിൽ നടപ്പാക്കും. ▶ ദീൻ ദയാൽ ഉപാധ്യായ് ഗ്രാമീൺ കൗശൽ യോജന ആരംഭിച്ചിരിക്കുന്നത് ഗ്രാമങ്ങളിലെ യുവാക്കൾക്ക് തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിനാണ്. ഇതിനായി ബജറ്റിൽ 150 കോടി നീക്കി വച്ചിരിക്കുന്നു. യോഗ്യരായ വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് ഇതിന്റെ ആനുകൂല്യം എത്തുക. ▶ പാവപ്പെട്ടവരും ഇടത്തരക്കാരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഐടി ബേസ്ഡ് സ്റ്റ്യൂഡന്റ് ഫിനാൻഷ്യൽ എയ്ഡ് അതോറിറ്റി രൂപീകരിച്ച് സ്കോളർഷിപ്പുകളും വിദ്യാഭ്യാസ വായ്പകളും നല്കുന്നതിനായി പ്രധാനമന്ത്രിയുടെ വിദ്യാലക്ഷ്മി കാര്യക്രം ഉടൻ രൂപീകരിക്കും. ഒരു വിദ്യാർത്ഥിയും പണം ഇല്ലാത്തതിന്റെ പേരിൽ ഉന്നത വിദ്യാഭ്യാസം മുടക്കരുത് എന്നതാണ് ലക്ഷ്യം.

### സ്വർണം പണമാക്കൽ

▶ ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സ്വർണം ഉപയോഗിക്കുന്ന രാജ്യമാണ് ഇന്ത്യ. പ്രതിവർഷം 800 -1000 ടൺ സ്വർണമാണ് ഇറക്കുമതി ചെയ്യുന്നത്. നിലവിൽ 20000 ടൺ സ്വർണമെങ്കിലും രാജ്യത്ത് ശേഖരമായി ഉണ്ട്. ഇത് ഉപയോഗിക്കാതെ വെറുതെ വച്ചിരിക്കുന്നു. ▶ ഈ സ്വർണം പണമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സ്വർണം പണമാക്കൽ പദ്ധതി ബജറ്റിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള സ്വർണപണയ പദ്ധതിക്കു പകരമാണിത്. സ്വർണം നിക്ഷേപിച്ചാൽ അതിനു പലിശ ലഭിക്കുന്ന ഏർപ്പാട്. ബാങ്കുകൾക്കും ഇത് പ്രയോജനപ്പെടുത്താം. ▶ ഇന്ത്യ സ്വന്തമായി സ്വർണ നാണയം നിർമ്മിക്കുന്നതിനെ കുറിച്ചും ആലോചനയുണ്ട്. ഇതിൽ അശോക ചക്രം ആലേഖനം ചെയ്തിരിക്കും. ഇതുവഴി പുറത്തുനിന്നുള്ള സ്വർണ നാണയ ഇറക്കുമതി തടയാം.

### കള്ളപ്പണം കണ്ടെടുക്കൽ

▶ രാജ്യത്ത് കള്ളപ്പണത്തിനു നിരോധനം ഏർപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമം നിർദ്ദേശിച്ചിട്ടുണ്ട്. ▶ നികുതി വെട്ടിക്കുന്നതിനായി വിദേശത്ത് നിക്ഷേപിക്കുന്നവർക്ക് 10 വർഷം വരെയാണ് തടവു ശിക്ഷ. കൂടാതെ നിക്ഷേപത്തുകയുടെ 300 ശതമാനം പിഴയും ചുമത്തും. ഇവർക്ക് സെറ്റിൽമെന്റ് കമ്മിഷനെ സമീപിക്കാൻ അനുവാദവും ഇല്ല. ▶ ആദായ നികുതി റിട്ടേണുകൾ ഫയൽ ചെയ്തില്ലെങ്കിൽ ശിക്ഷ ഏഴു വർഷം വരെയാണ്. എല്ലായിടത്തും പുതിയതായി ഇലക്ട്രോണിക് ഫയലിംങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**സ്വച്ഛ്ഭാരത്**

▶ രാജ്യത്ത് നടക്കുന്ന എല്ലാ ഇടപാടുകളിൻമേലും രണ്ടു ശതമാനം സ്വച്ഛ്ഭാരത് സെസ് നടപ്പാക്കും. ഇതിൽ നിന്നു ലഭിക്കുന്ന വരുമാനം സ്വച്ഛ്ഭാരത് സംരംഭങ്ങൾക്ക് വിനിയോഗിക്കും. കൽക്കരിയയ്ക്കുള്ള ക്ലീൻ എനർജി സെസ് ടണ്ണിന് 100 ൽ നിന്ന് 300 രൂപയാക്കും. വ്യാവസായിക ആവശ്യങ്ങൾക്കുള്ള പ്ലാസ്റ്റിക് ചാക്കുകൾ ബാഗുകൾ എന്നിവയുടെ നികുതി 15 ശതമാനമാക്കി വർധിപ്പിച്ചു. ഇത് 12 രൂപയായിരുന്നു.

ജാം (ജൻധൻ, ആധാർ & മൊബൈൽ). സബ്സിഡികൾ പോലുള്ള ആനുകൂല്യങ്ങൾ നേരിട്ട് ബാങ്ക് അക്കൗണ്ടുകളിലൂടെയായിരിക്കും ഇനി വിതരണം ചെയ്യുക. ഇതിനായി 2014 ഡിസംബറോടെ രാജ്യത്തെ 720 ദശലക്ഷം ആളുകൾക്ക് ആധാർ കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. 2015 ഡിസംബർ മാസത്തിൽ ഇത് ഒരു ശതലക്ഷമാകും. ആധാർ കാർഡിനെ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്നതിന് ഇതിനോടകം 100 ദശലക്ഷം അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്. ഇനിയും ധൻജൻ യോജനയിലൂടെ കൂടുതൽ അക്കൗണ്ടുകൾ തുറക്കുന്നുണ്ട്. 9.75 കോടി ഗുണഭോക്താക്കൾക്ക് പാചക വാതക സബ്സിഡി ഇപ്പോൾ ബാങ്ക് അക്കൗണ്ടിലൂടെ ലഭിക്കുന്നു. 900 ദശലക്ഷം ഉപയോക്താക്കൾ ബാങ്കിംങ് ഇടപാടുകൾ നടത്തുന്നത് മൊബൈൽ ഫോണിലൂടെയാണ്. പോസ്റ്റ് ഓഫീസ് അക്കൗണ്ടുകൾ വഴി ആധാർ കാർഡുകളെ ബന്ധിപ്പിച്ചും ആനുകൂല്യങ്ങൾ വാങ്ങാവുന്നതാണ്.

## FORM IV

(Statement about ownership and other particulars about newspaper Yojana (Malayalam) to be published in the first issue of every year after the last day of February)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of its publication | : | Monthly |
| 3. | Printer's Name & Nationality | : | Dr. Sadhana Rout, Indian<br>Soochna Bhavan, Publications Division<br>New Delhi - 110 003 |
| 4. | Publisher's Name, Nationality & Address | : | Dr. Sadhana Rout, Indian<br>Soochna Bhavan, Publications Division<br>New Delhi - 110 003 |
| 5. | Editor's Name, Nationality & Address | : | Dr. Neethu Sona M.<br>Indian,<br>Govt. Press, Road, Thiruvananthapuram - 695 001 |
| 6. | Name and Addresses of Individuals who own the newspaper and partners or shareholders holding more than one per cent of the total capital | : | Wholly owned by Ministry of I&B<br>Govt. of India, New Delhi - 100 001 |

I, Dr. Sadhana Rout hereby declare that the particulars given above are true to the best of my knowledge and belief.

Date: 10/02/2015

(Dr. Sadhana Rout)
Signature of Publisher

(Dr. SADHANA ROUT)
Addl. Director General (I/C)
Publications Division
Min. of Information & Broadcasting
Soochna Bhawan, CGO Complex
Lodhi Road, New Delhi-03



# ബജറ്റ് തയ്യാറാക്കൽ പ്രക്രിയ

രവീന്ദ്ര എച്ച് ധോലകൃ

**ഇന്ത്യയെ പോലെയുള്ള ജനാധിപത്യ രാജ്യത്ത് കേന്ദ്രബജറ്റ് ഒരു രാഷ്ട്രീയ പ്രസ്താവനയും, ഭരണകക്ഷിയുടെ നയ പ്രഖ്യാപനവും ആണ്. വളരെ ശ്രദ്ധാപൂർവം തയാറാക്കി, അവതരിപ്പിക്കുകയും പ്രാബല്യത്തിൽ വരുത്തുന്നതിനു മുമ്പ് വ്യാപകമായി ചർച്ച ചെയ്യേണ്ടതുമാണ് ബജറ്റ്. ഗവൺമെന്റിന്റെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതാകയാൽ പാർലമെന്റിന്റെ അംഗീകാരത്തോടെ അത് ധനകാര്യ ബില്ലായി മാറുകയും ചെയ്യുന്നു.**

ധന ധനവിനിയോഗ നയങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെ നിർവഹണത്തെ സഹായിക്കുന്ന സുപ്രധാന ഘടകങ്ങൾ. എന്നാൽ ഈ രണ്ടു നയങ്ങളുടെയും വ്യാപ്തിയും ധർമവും വ്യക്തമായി തിരിച്ചറിയുന്നതിന് ഇവയുടെ നിർവചനം പരിശോധിക്കേണ്ടിയിരിക്കുന്നു.

ഗവൺമെന്റിന്റെ വരവു, ചെലവുകളെ നേരിട്ടു ബാധിക്കുന്ന നയങ്ങളാണ് ധനവിനിയോഗ നയം. എന്നാൽ ധനനയം സമ്പദ്‌വ്യവസ്ഥയിലെ പണത്തിന്റെ അവസ്ഥ, അളവ് എന്നിവയെ സംബന്ധിക്കുന്ന നയമാണ്. ധനവിനിയോഗ നയത്തിന്റെ നിർവചനത്തിൽ ഇന്ത്യയെപോലെ ഒരു ജനാധിപത്യ ഗവൺമെന്റിന്റെ മൂന്നു തലങ്ങളും ഉൾപ്പെടുന്നു. അതിനാൽ നയത്തെ സമഗ്രമായി പരിഗണിക്കുക ബുദ്ധിമുട്ടാണ്. എന്നിരുന്നാലും ഇന്ത്യയിലെ സംസ്ഥാനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പങ്ക് ചരിത്രപരമായി വളരെ പ്രധാനപ്പെട്ടതാണ്. ഉദാഹരണമായി രാജ്യത്തെ മറ്റ് എല്ലാ ഗവൺമെന്റുകളുടെയും മൊത്തത്തിലുള്ള ചെലവിന്റെ 55-60 ശതമാനം വരും കേന്ദ്രഗവൺമെന്റിന്റെ ചെലവ്. വരവും അങ്ങിനെ തന്നെ.

ധനകാര്യ കമ്മിഷനുകളുടെ ശിപാർശയനുസരിച്ച് കേന്ദ്രനികുതി വിഹിതം വർധിച്ചിരിക്കുന്നതിനാൽ സംസ്ഥാനങ്ങളുടെ പങ്കും വർധിച്ചിരിക്കുന്നു. മാത്രവുമല്ല, വിവിധ സാമൂഹിക വിഭാഗങ്ങളുടെ പദ്ധതികളും പരിപാടികളും ശാസ്ത്രീയമായും യുക്ത്യനുസരണമായും കേന്ദ്രത്തിൽ നിന്ന് അവർക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന വിഭവങ്ങളു

ടെ വിനിയോഗത്തിൽ കാര്യമായ വർധന ഉണ്ടാകണം എന്നാണ് പതിനാലാം ധനകാര്യ കമ്മിഷൻ ശിപാർശ ചെയ്തിരിക്കുന്നത്. അപ്പോഴും, ധനവിനിയോഗ നയത്തിൽ കേന്ദ്രഗവൺമെന്റിന്റെ പ്രസക്തിയും പ്രാധാന്യവും കേന്ദ്രത്തിൽ തന്നെ നിലനില്ക്കുന്നു. കാരണം, വൻ കേന്ദ്ര നികുതികൾ വഴിയുള്ള മൊത്ത വരുമാനം ഇപ്പോഴും കേന്ദ്രത്തിന്റെ അധികാര പരിധിയിൽ തന്നെയാകുന്നു. തത്ഫലമായി കേന്ദ്ര ഗവൺമെന്റിന്റെ വരവു ചെലവു തീരുമാനങ്ങളാണ് രാജ്യത്തെ ധനവിനിയോഗ നയത്തിന്റെ ഏറ്റവും പ്രധാന ഘടകമായി മാറുന്നത്. അതിനാൽ കേന്ദ്രഗവൺമെന്റിന്റെ വാർഷിക ബജറ്റ് അവതരണം നമ്മുടെ സമ്പദ്ഘടനയിലെ പ്രധാനപ്പെട്ട സംഭവമാണ്. എന്തുകൊണ്ടന്നാൽ രാജ്യത്തിന്റെ ധനവിനിയോഗ നയം സംബന്ധിക്കുന്ന ഏറ്റവും സമഗ്രമായ രേഖയാകുന്നു ബജറ്റ്.

**ലക്ഷ്യങ്ങൾ**

ധനവിനിയോഗ നയത്തിന് അതിന്റെ സ്വഭാവത്താൽ തന്നെ വിവിധ ലക്ഷ്യങ്ങളുണ്ട്. ദീർഘകാലവും ഹ്രസ്വകാലവുമായ പ്രത്യാഘാതങ്ങളുള്ളവയാണ് ഗവൺമെന്റിന്റെ വരവു ചെലവുകൾ. ധനവിനിയോഗ നയങ്ങൾക്ക് അതിനാൽ ദീർഘകാല, ഹ്രസ്വകാല ലക്ഷ്യങ്ങളുമുണ്ട്. സാമ്പത്തിക പ്രവർത്തനങ്ങൾ സ്ഥിരപ്പെടുത്തുക, അനുകൂലവും പ്രതികൂലവുമായ ആഘാതങ്ങളിൽ നിന്ന് പ്രതിരോധനിര തീർത്ത് അതിനെ സംരക്ഷിക്കുക, ധനവും വരുമാനവും പുനർവിതരണം ചെയ്യുക, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരുടെ ജീവിതപ്രശ്നങ്ങൾ ലഘൂകരിക്കുക, അവരോടുള്ള ഗവൺമെന്റിന്റെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക തുടങ്ങിയവയാണ് ഹ്രസ്വകാല ലക്ഷ്യങ്ങൾ. ജീവിത നിലവാരം ഉയർത്തിക്കൊണ്ട ്സുസ്ഥിരവും ഉയർന്നതുമായ സാമ്പത്തിക വളർച്ച നേടുക എന്നതാണ് ദീർഘകാല ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി സമ്പാദ്യങ്ങൾ, നിക്ഷേപങ്ങൾ എന്നിവകൂടി ധനവിനിയോഗ നയം പരിഗണിക്കേണ്ടിയിരിക്കുന്നു.

**നടപടിക്രമങ്ങൾ**

ഇപ്രകാരം അമിത പ്രാധാന്യം നിലനില്ക്കുമ്പോഴും, ഇന്ത്യയെ പോലെയുള്ള ജനാധിപത്യ രാജ്യത്ത് കേന്ദ്രബജറ്റ് ഒരു രാഷ്ട്രീയ പ്രസ്താവനയും, ഭരണകക്ഷിയുടെ നയ പ്രഖ്യാപനവും കൂടിയാകുന്നു . വളരെ ശ്രദ്ധാപൂർവം തയാറാക്കി, അവതരിപ്പിക്കുകയും പ്രാബല്യത്തിൽ വരുത്തുന്നതിനു മുമ്പ് വ്യാപകമായി ചർച്ച ചെയ്യേണ്ടതുമാണ് ബജറ്റ്. ഗവൺമെന്റിന്റെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതാകയാൽ പാർലമെന്റിന്റെ അംഗീകാരത്തോടെ അത് ധനകാര്യ ബില്ലായി മാറുകയും ചെയ്യുന്നു. അതിനാൽതന്നെ പാർലമെന്റിൽ ഒരു ബില്ല് അവതരിപ്പിക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും ബജറ്റിന്റെ കാര്യത്തിലും കൃത്യമായി പാലിക്കേണ്ടിയിരിക്കുന്നു. അതായത്, ഔപചാരികമായ അവതരണം, പ്രസിദ്ധീകരണം, പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണം, ചർച്ചചെയ്യൽ, അഭിപ്രായങ്ങളും ആക്ഷേപങ്ങളും ആരായൽ തുടങ്ങിയ നടപടികൾക്കു ശേഷം അപ്പോൾ സമ്മേളിച്ചിരിക്കുന്ന പാർലമെന്റിന്റെ അംഗീകാരം നേടണം. ഇത്തരത്തിൽ നിർദ്ദിഷ്ട ഭേദഗതികളോടെ പാർലമെന്റിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ കേന്ദ്ര ഗവൺമെന്റിന്റെ ധനവിനിയോഗ നയത്തിന്റെ സമഗ്രമായ പ്രഖ്യാപനമായി മാറുന്നു ബജറ്റ്.

ഇന്ത്യയെപോലെ ഒരു ഫെഡറൽ ജനാധിപത്യ രാജ്യത്ത് ഏതു തലത്തിലായാലും ഗവൺമെന്റിന്റെ ധനവിനിയോഗ നയം പ്രതിഫലിപ്പിക്കുന്ന ബജറ്റ് നിർമ്മാണം നീണ്ട ഒരു പ്രക്രിയയാണ്. അതിനാലാണ് സാധാരണ ഇത് വർഷത്തിൽ ഒരിക്കൽ എന്ന ക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നത്. വാർഷിക വരവ്, ചെലവ് സംബന്ധിച്ച് ഗവൺമെന്റിന്റെ ധനവിനിയോഗ നയത്തെ ബാധിക്കുന്ന മാറ്റങ്ങൾ അടിക്കടി സാധ്യമല്ല. അതുകൊണ്ടാണ് സാമ്പത്തിക സ്ഥിരീകരണ നടപടികളും അതിന്റെ പ്രവർത്തനങ്ങളും നിശ്ചിത കാലയളവിലേയ്ക്കായി ബജറ്റിലൂടെ നിയന്ത്രിച്ചിരിക്കുന്നത്.

ധനനയത്തിന് ഇക്കാര്യത്തിൽ കുറച്ചുകൂടെ സജീവമായ പങ്കാണ് ഉള്ളത്. നിക്ഷേപങ്ങൾ, വളർച്ച, വിലസ്ഥിരത തുടങ്ങിയവയ്ക്ക് സൗകര്യമൊരുക്കുക എന്ന ഒരു ജോലി മാത്രമെ കേന്ദ്ര ബജറ്റിന് ഉള്ളു.

**ഉൾപ്പെടുന്ന നടപടികൾ**

കേന്ദ്രബജറ്റ് തയാറാക്കുന്നതിന് ഏകദേശം നാലുമാസക്കാലം എടുക്കും. ഇതിനുള്ള നടപടി നവംബർ മാസത്തിൽ ആരംഭിക്കുന്നു. എല്ലാ

മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും കേന്ദ്രഗവൺമെന്റിനു കീഴിലുള്ള എല്ലാ ഘടകങ്ങൾക്കും മൂലധനം, വരുമാനം തുടങ്ങിയവ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് ഔദ്യോഗികമായി ധനമന്ത്രാലയം നോട്ടീസ് അയക്കും. അതിന്റെ വെളിച്ചത്തിൽ അടുത്ത സാമ്പത്തിക വർഷം തങ്ങളുടെ സാധാരണ പ്രവർത്തനത്തിനും പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കും എത്രമാത്രം ആളും അർത്ഥവും വേണമെന്ന് ഓരോ മന്ത്രാലയങ്ങളും വകുപ്പുകളും വളരെ ആഴത്തിൽ പഠനം നടത്തും. നിലവിൽ നടന്നുവരുന്ന പദ്ധതികളും പരിപാടികളും തുടർന്നു കൊണ്ടു പോകുന്നതിന് എത്ര ആളും അർത്ഥവും വേണ്ടിവരും എന്നൊന്നും മന്ത്രാലയങ്ങളും വകുപ്പുകളും പ്രത്യേകം വ്യക്തമാക്കുകയില്ല. അതെല്ലാം ചെലവിന്റെ പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടും.

മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഏതെങ്കിലും പുതിയ പദ്ധതികളോ, പ്രവർത്തനങ്ങളോ അതുമല്ലെങ്കിൽ നിലവിലുള്ള പദ്ധതിയുടെ വികസനമോ ഉണ്ടെങ്കിൽ അത് നിർദ്ദേശത്തിൽ സാധൂകരിച്ചിരിക്കണം. ഓരോ മന്ത്രാലയത്തിന്റെയും ഇത്തരം നിർദ്ദേശങ്ങൾക്കുള്ള സാധൂകരണത്തിൽ അവയുടെ ലക്ഷ്യങ്ങൾ, ഉദ്ദേശ്യങ്ങൾ അവ പൊതുസമൂഹത്തിന് എന്തു നന്മ ലഭ്യമാക്കും തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയിരിക്കണം. ഈ നിർദ്ദേശങ്ങൾ മുഖ്യമായും ചെലവുകളുടെ പദ്ധതി വിഭാഗത്തിൽ ഉൾപ്പെടും. രാജ്യത്തുടനീളമുള്ള ഗവൺമെന്റ് സ്ഥാപനങ്ങളുടെ വരവുചെലവുകൾ പരിഗണിക്കുക എന്നത് കഠിനമായ ജോലിയാണ്. കേന്ദ്ര മന്ത്രാലയങ്ങളും വകുപ്പുകളും താഴെതട്ടിൽ പ്രവർത്തിക്കുന്ന ഘടകങ്ങളിൽ നിന്നു തന്നെ ഈ നിർദ്ദേശങ്ങൾ ശേഖരിക്കണം. അതിനായി കേന്ദ്രത്തിൽ നിന്ന് താഴെതട്ടിലേയ്ക്ക് വളരെ ഫലപ്രദവും, കാര്യക്ഷമവുമായ ഒരു ആശയവിനിമയ സംവിധാനം ഉണ്ടാകണം. അല്ലെങ്കിൽ ഈ ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം കേന്ദ്രീകൃത രീതിയിൽ പ്രവർത്തിക്കുന്നവയായിരിക്കണം. നമ്മുടെ സ്ഥാപനങ്ങളെല്ലാം മുകളിൽ നിന്ന് താഴെ വരെ കേന്ദ്രീകൃതമായാണ് പ്രവർത്തിക്കുന്നത് എന്ന് പൊതുവെ ധാരണയുണ്ട്. പക്ഷെ വസ്തുത അതല്ല. ഗവൺമെന്റിന്റെ അധികാര ശ്രേണിയിൽ വിവിധ തലങ്ങളിൽ സ്വയംഭരണവും സ്വാതന്ത്ര്യവും അയവും എല്ലാം ഉണ്ട്. ഇതിന്റെയെല്ലാം ഫലമായി ബജറ്റ് നിർദ്ദേശങ്ങൾ താഴെ മുതൽ മുകളിൽ വരെ സമയബന്ധിതമായി ശേഖരിക്കാനും വിവിധ തലങ്ങളിൽ അവ ശേഖരിച്ച് കേന്ദ്രമന്ത്രാലയത്തിനോ വകുപ്പിനോ സമർപ്പിക്കാനും ക്രമീകരണം ഉണ്ടാക്കണം. ഫീസ്, പിഴ, നികുതി, ലെവി തുടങ്ങിയവ വഴി വരുമാനം സ്വരൂപിക്കുന്ന വകുപ്പുകളും മന്ത്രാലയങ്ങളും ഇവയുടെ പരിഷ്കാരങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ആവശ്യമായ ഭേദഗതികളോടെ നല്കണം.



ഈ പ്രക്രിയയ്ക്ക് സമയം എടുക്കും. പക്ഷെ ഒരു വികേന്ദ്രീകൃത ഭരണസംവിധാനത്തിൽ ഇത് ഒഴിവാക്കാനാവാത്തതാണ്. ബജറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു ഗവൺമെന്റ് സ്ഥാപനത്തിന് വിവിധ തലങ്ങളിൽ ഫലപ്രദമായ ജനപങ്കാളിത്തവും ഉറപ്പാക്കാവുന്നതാണ്. നിലവിൽ വാർഷിക ബജറ്റ് നിർമ്മാണത്തിൽ ജനപങ്കാളിത്തം വളരെ ചുരുക്കമാണ്. അത് വിവിധ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട ചില വ്യക്തികൾ, യൂണിയൻ പ്രതിനിധികൾ സംഘടനകൾ, കോർപ്പറേഷൻ, അസോസിയേഷൻ തുടങ്ങിയവയിൽ നിന്നുള്ള അഭിപ്രായശേഖരണത്തിൽ ഒതുങ്ങുന്നു. സമൂഹത്തിന്റെ എറ്റവും താഴെത്തട്ടു മുതലുള്ള ഗുണഭോക്താക്കളുടെ ഫലപ്രദമായ പങ്കാളിത്തം ബജറ്റ് നിർമ്മാണത്തിൽ അനുവദിക്കുന്നുണ്ടെങ്കിലും അത് ഒരിക്കലും യാഥാർത്ഥ്യമാകുന്നില്ല. വിവിധ തലങ്ങളിൽ ആകസ്മികമായി സംഭവിക്കുന്ന ആശയവിനിമയ കാലവിളംബമാണ് ഇതിനു കാരണം. താഴെനിന്നുള്ള ഈ നിർദ്ദേശങ്ങളത്രയും സമാഹരിച്ച്, ശരിയായി തരംതിരിച്ച്

ധനമന്ത്രാലയം ബജറ്റിന്റെ കണക്കുകളിലേയ്ക്ക് കടക്കും. വരവു ചെലവുകൾ സംബന്ധിച്ച കണക്കുകൾ കൂട്ടിമുട്ടിക്കുവാൻ ഈ ഘട്ടത്തിൽ വലിയ ഞെരുക്കം ഉണ്ടാകും. വരുമാന കടം, പ്രാഥമിക കടം, സാമ്പത്തിക കടം, പൊതു കടം തുടങ്ങിയവയിൽ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് ആക്ടിന്റെ നിബന്ധനകൾ പാലിക്കുക എന്നതാണ് ബജറ്റ് നിർമാണത്തിലെ ഈ ഘട്ടം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം.

വരുമാനത്തിന്റെ കാര്യത്തിൽ വിവിധ ഇനം നികുതി, നികുതിയേതര വരവുകൾ എന്നിവ കണക്കു കൂട്ടണം. ഇതൊരു അനുമാനം മാത്രമാണ്. വിവിധ മേഖലകൾ, ഇറക്കുമതി, കയറ്റുമതി, വിലവ്യതിയാനം, വിനിമയനിരക്ക്, കോർപ്പറേറ്റ് ലാഭം തുടങ്ങിയ യഥാർത്ഥ വരുമാനങ്ങൾ കൂടി കണക്കാക്കിയാണ്. ആത്യന്തികമായി യഥാർത്ഥ വരുമാനം (മൊത്ത ആഭ്യന്തര ഉത്പാദനം), ബജറ്റ് വർഷത്തിൽ സംഭവിച്ചേക്കാവുന്ന പണപ്പെരുപ്പം എന്നീ രണ്ട് അടിസ്ഥാന അനുമാനങ്ങളിലാണ് ഈ കണക്കുകൂട്ടലുകളെല്ലാം നടത്തുന്നത്. ഇതു തന്നെയാണ് ബജറ്റ് നിർമ്മാണത്തിലെ അടിസ്ഥാന അനുമാനങ്ങളും. ഈ ലക്ഷ്യങ്ങളിൽ സംഭവിക്കുന്ന ഏതു മാറ്റവും വരുമാന വരവിൽ ബജറ്റിന്റെ കണക്കുകളെ പ്രതികൂലമായി ബാധിക്കാം. ഇവിടെ ബജറ്റിന്റെ നിർമ്മാണ നടപടികളെ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് നിയമപ്രകാരം ചോദ്യം ചെയ്യാം.

ചെലവിന്റെ വശത്ത്, വരുന്ന ബുദ്ധിമുട്ടുകൾ താഴെ തട്ടിൽ പൊതു കടത്തിന്റെ പലിശ പോലുള്ള ഒഴിവാക്കാനാവാത്ത ചെലവുകൾ തന്നെ. അതുപോലെയാണ് കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ ബാധ്യതയും. നിലവിലുള്ള ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ ശമ്പളവും ഒരു ചെലവുതന്നെ. അല്ലെങ്കിൽ വരാൻ പോകുന്ന സാമ്പത്തിക വർഷത്തിൽ പുതിയ നിയമനങ്ങൾ വേണ്ട എന്ന നയപരമായ തീരുമാനം ഗവൺമെന്റ് തലത്തിൽ സ്വീകരിക്കണം. സബ്സിഡിയിനത്തിൽ വലിയ ഉത്തരവാദിത്വങ്ങൾ ഈയിടെ പൊതു ചെലവിൽ വന്നു ഭവിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഭക്ഷ്യസുരക്ഷാ നിയമം, വിദ്യാഭ്യാസ അവകാശ നിയമം തുടങ്ങിയവ. ഇതു കൂടാതെ ജനങ്ങളോട് വേറെയും സൗജന്യങ്ങൾ ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രതിരോധ ചെലവുകൾ ഏത് സമ്പദ്‌വ്യവസ്ഥയിലും പ്രതിജ്ഞാബദ്ധമായ ഒരു ചെലവല്ല, പക്ഷെ രാഷ്ട്രീയ, പ്രായോഗികതലത്തിൽ വളരെ ലോലമായ വിഷയവുമാണ്. അതുകൊണ്ട് ആ ഉത്തരവാദിത്വവും ഉണ്ട്.

ഈ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇത്തരം ചെലവു വാഗ്ദാനങ്ങളുടെ പെരുപ്പമാണ്. 2013 –14 ലെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3.3 പലിശയായി ചെലവായി. പെൻഷൻ – ശമ്പളം എന്നിവയ്ക്ക് 2.3 ശതമാനം. 2.2 ശതമാനം സബ്സിഡികളായി നല്കപ്പെട്ടു. 1.1 ശതമാനം പ്രതിരോധ ആവശ്യങ്ങൾക്കും ചെലവായി. എല്ലാം കൂടി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 8.9 ശതമാനം മാറിക്കിട്ടി. യാദൃശ്ചികമായിട്ടായിരിക്കാം 2013 –14 ലെ കേന്ദ്ര ഗവൺമെന്റിന്റെ ആകെ ആദായ വരവുകളും മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 8.9 ശതമാനമായിരുന്നു! അതായത് 2013 –14 ലെ കേന്ദ്ര ബജറ്റിലെ എല്ലാ വരുമാന വരവുകളും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ചെലവുകൾക്കായി തീർന്നു പോയി എന്നു ചുരുക്കം. പുതിയ പദ്ധതികൾക്കോ നിർമ്മാണത്തിനോ വേണ്ടി കടം എടുക്കുക എന്ന മാർഗ്ഗമല്ലാതെ ചെലവഴിക്കാൻ ഗവൺമെന്റിൽ പണമില്ലായിരുന്നു. ബജറ്റ് തയാറാക്കുന്നതിലെ അവസാന ഘട്ടം വിവിധ മന്ത്രാലയങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നും വരുന്ന ചെലവു നിർദ്ദേശങ്ങളും വരുമാന നിർദ്ദേശങ്ങളും തമ്മിൽ ധനമന്ത്രാലയം നടത്തുന്ന ഒരു ഒത്തുതീർപ്പാണ്. ബജറ്റ് നിർമ്മാണത്തിൽ നിലവിലുള്ള സ്വാതന്ത്ര്യവും മെയ്‌വഴക്കങ്ങളും തകിടം മറിയുന്ന ഘട്ടമാണിത്. ഇവിടെയാണ് വേർതിരിക്കലും ഉടച്ചു വാർക്കലും നടക്കുക.

ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് നിയമം പ്രാബല്യത്തിൽ വന്ന ശേഷം, അടുത്ത മൂന്നു വർഷത്തെ സാമ്പത്തിക മാനദണ്ഡങ്ങൾ മുൻകൂട്ടി കണക്കാക്കിയാണ് കേന്ദ്ര ഗവൺമെന്റ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് തയാറാക്കുന്നത്. ഇതുസംബന്ധിച്ച് തയാറാക്കുന്ന സാമ്പത്തിക നയ രേഖകൾ ബജറ്റിന്റെ അവിഭാജ്യ ഘടക

ങ്ങളും പൊതു ജനങ്ങൾക്ക് ചർച്ചകൾക്കും പരിശോധനകൾക്കുമായി ലഭ്യവുമാണ്.

**സാമ്പത്തിക സർവെയുടെ പങ്ക്**

കേന്ദ്ര ബജറ്റിന്റെ രൂപീകരണ പ്രക്രിയയിൽ, അതിനു സമാന്തരമായി ഒരു സ്വതന്ത്ര പഠനം നടക്കാറുണ്ട്. കേന്ദ്ര സ്ഥിതിവിവരകണക്കുകളുടെ സഹകരണത്തോടെ സാമ്പത്തിക വിഭാഗം നടത്തുന്ന ഈ പഠനത്തിനു നേതൃത്വം വഹിക്കുന്നത് ധനമന്ത്രാലയത്തിലെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവാണ്. തലേവർഷത്തെ സമ്പദ്‌വ്യവസ്ഥയുടെ പ്രകടനവും അതു സംബന്ധിച്ച വിമർശനാത്മക വിശകലനവുമാണ് അവർ നടത്തുക. സമ്പദ്‌വ്യവസ്ഥയുടെ ശക്തി, ദൗർബല്യങ്ങൾ, അവസരങ്ങൾ, ഭീഷണികൾ, ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭാവി പരിപാടികൾ തുടങ്ങിയവയാണ് ഈ പഠനത്തിൽ നടക്കുക. സാമ്പത്തിക മേഖല ഇപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ ബജറ്റിലൂടെ പരിഹരിക്കാൻ സാധിക്കും എന്ന് ഈ പഠനം വ്യക്തമാക്കും. ഇപ്രകാരം സാമ്പത്തിക സർവെയുടെ ചട്ടക്കൂടിനുള്ളിൽ ബജറ്റ് മാതൃകാപരമായി വിലയിരുത്തപ്പെടുന്നു.

നയപരമായ മാറ്റത്തിനുള്ള കൃത്യമായ വഴികൾ അതിൽ വ്യക്തമാക്കുന്നു, ഒപ്പം ഗവൺമെന്റിനു അനുവർത്തിക്കാൻ സാധിക്കുന്ന പരിപാടികൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. സാമ്പത്തിക നയത്തിന്റെ പരിധിയിൽ നിന്നു കേന്ദ്ര ഗവൺമെന്റിനു താല്പര്യമുള്ള എല്ലാ മേഖലകളെയും അതു സ്പർശിക്കുന്നു. ചുരുക്കത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിൽ വരുത്താവുന്ന മാറ്റങ്ങൾ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു ദിശാസൂചിയാണ് സാമ്പത്തിക സർവെ നല്കുന്നത്.

സാമ്പത്തിക നയം സംബന്ധിച്ച് സാമ്പത്തിക സർവെ നല്കിയ ശിപാർശകളിൽ നിന്ന് ഏതെങ്കിലും കാരണത്താൽ ധനമന്ത്രി വഴിമാറി നടന്നാൽ അത് കൃത്യമായി സൂചിപ്പിക്കുകയും എന്തുകൊണ്ട് അങ്ങനെ വ്യതിചലിച്ചു എന്നു വിശദീകരിക്കുകയും വേണം. 1991ലെ പരിഷ്കാരം മുതൽ ഇതാണ് കീഴ്‌വഴക്കം. അതാണ് ഗവൺമെന്റിന് അനുവർത്തിക്കാവുന്ന വിശ്വസനീയരേഖ എന്ന നിലയിൽ സാമ്പത്തിക സർവെയുടെ നിലവാരം ഉയർത്തിയത്.

**നവീകരണത്തിനുള്ള വിഷയങ്ങൾ**

ദീർഘകാല ലക്ഷ്യങ്ങളാണ് സാമ്പത്തിക നയത്തിന് ഉണ്ടാവേണ്ടത്. റിസർവ് ബാങ്ക് എന്ന സ്വയം ഭരണാധികാരസ്ഥാപനം പ്രവർത്തിക്കുന്ന ഇന്ത്യ പോലുള്ള ഒരു പരമാധികാര റിപ്പബ്ലിക്കിൽ രാഷ്ട്രീയ താല്പര്യങ്ങളാണ് സാമ്പത്തിക വിവേകത്തിനും മുകളിൽ നില്ക്കുന്നത്. അതിനാൽ ഗവൺമെന്റ് സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ഒരു ശ്രമമാണ് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് ആക്ട്. വരുമാന കടം മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ മൂന്നു ശതമാനത്തിലധികമല്ലെങ്കിൽ സാമ്പത്തിക നയങ്ങളിൽ മാറ്റത്തിനു ഉറപ്പില്ല.

ആവശ്യമായ മറ്റൊരു പ്രധാനപ്പെട്ട പരിഷ്കാരം രാജ്യത്ത് നിർദ്ദിഷ്ട മോണിറ്ററി പോളിസി കമ്മിറ്റി സ്ഥാപിക്കുക എന്നതാണ്. ഇത് പ്രക്രിയയിലുടനീളം സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കും. കാരണം ആത്യന്തികമായി നിക്ഷേപകരിലും ഉത്പാദകരിലും ബജറ്റ്നിർമാണ പ്രക്രിയയുടെ വിശ്വാസ്യത വർധിക്കേണ്ടതുണ്ട്.

അവസാനമായി ബജറ്റ് നിർമ്മാണ പ്രക്രിയ മേൽ വിശദീകരിച്ച പ്രകാരം വിവിധ ഘട്ടങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഫലപ്രദമായി ഉറപ്പാക്കണം. അധികാര വികേന്ദ്രീകരണ സങ്കല്പത്തിലുള്ളതാണ് ഈ ബഹുതല ബജറ്റ് രൂപീകരണവും. രാജ്യം വൻ സാമ്പത്തിക സ്വയംഭരണത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, താഴെതട്ടിലുള്ള ഗവൺമെന്റുകളുടെ ഉത്തരവാദിത്വം വികേന്ദ്രീകൃതമാകുമ്പോൾ നിലവിലുള്ള പ്രക്രിയകൾ കൂടുതൽ ശക്തമാക്കുന്നതിന് ജനപങ്കാളിത്തം മാത്രമാണ് ഏക യുക്തി.

**പ്രമുഖ സാമ്പത്തികകാര്യ
വിദഗ്ദ്ധനായ ലേഖകൻ
അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്
ഓഫ് മാനേജ്മെന്റിൽ
പ്രഫസറാണ്**



# ഉത്തരവാദിത്തങ്ങൾ മാറുന്നോ; സ്ത്രീപക്ഷ ബജറ്റ് വീക്ഷണം

നീത എൻ



**സംസ്ഥാനങ്ങൾക്കുള്ള ധനസഹായം ബാധ്യതയില്ലാത്തതും ഏതുതരത്തിൽ വേണമെങ്കിലും ഉപയോഗിക്കാവുന്നതുമായി മാറുമ്പോൾ സ്ത്രീകളുടെ പ്രശ്നങ്ങളിന്മേൽ രാഷ്ട്രിയ ഇച്ഛാശക്തിക്കുറവിനാൽ സംസ്ഥാനങ്ങൾ കുറച്ചു വിഹിതം മാത്രമെ നീക്കി വയ്ക്കുകയുള്ളു. ഈ രീതിയിലുള്ള എല്ലാ വെട്ടിക്കുറയ്ക്കലിനും സാമൂഹ്യ മേഖലയിൽ അതിനൊരു ലിംഗപരമായ വിവക്ഷയുണ്ട്, ആരോഗ്യം, കുടിവെള്ളം, ശുചിത്വ പരിപാലനം തുടങ്ങിയവ പോലെ.**

**2015-16** ലെ ബജറ്റിനായി ഏറെ കാത്തിരിക്കുകയായിരുന്നു. കാരണം പുതിയ ഗവൺമെന്റിന്റെ ആദ്യത്തെ സമ്പൂർണ ബജറ്റാണത്. ത്വരിതഗതിയിൽ സംഭവിക്കുന്ന നയതന്ത്രപരമായ സാമ്പത്തിക മാറ്റങ്ങളാണ് മറ്റൊന്ന്. വികസനപരമായ സമീപനത്തോടെയുള്ള ഏതു മാറ്റവും, അത് കുടുംബങ്ങളിലും സാമൂഹ്യ സാമ്പത്തിക മണ്ഡലങ്ങളിലും അധികാരവും ശക്തിയും ആധിപത്യവുമുള്ള പുരുഷന്മാരെ അപേക്ഷിച്ച് കൂടുതൽ ബാധിക്കുക സ്ത്രീകളെയാണ്. അടുത്ത കാലത്തായി സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് വളരെ പ്രാധാന്യം നല്കപ്പെടുന്നുണ്ട്, പ്രത്യേകിച്ച് സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ. ഇത്തരം അതിക്രമങ്ങൾ ഇന്ന് എല്ലാ വേദികളിലും മുഖ്യ ചർച്ചാവിഷയമാണ്. കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ പ്രധാനപ്പെട്ട എല്ലാ രാഷ്ടീയ പാർട്ടികളുടെയും പ്രകടന പത്രികകളിലും സ്ത്രീകൾക്കെതിരെ വർധിക്കുന്ന അതിക്രമങ്ങളായിരുന്നു മുഖ്യ വിഷയം.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ ഇത്രയധികം വർധിക്കാൻ ഒരു കാരണം സമൂഹത്തിൽ സ്ത്രീകൾക്കുള്ള താഴ്ന്ന അവസ്ഥയാണ്. വിവിധ വികസന സൂചകങ്ങളിൽ നിന്ന് ഇത് വളരെ വ്യക്തമാണ്. ഇക്കാലയളവിൽ സാക്ഷരതാ നിരക്ക് വളരെ ഉയർന്നിട്ടുണ്ടെങ്കിലും മൂന്നിലൊരു

ഭാഗം സ്ത്രീകളും ഇപ്പോഴും നിരക്ഷരരാണ്. സ്ത്രീ- പുരുഷ അനുപാതത്തിലെ വലിയ അന്തരം ഒരു നൂറ്റാണ്ടായി സമൂഹത്തെ അസ്വസ്ഥപ്പെടുത്തുന്നു. 2011 ൽ നടന്ന ജനസംഖ്യാ കണക്കെടുപ്പു പ്രകാരം 1000 പുരുഷന്മാർക്ക് 914 സ്ത്രീകൾ മാത്രമെയുള്ളു. പ്രധാനപ്പെട്ടതും ഏറെ ആശങ്കപ്പെടുത്തുന്നതുമായ മറ്റൊരു കാര്യം തൊഴിൽ മേഖലയിൽ സ്ത്രീകളുടെ കുറഞ്ഞുവരുന്ന പങ്കാളിത്തമാണ്. ഏറ്റവും പുതിയ (2011-12) സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഇന്ത്യയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ 22 ശതമാനം മാത്രമാണ്. ഇതുതന്നെ ഗ്രാമങ്ങളിൽ കുത്തനെ താഴ്ന്ന് 8 പോയിന്റു വരെ എത്തിയിരിക്കുന്നു. ഈ കണക്കുകൾ ഐക്യരാഷ്ട്രസഭയുടെ ജൻഡർ ഇന്നിക്ക്വാളിറ്റി ഇൻഡക്സിൽ ഇന്ത്യയുടെ ആഗോള നിലവാരം 0.617 ലും, സ്ഥാനം 149 ൽ 129 ലും കൊണ്ടുചെന്ന് എത്തിച്ചിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ വേണം ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബജറ്റിൽ സ്ത്രീകളെ വിവക്ഷിച്ചിരിക്കുന്നതെങ്ങിനെ എന്നു പരിശോധിക്കാൻ. മൂന്നു തലങ്ങളിലാണ് ബജറ്റുകളിലെ ലിംഗസംവേദനക്ഷമത അപഗ്രഥിക്കുക. ഒന്ന് സാമൂഹ്യ മേഖലയ്ക്കുള്ള വകയിരുത്തൽ. രണ്ട് ബജറ്റിൽ സ്ത്രീകൾക്കു മാത്രമായുള്ള പദ്ധതി വിഹിതം. മൂന്ന് വിവിധ മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും കീഴിൽ സ്ത്രീകൾക്കു മാത്രമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളും പരിപാടികളും ഒഴിച്ച് പൊതുവിൽ സ്ത്രീകൾക്കായുള്ള ബജറ്റ് വിഹിതം. ഈ വർഷത്തെ ബജറ്റ് പരിശോധിക്കുമ്പോൾ ഒരു പ്രധാനപ്പെട്ട ധനവിനിയോഗ മാറ്റം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഇത് 14-ാം ധനകാര്യ കമ്മിഷന്റെ ശിപാർശപ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സഹായത്തിന്റെ പുനക്രമീകരണമാണ്. സംസ്ഥാനങ്ങളുടെ മൊത്തം നികുതി വരുമാനത്തിൽ വർധന വരുത്തിയ കേന്ദ്ര ഗവൺമെന്റ് (32% - 42%) അതിന്റെ ചെലവു ഘടനയിലും മാറ്റങ്ങൾ വരുത്തി. അങ്ങനെ ചില പദ്ധതികൾ അവസാനിപ്പിച്ചു. മറ്റു ചില പദ്ധതികളുടെ കേന്ദ്ര - സംസ്ഥാന പങ്കാളിത്ത രീതി പുനക്രമീകരിച്ചു. ചുരുക്കം ചില പദ്ധതികൾ മാത്രം അതേപടി നിലനിർത്തി. ഇതിനൊപ്പം ഓർക്കേണ്ട ഒരു വസ്തുത, നികുതിയിൽ കാര്യമായ വർധനയൊന്നും വരുത്തിയിട്ടില്ല എന്നതാണ്.

**സാമൂഹ്യ മേഖലയുടെ വിനിയോഗം: ലിംഗസമത്വത്തിന്റെ നട്ടെല്ല്**

സാമൂഹിക സാമ്പത്തിക സമത്വത്തിനും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും നിർണായകമായിട്ടുള്ളത് സാമൂഹിക മേഖലയുടെ ബജറ്റ് വിഹിതമാണ്. പ്രത്യേകിച്ച് പാർശ്വവത്കൃത വിഭാഗങ്ങൾക്കും സ്ത്രീകൾക്കും . ഇത് അവരുടെ തൊഴിൽ ഭാരത്തെയും തൊഴിൽ സമയത്തെയും നേരിട്ടു ബാധിക്കുന്നു. അനൗദ്യോഗിക മേഖലയിലെ സ്തീകളുടെ കാര്യത്തിലാണ് കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടത്. കാരണം അവിടെയാണ് അടിസ്ഥാനപരമായ സാമൂഹ്യ സുരക്ഷ പോലും ഇല്ലാത്തത്. അതിനാൽ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും ഭവന നിർമ്മാണത്തിനും ശുചിത്വപരിപാലനത്തിനും കൂടുതൽ വിഹിതം ബജറ്റിൽ അനുവദിക്കണം. അല്ലെങ്കിൽ അനേകം കുടുംബങ്ങളുടെ ജീവിതനിലവാരം താഴ്ന്ന് താഴ്ന്ന് പൊയ്ക്കൊണ്ടിരിക്കും. അത് ആത്യന്തികമായി കുടുംബങ്ങളിലെ സ്ത്രീകളുടെ അവസ്ഥയെയാണ് പ്രതികൂലമായി ബാധിക്കുക.സ്ത്രീകൾ വീട്ടിൽ ചെയ്യുന്ന ജോലികൾ ഒന്നും ആരും പരിഗണിക്കുന്നേയില്ല. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത, അതു ശേഖരിക്കുക എന്ന വലിയജോലി ഭാരത്തിൽ നിന്നു സ്ത്രീകൾക്കു മോചനം നല്കുന്നു. അതുപോലെ സ്ത്രീകളാണ് കുടുംബത്തിലെ ആരോഗ്യ സംരക്ഷകർ. അടിസ്ഥാന ആരോഗ്യ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ അവരുടെ ആ ജോലിഭാരവും ലഘൂകരിക്കാം. സ്കൂളിൽ നിന്നു പെൺകുട്ടികൾ കൊഴിഞ്ഞുപോകുന്നതിന്റെ പ്രധാന കാരണം സ്കൂളുകളിൽ സുരക്ഷിതമായ ശുചിമുറികളുടെ അഭാവമാണ്. ഇത്തരത്തിൽ സാമൂഹ്യ മേഖലയിൽ വളരെ കുറച്ചു വിഹിതം അനുവദിക്കുകയോ ഉള്ള വിഹിതം വെട്ടിക്കുറയ്ക്കുകയോ ചെയ്യുന്നത് കഴിഞ്ഞ കുറെ കാലമായി വലിയ വാദപ്രതിവാദങ്ങൾക്കു വിഷയമാകുന്നുണ്ട്. മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ സാമൂഹ്യ മേഖലയുടെ വിഹിതം ഭക്ഷ്യ സബ്സിഡി ഉൾപ്പെടെ 3.40 ശതമാനത്തിൽ നിന്നു

2.57 ശതമാനമായി കുറഞ്ഞിട്ടുണ്ട്. മാറിയ ധനവിനിയോഗ സാഹചര്യത്തിൽ സംസ്ഥാനങ്ങൾ സാമൂഹ്യ മേഖലയിൽ കൂടുതൽ തുക ചെലവഴിച്ചാൽ ഈ വെട്ടിച്ചുരുക്കൽ സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങൾ വളരെ ശ്രദ്ധാപൂർവം പരിശോധിക്കേണ്ടിയിരിക്കുന്നു. പ്രത്യേക പദ്ധതികൾക്കായുള്ള കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായ രീതി പരിശോധിച്ചാൽ, അതു മിക്കവാറും മൂലധന ചെലവുകൾക്കായിരിക്കും. ഇപ്പോൾ നടക്കുന്ന വിവിധ പദ്ധതികളിൽ മൂലധന ചെലവുകൾ ഓരോ വർഷവും കുറയുകയാണ് ചെയ്യുന്നത്. അതായത് ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന സാമ്പത്തിക ഭാരം സാവകാശം സംസ്ഥാന ഗവൺമെന്റുകളുടെ ഉത്തരവാദിത്വമായി മാറുന്നു എന്നു ചുരുക്കം. സംസ്ഥാനങ്ങളുടെ ചുമതലയായി ഇതു മാറുന്നു എന്നതല്ല പ്രശ്നം, മറിച്ച് ഇത് എങ്ങിനെ മൊത്തം ധനവ്യയത്തെയും അതിന്റെ പ്രവർത്തന രീതിയെയും ബാധിക്കുന്നു എന്നതത്രെ. ഇപ്പോൾ സാമൂഹ്യമേഖലയിലെ പദ്ധതികൾ പരിശോധിച്ചാൽ, ഓരോ സംസ്ഥാനങ്ങളിലെയും നടത്തിപ്പുരീതികൾ തമ്മിൽ വലിയ അന്തരം കാണാൻ സാധിക്കും. അത് വ്യക്തമാക്കുന്നത്, ഓരോ സംസ്ഥാനങ്ങൾക്കും ഇത്തരം പദ്ധതികളിലുള്ള താല്പര്യവും പ്രതിജ്ഞാബദ്ധതയുമാണ്. സംസ്ഥാനങ്ങൾക്കുള്ള ധനസഹായം ബാധ്യതയില്ലാത്തതും ഏതുതരത്തിൽ വേണമെങ്കിലും ഉപയോഗിക്കാവുന്നതുമായി മാറുമ്പോൾ സ്ത്രീകളുടെ പ്രശ്നങ്ങളിന്മേൽ രാഷ്ട്രിയ ഇഛാശക്തിക്കുറവു മൂലം സംസ്ഥാനങ്ങൾ കുറച്ചു വിഹിതം മാത്രമെ നീക്കി വയ്ക്കുകയുള്ളു. ഈ രീതിയിലുള്ള എല്ലാ വെട്ടിക്കുറയ്ക്കലും സാമൂഹ്യ മേഖലയിൽ അതിനൊരു ലിംഗപരമായ വിവക്ഷയുണ്ട്, ആരോഗ്യം, കുടിവെള്ളം, ശുചിത്വ പരിപാലനം, തുടങ്ങിയവ പോലെ. ഇതിനൊപ്പം വർധിച്ച കയറ്റിറക്കു ചെലവുകളും ഡീസലിന്റെ വിലവർധന കൂടിയാകുമ്പോൾ നിത്യോപയോഗ വസ്തുക്കളുടെ വില കുതിച്ചുയരും. അപ്പോൾ വീട്ടമ്മമാരുടെ കൂലിയില്ലാത്ത ജോലിയുടെ ഭാരം വീണ്ടും വർധിക്കും.സ്ത്രീകൾ കഷ്ടപ്പെട്ട് ജോലി ചെയ്ത് എങ്ങിനെയും കുടുംബം പുലർത്തും. പക്ഷെ, പോഷകാഹരമോ ശരീരത്തിന് ആവശ്യമായ മറ്റ് ജീവകങ്ങളും ലഭിക്കാതെ അവളുടെ ആരോഗ്യം വലിയ വെല്ലുവിളി നേരിടും.

**സ്തീകൾ മാത്രമായുള്ള പദ്ധതികൾ, ക്ഷേമവും സുരക്ഷയും**

സ്ത്രീകളുടെ പ്രത്യേക ചില പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീകൾക്കു മാത്രമായി നിശ്ചിത പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ധനവ്യയ ബജറ്റിന്റെ ഭാഗമായ ജെണ്ടർബജറ്റ് സ്റ്റേറ്റ്മെന്റിൽ നിന്ന് സ്ത്രീകൾക്കു മാത്രമായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണ്. അങ്ങിനെ നോക്കുമ്പോൾ ഏകദേശം 30 ശതമാനം വിഹിതവും സ്ത്രീകൾക്കുള്ളതാണ്. 2015 -16 ലെ ബജറ്റിൽ 17 കോടി സ്ത്രീകൾക്കു മാത്രമായുള്ള പദ്ധതി നടത്തിപ്പിനായി മാറ്റി. ഈ വിഹിതവും വെട്ടിച്ചുരുക്കിയിട്ടുണ്ട്.

സ്ത്രീകൾക്കു മാത്രമായുള്ള പദ്ധതികളുടെ വിഹിതം വെട്ടിക്കുറച്ച സാഹചര്യത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായുള്ള മന്ത്രാലയത്തിന്റെ വിഹിതത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു. കഴിഞ്ഞ രണ്ടു വർഷത്തെ ബജറ്റുകളിൽ അനുവദിച്ച തുകകൾ താരതമ്യം ചെയ്യുമ്പോൾ പല പദ്ധതികൾക്കും അത്യാവശ്യമുള്ള പണംപോലും ലഭിച്ചിട്ടില്ല എന്നു വ്യക്തമാകുന്നുണ്ട്. ഇതു കാര്യങ്ങൾ വളരെ വഷളാക്കുന്നു. ഈ വർഷത്തെ ബജറ്റിൽ നാലു പദ്ധതികൾക്ക് വിഹിതം അനുവദിച്ചിട്ടേയില്ല. വളരെ വിഷമകരമായ സ്ഥിതിയിലുള്ള സ്ത്രീകൾക്ക് സുരക്ഷിത താമസ സ്ഥലങ്ങൾ നിർമ്മിക്കുക, ഗാർഹിക പീഢന നിയമം(2005) നടപ്പാക്കുന്നതിന് സംസ്ഥാനങ്ങൾക്ക് സഹായം നല്കുക എന്നീ പദ്ധതികൾക്ക് വലിയ മാനങ്ങളുണ്ട്. 2011 ലെ ജനസംഖ്യാ കണക്കു പ്രകാരം വിധവകളായ സ്ത്രീകളുടെ സംഖ്യ വർധിച്ചു വരികയാണ്. ഇതിന് അർത്ഥം അവർക്ക് കൂടുതൽ അഭയകേന്ദ്രങ്ങൾ ആവശ്യമായി വരുന്നു എന്നാണ്. കഴിഞ്ഞ വർഷം ഗാർഹിക പീഢന നിയമം നടപ്പാക്കുന്നതിനു വേണ്ടി അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല എന്നതു സത്യംതന്നെ. അതുകൊണ്ടായിരിക്കണം ഇത്തവണ അതിന് തുക അനുവദിക്കാതിരുന്നത്. ആവ

ശ്യമെങ്കിൽ സംസ്ഥാനങ്ങൾ അവരുടെ വർധിപ്പിച്ച നികുതി വരുമാനത്തിൽ നിന്ന് ഇതിനുള്ള തുക കണ്ടെത്തുകയും ചെയ്യാമല്ലോ. കഴിഞ്ഞ വർഷങ്ങളിൽ അനുവദിച്ച തുക ചെലവഴിച്ചില്ല എന്നതു തന്നെ, സംസ്ഥാനങ്ങൾ ഈ കാര്യത്തിൽ എത്രത്തോളം ശുഷ്കാന്തി പുലർത്തുന്നു എന്നതിനുള്ള വ്യക്തമായ തെളിവാണല്ലോ. ഇത്തരത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുത്തത് തീർച്ചയായും ഖേദകരമായ കാര്യംതന്നെ.

പരമാവധി വെട്ടിച്ചുരുക്കൽ നടന്നിരിക്കുന്നത് കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള രാജീവ്ഗാന്ധി ശാക്തീകരണ പദ്ധതിക്കാണ്. കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പോഷാകാഹാര വിതരണം ഇതര ആരോഗ്യ പരിരക്ഷാ പദ്ധതികൾ എന്നിവ കുത്തനെ വെട്ടിച്ചുരുക്കി. ബജറ്റ് രേഖകൾ പ്രകാരം 10 കോടി രൂപയാണ് ഇതിനായി കേന്ദ്രഗവൺമെന്റ് നീക്കി വച്ചിരിക്കുന്നത്. നിർഭയ ഫണ്ടു വഴിയാണ് സംസ്ഥാനങ്ങൾക്ക് ഇതിനുള്ള ധനസഹായം ലഭ്യമാക്കുന്നത്. സംസ്ഥാനങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നതിനെ കുറിച്ച് വ്യക്തമായ ഒരു ധാരണയും ഇല്ലെന്നിരിക്കെ, ഈ പദ്ധതിക്ക് ഇനി എന്തു സംഭവിക്കും എന്നത് ആശങ്കപ്പെടുത്തുന്നു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ എങ്ങനെ തടയണം എന്നത് ഇപ്പോൾ ഔദ്യോഗികമായി കേന്ദ്രപരിഗണയിലുള്ള വിഷയമാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിന്ന് സ്ത്രീകളെ സഹായിക്കാനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സാധാരണ അനുവദിക്കുന്ന തുകയിലും വെട്ടിച്ചുരുക്കൽ നടന്നിരിക്കുന്നു. 2.5 ദശലക്ഷത്തിനു മേൽ ജനസംഖ്യയുള്ള നഗരങ്ങളിലായിരിക്കും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നു മാത്രമാണ് ബജറ്റിൽ അതെക്കുറിച്ച് സൂചിപ്പിച്ചിരിക്കുന്നത്. അല്ലാതെ നൽകാൻ ഉദ്ദേശിക്കുന്ന ധനസഹായത്തെ കുറിച്ച് ഒരു വിശദീകരണവും ഇല്ല. ഇത്തരം കേന്ദ്രങ്ങൾ അടിയന്തര സാഹചര്യങ്ങളിൽ ഇരകൾക്ക് സഹായം നൽകാനുള്ള സംവിധാനമാണ്, എന്തെങ്കിലും ഒരു കുറ്റകൃത്യം നടക്കുമ്പോൾ മാത്രമെ ഇത് ഉപയോഗിക്കാൻ സാധിക്കൂ. ഷെൽട്ടർ പോലുള്ള സ്ഥാപനപരമായ സഹായങ്ങൾക്ക് പദ്ധതികളിൽ വലിയ ഊന്നൽ ആവശ്യമാണ്. പക്ഷെ അതെക്കുറിച്ച് ബജറ്റിൽ ഒരു പരാമർശവും ഇല്ല.

ഈ പദ്ധതികൾക്കും പരിപാടികൾക്കും ഉപരി, സ്ത്രീകളുടെ സമത്വവുമായി ബന്ധപ്പെട്ട രണ്ടു പദ്ധതികൾ ആണ്, രാജീവ് ഗാന്ധി നാഷണൽ ക്രെഷ് പദ്ധതിയും *ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ* പ്രചാരണവും. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്ക് ക്രെഷ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആരംഭിച്ചതാണ് രാജീവ് ഗാന്ധി നാഷണൽ ക്രെഷ് പദ്ധതി. ഇതിനുള്ള ബജറ്റ് വിഹിതം 62.50 കോടിയിൽ നിന്ന് 102.97 കോടിയാക്കി ഉയർത്തിയിട്ടുണ്ട്. ശിശുസംരക്ഷണത്തിൽ ഇത് വളരെ സ്വാഗതാർഹമായ ഒരു മാറ്റമായി കാണുന്നു. പാവപ്പെട്ട അമ്മമാർക്ക് അവരുടെ തൊഴിൽ മേഖലയിൽ ഇത് വലിയ അനുഗ്രഹമാകും. *ബേട്ടി ബച്ചാവോ ബേട്ടി പഠാവോ* പ്രചാരണം കഴിഞ്ഞ വർഷം ആരംഭിച്ച പദ്ധതിയാണ്. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലുള്ള ഈ പദ്ധതിക്കായി കഴിഞ്ഞ വർഷം 100 കോടി രൂപ അനുവദിച്ചിരുന്നതാണ്.

അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമകാര്യങ്ങൾക്കായി ഈ വർഷം ബജറ്റിൽ തുക കുറവാണ്. ഗ്രാമങ്ങളിലെ സ്ത്രീകളുടെ വികസന പദ്ധതികൾക്കും പ്രത്യേകിച്ച് ഗ്രാമീണ ഭവനനിർമാണ മേഖലയ്ക്ക് വിഹിതം കുറച്ചിട്ടുണ്ട്. സ്ത്രീകളുടെ സുരക്ഷയ്ക്കായി നിർഭയ ഫണ്ട് 1000 കോടിയുടെ ബജറ്റ് വിഹിതവുമായിട്ടാണ് 2013- 14 ൽ ആരംഭിച്ചത്. അത്രയും തുക ഈ ബജറ്റിലും അതിനു വകയിരുത്തിയിരിക്കുന്നു. ഇപ്പോഴത്തെ ബജറ്റ് വിഹിതം കൂടിയാകുമ്പോൾ ഫണ്ടിൽ 3000 കോടിയുണ്ട്. പക്ഷെ ഇനിയും ഈ തുക എങ്ങിനെ ചെലവഴിക്കും എന്നതിനെകുറിച്ച് കൃത്യമായ ഒരു രൂപരേഖയും തയാറാക്കിയിട്ടില്ല, ചില പ്രസ്താവനകൾ നടത്തി എന്നത് ഒഴികെ. എന്നാൽ രണ്ടു പരിപാടികൾക്ക് പണം ചെലവഴിക്കുന്നതിനെ കുറിച്ച് വ്യക്തമായ ആശയങ്ങൾ ഉണ്ട്. അതിൽ ഒന്ന് റെയിൽവെ ബജറ്റിൽ പ്രഖ്യാപിച്ച ലേഡീസ് കമ്പാർട്ടുമെന്റുകളിലെ നിരീക്ഷണ കാമറകളും, പൊതു ഗതാഗത സംവിധാനത്തിൽ

സ്ത്രീകളുടെ സുരക്ഷയുമാണ്. ഇവ രണ്ടിനുമായി 653 കോടി വകയിരുത്തിയിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എല്ലാം വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിരീക്ഷണങ്ങളാണ്. എന്നാൽ അന്താരാഷ്ട്ര പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് സിസിടിവിയുടെ സാന്നിധ്യമോ ആരോ നിരീക്ഷിക്കുന്നുണ്ട് എന്ന ശങ്കയോ കുറ്റകൃത്യങ്ങളുടെ നിരക്ക് കുറയ്ക്കുന്നില്ല എന്നാണ്.

**പകുതിയേ ഉള്ളൂ, അതും വെട്ടിക്കുറച്ചു**


സ്ത്രീകൾക്കു മാത്രമുള്ള പദ്ധതികൾ മാറ്റി നിർത്തിയാൽ പോലും ഗവൺമെന്റിന്റെ 30 ശതമാനം ക്ഷേമപദ്ധതികളിലും ഗുണഭോക്താക്കൾ സ്ത്രീകൾ തന്നെ. വിവിധ വകുപ്പുകളുടെ 13 പദ്ധതികൾ സ്ത്രീകളുടെ സമത്വം എന്ന കാഴ്ച്ചപ്പാടോടു കൂടി വിഭാവനം ചെയ്തിരിക്കുന്നതാണ്. ഇതിൽ അഞ്ച് എണ്ണത്തിനു മാത്രമാണ് ബജറ്റിവിഹിതത്തിൽ തുക വർധിപ്പിച്ചിരിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ടത് കൃഷി, സഹകരണ വകുപ്പിലാണ്. അങ്ങനെ ഒടുവിൽ കൃഷിയിൽ സ്ത്രീകളുടെ പങ്കിന് അംഗീകാരമായി. ഇത് എടുത്തു പറയേണ്ട ഒരു ചുവടുവയ്പാണ്.

സമഗ്രശിശു വികസന പരിപാടിക്കുള്ള ബജറ്റ് വിഹിതം 16000 കോടിയിൽ നിന്ന് 8000 കോടിയാക്കി ചുരുക്കി. ഇത് തീർച്ചയായും പോഷകാഹാര വിതരണം,ഗർഭിണികളുടെ ആരോഗ്യ പരിരക്ഷ എന്നിവയെ ബാധിക്കും. ഈപരിപാടിയുടെ നെടും തൂണുകളായ അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും ശമ്പള വർധന നടപ്പാക്കുമെന്ന് ഉറപ്പു നല്കിയിരുന്നു. എന്നാൽ തമിഴ്നാട്, കേരളം പോലുള്ള സംസ്ഥാനങ്ങൾ കേന്ദ്ര വിഹിതത്തിലും കൂടിയ വേതനം അങ്കണവാടി ജീവനക്കാർക്ക് നേരത്തെ മുതൽ നല്കി വരുന്നു. തുടർന്നും നല്കും. പക്ഷെ, മറ്റു സംസ്ഥാനങ്ങളുടെ കാര്യമോ?

പദ്ധതി വിഹിതം വെട്ടിക്കുറച്ചിരിക്കുന്ന മറ്റൊരു മേഖല ആരോഗ്യ മന്ത്രാലയമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1850 കോടിയാണ് ഇവിടെ വന്നിരിക്കുന്ന കുറവ്. ഒരു കാര്യം നാം വിസ്മരിച്ചുകൂടാ; ഗ്രാമീണ ഇന്ത്യയിലെ 75 ശതമാനം സ്ത്രീകളും പോഷകാഹാരക്കുറവു മൂലമുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ്. അനൗപചാരിക തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷയുടെ ഭാഗമായി പങ്കാളിത്ത പെൻഷൻ, അപകട ഇൻഷൂറൻസ് തുടങ്ങിയവയ്ക്ക് 1200 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പക്ഷെ ഇന്ത്യയിൽ അനൗപചാരിക മേഖലയിലെ സ്ത്രീതൊഴിലാളികളിൽ മൂന്നു ശതമാനത്തിനുള്ള ഇൻഷുറൻസ് വിഹിതം പോലും ആകുന്നില്ല തുച്ഛമായ ഈ 1200 കോടി. വളരെ കുറച്ച് സ്ത്രീകൾക്കു മാത്രമെ ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. *അടൽ പെൻഷൻ യോജന* എന്ന ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട് എങ്കിലും അതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. സ്ത്രീകൾക്കായുള്ള ബജറ്റ് വിഹിതത്തിൽ ഏറ്റവും വലിയ ആശ്വാസം ആശങ്കപ്പെട്ടതുപോലെ പോലെ തൊഴിലുറപ്പു പദ്ധതിയുടെ വിഹിതം വെട്ടിക്കുറച്ചില്ല എന്നതാണ്.

ചുരുക്കത്തിൽ സ്ത്രീകൾക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾക്കുള്ള വിഹിതം കുറച്ചിരിക്കുന്നു എന്നതാണ് ഈ വർഷത്തെ കേന്ദ്രബജറ്റിൽ നിന്നു മനസിലാക്കുന്നത്. മാത്രവുമല്ല സ്ത്രീകളുടെ സമത്വം, വികസനം, ക്ഷേമം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വം വർധിപ്പിച്ചിട്ടുമുണ്ട്. അതായത് സ്ത്രീസമത്വം എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ ഇനിയും വൈകും എന്നു സാരം. സത്യത്തിൽ സ്ത്രീകൾ ഇനിയും ഇന്ത്യൻ ദേശീയതയിൽ ഒരു അനിവാര്യതയായി മാറിയിട്ടില്ല എന്നതിനാൽ അവരുടെ പ്രശ്നങ്ങൾക്ക് ഇവിടുത്തെ രാഷ്ട്രിയ മുന്നേറ്റങ്ങളിൽ വലിയ പ്രാധാന്യമോ ശ്രദ്ധയോ ലഭിക്കുന്നില്ല. സംസ്ഥാനങ്ങളിലും ഇതിൽ നിന്നു വ്യത്യസ്തമായി ഒന്നും സംഭവിക്കാൻ പോകുന്നില്ല.

**ന്യൂഡൽഹിയിലെ സെന്റർ ഫോർ വിമൻസ് ഡവലപ്മെന്റ് സ്റ്റഡീസിൽ സീനിയർ ഫെലോയാണ് ലേഖിക**



# റെയിൽ ബജറ്റ്: പുരോഗതിയുടെ സുവർണപാത

ജി ശ്രീനിവാസൻ



**റെയിൽ വൈദ്യുതീകരണത്തിന് ലഭിച്ച വൻ പരിഗണനയാണ് ഇത്തവണത്തെ റെയിൽ ബജറ്റിന്റെ ഒരു സവിശേഷത. നടപ്പുവർഷം 462 റൂട്ട് കിലോമീറ്റർ പാതയുടെ വൈദ്യൂതീകരണത്തിന് അനുമതി നൽകിയ സ്ഥാനത്ത് 2015–16 ൽ 6608 റൂട്ട് കിലോമീറ്റർ പാത വൈദ്യുതീകരിക്കാനാണ് അനുമതി നൽകിയത്. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 1330 ശതമാനം വർധന.**

**സ്വാ**തന്ത്ര്യാനന്തര കാലത്ത്, റെയിൽ ബജറ്റിലൂടെ പുതിയ പദ്ധതികളും ട്രെയിനുകളും പ്രഖ്യാപിക്കുകയെന്ന ജനപ്രിയ മാർഗത്തിന്റെ പ്രലോഭനത്തിന് വഴങ്ങാതിരിക്കാൻ വളരെ കുറച്ച് റെയിൽവെ മന്ത്രിമാർ മാത്രമെ ആർജ്ജവം കാട്ടിയുള്ളു. ഇക്കഴിഞ്ഞ ഫെബ്രുവരി 26 ന് പാർലമെന്റിൽ അവതരിപ്പിച്ച അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള റെയിൽ ബജറ്റ് ഇക്കാര്യത്തിൽ ധീരമായ ചുവട്വയ്പ് നടത്തിയതായി നിസ്സംശയം പറയാം. റെയിൽവെ എന്ന പരമപ്രധാനമായ ഗതാഗതമാർഗ്ഗത്തിന്റെ വികസനം മുന്നിൽ കണ്ട് പഴയ വഴിത്താരകളിൽ നിന്നുള്ള വ്യതിചലനം തന്നെയായി ബജറ്റ്. യാത്രക്കൂലിയിൽ വർദ്ധന ഇല്ലാതെ, ചരക്കുകൂലിയിൽ 10% വർദ്ധന വരുത്തിയും ദൂര സ്ലാബുകൾ യുക്തിസഹമാക്കിയും അവതരിപ്പിച്ച ബജറ്റ് അടുത്ത അഞ്ച് വർഷം കൊണ്ട് 8.56 ലക്ഷം കോടിയുടെ വൻ നിക്ഷേപം റെയിൽവേ രംഗത്ത് ലക്ഷ്യമിടുന്നു. വിവിധ വസ്തുക്കളുടെ തരംതിരിവിലും സ്ലാബ് നിരക്കിലും ബജറ്റ് മിതമായ മാറ്റം വരുത്തിയതായി ബജറ്റിന് ശേഷമുള്ള വാർത്താ സമ്മേളനത്തിൽ

റെയിൽവെ ബോർഡിലെ മുതിർന്ന ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഇത്തരം മാറ്റത്തിന് ശേഷം ചില ഇനങ്ങളുടെ കടത്തുകൂലി 10% വർദ്ധിപ്പിക്കുമ്പോൾ മറ്റു ചിലതിന്റേത് കുറയുകയാണ് ചെയ്യുക. മൊത്തത്തിൽ നിരക്ക് മാറ്റത്തിലൂടെ റെയിൽവെ 4000 കോടി രൂപ സമാഹരിക്കുമെന്ന് അവർ പറഞ്ഞു. ചരക്കു കടത്തിൽ നിന്ന് മൊത്തം പ്രതീക്ഷിക്കുന്ന വരുമാനമായ 1,21,423 കോടിയുടെ മൂന്ന് ശതമാനം മാത്രമാണ് വർദ്ധനയിലൂടെ ലഭിക്കുകയെന്നും അവർ പറയുന്നു.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഹൃദയത്തിലേക്ക് രക്തം കയറ്റിവിടുന്ന ധമനി ശൃംഖലയായ റെയിൽവെയിലെ സൗകര്യങ്ങൾ യാത്രക്കാർക്കും വ്യവസായമേഖലക്കും തീർത്തും അപര്യാപ്തമായി തുടരുന്നത് ഖേദകരമാണെന്ന് ലോക്സഭയിലെ ബജറ്റ് അവതരണവേളയിൽ പ്രസ്താവിച്ചതിലൂടെ റെയിൽവെ മന്ത്രി യാഥാർത്ഥ്യത്തോട് ചേർന്നു നില്ക്കുകയാണ് ചെയ്തത്. ഉപഭോക്താക്കൾക്ക് തീർത്തും അപര്യാപ്തമായ തലത്തിൽ സേവനം നൽകാൻ ഇടയാകുന്നതിന്റെ അടിസ്ഥാന കാരണം കാലങ്ങളായി തുടർന്നുവന്ന കുറഞ്ഞ നിക്ഷേപമാണെന്ന് തുറന്നു പറയാൻ മന്ത്രി മടിച്ചില്ല. ഇതിന്റെ ഫലമായി ശേഷി വർദ്ധിപ്പിക്കൽ തടസ്സപ്പെട്ടു. സുരക്ഷാ രംഗത്ത് വീഴ്ചകൾ സംഭവിച്ചു. സേവനങ്ങളുടെ ഗുണനിലവാരം ഇടിഞ്ഞു. അങ്ങനെ റെയിൽവെയുടെ ആത്മവിശ്വാസം കുറഞ്ഞു, കാര്യക്ഷമത താഴ്ന്നു, യാത്രക്കാരുടെയും ചരക്ക് കടത്തിന്റെയും ശേഷി വിനിയോഗവും ഇടിയുകയുണ്ടായി.

റെയിൽവെ രംഗത്ത് നിക്ഷേപം നടത്തുന്നതിന്റെ ഗുണങ്ങൾ മന്ത്രി സവിസ്തരം പ്രതിപാദിച്ചത് തികച്ചും നീതീകരിക്കാവുന്നതാണ്. റെയിൽവെ രംഗത്തെ നിക്ഷേപം സമ്പദ് വ്യവസ്ഥയുടെ മറ്റ് മേഖലകളിലും ചലനങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമാണ്. ദരിദ്ര വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പരിസ്ഥിതി സുസ്ഥിരത നിലനിർത്തുന്നതിനും ഇത് ഗുണം ചെയ്യുന്നു. ഏറ്റവും തിരക്കേറിയ റൂട്ടുകളിൽ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മന്ത്രി എടുത്തു പറഞ്ഞു. ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ ഇല്ലാതെ വേഗത്തിൽ പൂർത്തിയാക്കാൻ പറ്റുന്നതാണ് ഈ സുപ്രധാന നിർദ്ദേശമെന്നത് റെയിൽവെ മന്ത്രി കൃത്യമായി തിരിച്ചറിഞ്ഞു. ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ, മൂന്ന് വരിയാക്കൽ, വൈദ്യുതീകരണം തുടങ്ങിയ പദ്ധതികളിലൂടെ ട്രെയിനുകളുടെ വേഗം വർദ്ധിപ്പിക്കാനും ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകാനും കഴിയും. നാല് മെട്രോ നഗരങ്ങളെ ബന്ധിപ്പിക്കുന്നതും ഇവയ്ക്ക് കുറുകെയുള്ളതുമായ ആറ് റൂട്ടുകളാണ് റെയിൽ ഗതാഗതത്തിന്റെ സിംഹഭാഗവും കൈകാര്യം ചെയ്യുന്നത്. ശേഷിവിനിയോഗം പാരമ്യത്തിലെത്തിയ ഈ പാതകളിൽ ശേഷി വർദ്ധനയിലൂടെ തിരക്ക് കുറയ്ക്കുവാനാണ് ഇനി മുൻഗണന നൽകുക. ഉപഭോക്താക്കളുടെ സൗകര്യം, സുരക്ഷ, റെയിൽവെയുടെ സ്വയം പര്യാപ്തതയും സുസ്ഥിരതയും ഉറപ്പാക്കൽ എന്നിവയും ബജറ്റിൽ ഊന്നൽ ലഭിച്ച നിർദ്ദേശങ്ങളിൽപ്പെടും.

റെയിൽ വൈദ്യുതീകരണത്തിന് ലഭിച്ച വൻ പരിഗണനയാണ് ഇത്തവണത്തെ റെയിൽ ബജറ്റിന്റെ ഒരു സവിശേഷത. നടപ്പുവർഷം 462 റൂട്ട് കിലോമീറ്റർ പാതയുടെ വൈദ്യുതീകരണത്തിന് അനുമതി നൽകിയ സ്ഥാനത്ത് 2015-16 ൽ 6608 റൂട്ട് കിലോമീറ്റർ പാത വൈദ്യുതീകരിക്കാനാണ് അനുമതി നൽകിയത്. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 1330 ശതമാനം വർധന. കൽക്കരി ഉപയോഗിച്ചുള്ള താപവൈദ്യുത നിലയങ്ങളാണ് വൈദ്യുതിയുടെ ഏറിയ പങ്കും ഉത്പ്പാദിപ്പിക്കുന്നതെന്നതിനാൽ കാർബൺ വിമുക്ത വികസനത്തിലേക്ക് മാറുമെന്ന ഇന്ത്യയുടെ ഉറപ്പിന് വിരുദ്ധമാണിത്. ആവാസ വ്യവസ്ഥയുടെ സന്തുലനവും കുറഞ്ഞ ഇന്ധന ഉപഭോഗവും റെയിൽവെയിൽ ഉറപ്പുവരുത്തി അതിനെ പരിസ്ഥിതി മലിനീകരണം നടത്തുന്ന റോഡ് ഗതാഗതത്തെ അപേക്ഷിച്ച് സ്വീകാര്യമാക്കാനാണ് ലക്ഷ്യം. എന്നാൽ അടുത്ത സാമ്പത്തിക വർഷം ചരക്ക്-യാത്രാ തീവണ്ടികൾ വലിക്കാൻ കൂടുതൽ വൈദ്യുതി എൻജിനുകൾ ഓടിക്കുകയെന്നതും കൂടുതൽ താപവൈദ്യുതിയെ ആശ്രയിക്കുന്നതിലൂടെയുള്ള പരിസ്ഥിതി ആഘാതവും തമ്മിലുള്ള സന്തുലനം എങ്ങനെയെന്ന് വ്യക്തമല്ല. എന്നാൽ ഇത്തരം ആശങ്കകൾ മറികടക്കാൻ 1000 മെഗാ

വാട്ട് സൗരവൈദ്യുതി ഉത്പാദിപ്പിക്കുകയെന്ന ഹരിതലക്ഷ്യം റെയിൽബജറ്റ് മുന്നോട്ട്വയ്ക്കുന്നു.

റെയിൽബജറ്റിൽ മുന്നോട്ടുവച്ച നാല് ലക്ഷ്യങ്ങളായ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകൽ, സുരക്ഷിതമായ യാത്ര ഒരുക്കൽ, പ്രതിദിനം കൈകാര്യംചെയ്യുന്ന യാത്രക്കാരുടെ എണ്ണം 21 ദശലക്ഷത്തിൽനിന്നും 30 ദശലക്ഷമാക്കി ഉയർത്താൻ തക്കവണ്ണം ആധുനീകരണത്തിലൂടെ ശേഷി വർദ്ധിപ്പിക്കൽ, ട്രാക്ക് നീളം 1.14 ലക്ഷം കിലോമീറ്ററിൽനിന്ന് 1.38 ലക്ഷം കിലോമീറ്ററായി 20 ശതമാനം വർദ്ധിപ്പിക്കൽ, വാർഷിക ചരക്കുഗതാഗതം ശേഷി 1 ബില്യൺ ടണ്ണിൽനിന്ന് ഒന്നരബില്യൺ ടണ്ണായി ഉയർത്തൽ എന്നിവ കൃത്യമായ നടപടികൾ കൈക്കൊണ്ടാൽ നേടിയെടുക്കാവുന്നവതന്നെയെന്ന് കാണാം. റെയിൽവേ പദ്ധതികളിൽ സംസ്ഥാന ഗവൺമെന്റുകളെയും പൊതുമേഖലാസ്ഥാപനങ്ങളെയും പങ്കാളികളാക്കാനുള്ള സമീപനം പ്രോത്സാഹജനകമാണ്. കൽക്കരി, ഇരുമ്പയിര്, സിമന്റ് തുടങ്ങിയ സുപ്രധാന വസ്തുക്കൾ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കാനുള്ള ശേഷി ആവശ്യത്തിനനുസൃതമായി സൃഷ്ടിക്കാൻ ഇത് ഉപകരിക്കും. വിദേശത്തുനിന്നുള്ളതുൾപ്പടെ നവീന സാങ്കേതിക വിദ്യയും സാമ്പത്തിക പങ്കാളിത്തവും ഇതുവഴി റെയിൽ വികസനത്തിന് എത്തിക്കാം. അതേസമയം കരാറിനെ ചൊല്ലിയുള്ള തർക്കങ്ങൾ നേരിടാൻ കൃത്യമായ സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്ന് മാത്രം.

ഒരു ഓഡിറ്റർ എന്ന നിലയിൽ ലാഭകരമായ പദ്ധതികൾക്ക് വിപണി കടമെടുപ്പിലൂടെ ധനസ്രോതസ്സുകൾ കണ്ടെത്താൻ റെയിൽവേ മന്ത്രിക്ക് അറിയാം. സ്വന്തം സ്ഥാപനമായ ഇന്ത്യൻ റെയിൽവെ ഫിനാൻസ് കോർപ്പറേഷനിൽനിന്നുള്ള ചെലവേറിയ വായ്പകൾക്കുപുറമേ ഇൻഷുറൻസ്, പെൻഷൻ ഫണ്ടുകളിൽനിന്ന് താരതമ്യേന കുറഞ്ഞ നിരക്കിൽ ദീർഘകാല വായ്പകൾ സ്വീകരിക്കാനും ബജറ്റ് നിർദ്ദേശിക്കുന്നു. മറ്റ് ഉഭയകക്ഷി, ബഹുരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽനിന്നും ഇത്തരത്തിൽ വായ്പകൾ സ്വീകരിച്ച് വരുമാനവർദ്ധനയിലൂടെ തിരിച്ചടവിനും അത് ലക്ഷ്യമിടുന്നു. ദീർഘകാല നിക്ഷേപ സ്ഥാപനങ്ങൾ, മറ്റ് പങ്കാളികൾ എന്നിവരെ റെയിൽവെയിൽ നിക്ഷേപത്തിന് ക്ഷണിച്ച നടപടി തികച്ചും അഭിനന്ദനാർഹമാണ്. റെയിൽവെ സ്വകാര്യവൽക്കരണം എന്ന നിർണ്ണായക വിഷയത്തിൽ സ്വത്തുക്കൾ പണമാക്കാനാണ്. അല്ലാതെ വിൽക്കാനല്ല ലക്ഷ്യമിടുന്നത് എന്ന് റെയിൽവേമന്ത്രി ഇതാദ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ റെയിൽവെ കോർപ്പറേറ്റ് വൽക്കരിക്കണമെന്നും റെയിൽവേ സ്വത്തുക്കൾ വിറ്റഴിക്കുമെന്നും മറ്റുമുള്ള വിവാദങ്ങൾക്ക് അദ്ദേഹം വിരാമമിട്ടു.




പ്രവർത്തനചെലവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന കാര്യക്ഷമത (അതായത് കുറഞ്ഞ ശതമാനമായിരിക്കുന്നതാണ് റെയിൽവെക്ക് നല്ലത്.) മുൻവർഷം 93.6 ശതമാനമായിരുന്നത് 2014 –15–ൽ 91.8 ശതമാനമായി മെച്ചപ്പെട്ടു. കഴിഞ്ഞ ജൂലൈയിൽ ലക്ഷ്യമിട്ട 92.4 ശതമാനങ്ങളിൽനിന്നും മെച്ചപ്പെട്ട കാര്യക്ഷമത കൈവരിക്കാനായത് ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് തെളിവാണ്. അടുത്ത സാമ്പത്തികവർഷം 88.5 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരികയാണ് ഇനി മുന്നിലുള്ളത്.

യഥാർത്ഥത്തിൽ ചെലവ് നിയന്ത്രിച്ച് നിർത്തുന്നതിലും പ്രവർത്തനാനുപാതം മെച്ചപ്പെടുത്തുന്നതിലും മികവ് പ്രകടിപ്പിച്ചതോടെയാണ് തേയ്മാനചെലവ് 1050 കോടിയിൽ നിന്ന് 7900 കോടി രൂപയായി ഉയർത്താൻ റെയിൽവെമന്ത്രിക്ക് കഴിഞ്ഞത്. തേയ്മാന ചെലവ് നിധി (ഡി.ആർ.എഫ്) ഉയർത്തിയതിലൂടെ സുപ്രധാനമായ പാത പുതുക്കലിന് അർഹമായ പരിഗണന ലഭിക്കും എന്ന് ഉറപ്പായി. ശേഷി ഉയർത്തലിനും ചെറുകിട ചെലവുകൾക്കും വേണ്ടിയുള്ള റെയിൽവേ വികസന നിധി അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് 5750 കോടി രൂപ അഥവാ

നാല്മടങ്ങ് വർധന വരുത്തിയാണ് ബജറ്റ് നിശ്ച യിച്ചിരിക്കുന്നത്. റെയിൽവെ പദ്ധതിവിഹിതം 50 ശതമാനം കണ്ട് വർധിപ്പിച്ച് അടുത്ത വർഷ ത്തേക്ക് ഒരു ലക്ഷം കോടി രൂപയായി ഉയർത്ത പ്പെട്ടതാണ് ബജറ്റിലെ ഏറ്റവും ആകർഷകമായ വർധന. ഈ വർദ്ധന അക്ഷരാർത്ഥത്തിൽ നട പ്പിലാക്കിയാൽ അത് റിക്കാർഡ് തന്നെയാകും.

ബജറ്റിലെ വരുമാനകണക്കുകൂട്ടലുകൾ മിക്കതും വൻപ്രതീക്ഷയിൽ അടിസ്ഥാനമാക്കിയ താണ്. നടപ്പുവർഷം ആകെ ഗതാഗതവരുമാനം 917 കോടി രൂപ കുറയുകയുണ്ടായി. ചരക്കുകൂലി ഇനത്തിലുള്ള വരുമാനം കുറഞ്ഞതിനാലാണിത്. നടപ്പുവർഷം 1,60,165 കോടി രൂപ വരുമാനം കണ ക്കാക്കിയായിരുന്ന സ്ഥാനത്ത് വരുന്ന സാമ്പത്തി കവർഷം 1,83,578 കോടി രൂപയാണ് ലക്ഷ്യം. റെയിൽ മന്ത്രാലയം കിടയറ്റ മാനേജ്മെന്റ് വൈഭവം പ്രകടമാക്കി സാധാരണ യാത്രക്കാര നെയും വൻ വ്യവസായങ്ങളെയും ഒരേപോലെ പ്രയോജനംലഭിക്കുംവിധം നടപടികൾ എടു ത്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. അല്ലെങ്കിൽ അത്ഭുതങ്ങൾ സംഭവിക്കണം.

ധനകാര്യ സ്ഥാപനങ്ങളുടെ വിഭവങ്ങൾ ഉപയോഗിക്കുകയെന്ന നവീനമായ മാർഗം സ്വീക രിക്കാൻ റെയിൽവെ മന്ത്രി ബജറ്റിൽ നിർദ്ദേശി ച്ചു. കേന്ദ്രബജറ്റിന്മേലുള്ള ആശ്രിതത്വം ഒരുപരി ധിക്കും അപ്പുറം കടന്നാൽ ഖജനാവിൽനിന്നുള്ള സഹായം കൂടാതെ പിടിച്ചുനിൽക്കാൻ കഴി. യാതെവരും എന്നതിനാലാണ് ഈ നിർദ്ദേശം. മുൻ കാലങ്ങളിൽ സ്വീകരിച്ചുപോന്ന പതിവ് വിട്ട് റെയിൽപദ്ധതികളിൽ പൊതുമേഖലാസ്ഥാപന ങ്ങൾമുഖേന 17,136 കോടി രൂപയുടെ നിക്ഷേപം നടത്താനാണ് ലക്ഷ്യം. ഈ പദ്ധതികളിൽ പലതും അതിപ്രധാന ഇടനാഴികളിലെ തിരക്ക് ലഘൂകരി ക്കാൻ ഉതകുന്നവയാണ്. അങ്ങനെ 2015-16 സാമ്പ ത്തികവർഷത്തേക്കുള്ള ഒരുലക്ഷം കോടി രൂപ യുടെ പദ്ധതിയിൽ 40,000 കോടിരൂപ കേന്ദ്രഗ വൺമെന്റിൽ നിന്നും ബജറ്റ് വിഹിതമായും 1645 കോടി ഡീസൽ സെസ്സ് ഇനത്തിലും 17793 കോടി ആഭ്യന്തര വിഭവ സമാഹരണത്തിലൂടെയും ബാക്കി 40,000 കോടി പുറമേനിന്നുള്ള കടമെടു പ്പിലൂടെയും സ്വരൂപിക്കാൻ ലക്ഷ്യമിടുന്നു.

കഴിഞ്ഞവർഷം റെയിൽവെ 13000 കോടി രൂപയുടെ കടബാധ്യതയാണ് പുറമേനിന്ന് വരുത്തിവച്ചത്. ഈ കടം തിരിച്ചടയ്ക്കാൻ റെയിൽവേ പദ്ധതികൾ തയ്യാറാക്കി. സംസ്ഥാന ഗവൺമെന്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബഹുരാഷ്ട്ര സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപന ങ്ങൾ എന്നിവയുമായി പങ്കാളിത്തത്തിൽ ഏർപ്പെ ടാൻ ഇതാണ് കാരണം. ഇതിലൂടെ മൊത്തം 17,000 കോടി രൂപയും തുല്യമായ തുക റെയിൽവെ ഫിനാൻസ് കോർപ്പറേഷനിൽനിന്നും മറ്റൊരു 6000 കോടി പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെയും സമാഹരിക്കും.

ചുരുക്കത്തിൽ ദീർഘകാലാടിസ്ഥാന ത്തിൽ യാഥാർത്ഥ്യബോധത്തോടെ നടപ്പിലാക്കി യാൽ ഗുണഭോക്താക്കൾക്കും ഓഹരിഉടമ കൾക്കും അതായത് രാഷ്ട്രത്തിന് മികച്ച പ്രയോ ജനം ലഭിക്കുന്ന നിർദ്ദേശങ്ങളാണ് ചാതുര്യ ത്തോടെ തയ്യാറാക്കിയ റെയിൽബജറ്റിൽ ഉൾക്കൊ ള്ളുന്നത്. നിക്ഷേപനിർദ്ദേശങ്ങൾ കടബാധ്യത വരുത്തിവയ്ക്കുന്നതും അതിനാൽ സുസ്ഥിരമ ല്ലാത്തതും ആണെന്നാണ് വിമർശകമതം. എന്നാൽ വിഭവങ്ങളുടെ കാര്യപ്രാപ്തി വിപണി നിശ്ചയിക്കുന്ന സാഹചര്യത്തിൽ റെയിൽവെ വിജ യംനേടുകതന്നെ ചെയ്യും. കാരണം രാജ്യത്തെ മ്പാടും കുറഞ്ഞ ചെലവിൽ യാത്രാ-ചരക്കുകട ത്തിന് ഉതകിയ ഏക മാർഗ്ഗം എന്ന നിലയിൽ റെയിൽവെക്ക് എതിരാളികളില്ല. അടുത്ത അഞ്ച് വർഷംകൊണ്ട് റെയിൽവെയുടെ മുഖഛായ മാറു മെന്ന് ബജറ്റിനോടൊപ്പം പാർലമെന്റിൽ സമർപ്പിച്ച ധവളപത്രം വ്യക്തമാക്കുന്നു. വേഗതയേറിയ ആധുനിക ട്രെയിനുകൾ, തിളക്കമാർന്ന സ്റ്റേഷനു കൾ, വിദഗ്ധരായ ജീവനക്കാർ എന്നിവർ അടങ്ങി യതാകും നാളത്തെ റെയിൽവെ. കാലങ്ങളായി ഇന്ത്യൻ ജനത ആശ്രയിച്ചുപോരുന്ന ഈ ഗതാ ഗത മാർഗ്ഗത്തിന്റെ പുരോഗതിയിലേക്ക് ഉള്ള വഴി ത്താരയാകും ഒരുപക്ഷേ 2015-16 ലേക്കുള്ള റെയിൽബജറ്റ്.

**ഹിന്ദു ബിസിനസ്സ് ലൈനിന്റെ ഡപ്യൂട്ടി എഡിറ്ററായിരുന്നു ലേഖകൻ**

പ്രത്യേക ലേഖനം

# പതിനാലാം ധനകാര്യ കമ്മിഷൻ ശിപാർശകൾ

പ്രവാകർ സാഹൂ

സ്വാതന്ത്ര്യത്തിനും മുമ്പ് ബ്രിട്ടീഷ് ഭരണാധികാരികൾ എഴുതിയുണ്ടാക്കിയ 1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമത്തിൽ കേന്ദ്രവിഷയങ്ങൾ, സംസ്ഥാന വിഷയങ്ങൾ, കേന്ദ്ര-സംസ്ഥാന വിഷയങ്ങൾ എന്നിവ വളരെ വ്യക്തമായി വ്യവഛേദിച്ചതു വഴിയാണ് ഇന്ത്യയിലെ ധനവിനിയോഗ ഫെഡറൽ സംവിധാനം രൂപീകൃതമായത്. ഈ നിയമം പിന്നീട് വിവിധ ഭരണഘടനാ ഭേദഗതികളിലൂടെ പല പ്രാവശ്യം മാറ്റങ്ങൾക്കു വിധേയമായി. ധനവിനിയോഗ അസമത്വങ്ങൾ കുറയ്ക്കാനും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതു സേവന സംവിധാനങ്ങൾ നികുതിയുടെ അടിസ്ഥാനത്തിൽ എല്ലാവർക്കും തുല്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാനും ആയിരുന്നു ഈ മാറ്റങ്ങൾ. ഒട്ടുമിക്ക ഫെഡറേഷനുകളിലും സുസ്ഥിരത പോലുള്ള ലക്ഷ്യങ്ങൾ നേടാൻ വിഭവങ്ങൾ കേന്ദ്ര ഗവൺമെന്റുകളെ സഹായിക്കുമ്പോൾ ഇന്ത്യൻ ഫെഡറലിസത്തിൽ ലംബവും തിരശ്ചീനവുമായ ധനവിനിയോഗ അസമത്വങ്ങളും വിഭവങ്ങളുടെയും വിനിയോഗത്തിന്റെയും പൊരുത്തമില്ലായ്മയുമാണ് ഗവൺമെന്റിന്റെ വിവിധ തലങ്ങളിൽ നിലനിൽക്കുന്നത്. ധനവിനിയോഗത്തിലെ അസമത്വങ്ങളും ഉപദേശീയ ഗവൺമെന്റുകൾക്കിടയിലുള്ള പൊതു സേവന സംബന്ധിയായ പ്രാദേശിക അസന്തുലിതാവസ്ഥകളും ലഘൂകരിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മിഷൻ, ആസൂത്രണ കമ്മിഷൻ, കേന്ദ്ര മന്ത്രാലയങ്ങൾ എന്നിവയിലൂടെയുള്ള സമ്പത്തിന്റെ അന്തർ ഗവൺമെന്റ് കൈമാറ്റങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രശ്നങ്ങൾ ഇപ്പോഴും നിലനില്ക്കുന്നു. എല്ലാ ധനകാര്യ കമ്മിഷനെയും പോലെ, ശരിയായ മത്സരബുദ്ധിയും സഹകരണവുമുള്ള സംയുക്ത ഭരണവ്യവസ്ഥിതി സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ 14-ാമതു കമ്മിഷനും ധനവിനിയോഗ ഫെഡറലിസത്തിലെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ പരമാവധി പരിശ്രമിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനങ്ങളിൽ നിന്നു കേന്ദ്രത്തിലേയ്ക്കുള്ള ധനവിനിയോഗ കൈമാറ്റങ്ങൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. അതെ സമയം ധനകാര്യകമ്മിഷൻ വഴി നിയമപ്രകാരമുള്ള കൈമാറ്റങ്ങളുടെ വിഹിതം കുറഞ്ഞിട്ടുമുണ്ട്. പക്ഷെ, പദ്ധതികൾക്കുള്ള ധനസഹായം വർധിച്ചു. വളരെ കുറച്ച് വിഷയങ്ങൾ മാത്രമേ കേന്ദ്ര - സംസ്ഥാന ധനകാര്യ ബന്ധത്തിൽ അവശേഷിക്കുന്നുള്ളു; അതായത് കൈമാറ്റത്തിനുള്ള വിവിധ സംവിധാനങ്ങൾ, ധനകാര്യ കമ്മിഷൻ വഴിയുള്ള കൈമാറ്റങ്ങളുടെ പരിമിതമായ പ്രസക്തി, രീതിശാസ്ത്രപരമായ ദൗർബല്യങ്ങൾ, ഇടനികത്തൽ സമീപനം, അസമത്വ ലഘൂകരണം എന്ന പ്രധാന ലക്ഷ്യത്തിൽ നിന്നുള്ള വ്യതിയാനം തുടങ്ങിയവയാണ് അവ.

കേന്ദ്ര സംസ്ഥാന നികുതി നിരക്ക് വർധിപ്പിക്കുക, സാമ്പത്തിക സ്വയംഭരണം നടപ്പാക്കുക, പൊതുമേഖലാ സംരംഭങ്ങളുടെ സേവനം മെച്ചപ്പെടുത്തുക, സംസ്ഥാനങ്ങളിൽ ഗവൺമെന്റ് ഒരു മാനദണ്ഡവുമില്ലാതെ പണം ചെലവഴിക്കുന്ന രീതി മാറ്റുക, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വെല്ലുവിളികൾ ഏറ്റെടുക്കുക തുടങ്ങി 14-ാം ധനകാര്യ കമ്മിഷന്റെ ധനവിനിയോഗ, സാമ്പത്തിക, സാമൂഹിക മേഖലകളിലെ ഉത്തരവാദിത്വങ്ങൾ ഭാരിച്ചതാണ്.

## കേന്ദ്ര സംസ്ഥാന സമ്പദ്ഘടന

14-ാം ധനകാര്യ കമ്മിഷൻ പ്രവർത്തനം ആരംഭിച്ചത് 13-ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ പരിശോധിച്ചുകൊണ്ടായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ അനുഭവപ്പെട്ട മാന്ദ്യം, ആഗോളസാമ്പത്തിക മാന്ദ്യത്തോടുള്ള പ്രതികരണം എന്ന നിലയ്ക്ക് എക്സൈസ് തീരുവയിലെ നിരക്ക് വെട്ടിച്ചുരുക്കൽ എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ നികുതി - ആഭ്യന്തര മൊത്ത ഉത്പാദന നിരക്ക് 2007- 08 ലെ 11.9 ശതമാനത്തിൽ നിന്ന് 2012 -13 ൽ 10.2 ശതമാനമായി കുറയുന്നതിനു കാരണമായി. എന്നാലും നികുതി - ആഭ്യന്തര മൊത്ത ഉത്പാദന നിരക്കിൽ 14-ാം ധനകാര്യ കമ്മിഷൻ വർധനയ്ക്ക് സാധ്യത കാണുന്നു. നികുതി - ആഭ്യന്തര മൊത്ത ഉത്പാദന നിരക്കു കുറഞ്ഞതിനൊപ്പം നികുതി ഇതര വരുമാനം, ഋണേതര മൂലധന വരവ് എന്നിവയിലും കുറവ് അനുഭവപ്പെട്ടു. മൊത്തത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വരുമാനത്തിൽ വലിയ പുരോഗതിയൊന്നും ഇല്ലായിരുന്നു. കമ്മിഷൻ ശ്രദ്ധിച്ച മറ്റൊരു കാര്യം വരുമാനത്തിലെ വലിയ ഒരു വിഹിതം അതായത് മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ അഞ്ചു ശതമാനം അല്ലെങ്കിൽ കേന്ദ്രത്തിന്റെ മൊത്തത്തിലുള്ള പ്രതിവർഷ നികുതി വരുമാനത്തിലെ 50 ശതമാനം കഴിഞ്ഞ ഒരു ദശകമായി നികുതി ഇളവായി എഴുതി തള്ളുകയായിരുന്നു. അതേ സമയം 2013 - 14 ലെ മൊത്തം ചെലവ് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 13.94 ശതമാനം ആണ്. മൊത്തം നികുതി വരുമാനം ആകട്ടെ ഉത്പാദനത്തിന്റെ 10.2 ശതമാനവും. ഇവിടെയാണ് കേന്ദ്ര തലത്തിലുള്ള ധനവിനിയോഗ അസന്തുലിതാവസ്ഥ വ്യക്തമാകുന്നത്. ചെലവിന്റെ ക്രമീകരണവും നിശ്ചിത സമയത്തുള്ള മൂലധന വിനിയോഗവും പക്ഷപാതപരമാണ്. യഥാർത്ഥത്തിൽ സംസ്ഥാനങ്ങളുടെ വരുമാനം കഴിഞ്ഞ കുറെ വർഷങ്ങളായി അധികമാണ്. ഇത് നികുതി വരുമാനത്തിലെ വർധന മൂലമാണ്. 2010 -11 മുതൽ വരുമാന വിനിയോഗത്തിൽ ന്യായമായ മിതത്വം പാലിക്കപ്പെടുന്നു. അതിലുമുപരി സംസ്ഥാനങ്ങളുടെ മൂലധന വിനിയോഗം ഒന്നുകിൽ മരവിക്കുകയോ അല്ലെങ്കിൽ അടുത്ത നാളുകളിലായി കുറയുകയോ ചെയ്തിരിക്കുന്നു. സംസ്ഥാനങ്ങളുടെ സാമ്പത്തിക അവസ്ഥ ഉയർന്നിട്ടുണ്ട് എങ്കിലും സംസ്ഥാന ഗവൺമെന്റ് തലത്തിൽ ഇപ്പോഴും ധനവിനിയോഗ അസമത്വം ഉണ്ട് എന്നാണ് 14-ാം ധനകാര്യ കമ്മിഷന്റെ നിരീക്ഷണം.

കേന്ദ്ര, സംസ്ഥാനങ്ങളുടെ സാമ്പത്തിക അവസ്ഥ പരിശോധിച്ച ശേഷം 2015 മുതൽ 2020 വരെ സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും വരുമാനവും വിനിയോഗവും 14-ാം ധനകാര്യ കമ്മിഷൻ എടുത്തു കാണിക്കുന്നു. ധനകാര്യ കമ്മിഷന്റെ കണക്കു കൂട്ടൽ 2015 -16 മുതൽ 2019 -20 വരെ സംസ്ഥാനങ്ങളുടെ വരുമാനം 8.58 ശതമാനവും, വിനിയോഗ ആവശ്യം മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 11.12 ശതമാനവും ആയിരിക്കും. ഇവിടെ 2.7 ശതമാനം നഷ്ടം വരുന്നു. അതിനാൽ കമ്മിഷൻ ഉദ്ദേശിക്കുന്നത് ഈ നഷ്ടം നികുതി വരുമാനത്തിലൂടെ നികത്താം എന്നാണ്. കേന്ദ്ര ഗവൺമെന്റിന്റെ മൊത്ത വരുമാനം 2015 -16 ൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 12.25 ശതമാനം 2019 -20 ൽ 12.92 ശതമാനത്തിലേയ്ക്ക് ഉയരും. മൊത്തം വരുമാനം 2015 -16 ൽ 8.25 ശതമാനത്തിൽ നിന്ന് 2019 - 20 ൽ 8.62 ൽ എത്തും.

കേന്ദ്രത്തിൽ നിന്നു സംസ്ഥാനങ്ങളിലേയ്ക്ക് ഗണ്യമായ സാമ്പത്തിക കൈമാറ്റങ്ങൾ ഉണ്ടാകും. ഇത് 60 ശതമാനത്തിൽ നിന്ന് 69 ശതമാനമാകും. ഇതിൽ ഭൂരിഭാഗവും നികുതി ഇനത്തിൽ നിന്നാണ്. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി കേന്ദ്രത്തിൽ നടന്നത് ധനകാര്യ കമ്മിഷനിലൂടെ അല്ലാത്ത സാമ്പത്തിക കൈമാറ്റങ്ങളാണ്. ഉദാഹരണത്തിന് ധനകാര്യ കമ്മിഷനിലൂടെ അല്ലാത്ത സാമ്പത്തിക കൈമാറ്റങ്ങൾ 2007 -08 ൽ 42.6 ശതമാനമായിരുന്നു. ഇത് 2010 -11 ൽ 49.3 ശതമാനമായി വർധിച്ചു.

## 14-ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ

14-ാം ധനകാര്യ കമ്മിഷന്റെ മുമ്പാകെ നികുതി, ധനസഹായം തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. സംസ്ഥാനങ്ങളുടെ പൊതു

വായ ആവശ്യം കേന്ദ്രത്തിൽ നിന്നുള്ള സാമ്പത്തിക കൈമാറ്റങ്ങളുടെ വിഹിതം, ആ തുകയുടെ വിതരണം എന്നിവ സംബന്ധിച്ചായിരുന്നു. ഇതിൽ പ്രധാനമായും നികുതി, സെസ്, സർച്ചാർജ്, ടെലികോം, കൽക്കരിപാട ലേലം പോലെയുള്ള നികുതിയിതര വരുമാന മേഖലകളിലെ നികുതി കൈമാറ്റവും, സെസ് ലഘൂകരണവുമാണ്. സംസ്ഥാനങ്ങളുടെ മുഖ്യ വിഭവം കേന്ദ്രത്തിൽ നിന്നുള്ള നികുതി കൈമാറ്റത്തിലൂടെയാവണം. അല്ലാതെ സാമ്പത്തിക സഹായമാകാൻ പാടില്ല. 2009 –10 ൽ നികുതി കൈമാറ്റത്തിലൂടെ ലഭിച്ച വിഹിതം 46.8 ശതമാനമായിരിക്കെ വിവിധ ധനസഹായങ്ങളിലൂടെ 2014 –15 ൽ ലഭിച്ചത് മൊത്തം സാമ്പത്തിക കൈമാറ്റത്തിന്റെ 54 ശതമാനമാണ്. പലതരത്തിലുമുള്ള നിബന്ധനകൾ ഉള്ളതിനാൽ ചില സംസ്ഥാനങ്ങൾക്ക് നേരിട്ടുള്ള ഇത്തരം സാമ്പത്തിക സഹായങ്ങളുടെ ആനുകൂല്യം സ്വീകരിക്കാൻ പോലും സാധിച്ചില്ല. കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾക്കുള്ള ധനസഹായങ്ങളിൽ അവയുടെ നടത്തിപ്പിൽ സംസ്ഥാനങ്ങൾക്കു വളരെ ചെറിയ അഭിപ്രായ സ്വാതന്ത്ര്യമേ ഉള്ളു താനും. ചിലപ്പോൾ ഇത്തരം കേന്ദ്ര പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ പകുതിയിൽവച്ച് പ്രഖ്യാപിക്കുകയും സംസ്ഥാനങ്ങളുടെ ധനവ്യയ പദ്ധതികളെയും പരിഗണനകളെയും മുഴുവൻ തകിടംമറിക്കുകയും ചെയ്യും.

സാമ്പത്തിക കൈമാറ്റങ്ങൾ നടത്തുമ്പോൾ ധനകാര്യ കമ്മിഷനും ആസൂത്രണ കമ്മിഷനും ഒരേ രീതിയിലാണ് പ്രധാനപ്പെട്ട പൊതു ലക്ഷ്യങ്ങളെ കാണുന്നത്. കാലാകാലങ്ങളിലെ ആവശ്യമനുസരിച്ച് വിവിധ ധനകാര്യ, ആസൂത്രണ കമ്മിഷനുകൾ സാമ്പത്തിക കൈമാറ്റങ്ങൾ ഏകീകരിക്കുന്നതിന് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനങ്ങൾക്കുള്ള നികുതി കൈമാറ്റത്തിൽ ഈ കമ്മിഷൻ പിന്തുടരുന്നത് കഴിഞ്ഞ കമ്മിഷന്റെ നയങ്ങൾ തന്നെ. അവ ജനസംഖ്യ, സാമ്പത്തിക ശേഷി, സ്ഥലവിസ്തൃതി, പരിസ്ഥിതി, പരിസ്ഥിതി വിജ്ഞാനീയം, സാമൂഹിക-സാമ്പത്തിക സൂചകങ്ങൾ തുടങ്ങിയവയാണ്. ഇതിൽ 50 ശതമാനം പ്രാധാന്യം സാമ്പത്തിക ശേഷി, യഥാർത്ഥ പ്രതിശീർഷ വരുമാനം എന്നിവയ്ക്കാണ്. പിന്നെ ഏറ്റവും പ്രാധാന്യം നല്കുന്നത് ജനസംഖ്യയ്ക്കാണ്. 1971–ലെ ജനസംഖ്യക്ക് 17.5 ശതമാനവും 2011 ലെ ജനസംഖ്യയ്ക്ക് 10 ശതമാനവും ആണ് ഊന്നൽ. പന്ത്രണ്ടാം ധനകാര്യ കമ്മിഷനെ അനുകരിച്ച് 7.5 ശതമാനം പ്രാധാന്യം നല്കിയത് വനസംരക്ഷണത്തിനാണ്. ഈ കമ്മിഷൻ പതിനൊന്ന് സംസ്ഥാനങ്ങൾക്ക് ചെലവിനത്തിലേയ്ക്കായി 1,94,821 കോടി രൂപയുടെ ധനസഹായം ശിപാർശ ചെയ്തിട്ടുണ്ട്.

പ്രാദേശിക വിഭവസമാഹരണം പരമാവധി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കമ്മിഷൻ സംസ്ഥാന ധനകാര്യ കമ്മിഷനുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഗ്രാന്റ് – ഇൻ – എയ്ഡ് പോലുള്ള നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്. ഇത് കാര്യക്ഷമമായ ഒരു സാമ്പത്തിക വികേന്ദ്രീകരണം സാധ്യമാക്കും. ഈ പശ്ചാത്തലത്തിൽ കമ്മീഷൻ രാജ്യത്തെ 2.5 ലക്ഷം വരുന്ന സ്വയം ഭരണ സ്ഥാപനങ്ങൾക്ക് 2,87,436 കോടി രൂപ (പഞ്ചായത്തുകൾക്ക് 2,00,292 കോടിയും മുനിസിപ്പാലിറ്റികൾക്ക് 87,143 കോടിയും) 2015 – 20 കാലഘട്ടത്തിൽ സഹായധനമായി ശിപാർശ ചെയ്തിട്ടുണ്ട്. 14–ാം കമ്മിഷൻ കണക്കിലെടുത്തത് എന്ന ഒരു വിമർശനം ഉയർന്നിരുന്നു. അതിനാൽ ഈ കമ്മിഷൻ 2011 ലെ സെൻസസ് ആണ് ധനസഹായ ശിപാർശകൾക്കുള്ള അടിസ്ഥാന രേഖയായി സ്വീകരിച്ചിരിക്കുന്നത്.

ദുരന്ത നിവാരണത്തിനായി നിലവിലുള്ള സംവിധാനം തുടരുന്നതിനാണ് കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്. 55,097 കോടി വരും. ദേശീയ ദുരന്ത നിവാരണ ഫണ്ടിന് കേന്ദ്രത്തിൽ നിന്ന് കൂടുതൽ ധനസഹായം ലഭ്യമാക്കാവുന്നതാണ്.സ്വകാര്യ സ്ഥാപനങ്ങൾ കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി ഇതിലേയ്ക്കു നല്കുന്ന സംഭാവനകളെ നികുതിയിൽ നിന്ന് ഇളവ് ചെയ്യാം.സംസ്ഥാനങ്ങൾ 10 ശതമാനവും കേന്ദ്രം 90 ശതമാനവും സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേയ്ക്ക് സംഭാവന ചെയ്യണം. പൊതു സേവന

വിഭാഗത്തിലും ഈ കമ്മിഷൻ ചില ശിപാർശകൾ മുന്നോട്ടു വച്ചിട്ടുണ്ട്. അതായത് എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കുടിവെള്ള ഉപഭോക്താക്കൾക്കും മീറ്റർ സ്ഥാപിക്കുക, റെയിൽ താരിഫ് അതോറിറ്റി സ്ഥാപിക്കുക, സംസ്ഥാന റോഡ് ഗതാഗതത്തിന് കൃത്യമായ കണക്കു സംവിധാനം ഉണ്ടാക്കുക തുടങ്ങിയവയാണ് അവ.

**ഉപസംഹാരം**

ഭീമമായി വർധിപ്പിച്ച ബാധ്യതകളില്ലാത്ത നികുതിയുടെ കൈമാറ്റം സംസ്ഥാനങ്ങൾക്ക് സ്വന്തമായ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള സാമ്പത്തിക ഇടം ലഭ്യമാക്കുന്നു. സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തോടൊപ്പം പതിനൊന്നു സംസ്ഥാനങ്ങൾക്കുള്ള വരുമാന കമ്മിയും കൽക്കരി പാടങ്ങളുടെ ലേല ഓഹരിയും ഈ സംസ്ഥാനങ്ങളുടെ ധനവിനിയോഗ കൈമാറ്റത്തിൽ വൻ തോതിലുള്ള വർധന വരുത്തും. വികസന പദ്ധതികൾക്കു വേണ്ടി വളരെ ക്കാലമായി സംസ്ഥാനങ്ങൾ കേന്ദ്രത്തെ ആശ്രയിക്കുന്ന പ്രശ്നത്തിന് ഇത് പരിഹാരമാകും. അതിനുമുപരി ധനകാര്യ കമ്മിഷൻ ധന കൈമാറ്റ പ്രക്രിയ വളരെ ലഘൂകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ധനകൈമാറ്റ നിബന്ധനകൾ ഓരോ തലത്തിലും വിശ്വാസത്തിന്റെ അംശം കൂടി കൂട്ടിചേർത്ത് പരസ്പര സഹകരണത്തിന്റെ പ്രതീകമാക്കി. അതിന് മത്സരക്ഷമതയുള്ള ധനവിനിയോഗ ഫെഡറൽ സംവിധാനത്തിന്റെ മുഖം നല്കി. സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി നില്ക്കാനുള്ള സമയമാണ് ഇത്. ധനകാര്യ കമ്മിഷന്റെ മറ്റ് എല്ലാ ശിപാർശകളും രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയും കാര്യക്ഷമതയും വർധിപ്പിക്കാനുള്ളതു മാത്രമാണ്.

പാനൽ അംഗമായ പ്രൊഫ.അഭിജിത് സെന്നിന്റെ വിയോജന കുറിപ്പിൽ വ്യക്തമാകുന്നപോലെ നികുതി കൈമാറ്റത്തിലെ 42 ശതമാനം വിഹിതം തീർച്ചയായും പദ്ധതി കൈമാറ്റങ്ങളെ അലോസരപ്പെടുത്തും. കേന്ദ്ര സഹായത്തോടെയുള്ള ചില സാമൂഹ്യ സാമ്പത്തിക പദ്ധതികൾ ഇതുമൂലം നിന്നുപോയേക്കാം. ഇതിനോടകം തന്നെ 66 കേന്ദ്രാവിഷ്കൃത പദ്ധതികളിൽ എട്ട് എണ്ണം 2015-16 ബജറ്റോടെ അവസാനിച്ചു കഴിഞ്ഞു. ശേഷിക്കുന്നതിൽ 24 പദ്ധതികളുടെ സാമ്പത്തിക വിഹിതം വെട്ടിക്കുറച്ചു. ഇനിമുതൽ 34 പദ്ധതികൾക്കു മാത്രമാണ് കേന്ദ്രത്തിൽ നിന്ന് ധനസഹായം പൂർണമായി ലഭിക്കുക. ഇതെല്ലാം ബാധിക്കുന്നത് ഈ പദ്ധതികളുടെ ഗുണഭോക്താക്കളെയാണ്.

ആസൂത്രണ കമ്മിഷനെപോലെ ഒരു സ്ഥാപനത്തിന്റെ നിയന്ത്രണമില്ലെങ്കിൽ സംസ്ഥാനങ്ങൾ ഏതു വിധത്തിൽ പണം ഉപയോഗിക്കുമെന്നതിൽ ഒരു നിശ്ചയവുമില്ല. ഓരോ സംസ്ഥാനങ്ങളുടെയും ശേഷിയും ഭരണത്തിലെ കാര്യക്ഷമതയും വ്യത്യസ്തമാണല്ലോ. അതിനാൽ വികസന പദ്ധതികൾക്കുള്ള പണം ദുരുപയോഗം ചെയ്യപ്പെട്ടേക്കാം. പണം കാര്യക്ഷമമായി നല്ല കാഴ്ച്ചപ്പാടോടെ വിനിയോഗിക്കുന്ന സംസ്ഥാനങ്ങൾ ഇല്ലെന്നല്ല ഇതിനർത്ഥം.

ചുരുക്കത്തിൽ 14-ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ സംസ്ഥാനങ്ങൾക്ക് ധനവ്യയ സ്വയം ഭരണാധികാരവും അവരുടെ സ്വന്തം വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യവും നല്കാൻ ഉദ്ദേശിച്ചുള്ളതാകുന്നു. അവരുടെ പക്കൽ കൂടുതൽ വിഭവങ്ങൾ ഉണ്ടാകുമെന്നും സംസ്ഥാനങ്ങൾ അവ മെച്ചപ്പെട്ട രീതിയിൽ പൗരന്മാർക്ക് വിതരണം ചെയ്യുമെന്നും പ്രതീക്ഷിക്കാം. 14-ാം ധനകാര്യ കമ്മിഷന്റെ ശിപാർശകൾ അനുയോജ്യമായ സമയത്താണ് പുറത്തു വന്നിരിക്കുന്നത്. കാരണം നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള പുതിയ ഭരണകൂടം സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തികാധികാരങ്ങൾ നല്കുമെന്നാണ് കരുതുന്നത്. അതിനുള്ള തെളിവാണ് അധികാരത്തിലെത്തിയ ഉടൻ തന്നെ മോദി ഗവൺമെന്റ് ആസൂത്രണ കമ്മിഷനെ ഇല്ലാതാക്കിയത്. ആസൂത്രണ കമ്മിഷൻ ഇല്ലാതായതോടെ സംസ്ഥാനങ്ങൾക്ക് അവരുടെ വികസന പ്രവർത്തനങ്ങൾ സ്വതന്ത്രമായി നടപ്പാക്കാനുള്ള വിഭവങ്ങൾ ലഭ്യമാകും.

**ഡൽഹിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**
**ഇക്കണോമിക് ഗ്രോത്തിൽ**
**പ്രഫസറാണ് ലേഖകൻ**



# കർഷകർക്ക് പ്രതീക്ഷ നൽകുന്ന ബജറ്റ്

ഡോ. ജോസ് ജോസഫ്

വികസിത ഇന്ത്യ എന്ന സ്വപ്നം പ്രഖ്യാപിച്ച നരേന്ദ്ര മോഡി സർക്കാരിന്റെ ആദ്യത്തെ സമ്പൂർണ്ണ ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി അരുൺ ജയ്റ്റലി കാർഷിക മേഖലയുടെ ദീർഘകാല വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾക്കാണ് ബജറ്റിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഭാവിയിലേക്കു നോക്കുന്ന ഈ ബജറ്റിൽ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന കർഷകർക്കും ഗ്രാമീണ ജനതക്കും അർഹിക്കുന്ന സ്ഥാനംതന്നെ നൽകിയിട്ടുണ്ട്. ബജറ്റിൽ അസംഖ്യം ചെറുപദ്ധതികൾ കുത്തിനിറച്ച് കയ്യടി നേടുന്നതിനു പകരം കാർഷിക മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം ഉറപ്പാക്കുന്നതിനും സുസ്ഥിര പാതയിലൂടെ കാർഷികോല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുതിച്ചു കയറ്റമുണ്ടാക്കുന്നതിനുമാണ് ധനമന്ത്രി ശ്രമിച്ചിരിക്കുന്നത്. പദ്ധതികളുടെ ബാഹുല്യത്തേക്കാളേറെ കാർഷിക മേഖലയോടുള്ള സമീപനത്തിലെ അടിസ്ഥാനപരമായ മാറ്റം ജയ്റ്റലിയുടെ ബജറ്റിനെ അടുത്തകാലത്ത് അവതരിപ്പിച്ച മറ്റ് ബജറ്റുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. മണ്ണിന്റെ ആരോഗ്യ സംരക്ഷണം, ജൈവകൃഷി, ജലസേചനം, ദേശീയ കാർഷിക വിപണി, കൃഷിയിലെ ഉയർന്ന മൂലധന നിക്ഷേപം തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകി ദീർഘകാലടിസ്ഥാനത്തിൽ കാർഷികമേഖലയുടെ വളർച്ചക്ക് ഊർജ്ജം പകരുന്നതിന് ഒപ്പം കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമാണ് ധനമന്ത്രിയുടെ ശ്രമം.

ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 2022-ഓടെ പൂർത്തിയാക്കേണ്ട 12 ഇന പരിപാടികൾ അമൃത് മഹോത്സവ് എന്ന പേരിൽ 2015-16 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ 12 ഇന പരിപാടിയിൽ കൃഷി-ഗ്രാമീണ മേഖലകളുടെ വികസനത്തിന് വലിയ പ്രാധാന്യമാണ് ധനമന്ത്രി നൽകിയിരിക്കുന്നത്. ഗ്രാമീണ മേഖലയുടെ ഐശ്വര്യത്തിന് കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കേണ്ടതും അനിവാര്യമാണെന്ന് മന്ത്രി ബജറ്റ് പ്രസംഗത്തിൽ പറയുന്നു. ജലസേചനം നടത്തുന്ന കൃഷി സ്ഥലത്തിന്റെ വിസ്തൃതി വർധിപ്പിക്കാനും നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്താനും കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കൃഷിയിലധിഷ്ഠിതമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം കൂട്ടുന്നതിനും കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് അമൃത് മഹോത്സവത്തിന്റെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമയബന്ധിതമായി നടപടികളുണ്ടാകുമെന്ന് ധനമന്ത്രി ഉറപ്പുനൽകുന്നു.

സൗരോർജ്ജം ഉൾപ്പെടെയുള്ള ഊർജ്ജ ശ്രോതസ്സുകൾ ഉപയോഗിച്ച് രാജ്യത്ത് വൈദ്യുതിയില്ലാത്ത 20000 ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കും. റോഡുകളാൽ ബന്ധിക്കപ്പെടാതെ അവശേഷിക്കുന്ന രാജ്യത്തെ 178000 അധിവാസ കേന്ദ്രങ്ങളെയും ഏതു കാലാവസ്ഥയിലും തകരാത്ത റോഡുകളാൽ ബന്ധിപ്പിക്കും. ഇതിന്റെ ഭാഗമായി ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ഒരു ലക്ഷം കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കുന്നതിനൊപ്പം പുതുതായി ഒരു ലക്ഷം കിലോമീറ്റർ റോഡിന് നിർമ്മാണ അനുമതി നൽകുകയും പൂർത്തിയാക്കുകയും ചെയ്യും. ഗ്രാമങ്ങളിലെ സംരംഭകത്വവികസനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകും. കുടുംബ

ത്തിലെ ഒരംഗത്തിനെങ്കിലും ഉപജീവന സുരക്ഷിതത്വവും തൊഴിലും ഉറപ്പു നൽകും. അമൃത് മഹോത്സവത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ 2022 ൽ പൂർത്തിയാകുന്നതോടെ രാജ്യത്തെ കാർഷിക ഗ്രാമീണ മേഖലകളുടെ മുഖച്ഛായയിൽ വലിയ മാറ്റമുണ്ടാകും.

**കാർഷിക മേഖല വളർച്ചയുടെ പാതയിൽ**

കഴിഞ്ഞ ഒരു ദശകം രാജ്യത്തെ കാർഷിക മേഖല വളർച്ചയുടെ പാതിയിലായിരുന്നുവെന്ന് 2014-15 ലെ സാമ്പത്തിക സർവ്വെ വ്യക്തമാക്കുന്നു 2004-2005 വർഷക്കാലം ഇന്ത്യയുടെ കാർഷിക മേഖലയുടെ ശരാശരി വാർഷിക വളർച്ചാനിരക്ക് 3.8 ശതമാനമായിരുന്നു. ഇതിന് തൊട്ടു മുമ്പുള്ള 10 വർഷക്കാലം രണ്ടു ശതമാനത്തിൽ താഴെയായിരുന്നു കാർഷിക മേഖലയുടെ വാർഷിക വളർച്ചാനിരക്ക് എന്നത് കണക്കിലെടുക്കുമ്പോൾ അഭിമാനകരമായ വളർച്ചാ നിരക്കാണിത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ പുതുക്കിയ കണക്കുകൾ പ്രകാരം രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ പങ്ക് 18 ശതമാനമാണ്. നേരത്തെ കണക്കാക്കിയിരുന്നതിൽ നിന്നും നാലു ശതമാനം കൂടുതലാണിത്.

2014-15ൽ രാജ്യത്തെ ഭക്ഷ്യ ധാന്യോല്പാദനം 257 ദശലക്ഷം ടണ്ണായിരിക്കുമെന്ന് കണക്കാക്കിയിരുന്നത്. 2013-14 ൽ ഇന്ത്യയിലെ ഭക്ഷ്യധാന്യോല്പാദനം 265.6 ദശലക്ഷം ടണ്ണായിരുന്നു. പ്രതികൂല സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക മാത്രമല്ല കഴിഞ്ഞ രണ്ടുവർഷങ്ങളിൽ 20 ദശലക്ഷത്തോളം ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി നടത്തുകയും ചെയ്തു.

വിളകളും ഉല്പാദനക്ഷമത ഗുണമേന്മയും ഉല്പാദനക്ഷമതയുമുള്ള വിത്ത്, മണ്ണിന്റെ ആരോഗ്യം, ജലസേചനം, സന്തുലിതമായ വളപ്രയോഗം, കാര്യക്ഷമമായ വിജ്ഞാന വ്യപന സേവനങ്ങൾ, ശാസ്ത്രീയ കൃഷി ഗവേഷണം, സംയോജിത കീട -രോഗനിയന്ത്രണം എന്നിങ്ങനെ ഒട്ടേറെ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലും ഓരോ സംസ്ഥാനത്തുമുള്ള കാർഷിക സർവ്വകലാശാലകളും വിളകളുടെ ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ഗവേഷണം നിരന്തരം നടത്തുന്നു. ഇന്ത്യയിലെ വിവിധ കാർഷിക കാലാവസ്ഥ മേഖലകൾക്ക് അനുയോജ്യമായ 104 ഉല്പാദന ശേഷി കൂടിയ വിത്തിനങ്ങൾ കഴിഞ്ഞ വർഷം പുറത്തിറക്കി. കഴിഞ്ഞ ബജറ്റിലും ഈ ബജറ്റിലും പ്രഖ്യാപിച്ച കാർഷിക ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ രാജ്യത്തെ ഒരു രണ്ടാം ഹരിത വിപ്ലവത്തിന്റെ പാതയിലേക്ക് നയിക്കുമെന്നാണ് കേന്ദ്രഗവൺമെന്റിന്റെ പ്രതീക്ഷ.

പൊതുമേഖലാ ഗവേഷണ സ്ഥാപനങ്ങളുടെയും ഗവൺമെന്റ് വിജ്ഞാന വ്യാപന ഏജൻസികളുടെയും സേവനം മതിയായ തോതിൽ ഇന്നും കർഷകർക്ക് ലഭ്യമല്ലെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. 59 ശതമാനം കർഷകർക്കും ഗവൺമെന്റ് വിജ്ഞാന വ്യാപന ഏജൻസികളുടെ സേവനം കാര്യമായി കിട്ടുന്നില്ലെന്നാണ് എൻഎസ്എസ് ഒ 70-ാം റൗണ്ട് സർവ്വെയിലെ കണ്ടെത്തൽ; ഗ്രാമങ്ങളും നഗരങ്ങളും തമ്മിൽ വിവര സാങ്കേതിക വിദ്യയിലും ആശയ വിനിമയത്തിലും നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് നിരവധി പരിപാടികൾ കഴിഞ്ഞ ബജറ്റിലും ഈ ബജറ്റിലും ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകർക്കും ഗ്രാമീണ ജനതക്കും തത്സമയ വിജ്ഞാന വിനിമയത്തിനായി തുടങ്ങുന്ന കിസാൻ ടിവിയാണ് ഈ മേഖലയിലെ ഒരു പദ്ധതി. പുതിയ കൃഷി രീതികൾ, ജലസംരക്ഷണം, ജൈവകൃഷി തുടങ്ങിയ മേഖലകളിൽ കർഷകർക്ക് സമയബന്ധിതമായ വിജ്ഞാനം പകർന്നു നൽകുന്ന ഈ ടിവി ശൃംഖലക്കു വേണ്ടി 100 കോടി രൂപ കഴിഞ്ഞ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കൃഷി ശാസ്ത്രീയ ഗവേഷണത്തിന്റെ അടിസ്ഥാനത്തിലാക്കാനും ഗവേഷണ ഫലങ്ങൾ യഥാസമയം കർഷകരിലെത്തിക്കാനുമുള്ള കേന്ദ്രഗവൺമെന്റിന്റെ പരിശ്രമം വിജയിക്കുന്നതോടെ കാർഷിക മേഖലയിലെ വളർച്ച ത്വരിത ഗതിയിലാകും. ഈ വളർച്ച ദിർഘ കാലാടിസ്ഥാനത്തിൽ സുസ്ഥിരമാക്കാനുള്ള പദ്ധതികളാണ് കേന്ദ്രധനമന്ത്രി അരുൺജയ്റ്റലി 2015 -16 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത് ജലസേചനവും ജൈവകൃഷിയുമാണ് ഈ വികസന തന്ത്രത്തിലെ പ്രധാനമന്ത്രങ്ങൾ.

## ജലസേചനവികസനം

***ഹർ ഖേത് കോ പാനി*** എന്ന മുദ്രാവാക്യമുയർത്തി ഓരോ കൃഷിയിടത്തിലും വെള്ളമെത്തിക്കാനുള്ള ഒരു ബ്രഹദ് പദ്ധതി നടപ്പാക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രമം. ഓരോ ഗ്രാമത്തെയും ജലസുഭിഷമാക്കുകയാണ് ലക്ഷ്യം. ഇതിനായി നടപ്പാക്കുന്ന ***പ്രധാനമന്ത്രി കൃഷി സീഞ്ചായി യോജന*** ജലസേചന മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി വൻമൂലധന നിക്ഷേപം നടത്തുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയാണ്. ഇതിനു പുറമെ ഡ്രിപ്, സ്പ്രിങ്ക്ളർ തുടങ്ങിയവ ഉപയോഗിച്ചുള്ള സൂക്ഷ്മ ജലസേചന രീതികളും പ്രോത്സാഹിപ്പിക്കും, നീർത്തടവികസനം, സൂക്ഷ്മ ജലസേചനം, തുടങ്ങിയ ജലസേചന വികസന പദ്ധതികൾക്കായി 5300 കോടി രൂപയാണ് 2015-16 ലെ ബജറ്റിൽ നീക്കിവെച്ചിരിക്കുന്നത്.

2050 ഓടെ ഇന്ത്യക്ക് ആവശ്യമായ ശുദ്ധജലത്തിന്റെയും ലഭ്യമായ ശുദ്ധജലത്തിന്റെ അളവുകൾ തമ്മിൽ 50 ശതമാനത്തിന്റെയെങ്കിലും അന്തരമുണ്ടായിരിക്കുമെന്ന് ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഇപ്പോഴും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി. ആകെ കൃഷി സ്ഥലത്തിന്റെ 35 ശതമാനത്തിനടുത്തു മാത്രമാണ് ജലസേചന സൗകര്യമുള്ളത്. വെള്ളം സംരക്ഷിച്ചു വളർത്തുക, ഓരോ തുള്ളി വെള്ളത്തിൽ നിന്നും കൂടുതൽ ഉല്പാദിപ്പിക്കുക എന്നതാണ് കൃഷിയിലെ പുതിയ മുദ്രാവാക്യം. ജലദൗർലഭ്യം കൂടുതൽ രൂക്ഷമാകാൻ  സാധ്യതയുള്ളതിനാൽ ലഭ്യമായ ജലത്തെ പരമാവധി സംരക്ഷിക്കുകയും ഓരോ തുള്ളി വെള്ളവും ഏറ്റവും കാര്യക്ഷമമായി ഉപയോഗിച്ച് കൂടുതൽ വിളവ് ഉല്പാദിപ്പിക്കുകയും ചെയ്യണം. അനിയന്ത്രിതമായ വെള്ളപ്പൊക്കവും വരൾച്ചയും തടഞ്ഞ് രാജ്യത്തിന്റെ എല്ലാ ഭാഗത്തും വെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ പ്രമുഖനദികളെ സമയബന്ധിതമായി സംയോജിപ്പിക്കുന്ന നദീസംയോജന പദ്ധതിയും ഗവൺമെന്റിന്റെ മുൻഗണനാ പട്ടികയിലുണ്ടെന്ന് കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രസംഗത്തിൽ അരുൺ ജയ്റ്റിലി പ്രസ്താവിച്ചിരുന്നു. അധിക ജലമുള്ള മേഖലകളിൽ നിന്നും ജലദൗർലഭ്യം നേരിടുന്ന മേഖലകളിൽ ജലമെത്തിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അധിക ജലമുള്ള നദികളിൽ നിന്നും 174 ബില്യൺ ക്യൂബിക് മീറ്റർ ജലം തിരിച്ച് വിട്ട് 840 ദശലക്ഷം ഹെക്ടർ സ്ഥലത്ത് പുതിയതായി ജലസേചനം നടത്താമെന്നാണ് ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നത്. ഹിമാലയത്തിൽ നിന്നുത്ഭവിക്കുന്ന നദികളെ ബന്ധിപ്പിക്കുന്ന ഹിമാലയൻ ഘടകവും ദക്ഷിണേന്ത്യയിലെയും പശ്ചിമേന്ത്യയിലേയും നദികളെ ബന്ധിപ്പിക്കുന്ന പെനിൻസുലാർ ഘടകവുമാണ് പദ്ധതിയുടെ രണ്ട് ഘടകങ്ങൾ.

## മണ്ണിന്റെ ആരോഗ്യ സംരക്ഷണത്തിന് ജൈവ കൃഷി സോയിൽ ഹെൽത്ത് കാർഡ്

കൃത്യമായ മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവള പ്രയോഗം നടത്തുന്നതിനു വേണ്ടി എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് നൽകുന്ന 100 കോടി രൂപയുടെ ഒരു പദ്ധതി കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. പദ്ധതിയുടെ ഉദ്ഘാടനം 2015 ഫെബ്രുവരി ആദ്യം രാജസ്ഥാനിലെ സൂരറ്റ്ഗരിൽ പ്രധാനമന്ത്രി നരേന്ദ്രമോഡി ഉദ്ഘാടനം ചെയ്തു. അടുത്ത മൂന്നുവർഷത്തിനുള്ളിൽ രാജ്യത്തെ 145 ദശലക്ഷം കർഷകർക്കും സോയിൽ കാർഡ് വിതരണം ചെയ്യും. അമിതമായ രാസവളപ്രയോഗം ഒഴിവാക്കുന്നതിനും മണ്ണിന്റെ ഘടനയും ആരോഗ്യവും നിലനിർത്തുന്ന അളവിൽ മാത്രം രാസവളപ്രയോഗം നടത്താനും ഈ പദ്ധതി കർഷകരെ സഹായിക്കും. രാജ്യമെമ്പാടും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലബോറട്ടറികൾ തുടങ്ങുന്നതിനു 56 കോടിരൂപയും കഴിഞ്ഞ വർഷത്തെ ബജറ്റിൽ നീക്കിവച്ചിരുന്നു. ഇത്തരം 100 ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

കൂടുതൽ വിഷമയമാകുന്ന ഭക്ഷണം. അനുദിനം മലിനമായിക്കൊണ്ടിരിക്കുന്ന മണ്ണും ജലവും വായുവും രാസവളങ്ങളെയും കീടനാശിനികളെയും കളനാശിനികളെയും അമിതമായി ആശ്രയിക്കുന്ന ആധുനിക കൃഷി രീതികൾ മണ്ണിനും പരിസ്ഥിതിക്കും ജലസ്രോതസ്സുകൾക്കും ഏല്പിച്ച ആഘാതം സീമാതീതമാണ്. സുസ്ഥിരമായ കാർഷികോല്പാദനത്തിന് അവശ്യം വേണ്ട പരി

സ്ഥിതികാടിത്തറ തകർന്നതോടെ ഹരിതവിപ്ലവം അരങ്ങേറിയ പ്രദേശങ്ങളിൽ പലതും ഇന്ന് ഉല്പാദന മുരടിപ്പും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും നേരിടുന്നു. മണ്ണിന്റെയും മനുഷ്യന്റെയും ആരോഗ്യം നശപ്പിക്കുന്ന ആധുനിക കൃഷി രീതികൾക്കു പകരം സുസ്ഥിരമായ ഉല്പാദനം ഉറപ്പാക്കുന്ന ജൈവ കൃഷിരീതികളിലെക്കുള്ള തിരിച്ചുപോക്കിലാണ് ഇന്ന് ലോകം. അടുത്തകാലത്ത് ഇന്ത്യയിലും ജൈവകൃഷിരീതികൾക്ക് വലിയ ഉണർവ്വാണ് ഉണ്ടായിട്ടുള്ളത്. നഗരങ്ങളിൽ ജൈവോല്പന്നങ്ങൾ മാത്രം വിൽക്കുന്ന പ്രത്യേക വിപണികൾ വികസിച്ചുവരുന്നു. ജൈവ രീതിയിലുള്ള കാർഷികോല്പന്നങ്ങൾക്ക് സാധാരണ ഉല്പന്നങ്ങളെക്കാൾ 30 ശതമാനത്തോളം അധികവിലയും ലഭിക്കുന്നു. വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ പോലുള്ള രാജ്യത്തിന്റെ ചില മേഖലകൾ ജൈവകൃഷി വികസനത്തിന് കൂടുതൽ അനുയോജ്യമാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 100 കോടി രൂപ കഴിഞ്ഞ ബജറ്റിൽ നീക്കിവെച്ചിരുന്നു. കേന്ദ്ര കൃഷിവകുപ്പ് നടപ്പാക്കിവരുന്ന പരമ്പരാഗത കൃഷി വികാസ് യോജന എന്ന ജൈവകൃഷി വികസനപദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് പൂർണ്ണ പിന്തുണ നൽകുമെന്നാണ് ബജറ്റിലെ പ്രഖ്യാപനം

**ദേശീയ കാർഷിക വിപണി**

വിലക്കയറ്റം നിയന്ത്രിക്കാനും കുത്തകകളെ ഒഴിവാക്കി കർഷകർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാനും ഒരു ദേശീയ കാർഷിക വിപണി സ്ഥാപിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഓരോ സംസ്ഥാനത്തെയും എപിഎംസി നിയമം അഗ്രികൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മറ്റി ആക്ട്) കേന്ദ്രസർക്കാർ സഹായം നൽകുമെന്നും ധനമന്ത്രി അറിയിച്ചിരുന്നു. സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും കാർഷിക വിപണികൾ സ്ഥാപിക്കുന്നതിന് അവസരമൊരുക്കും. ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽക്കുന്നതിന് കർഷകരുടെ ചന്തകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുമെന്നും കഴിഞ്ഞ ബജറ്റിൽ വാഗ്ദാനം ചെയ്തിരുന്നു. ഇടത്തട്ടുകാരുടെ പിടിയിൽ നിന്നും കർഷകർ രക്ഷപ്പെട്ടുവെങ്കിലും ദേശീയ തലത്തിൽ കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്ന ഏറ്റവും നല്ല വില ഇപ്പോഴും സാധാരണ കർഷകർക്ക് ലഭിക്കുന്നില്ലെന്ന് ഈ വർഷത്തെ ബജറ്റിൽ പറയുന്നു. വിലക്കയറ്റം തടഞ്ഞ് നിർത്താനും അതെ സമയം കർഷകർക്ക് ഉയർന്ന വില ലഭിക്കുവാനും ഒരു ദേശീയ കാർഷിക വിപണി അനിവാര്യമാണ്. *നിതി ആയോഗ്* (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യാ, സംസ്ഥാന ഗവൺമെന്റുകൾ എന്നിവയുമായി ചേർന്ന് ഒരു ഏകീകൃത ദേശീയ കാർഷിക വിപണി സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് ഈ വർഷം പരിശ്രമിക്കും.

കൃഷിച്ചെലവു പോലും തിരിച്ചു കിട്ടാത്ത അവസ്ഥയിലാണ് ഇന്നും രാജ്യത്തെ ബഹുഭൂരിപക്ഷം ചെറുകിട - നാമമാത്ര കർഷകരും. ഉപഭോക്താവ് വാങ്ങുമ്പോൾ നൽകുന്നത് വിലയുടെ 35 ശതമാനം മാത്രമാണ് ഉല്പാദകനായ കർഷകന് ലഭിക്കുന്നത്. സംസ്ഥാനങ്ങൾക്കിടയിലുള്ള കാർഷിക വിപണനത്തിന് ഇന്നും ഒട്ടേറെ തടസ്സങ്ങൾ നിലനിൽക്കുന്നു. ഏതെങ്കിലും ഒരു സംസ്ഥാനത്ത് ഒരുല്പന്നത്തിന്റെ ആസൂത്രിതമായ പൂഴ്ത്തിവെയ്പ് നടന്നാൽ ഇന്ത്യയൊട്ടാകെ അതിന്റെ വില കുതിച്ചുയരുമെന്നാണ് അനുഭവം. കർഷകർക്ക് ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കണമെങ്കിൽ നിയന്ത്രണങ്ങൾ ഒഴിവാക്കി കാർഷിക വിപണി കൂടുതൽ മത്സര ക്ഷമമാകണം. ഇടത്തട്ടുകാരുടെ ചൂഷണം പരമാവധി ഒഴിവാക്കണം. ഇന്ത്യയിലെവിടെയായാലും ഏറ്റവും കൂടുതൽ വില കിട്ടുന്ന വിപണിയിൽ ഒരു നിയന്ത്രണവുമില്ലാതെ ഉല്പന്നമെത്തിക്കാനും ലാഭം കൊയ്യാനും കർഷകന് സാധിക്കണം. ഈ പശ്ചാത്തലത്തിലാണ് സമഗ്രപരിഷ്കരണം ലക്ഷ്യമിടുന്ന ദേശീയ കാർഷിക വിപണി സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിരിക്കുന്നത്. കർഷകരുടെ ഉല്പാദക കമ്പനികൾ വൻതോതിൽ രൂപീകരിച്ച് കാർഷിക വിപണിയിൽ ഫലപ്രദമായി കർഷകരെ പങ്കെടുപ്പിക്കുകയാണ് കേന്ദ്രഗവൺമെന്റിന്റെ ലക്ഷ്യം. രാജ്യത്ത് 2000 കർഷക കമ്പനികൾ രൂപീകരിക്കുമെന്ന് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി പ്രഖ്യാപിച്ചിരുന്നു. കേന്ദ്ര കൃഷിവകുപ്പിന്റെ കീഴിലുള്ള

സ്മോൾ ഫാർമേഴ്സ് അഗ്രബിസിനസ്കൺസോർഷ്യത്തിന്റെ നേതൃത്വത്തിന്റെ രാജ്യമെമ്പാടും കർഷകരുടെ കമ്പനികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതോടൊപ്പം കാർഷിക വിപണിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്രഗവൺമെന്റ് മുൻഗണന നൽകുന്നു. പഴംപച്ചക്കറികളുടെ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏതാനും പ്രീ-കോൾഡ് ചെയിൻ സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**കാർഷിക വായ്പക്ക് എട്ടര ലക്ഷം കോടി**

2015-16 സാമ്പത്തിക വർഷം കാർഷിക വായ്പക്കുള്ള വിഹിതം എട്ടര ലക്ഷം കോടിയായി ഉയർത്തും. കഴിഞ്ഞ വർഷത്തെ വിഹിതത്തെക്കാൾ അര ലക്ഷം കോടി രൂപ കൂടുതലാണിത്. ഹ്രസ്വകാല വായ്പകൾക്ക് ഈടാക്കുന്ന കുറഞ്ഞ പലിശ നിരക്കായ ഏഴു ശതമാനം ഈ വർഷവും തുടരും. വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്കുള്ള മൂന്നു ശതമാനം ഇളവും തുടരും. കൃത്യസമയത്തു തിരിച്ചടക്കുന്ന വിളവായ്പകൾക്ക് നാലു ശതമാനം പലിശ നൽകിയാൽ മതി. മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഈ ഇളവ് ലഭിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് നടപടി ക്രമങ്ങളുടെ നൂലാമാലകളില്ലാതെ എളുപ്പത്തിൽ കാർഷിക വായ്പ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. നബാർഡിന്റെ കീഴിലുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിന്റെ കരുതൽ ധനമായി 2015-16 ൽ 25000 കോടി രൂപ നീക്കിവെക്കും. ഗ്രാമീണ ദീർഘകാല വായ്പാ ഫണ്ടിൽ 15000 കോടി രൂപയും ഹ്രസ്വകാല സഹകരണ ഗ്രാമീണ പുനർ വായ്പാ ഫണ്ടിലേക്ക് 45000 കോടി രൂപയും നൽകും. പ്രാദേശിക ഗ്രാമീണ ബാങ്കുകൾ വഴി ചെറുകിട - നാമമാത്ര കർഷകർക്ക് ഹ്രസ്വകാല വായ്പ നൽകാൻ പ്രാദേശിക ഗ്രാമീൺ ബാങ്ക് വായ്പ പുനർധന സഹായ നിധി പ്രവർത്തിച്ചു വരുന്നുണ്ട്. ഈ ഫണ്ടിലേക്ക് 2015-16 സാമ്പത്തിക വർഷം 15000 കോടി രൂപ നൽകും.

കേന്ദ്ര ഗവൺമെന്റിന്റെ വിവിധ നടപടികളുടെ ഫലമായി കാർഷിക മേഖലയിലേക്കുള്ള വായ്പയുടെ ഒഴുക്ക് ഓരോ വർഷവും കൂടി വരികയാണ്. കിസാൻ ക്രെഡിറ്റ് കാർഡിന്റെ ഉടമകളായ ചെറുകിട നാമമാത്ര കർഷകർക്ക് വിളവെടുപ്പിനുശേഷം വെയർഹൗസ് രസീതിയുടെ അടിസ്ഥാനത്തിൽ നൽകുന്ന ആറുമാസത്തെ ഹ്രസ്വകാലവായ്പ കൃത്യമായി തിരിച്ചടക്കുമ്പോഴും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പലിശ ഇളവ് നൽകി വരുന്നുണ്ട്.

**രാസവളം സബ്സിഡി**

2015-16 സാമ്പത്തിക വർഷം കർഷകർക്ക് രാസവളം സബ്സിഡിയായി നൽകാൻ 72968 കോടി രൂപയാണ് ബജറ്റിൽ നീക്കിവെച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ സബ്സിഡി നൽകുന്നത് നൈട്രജൻ രാസവളങ്ങൾക്കാണ്. ഇറക്കുമതി ചെയ്യുന്നതും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്നതുമായ യൂറിയക്കു വേണ്ടി 50500 കോടി രൂപ അടുത്ത സാമ്പത്തിക വർഷം സബ്സിഡിയായി നൽകും. ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ തുടങ്ങിയ കോംപ്ലക്സ് രാസവളങ്ങൾക്ക് 22468 കോടി രൂപയാണ് അടുത്ത വർഷത്തെ സബ്സിഡി. കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി ഭാരം കുറക്കുന്നതിന്റെ ഭാഗമായി യൂറിയയുടെ വിലനിർണ്ണായിധികാരം ഗവൺമെന്റിൽ നിന്നും മാറ്റി കമ്പനികൾക്ക് നൽകണമെന്ന് നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും കേന്ദ്ര ബജറ്റ് ഇക്കാര്യത്തിൽ നിശബ്ദമാണ്. രാജ്യത്തെ രാസവള ഉപഭോഗത്തിൽ പകുതിയും യൂറിയയാണ്. താരതമ്യേന കുറഞ്ഞവിലയാണ് ഇതിന്റെ കാരണം. യൂറിയയുടെ വിലയുടെ 75 ശതമാനവും കേന്ദ്രഗവൺമെന്റ് സബ്സിഡിയായി നൽകുകയാണ്. അതെ സമയം കോംപ്ലക്സ് രാസവളങ്ങളുടെ 75 ശതമാനം വിലയും കർഷകൻ നൽകുന്ന 25 ശതമാനം മാത്രമാണ് കേന്ദ്രഗവൺമെന്റ് നൽകുന്ന സബ്സിഡി.

രാസവളങ്ങളുടെ സബ്സിഡി ഉൾപ്പെടെയുള്ള എല്ലാ സബ്സിഡികളും നേരിട്ട് ഉപഭോക്താവിന് നൽകുന്ന ഒരു പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് തുടക്കം കുറിച്ചിരുന്നു. ഏകീകൃത തിരിച്ചറിയൽ കാർഡായ ആധാറും ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ചാണ് കേന്ദ്രഗവൺമെന്റിന്റെ സബ്സിഡിയും സാമ്പത്തിക സഹായവും ഉപഭോക്താ

ക്കൾക്ക് നേരിട്ട് നൽകുന്നത്. ഇത് ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്നതിന് JAM ട്രിനിറ്റി (ജൻധൻ ബാങ്ക് അക്കൗണ്ട്, ആധാർ, മൊബൈൽ പദ്ധതി നടപ്പാക്കുമെന്നാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റിലെ ശ്രദ്ധേയമായ ഒരു പ്രഖ്യാപനം) 11.5 കോടി ഉപഭോക്താക്കൾക്ക് എൽപിജി സബ്സിഡി ആധാർ കാർഡുമായി ബന്ധിപ്പിച്ച് ബാങ്കുകളിലൂടെ നേരിട്ട് വിതരണം ചെയ്യുന്ന പദ്ധതി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപ്പാക്കുന്നുണ്ട്. ഇത് സമീപഭാവിയിൽ തന്നെ JAM ലൂടെ കൂടുതൽ സബ്സിഡികളിലേക്ക് വ്യാപിപ്പിക്കാനാവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രമം. നരേന്ദ്രമോഡി ഗവൺമെന്റിന്റെ അഭിമാന പദ്ധതികളിലൊന്നാണ് JAM. സർക്കാരിന്റെ സാമ്പത്തിക സഹായവും സബ്സിഡികളും അർഹിക്കുന്നവരുടെ കൈകളിൽ എത്തുന്നില്ലെന്നത് വർഷങ്ങളായുള്ള പരാതിയാണ്. കുറഞ്ഞ ചെലവിൽ അഴിമതിയും ചോർച്ചയുംതടഞ്ഞ് കൃത്യമായും അർഹിക്കുന്ന ഉപഭോക്താക്കളുടെ കൈകളിൽ തന്നെ ഗവൺമെന്റ് സബ്സിഡികളും ആനുകൂല്യങ്ങളും എത്തിക്കാൻ JAM പദ്ധതി സഹായിക്കും.

ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നിരവധി പദ്ധതികൾ കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഗ്രാമവാസികൾക്കും നഗരവാസികളുടെ അതേ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങുന്ന ശ്യാമപ്രസാദ് മുഖർജി അർബ്ബൻ മിഷൻ, ഗ്രാമപ്രദേശങ്ങളിൽ 24 മണിക്കൂറും വൈദ്യുതി ഉറപ്പാക്കുന്നതിന് പ്രത്യേക ഫീഡറുകൾ സ്ഥാപിച്ച് നടപ്പാക്കുന്ന ദീൻദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന, കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനുള്ള അഗ്രി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് തുടങ്ങിയവയാണ് ഇതിൽ പ്രധാനപ്പെട്ട പദ്ധതികൾ. ഗ്രാമീണ യുവാക്കളുടെ സംരംഭകത്വ വികസനത്തിന് സ്റ്റാർട്ട് അപ് വില്ലേജുകൾ സ്ഥാപിക്കുമെന്നും ഗ്രാമങ്ങളിലെ ഇന്റർനെറ്റ് വിവര സാങ്കേതിക വിദ്യാ വികസനത്തിന് ഇന്റർനെറ്റ് ആൻഡ് ടെക്നോളജി മിഷൻ തുടങ്ങുമെന്നും കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപനമുണ്ടായിരുന്നു. 20000 കോടി രൂപയുടെ കരുതൽ ധനത്തോടെ ആരംഭിക്കുമെന്ന് ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മുദ്ര ബാങ്ക് (മൈക്രോ യൂണിറ്റഡ് ഡെവലപ്മെന്റ് റിഫിനാൻസ് ഏജൻസി) *പ്രധാനമന്ത്രി മുദ്ര യോജന* എന്ന പദ്ധതിയിലൂടെ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്ക് പുനർവായ്പ നൽകും. പട്ടിക ജാതി/പട്ടിവർഗ്ഗ വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്ന മുദ്രബാങ്ക് കൃഷിയുൾപ്പെടെയുള്ള ഗ്രാമീണ ചെറുകിട സംരംഭങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തും. 2000 കോടി രൂപ ആദ്യ വാർഷിക ഗഡുവായി നൽകി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ടും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തെ സഹായിക്കും. വിവിധ കേന്ദ്രമന്ത്രാലയങ്ങളുടെ നൈപുണ്യ വികസന പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള നാഷണൽ സ്കിൽസ് മിഷന്റെ പ്രയോജനം ഗ്രാമങ്ങളിലെ യുവാക്കൾക്കും ലഭിക്കും. മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയെ ഗ്രാമങ്ങളിലെ ആസ്തി രൂപീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുമെന്ന് കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി പ്രസ്താവിച്ചിരുന്നു. പദ്ധതിയിലൂടെയുള്ള തൊഴുലുറപ്പിനെ പിന്തുണക്കുന്നതിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ധനമന്ത്രി പറയുന്നു. പദ്ധതിയിലൂടെയുള്ള പ്രവർത്തികളുടെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കും. 34699 കോടി രൂപയാണ് 2015 -16 ലെ ബജറ്റിൽ ദേശീയ തൊഴിലുറപ്പു പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. കഴിഞ്ഞ ബജറ്റിലേതിനെക്കാൾ 5000 കോടി രൂപ കൂടുതലാണിത്.

ഏറെ മെച്ചപ്പെട്ട സാമ്പത്തികാന്തരീക്ഷത്തിൽ നിന്നുകൊണ്ട് അരുൺ ജയ്റ്റ്ലി അവതരിപ്പിച്ച 2015-16 ലെ ബജറ്റ് കാർഷിക മേഖലക്ക് പ്രത്യാശയും ഉണർവ്വും പകരും. കൃഷി ഗ്രാമീണ മേഖലകൾക്ക് മുന്തിയ പരിഗണന നൽകുന്ന ബജറ്റ് ഈ മേഖലകളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള സുസ്ഥിര വികസനം ഉറപ്പാക്കുന്ന പ്രതിസന്ധികൾക്കിടയിലും കരുത്തോടെ വളരുന്ന കാർഷിക മേഖലയും മുമ്പോട്ടുള്ള കുതിപ്പിന് ബജറ്റിലെ നിർദ്ദേശങ്ങൾ ഊർജ്ജം പകരും.

**വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റാണ് ലേഖകൻ**

ഫോക്കസ് ലേഖനം

# ദേശീയ നൈപുണ്യ വികസന പദ്ധതി: മുന്നോട്ടുള്ള പ്രയാണം

സ്വദേശ് സിംഗ്

**നിപുണരായ വ്യക്തികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അനുകൂലമായ സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ടു മാത്രമേ നികുതി ഏകീകരണത്തിലൂടെ രണ്ടു കൊല്ലം കൊണ്ട് പ്രതീക്ഷിക്കുന്ന മൂന്നു ശതമാനം ആഭ്യന്തര ഉത്പാദന വളർച്ച കൈവരിക്കുവാൻ രാജ്യത്തിനു കഴിയുകയുള്ളൂ.**

"ജനസംഖ്യയിൽ 54% വും 25 വയസ്സിൽ താഴെയുള്ള നമ്മുടെ രാജ്യം ലോകത്തിലെ യുവ രാജ്യങ്ങളിൽ ഒന്നാണ്. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ജോലികൾ ഏറ്റെടുക്കുന്നതിന് നമ്മുടെ യുവജനതയെ പഠിപ്പിക്കുകയും പ്രാപ്തരാക്കുകയും വേണം. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുമായി 'സ്കിൽ ഇന്ത്യ' പദ്ധതിയെ ഏകോപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം പ്രധാനമന്ത്രി വിശദീകരിച്ചു കഴിഞ്ഞു. എന്നാൽ പ്രബലമായ നമ്മുടെ തൊഴിൽശക്തിയുടെ വെറും 5% ത്തിനു മാത്രമേ തൊഴിൽ നേടുന്നതിനും അതു തുടരുന്നതിനും സഹായകമാകുന്ന ഔപചാരികമായ നൈപുണ്യ വികസന പരിശീലനം ലഭിക്കുന്നുള്ളു"

**(ധനമന്ത്രി അരുൺ ജേറ്റ്‌ലി, ഫെബ്രുവരി 28ന് നടത്തിയ ബജറ്റ് പ്രസംഗത്തിൽ നിന്ന്)**

'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുമായി ഏകോപിപ്പിച്ചു നടപ്പിലാക്കിയാൽ മാത്രമേ, 'സ്കിൽ ഇന്ത്യ പരിപാടി' വിജയിക്കുകയുള്ളു എന്നാണ് ധനമന്ത്രി അരുൺ ജേറ്റ്‌ലി തന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത്. ഗ്രാമീണ മേഖലക്കായി ഒരു കർമ്മപദ്ധതി കൂടി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു "ഗ്രാമീണ ജനസംഖ്യ ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ 70% ത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനസംഖ്യാ വളർച്ചയുടെ നേട്ടം കൈവരിക്കുന്നതിന് ഗ്രാമീണരുടെ തൊഴിൽ നിപുണത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് *'ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാമീൺ കൗശൽ യോജന'* സമാരംഭിച്ചിരിക്കുന്നത്. ഈ കർമ്മ പദ്ധതിക്ക് വേണ്ടി 1500 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നത്. ഇത് ഡിജിറ്റൽ വൗച്ചറിലൂടെ നേരിട്ട് യോഗ്യരായ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിച്ചായിരിക്കും ചെലവഴിക്കുന്നത്."

രാജ്യത്തിന്റെ വളർച്ചക്ക് നൈപുണ്യ വികസനവുമായി അഭേദ്യ ബന്ധമുണ്ടെന്ന് ഭാരത സർക്കാർ തിരിച്ചറിയുന്നു എന്ന വസ്തുത ധനമ

ന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാണ്. 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുമായുള്ള ഏകോപനം നൈപുണ്യ വികസന പരിപാടിയുടെ വിജയത്തിന് ആവശ്യമാണ് എന്ന് ധനമന്ത്രി പ്രസ്താവിച്ചിരിക്കെ ഡിജിറ്റൽ ഇന്ത്യ, സ്മാർട്ട് സിറ്റി, ശുചിത്വ ഭാരതം, ക്ലീൻ ഗംഗ തുടങ്ങിയ നാല് സുപ്രധാന പരിപാടികളിൽ ദശലക്ഷക്കണക്കിനു നിപുണരെയാണ് ആവശ്യമായുള്ളത്.

നിപുണരായ യുവാക്കൾക്ക് ജോലി ഉറപ്പാക്കികൊണ്ടും അവർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നല്ല സംരംഭകരാക്കി മാറ്റുവാനും നൈപുണ്യ പരീശീലന ദാതാക്കൾക്ക് പലപ്പോഴും കഴിയാറില്ല എന്നത് ബജറ്റിൽ അംഗീകരിക്കുന്ന വസ്തുതയാണ്. അതുകൊണ്ടുതന്നെ 20,000 കോടി രൂപ ചെലവഴിച്ചുകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മൈക്രോ യൂണിറ്റ് ഡവലപ്പ്മെന്റ് റീഫിനാൻസ് ഏജൻസി (മുദ്ര) ബാങ്ക് പുരോഗമനത്തിലേക്കുള്ള ഒരു നല്ല ചുവടുവെയ്പ്പാണ്. ബാങ്ക് 3000 കോടി രൂപയാണ് വായ്പക്കു വേണ്ടി വക മാറ്റിയിരിക്കുന്നത്. കൂടാതെ സൂക്ഷമ സാമ്പത്തിക സ്ഥാപനങ്ങൾക്ക് *'പ്രധാൻ മന്ത്രി മുദ്രാ യോജന'* യിലൂടെ സാമ്പത്തിക സഹായവും നൽകും. നിപുണരായ വ്യക്തികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അനുകുലമായ സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ടും മാത്രമേ നികുതി ഏകീകരണത്തിലൂടെ രണ്ടു കൊല്ലം കൊണ്ട് പ്രതീക്ഷിക്കുന്ന മുന്നു ശതമാനം ആഭ്യന്തര ഉത്പാദന വളർച്ച കൈവരിക്കുവാൻ രാജ്യത്തിനു കഴിയുകയുള്ളൂ.

വിദ്യാഭ്യാസത്തെയും നൈപുണ്യ വികസനത്തെയും വ്യത്യസ്തമായല്ല ബജറ്റ് വിവക്ഷിക്കുന്നത്. ഒരു കുട്ടിയുടെ വീടിന്റെ അഞ്ചു കിലോമീറ്റർ ചുറ്റളവിൽ ഒരു സീനിയർ സെക്കന്ററി സ്കൂൾ ഉറപ്പാക്കുന്നതിനു വേണ്ടി 80,000 സെക്കൻഡറി സ്കൂളുകളുടെ പദവി ഉയർത്തുകയോ 75,000 ജൂനിയർ/മിഡിൽ സ്കൂളുകളെ സീനിയർ സെക്കൻഡറി തലത്തിലേക്ക് ഉയർത്തുകയോ ചെയ്യുമെന്നു ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ എത്രമാത്രം തുക ധനമന്ത്രി ഇതിനായി നീക്കിവെച്ചിരിക്കുന്നു എന്നതു പ്രസക്തമായ കാര്യമല്ല.

എൻ. എസ്. ഡി. സി ചെയർമാൻ ദിലീപ് ഷിനോയ്, ഒരു പത്രത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു "നൈപുണ്യവികസനത്തിൽ നാല് തരം പ്രവർത്തനങ്ങൾക്കാണ് സാമ്പത്തിക സഹായം ആവശ്യമുള്ളത്. ഒന്നാമതായി തങ്ങളുടെ നൈപുണ്യ പരിശീലനത്തിനു പണം കണ്ടെത്താൻ കഴിയാത്തവർക്കുവേണ്ടി ഗ്രാൻഡുകൾ അനുവദിക്കുകയും അത് തുടരുകയും വേണം; രണ്ടാമതായി നൈപുണ്യ പരിശീലനത്തിന്റെ വികസനത്തിനും പ്രചാരത്തിനും ആവശ്യമായ വിവിധ ഘടകങ്ങളായ, ശുപാർശ, സാക്ഷ്യപ്പെടുത്തൽ, നിർണയം എന്നിവയ്ക്ക് വേണ്ടി; മൂന്നാമതായി നൈപുണ്യവികസനത്തിന്റെ മൂർത്തമായ പുത്തൻ മാതൃകകൾ ആവിഷ്കരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള സഹായം; നാലാമതായി പരിശീലനം ലഭിക്കുന്ന വ്യക്തികൾക്ക് വായ്പകൾ ലഭ്യമാക്കുന്നതിന്"

### ഇന്ത്യൻ നൈപുണ്യ വികസന പരിപാടിയുടെ പുനർരൂപീകരണം

ഇന്ത്യയിൽ നടപ്പിലാക്കിയ നൈപുണ്യ വികസന പരിപാടികളിൽ നിന്നു നമുക്കു ലഭിക്കുന്ന പാഠം എത്രമാത്രം തുക അവയ്ക്കു വേണ്ടി ചെലവഴിച്ചു എന്നു കണക്കാക്കുന്നതിനേക്കാൾ ഉത്തമം എത്ര ഫലപ്രദമായാണ് തുക വിനിയോഗിച്ചത് എന്നു മനസ്സിലാക്കുന്നതാണ് എന്നാണ്. ഈ അറിവിന്റെ വെളിച്ചത്തിൽ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു നൈപുണ്യ വികസന സംരംഭക വകുപ്പ് രൂപീകരിച്ചു കൊണ്ട് സ്വാഗതാർഹമായ ഒരു ചുവടുവെയ്പ്പാണ് സർക്കാർ മുന്നോട്ടുവെക്കുന്നത്.

നൈപുണ്യപരിശീലനത്തിന് അനുയോജ്യമായ ഒരു ചട്ടകൂട് രൂപകൽപ്പന ചെയ്യുക, പരിശീലനം സിദ്ധിച്ച തൊഴിൽ ശക്തിയുടെ ആവശ്യവും വിതരണവും തമ്മിലുള്ള അന്തരം കുറയ്ക്കുക,

സാങ്കേതിക പരിശീലനം, തൊഴിൽ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കുക, നിലവിലുള്ള നൈപുണ്യ പരിശീലന പരിപാടി വിലയിരുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ ചുമതലകളാണ് കാബിനെറ്റ് സെക്രട്ടേറിയറ്റിന്റെ വിജ്ഞാപനപ്രകാരം നൈപുണ്യ വികസനവും സംരംഭകത്വവും എന്ന പുതിയ വകുപ്പിന് നൽകിയിട്ടുള്ളത്.

60 വ്യത്യസ്ത പരിപാടികളാണ് 20 വകുപ്പുകളുടെ മേൽനോട്ടത്തിൽ ഇതുവരെ നടപ്പിലാക്കി വന്നത്. ഇവയൊക്കെതന്നെ ഇനി പുതിയ വകുപ്പിന്റെ കീഴിലായിരിക്കും നടപ്പിലാക്കുക. ധനവകുപ്പിനു കീഴിൽ പ്രവർത്തിച്ചിരുന്ന ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ, ദേശീയ നൈപുണ്യ വികസന ഏജൻസി, വിവിധ തൊഴിൽ പരിശീലന സ്ഥാപനങ്ങളും പരിപാടികളും നടപ്പിലാക്കി വന്നിരുന്ന എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ട്രേറ്റ് തുടങ്ങിയവയും പുതിയ വകുപ്പിനു കീഴിലായിരിക്കും. അതുപോലെ തന്നെ മാനവ വിഭവ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ വിഭാഗവും, ദേശീയ ഗ്രാമീണ ഉപജീവന മിഷനും (NRLM) ആജീവിക പരിപാടിയുടെയും പ്രവർത്തനങ്ങൾക്ക് ഇനി മന്ത്രാലയം നേതൃത്വം നല്കും.

**നൈപുണ്യ വികസന പരിപാടികളുടെ അവസ്ഥ.**

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 82 ദശലക്ഷം പരിശീലനങ്ങളാണ് ദേശീയ നൈപുണ്യ വികസന കോർപ്പറേഷൻ നടപ്പിലാക്കിയത്. 27 സംസ്ഥാനങ്ങളിലും അഞ്ച് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 159 പരിശീലന പങ്കാളികളുള്ള കോർപ്പറേഷൻ 356 ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 1408 കേന്ദ്രങ്ങളിലാണ് ഈ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്. ഗ്രാമീണ വികസന വകുപ്പിന്റെ കീഴിൽ 556 ജില്ലകളിലായി 577 ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനങ്ങളുണ്ട്. ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിൽ ഏകീകൃത നൈപുണ്യ വികസന പദ്ധതികൾ നിലവിലുണ്ട്.

സൂക്ഷ്മ -ചെറുകിട സംരംഭ മന്ത്രാലയത്തിന്റെ കീഴിൽ 15 സാങ്കേതിക കേന്ദ്രങ്ങൾ നിലവിലുണ്ട്. 15 പുതിയ സാങ്കേതിക കേന്ദ്രങ്ങൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. അതുകൂടാതെ ദേശീയ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ അംഗീകാരമുള്ള 11,964 (2284 - സർക്കാർ; 9680-സ്വകാര്യ) തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ രാജ്യത്തുണ്ട്.



രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന് തൊഴിലാളി ശക്തിയുടെ നിപുണതയില്ലായ്മയല്ല മറിച്ച് നൈപുണ്യ വികസനത്തിനും അധ്വാനശക്തി സാക്ഷ്യപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങളുടെ അപര്യാപ്തതയാണ്. മാനവശേഷി വികസിപ്പിക്കുന്നതിന് അന്താരാഷ്ട്ര അംഗീകാരമുള്ള പരിശീലനവും സാക്ഷ്യപ്പെടുത്തലും അനിവാര്യമാണ്. മൂർത്തമായ ഒരു പാഠ്യപദ്ധതി ഇതിനായി ഉണ്ടാക്കേണ്ടിയിരിക്കുന്നു. പരിശീലനത്തിനും സാക്ഷ്യപ്പെടുത്തലിനും പുറമേ നിപുണരായ വ്യക്തികൾക്കു തൊഴിലും ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ബ്രിട്ടണിൽ 70% ജനങ്ങൾ നിപുണരാണെങ്കിൽ, ജർമനിയിൽ ഇത് 75% വും ജപ്പാനിൽ 80% വും സൗത്ത് കൊറിയയിൽ 96%വുമാണ്. എന്നാൽ ഇന്ത്യയിൽ ഇത് കേവലം 2% മാത്രമാണ്. ഈ മേഖലയിലെ വിടവുകൾ പരിഗണിച്ചുകൊണ്ടും ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയുടെയും സൗകര്യങ്ങളുടെയും അടിസ്ഥാനത്തിലുമായിരിക്കും അവ നടപ്പിലാക്കുക എന്നും അദ്ദേഹം അറിയിക്കുകയുണ്ടായി.

**പ്രതിഭയും നൈപുണ്യവും**

അറിവും പ്രതിഭയും എക്കാലവും ആദരിക്ക

പ്പെടുന്ന രാജ്യമാണ് ഇന്ത്യ. എന്നാൽ നൈപുണ്യത അംഗീകരിക്കപ്പെടുന്നില്ല. നൂറ്റാണ്ടുകൾക്കു മുൻപ് രാഷ്ട്രപിതാവു പറഞ്ഞതുപോലെ ഇന്ത്യൻ വിദ്യാഭ്യാസ വ്യവസ്ഥ പൊളിച്ചെഴുതേണ്ടതുണ്ട്. സ്വന്തം ജോലി ചെയ്തുകൊണ്ട് തന്റെ ഉപജീവനത്തിനുള്ള വകകണ്ടെത്തുവാനാണ് ഗാന്ധിജി ജനങ്ങളോട് ആവശ്യപ്പെട്ടത്. ഇതിന് ഓരോ വ്യക്തിയും നിപുണത കൈവരിക്കേണ്ടതുണ്ട്.

ഔപചാരിക നൈപുണ്യ പരിശീലന പരിപാടികളുമായി സെക്കന്ററി സ്കൂൾ വിദ്യാർത്ഥികളെ ബന്ധപ്പെടുത്തിയതിലൂടെയാണ് ചൈന ലോകത്തെ ഉത്പാദന ഭീമനായി വളർന്നത്. എന്നാൽ ഇന്ത്യയിലാകട്ടെ ത്രീദീയ വിദ്യാഭ്യാസ തലത്തിലേക്ക് കടക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പരിപാലനം മോശമായതോ കാലഹരണപ്പെട്ടതോ ആയ സർക്കാർ തൊഴിൽ പരിശീലന കേന്ദ്രങ്ങളല്ലാതെ മറ്റു തൊഴിൽ പരിശീലന തെരഞ്ഞെടുക്കലുകൾ വിരളമാണ്. ഉദാഹരണത്തിന് കാർ യന്ത്ര ശാസ്ത്രത്തിന്റെ ഐ.റ്റി.ഐ സിലബസിൽ 1990 കളിൽ കാറുകളിൽ നിന്ന് അപ്രത്യക്ഷമായ കാർബറേറ്ററുകളെക്കുറിച്ചു ഇപ്പോഴും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു.

**പുതിയ ദേശീയ നൈപുണ്യ വികസനനയം**

ഒരു പുതിയ ദേശീയ നൈപുണ്യ വികസന നയത്തിന്റെ രൂപീകരണത്തിലാണ് കേന്ദ്രസർക്കാർ. നിലവിലെ മുപ്പതു കോടി നൈപുണ്യ ശേഷിയുള്ള തൊഴിൽ ശക്തിയുടെ പരിമിതികൾ മറികടക്കുന്നതോടൊപ്പം 2020 ൽ നാലിൽ ഒരാൾ നിപുണനാകുന്ന പ്രവർത്തനങ്ങളാണ് പുതിയ നയം ലക്ഷ്യം വയ്ക്കുന്നത്. ഇന്ത്യയുടെ ശരാശരി വാർഷിക അഭ്യന്തര വികസന വളർച്ചാ നിരക്ക് 8% ത്തിനടുത്തെത്തുകയാണെങ്കിൽ ചില്ലറ വ്യാപാരം, വാഹന നിർമ്മാണം, ഐ.റ്റി തുടങ്ങി ഉയർന്ന വളർച്ചാ നിരക്കുള്ള മേഖലകളിൽ 2022 ൽ 245 ദശലക്ഷം തൊഴിലാളികളെയാണ് പ്രതീക്ഷിക്കുന്നത്. സാമ്പത്തികവളർച്ചക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളിൽ കൂടുതൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ആഭ്യന്തര വികസന വളർച്ചാ നിരക്കിൽ ഉത്പാദന മേഖലയുടെ ഓഹരി 25 ശതമാനമായി വർദ്ധിക്കുകയും ചെയ്യും. മനീഷ് സബർവാൾ (ട്രീം ലീസ്സ്) ഒരു അഭിമുഖത്തിൽ പറഞ്ഞതിങ്ങനെയാണ്. "അസാധ്യമായ ത്രിത്വങ്ങളായ വില, ഗുണം, തോത് എന്നിവ നേടുന്നതിനു കേന്ദ്രവും സംസ്ഥാനങ്ങളുമായുള്ള മൂന്നു ട്രാഫിക് ജാമുകൾക്ക് രാജ്യം പരാഹാരം കാണേണ്ടതുണ്ട്. വിതരണം, സാമ്പത്തികം, രണ്ട് മാനവ വിഭവ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവ". നിയമനിർമ്മാണ ഭരണ നിർവ്വഹണ തീരുമാനങ്ങൾ ഇവ പരിഹരിക്കുന്നത് കണ്ടെത്തിയില്ലെങ്കിൽ ഇന്ത്യയടെ വികസനത്തിൽ ജനാധിപത്യവിഹിതത്തിന്റെ തോത് സമ്മർദ്ദത്തിൽ തന്നെയായിരിക്കും എന്നാണ് സബർവാൾ വിശ്വസിക്കുന്നത്. പുതിയ ദേശീയ നൈപുണ്യ വികസന നയം നടപ്പിലാക്കുമ്പോൾ ഇത്തരം ഭരണ നിർവ്വഹണ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**നൈപുണ്യ വികസനം, വിദ്യാഭ്യാസം, വ്യവസായം**

വിദ്യാഭ്യാസരംഗത്തും തൊഴിൽ പരിശീലനത്തിലും ആഗോളതലത്തിൽ പ്രചാരത്തിലുള്ള ഉത്തമ ശീലങ്ങൾ നടപ്പിലാക്കിക്കൊണ്ട് നൈപുണ്യവികസന പരിപാടികൾ സുസംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസ വിഭാഗം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. വ്യാവസായിക ആവശ്യങ്ങളുടെയും സാമ്പത്തിക വളർച്ചാ പ്രവണതയുടെ അടിസ്ഥാനത്തിൽ മാറികൊണ്ടിരിക്കുന്ന പ്രവണതകളും വിദ്യാഭ്യാസവും നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട അടിസ്ഥാന വേരുകൾ തിരിച്ചറിയുന്നതിൽ ലോകരാഷ്ട്രങ്ങളെ പ്രാപ്തരാക്കിയിരിക്കുന്നു.

കൊറിയ 1970 കളുടെ ആരംഭത്തിൽ തന്നെ നൈപുണ്യ വികസന വ്യവസ്ഥയുടെ പോരായ്മകൾ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ട് തന്നെ വലിയ സ്ഥാപനങ്ങൾക്ക് പരിശീലന കരാറുകൾ നിർബന്ധിതമാക്കി. തൊഴിൽ നൈപുണ്യ വിക

സന പരിപാടിയുടെ ഭാഗമായി സർക്കാർ സാമ്പത്തിക സഹായത്തോടെ തൊഴിലുടമകൾ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകിയിരുന്നു. എന്നാൽ ജർമനിയിൽ സ്കൂൾ വിദ്യാഭ്യാസത്തെ തൊഴിൽ പഠനവുമായി ഏകോപിപ്പിക്കുന്ന ദ്വന്ദ്വ വ്യവസ്ഥയാണ് നിലവിലുള്ളത്. ട്രെയിനികൾ ഒന്നോ രണ്ടോ ദിവസം വൊക്കേഷണൽ സ്കൂളിൽ സമയം ചെലവഴിക്കുമ്പോൾ മൂന്നോ നാലോ ദിവസം തൊഴിലുടമയുടെ സ്ഥലത്ത് പരിശീലനം നേടുന്നു. സൈദ്ധാന്തികവും പ്രായോഗിക വിജ്ഞാനവും ഒരുപോലെ വിലയിരുത്തി കൊണ്ടാണ് ട്രെയിനികളുടെ പുരോഗതി നിർണയിക്കുന്നത്. അങ്ങനെ ജർമനിയിൽ തൊഴിലുടമയും വൊക്കേഷണൽ സ്കൂളുകളും സംയോജിച്ചു കൊണ്ടുള്ള വിദ്യാഭ്യാസവും പരിശീലനവുമാണ് നടപ്പിലാക്കിയത്.

**പരിശീലനവും പരിശീലകരും**

ഓരോ വർഷവും 12 ദശലക്ഷം ജനങ്ങളാണ് തൊഴിൽ ശക്തിയിൽ ചേരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഏതു വിധേനയും ഈ വലിയ വിഭാഗത്തെ തികഞ്ഞ കഴിവുള്ളവരായി മാറ്റേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്. കാർഷിക വളർച്ചാനിരക്ക് 4-5 ശതമാനത്തിൽ കൂടുതൽ വർദ്ധിക്കാതിരിക്കുന്ന സാഹചര്യത്തിൽ രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ദ്വതീയ-ത്രിതീയ മേഖലകളുടെ വികസനത്തെ അടിസ്ഥാനപ്പെടുത്തിയിരിക്കും. ഇതിന് യോഗ്യരായ, നിപുണരായ തൊഴിലാളികൾ അനിവാര്യമാണ്.

മേക്ക്-ഇൻ-ഇന്ത്യ എന്ന സ്വപ്നത്തിന്റെ അടിസ്ഥാനത്തിലും നൈപുണ്യവികസനത്തിനു ദേശീയ പ്രാധാന്യം കൈവരിച്ച സാഹചര്യത്തിലും പതിറ്റാണ്ടിൽ സർക്കാർ വിദ്യാഭ്യാസവും വ്യവസായവും നൈപുണ്യവികസനവും ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് അത്യാവശ്യമാണ്. എങ്കിൽ മാത്രമേ ഈ രംഗത്ത് നവീകരണങ്ങൾ ഉറപ്പാക്കാൻ കഴിയുകയുള്ളൂ. പരിശീലനത്തിന്റെ ഗുണമേന്മ, പരിശീലകർ, പരിശീലന പ്രക്രിയയുടെ ക്രമീകരണം, പര്യാപ്തമായ മൂല്യനിർണയ മാർഗങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ രാജ്യം കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

ഉയർന്ന വേതനം നല്കേണ്ടതു കൊണ്ടും നിപുണരായ പരിശീലകരുടെ എണ്ണം വളരെ കുറവായതുകൊണ്ടും പരിശീലകരെ കണ്ടെത്തുന്നത് കഠിനമാവുമെന്നാണ് കരുതുന്നത്. വ്യാവസായിക ഉത്പാദനം മെച്ചപ്പെടുത്തുക, തൊഴിലാളി ശക്തിയുടെ സാമർഥ്യം മെച്ചപ്പെടുത്തുക എന്നിവ മുന്നിൽ കണ്ടുകൊണ്ട് 2022 ൽ ഇന്ത്യ 500 ദശലക്ഷം ജനങ്ങൾക്ക് പരിശീലനം നല്കും എന്നാണ് കരുതുന്നത്. എന്നാൽ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിൽ 40 ദശലക്ഷം പേരെ പരിശീലിപ്പിക്കണമെന്നിരിക്കെ 10 ദശലക്ഷത്തിലധികം പേരെ പരിശീലിപ്പിക്കാൻ രാജ്യത്തിനു കഴിഞ്ഞിട്ടില്ല. ഈ ന്യൂനതയ്ക്ക് പ്രധാനകാരണം നല്ല പരിശീലകരുടെ അഭാവവും, അവബോധമില്ലായ്മയും, വിദ്യാർഥികളെ പരിശീലനത്തിൽ പിടിച്ചു നിർത്താൻ കഴിയാത്തതുമാണ്.

**സഹവർത്തകത്വം**

നൈപുണ്യ വികസനത്തിൽ പങ്കാളികളാകേണ്ടത് കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വ തുക ചെലവഴിച്ചുകൊണ്ട് സ്ഥാപനത്തിനകത്ത് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാൻ കഴിവുള്ള ബിസിനസ് സ്ഥാപനങ്ങളുമായാണ്. സ്വന്തം തൊഴിലിൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നത് സ്ഥാപനത്തിന്റെ ബിസിനസ്സിന് പ്രയോജനം ചെയ്യുമെന്ന വസ്തുത നിരാകരിക്കാവുന്നതല്ല. സി.ഐ.ഐ പോലുള്ള സംഘടനകൾ ദരിദ്ര ജനവിഭാഗങ്ങളിലെ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിനായി മുന്നോട്ടു വന്നിരിക്കുന്നു.

വിരമിച്ച ജവാൻമാരുടെ കഴിവുകൾ നൈപുണ്യ മന്ത്രാലയത്തിന് ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിരമിച്ച ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് പ്രതിരോധ വകുപ്പു രൂപീകരിച്ച പരിശീലക സേനയെ യുവജനങ്ങളുടെ തൊഴിൽ പരിശീലനത്തിനും സംരംഭകത്വ പരിശീലനത്തിനും പ്രയോജനപ്പെടുത്തുവാനുള്ള മന്ത്രാ

ലയത്തിന്റെ ശ്രമങ്ങൾ അഭിനന്ദാർഹമാണ്.

എല്ലാറ്റിനുമുപരി സ്കൂൾ സർവ്വകലാശാല പാഠ്യപദ്ധതി നിലവിലുള്ളതും വരാനിരിക്കുന്നതുമായ വ്യാവസായിക ഇന്ത്യയുടെ ആവശ്യങ്ങൾക്കനുസരിച്ചു പരിഷ്കരിക്കേണ്ടതുണ്ട്. ആഗോള സർവകലാശാലകളും തൊഴിൽദായകരും അംഗീകരിക്കുന്ന രീതിയിൽ വിവേകപൂർവമായ സാക്ഷ്യപ്പെടുത്തലുകളും അനിവാര്യമാണ്. ഇത് വിശാലമായ പ്രത്യാശയാണ് ഓരോ വിദ്യാർത്ഥികൾക്കും പ്രദാനം ചെയ്യുക.

**സംഗ്രഹം**


അർത്ഥവത്തായ വിദ്യാഭ്യാസ വ്യവസ്ഥ, മെച്ചപ്പെട്ട നൈപുണ്യവികസന മാർഗ്ഗങ്ങൾ, തൊഴിലാളിശക്തി മെച്ചപ്പെടുത്തുന്നതിനുതകുന്ന വ്യാവസായിക ഇടപെടലുകൾ എന്നിവ ഇന്ത്യൻ സാമ്പത്തികരംഗത്തിന്റെ മൂന്നു തൂണുകളാണ്. ഈ മൂന്നു കാര്യങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിലൂടെ സമൂഹത്തിന്റെ ശാപങ്ങളായ തൊഴിലില്ലായ്മ, ദാരിദ്ര്യം, നിരക്ഷരത, സാങ്കേതിക പരിജ്ഞാനകുറവ്, ലോകമാർക്കറ്റിൽ നമ്മുടെ ഉത്പാദനങ്ങളുടെയും സേവനങ്ങളുടെയും അയോഗ്യത തുടങ്ങിയ പരിമിതികൾ മറികടക്കാനാവും.

ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് നടപ്പിൽ വരുത്തുന്ന കാര്യത്തിൽ മന്ത്രാലയം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ അടിസ്ഥാനതലത്തിൽ പോലും വകയിരുത്തിയിരിക്കുന്ന തുക കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ. വിവിധ മന്ത്രാലയങ്ങളും തങ്ങളുടെ മേഖലയിലെ ശേഷി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവുമാണ് വിജയത്തിലേക്കുള്ള ഏക പോംവഴി. സ്ത്രീകളുടെ പങ്കാളിത്തവും വളരെ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്. ഒരു യു.എൻ.ഡി.പി റിപ്പോർട്ട് അനുസരിച്ച് സ്ത്രീകളുടെ പങ്കാളിത്തം 70% മായി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ സാമ്പത്തിക വളർച്ചാനിരക്ക് 4.2% മായി വർധിപ്പിക്കാൻ നമുക്കു സാധിക്കും. അനധികൃതമായി ഫണ്ട് സ്വരൂപിക്കാൻ നൈപുണ്യ വികസന കേന്ദ്രങ്ങളെ അനുവദിച്ചുകൂടാ, മറിച്ച് അവയെ ഇന്ത്യയുടെ തൊഴിൽ ശക്തിയുടെ ജന്മസ്ഥാനങ്ങളായി മാറ്റുകയാണ് വേണ്ടത്. മേൽ ഉദ്യോഗസ്ഥർ എപ്രകാരമാണ് റിപ്പോർട്ടുകളും വിവരങ്ങളും കെട്ടി ചമയ്ക്കുന്നതെന്ന് നാം കണ്ടുകഴിഞ്ഞു അതുകൊണ്ട് തന്നെ സുതാര്യവും യോഗ്യതയുമുള്ള റിപ്പോർട്ടിംഗ് രീതി വിഭാവന ചെയ്യേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ പരിശീലനകേന്ദ്രവുമായി ബന്ധപ്പെട്ട പരിശീലകരുടെയും ട്രെയിനികളുടെയും ട്രെയിനിങ് മോഡ്യൂളുകളുമായുമൊക്കെ ബന്ധപ്പെട്ട യഥാർത്ഥ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

ഇന്ത്യൻ തൊഴിലാളി ശക്തിയുടെ മികവ് മെച്ചപ്പെടുത്തിക്കൊണ്ട് വിവിധ ബിസിനസ്സുകൾക്ക് ആവശ്യമായ നിപുണരായ വ്യക്തികളെ തുടർച്ചയായി വിതരണം ചെയ്യുവാനുള്ള അവസരം സൃഷ്ടിക്കുകയാണ് സുസ്ഥിരമായ തൊഴിൽവികസനത്തിന്റെ സർവശ്രേഷ്ഠമായ ലക്ഷ്യം. അതിനാൽ തുടർച്ചയായ നൈപുണ്യ വികസനം മന്ത്രവാക്കായി കണക്കാക്കേണ്ടതുണ്ട്.

സ്കൂളോ സർവകലാശാലയോ, എൻ.എസ്.സി.സിയോ, എൻ.എസ്.ഡി.എയോ, എൻ.എസ്.ഡി.എഫോ, ഐ.റ്റി.ഐയോ, പോളിടെക്നിക്കോ, ബഹുമുഖ വ്യാവസായിക രംഗമോ ഏതുമാകട്ടെ, അവയ്ക്കൊക്കെ ഉണ്ടായിരിക്കേണ്ട ഏക ലക്ഷ്യം ഗുണപരമായ വിദ്യാഭ്യാസം വ്യാപിപ്പിച്ചുകൊണ്ട് ഓരോ ഇന്ത്യാക്കാരന്റെയും തൊഴിൽ നൈപുണ്യത വികസിപ്പിച്ചു കൊണ്ട് യോജ്യമായ ജോലിയിൽ പ്രവേശിപ്പിക്കുക എന്നതായിരിക്കണം.

**ഡൽഹിയിൽ മാധ്യമ പ്രവർത്തകനാണ് ലേഖകൻ**




# വൈവിധ്യവത്കരണ മുന്നേറ്റവുമായി കേരള കൈത്തറി

അബ്ദുൽ കരീം ചേലേരി

**വസ്ത്ര മന്ത്രാലയത്തിന്റെ കീഴിൽ ഇന്ത്യ ഒട്ടാകെ 24 കൈത്തറി സേവാകേന്ദ്രങ്ങളും 10 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജികളും സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ വഴിയും അതത് സംസ്ഥാനങ്ങളിലെ കൈത്തറി– ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, വ്യവസായ വകുപ്പുകൾ എന്നിവയിൽ കൂടെയും വിവിധങ്ങളായ പരിഷ്ക്കരണ പദ്ധതികളും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള ക്ഷേമ പദ്ധതികളും തുടർച്ചയായി നടപ്പിലാക്കി വരുന്നു.**

**ഇ**ന്ത്യയിലെ ഏറ്റവും പഴക്കം ചെന്നതും ഋഗ്വേദകാലത്തോളം ചെന്നെത്തുന്നതുമായ പരമ്പരാഗത കുടിൽ വ്യവസായ മേഖലയാണ് കൈത്തറി നെയ്ത്ത്. പിതാമഹൻമാരിൽ നിന്നും പരമ്പരാഗതമായി പകർന്നു കിട്ടിയ സാങ്കേതികവും പ്രായോഗികവുമായ നൈപുണ്യങ്ങൾ സ്വാംശീകരിച്ച് നെയ്ത്തുകാർ വിവിധങ്ങളായ ഉല്പന്നങ്ങൾ നെയ്തെടുത്തു, വിറ്റഴിച്ച് ഉപജീവനം കഴിച്ചുവന്നു. കാലക്രമേണ ഉല്പന്നങ്ങൾക്ക് കൂടുതൽ ആകർഷണീയത വരുത്തിയാൽ അവ എളുപ്പത്തിൽ വിറ്റഴിക്കാമെന്നും കൂടുതൽ വില ലഭിക്കുമെന്നും മനസ്സിലാക്കുകയും അതിന്റെ ഫലമായി തന്റെ പരിസരങ്ങളിലെ നിറക്കൂട്ടുകൾ കണ്ടെത്തുകയും അവ വസ്ത്രങ്ങളിൽ ചാലിച്ച്ചേർത്ത് ആകർഷകമാക്കുകയുമുണ്ടായി. ഇതു കൂടാതെ തുണിയുടെ ഘടനാ മാറ്റങ്ങളും ഡിസൈൻ മാറ്റങ്ങൾ വരുത്തുവാനുള്ള സാങ്കേതിക നൈപുണ്യങ്ങളും സ്വായത്തമാക്കി. ഇത്തരത്തിൽ അവന്റെ കണ്ണിലും കരങ്ങളിലും വിലമതിക്കാനാവാത്ത സർഗാത്മകത പ്രയോഗത്തിൽ വരുത്തിയാണ് ഓരോ ഉല്പന്നങ്ങളും രൂപകല്പന ചെയ്ത് നിർമ്മിക്കുന്നത്. ഇവരുടെ കരകൗശല മികവിലും സാങ്കേതിക അറിവുകളിലും ആകൃഷ്ടരായ മുഗൾ രാജവംശക്കാരും മറ്റു നാട്ടു രാജാക്കൻമാരും വിദഗ്ധരായ നെയ്ത്തുകാരെ സ്വന്തം രാജകുടുംബാംഗങ്ങൾക്ക് വിശിഷ്ട വസ്ത്രങ്ങൾ നിർമ്മിച്ച് നൽകാൻ ക്ഷണിച്ച് വരുത്തുകയും അവരുടെ കുടുംബങ്ങൾക്കായി പ്രത്യേക പാർപ്പിട സ്ഥലങ്ങൾ അനുവദിച്ച് നൽകിയതായും ചരിത്ര രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. കാലക്രമേണ ഇവർ നെയ്ത്ത് കുലത്തൊഴിലായി സ്വീകരിച്ച് കാലദേശങ്ങൾക്കനുസരിച്ച് പ്രത്യേകം പ്രത്യേകം കുലങ്ങളായും വ്യത്യസ്ത പേരുകളിലും നിലനിന്നു പോന്നു. (ഉദാ: പത്മശാലിയ, ദേവാംഗ, ചെട്ടിയാർ, മുതലിയാർ തുടങ്ങിയവർ)

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കൃഷി കഴിഞ്ഞാൽ ഏറ്റവും വലുതും പ്രാധാന്യമർഹിക്കുന്നതുമായ കുടിൽ വ്യവസായമാണ് കൈത്തറി നെയ്ത്ത്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുമായി ലക്ഷോപലക്ഷം ജനങ്ങളുടെ തൊഴിലും ഉപജീ

വനമാർഗവുമാണത്. സംഘടിത യന്ത്രത്തറി മേഖലകളുടെയും ആധുനിക സാങ്കേതിക വിദ്യകളാൽ പരിഷ്കൃതമായ തുണിമിൽ വ്യവസായ മേഖലകളുടെയും വരവോടെതാരതമ്യേന വിലക്കുറവുള്ള വസ്ത്രങ്ങൾ യഥേഷ്ടം ലഭ്യമായിത്തുടങ്ങിയതോടെ കൈത്തറി വ്യവസായ മേഖല ക്രമേണ മന്ദീഭവിച്ചു തുടങ്ങി. ഇത് ഇന്നും തുടർക്കഥയാണ്. എന്നാൽ വൈവിദ്ധ്യങ്ങളായ പരമ്പരാഗത തുണിത്തരങ്ങൾ പലതും കൈത്തറികളിൽ മാത്രം ഉല്പാദിപ്പിക്കാൻ കഴിയുന്നവയാണ്. ഈ പ്രത്യേകതകളും, യന്ത്രത്തറി, തുണിമിൽ മേഖലകളോട് മത്സരിച്ച് മുന്നേറാൻ കൈത്തറി മേഖലയെ പ്രാപ്തമാക്കേണ്ടുന്ന ആവശ്യകതയും ഇന്ത്യാഗവൺമെന്റും സംസ്ഥാന സർക്കാറുകളും മുൻപെ തന്നെ മനസ്സിലാക്കുകയും പുനരുദ്ധാരണം,



വിദഗ്ധ പരിശീലനം, തറി പരിഷ്ക്കരണം, സംസ്ക്കരണ മേഖല പരിഷ്ക്കരണം, ഡിസൈൻ രൂപകല്പന മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വിദഗ്ധരെ വാർത്തെടുക്കൽ തുടങ്ങിയവയ്ക്കായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യ ഒട്ടാകെ വസ്ത്ര മന്ത്രാലയത്തിന്റെ കീഴിൽ 24 കൈത്തറി സേവാകേന്ദ്രങ്ങളും 10 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജികളും സ്ഥാപിതമായി. ഈ സ്ഥാപനങ്ങൾ വഴിയും അതത് സംസ്ഥാനങ്ങളിലെ കൈത്തറി- ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്, വ്യവസായ വകുപ്പുകൾ എന്നിവയിൽ കൂടെയും വിവിധങ്ങളായ പരിഷ്ക്കരണ പദ്ധതികളും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമായുള്ള ക്ഷേമ പദ്ധതികളും തുടർച്ചയായി നടപ്പിലാക്കി വരുന്നു. എന്നാൽ തൊഴിലാളികളുടെ കൊഴിഞ്ഞു പോക്കും, പുതിയ തലമുറക്കാർ ഈ മേഖലയിലേക്ക് കടന്നു വരാത്തതും ഈ തൊഴിലിനെ തളർച്ചയിലേക്ക് നയിക്കാൻ കാരണമാവുകയാണ്.

**കേരളത്തിലെ കൈത്തറി മേഖല ഇന്ന്**

1991 ലെ ഏറ്റവും ഒടുവിലത്തെ കൈത്തറി സെൻസസ് അനുസരിച്ച് കേരളത്തിൽ സ്വകാര്യ മേഖല, സഹകരണ മേഖല, ഹാൻവീവ് എന്നിവകളിലായി ഏകദേശം 73000 കൈത്തറികൾ പ്രവർത്തിച്ചിരുന്നു. എന്നാൽ 2007-08- ൽ അത് 55000 ആയിച്ചുരുങ്ങി. 765 കൈത്തറി സഹകരണ സംഘങ്ങളിൽ ഇന്ന് ഏകദേശം 220 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. ഇവയിൽ നിന്നെല്ലാമായി ഏകദേശം 500 കോടി രൂപ വില വരുന്ന 130 ദശലക്ഷം മീറ്റർ തുണിത്തരങ്ങൾ ഉത്പാദിപ്പിക്കപ്പെട്ടു. ഗൾഫ് മേഖലയിൽ നിന്നുള്ള സാമ്പത്തിക സ്രോതസ്സ്, കൈത്തറിയിൽ സ്ഥിരമായ ജോലി ലഭിക്കായ്ക, മറ്റ് മേഖലയിലെ ഉയർന്ന കൂലി ലഭ്യത, ഉയർന്ന വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ ഈ മേഖലയിൽ തൊഴിലാളികളുടെ ദ്രുതഗതിയിലുള്ള കൊഴിഞ്ഞു പോക്കിന് ആക്കം കൂട്ടുകയാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിൽ 35000 നും 40000 നും ഇടയിൽ കൈത്തറികൾ മാത്രമാണ് പൂർണ്ണതോതിലോ ഭാഗിഗമായോ പ്രവർത്തിക്കുന്നത്.

2005 ജനുവരിയിൽ ഡബ്ല്യൂ. ടി. ഒ. എഗ്രിമെന്റ് വ്യവസ്ഥയനുസരിച്ച് കയറ്റുമതിയിൽ കൈത്തറി ഇനങ്ങൾക്കുള്ള സംവരണം പൂർണ്ണമായി എടുത്തുമാറ്റുകയും മൾട്ടിഫൈബർ വ്യവസ്ഥയിൻ കീഴിൽ "ടെക്സറ്റൈയിൽസ്" എന്ന പൊതു കാറ്റഗറി അംഗീകരിക്കുകയും ചെയ്തതോടെ അന്നേവരെ കൈത്തറിയിൽ നിർമ്മിച്ചു വന്ന കയറ്റുമതി ഇനങ്ങൾ യന്ത്രത്തറികളിൽ കുറഞ്ഞ ചെലവിൽ യഥേഷ്ടം നിർമ്മിച്ചയക്കാൻ സാധിതമാവുകയും കൈത്തറി വ്യവസായം മന്ദീഭവിച്ചു തുടങ്ങുകയും ചെയ്തു.

കേരളത്തിലെ കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനും പരിഹാര നിർദ്ദേശങ്ങൾ

സമർപ്പിക്കാനുമായി 1999-ൽ ശ്രീ മമ്മുമാസ്റ്റർ ചെയർമാനായി ഒരു കമ്മിറ്റിയും 2007-ൽ ശ്രീ. അരക്കൽ ബാലൻ ചെയർമാനായി മറ്റൊരു കമ്മിറ്റിയും സർക്കാർ നിയമിക്കുകയും രണ്ട് കമ്മിറ്റികളും കൈത്തറി മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പരിഹാരങ്ങൾ നിർദ്ദേശിച്ചും വിശദമായ റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. മേൽ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിൽ നൂലുചുറ്റൽ, പാവ് ഉണ്ടാക്കൽ എന്നിവയിൽ യന്ത്രവത്കരണം, പുത്തൻ സാങ്കേതിക വിദ്യ കൈമാറ്റം, ഡോബി/ജക്കാർഡ് തറികൾ സ്ഥാപിക്കൽ, കമ്പ്യൂട്ടർ ഡിസൈനിംഗ്, വിദഗ്ധ പരിശീലനം തുടങ്ങിയ നിർദ്ദേശങ്ങൾ പലപ്പോഴായി നടപ്പിലാക്കി വരുന്നു. നിലവിലുള്ള സംസ്ഥാന സർക്കാർ വന്നതിന് ശേഷം വളരെയേറെ പ്രാധാന്യത്തോടെ ടെക്നോളജി അപ്ഗ്രഡേഷൻ, പുത്തൻ സാങ്കേതിക വിദ്യകൾ പരമാവധി കൈത്തറികളിലും നെയ്ത്തുകാർക്കും പകർന്നു നൽകാൻ, കമ്പ്യൂട്ടർ സാങ്കേതികവിദ്യ സമുന്നയിച്ചിട്ടുള്ള ഡിസൈൻ രൂപകല്പന, നെയ്ത്തുകാർക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നെയ്തെടുക്കാനുള്ള വിദഗ്ധ പരിശീലനം തുടങ്ങിയവക്കായുള്ള വിവിധ പദ്ധതികൾ അംഗീകരിക്കുകയും ആയവ നടപ്പിലാക്കാനുള്ള നോഡൽ ഏജൻസിയായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂരിനെ തിരഞ്ഞെടുക്കുയും ചെയ്തു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂർ

1987-ൽ വ്യവസായ വകുപ്പിന്റെ കീഴിൽ കണ്ണൂർ ആസ്ഥാനമായി കല്ല്യാശ്ശേരിയിൽ താൽക്കാലിക കെട്ടിടത്തിൽ ഹാൻഡ്‌ലൂം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ കൈത്തറി നെയ്ത്തിലും, ഡയിംഗ്, ഡിസൈനിംഗ് എന്നിവയിൽ വിദഗ്ധ പരിശീലനം നൽകി വന്ന സ്ഥാപനം തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ആന്റ് ടെക്സ്റ്റൈൽസ് എന്ന പുനർ നാമകരണം ചെയ്ത് 1994 തോട്ടടയിൽ സ്വന്തം കെട്ടിടത്തിലേക്ക് മാറുകയും പ്രവർത്തന മേഖല വിപുലപ്പെടുത്തുകയും പരിശീലന പരിപാടികൾക്ക് പുറമേ കൈത്തറി, ടെക്സ്റ്റൈൽസ് ഗാർമെന്റ്, ഫാഷൻ ടെക്നോളജി. കമ്പ്യൂട്ടർഎയ്ഡഡ് ഫാഷൻ ആന്റ് ടെക്സ്റ്റൈൽസ് ഡിസൈനിംഗ് മേഖലകളിൽ വിദഗ്ധ പരിശീലനങ്ങൾക്ക് പുറമേ വിവിധ സർട്ടിഫിക്കറ്റ്/ ഡിപ്ലോമ/ ഫാഷൻ ഡിസൈനിംഗിൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ എന്നിവ ആരംഭിക്കുകയും ചെയ്തു. 2011-ൽ ഈ സ്ഥാപനം ദേശീയ തലത്തിൽ ഐ.ഐ.എച്ച്.ടിയായി ഉയർത്തികൊണ്ടുവരുവാൻ സാധിച്ചു. ഹാൻഡ്‌ലൂം ടെക്നോളജിയിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് തുടക്കം കുറിക്കുകയും എ.ഐ.സി.ടി.ഇ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള കെട്ടിട സൗകര്യങ്ങളും പഠന സൗകര്യങ്ങളും ഒരുക്കുക വഴി 2012-13-ൽ അംഗീകാരം നേടാനും സാധിച്ചു. 2013-ൽ ഹാൻഡ്‌ലൂം ടെക്നോളജി ഡിപ്ലോമ നേടി പുറത്തിറങ്ങിയ ആദ്യ ബാച്ചിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കാമ്പസ് ഇന്റർവ്യൂ വഴി ജോലി നേടാൻ സാധിച്ചു.

ഈ സ്ഥാപനത്തിന്റെ ഭരണകാര്യങ്ങൾക്കും നിയന്ത്രണത്തിനുമായി വ്യവസായ വകുപ്പ് മന്ത്രി ചെയർമാനും, വ്യവസായ വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനായും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനർ, ഗവൺമെന്റിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും പ്രധാന ഓഫീസർമാർ എന്നിവർ അംഗങ്ങളായുള്ള ഗവേണിംഗ് ബോഡിയുണ്ട്.

കൈത്തറി മേഖലയിൽ സാങ്കേതിക വിദ്യാനവീകരണം ലക്ഷ്യമാക്കി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂർ അടുത്ത കാലത്തായി ഏറ്റെടുത്തു നടത്തിയവയിൽ ഏറ്റവും പ്രയോജനകരവും അഭിമാനകരവുമായ ചില പദ്ധതികൾ എടുത്തു പറയേണ്ടവയാണ്.

### 1. ഡവലപ്മെന്റ് ഓഫ് റീജണൽ ബ്രാൻഡ് ഇൻ ഹാൻഡ്‌ലൂം ഇന്റസ്ട്രി

പരമ്പരാഗത കൈത്തറി വ്യവസായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ഗവൺമെന്റ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അത്തരം പദ്ധതികളിൽ കൈത്തറിയുടെ വ്യാപകമായിട്ടുള്ള പ്രചരണവും, വിപണനവും മുൻനിർത്തി തയ്യാറാക്കി നടപ്പിലാക്കിയ ഒരു

നൂതന പദ്ധതിയാണ് കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം (Development of Regional Brand in handloom Industry).


കൈത്തറി വ്യവസായവും നെയ്ത്തുകാരും കൂടുതൽ കേന്ദ്രീകൃതമായ സ്ഥലവും അതത് സ്ഥലത്തെ ഉത്പന്നങ്ങളുടെ പ്രത്യേകതകളും നെയ്ത്തുകാരുടെ വൈദഗ്ധ്യവും കണക്കിലെടുത്ത് ആറ് പ്രാദേശിക മേഖലകളാക്കി തിരിക്കുകയും ആവയ്ക്ക് പ്രാദേശിക വ്യാപാര നാമവും (Brand name) കേരള കൈത്തറിക്ക് പൊതുവായ ഒരു വ്യാപാരനാമവും വ്യാപാര മുദ്രയും (Logo) യും അംഗീകരിച്ച് ഇത് അടിസ്ഥാനമാക്കി ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് തനതായ കൈത്തറി ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നു.

പദ്ധതി പ്രകാരം കാസറഗോഡ്, കണ്ണൂർ, പാലക്കാട്, കൂത്താംമ്പുള്ളി (തൃശ്ശൂർ), ചേമ്പ മംഗലം (എറണാകുളം), ബാലരാമപുരം (തിരുവനന്തപുരം) എന്നീ മേഖലകളായി തിരിച്ച് അതത് മേഖലകളിലെ അനുഷ്ഠാന കലകൾ, ക്ഷേത്രകലകൾ, ചുവർചിത്രങ്ങൾ, കൊട്ടാരങ്ങൾ, കൊത്തുപണികൾ, ഭൂപ്രകൃതി, പ്രകൃതി ദൃശ്യങ്ങൾ എന്നിവയെ ആസ്പദമാക്കി രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിച്ച് പ്രാദേശിക മേഖലകളിൽ നിലവിലുള്ള പരമ്പരാഗത വസ്ത്രങ്ങളുടെ അടിസ്ഥാന ഘടനകൾ, രൂപങ്ങൾ, നിറങ്ങൾ എന്നിവയും നവീന സാങ്കേതിക വിദ്യകളുടെ സഹായത്താൽ ആകർഷീകത വരുത്തിയാണ് ഈ പദ്ധതി പ്രകാരമുള്ള ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും വിപണിയിലിറക്കുകയും ചെയ്തത്.

ഇനിയങ്ങോട്ട് കേരളത്തിലെ കൈത്തറി വസ്ത്രങ്ങൾ കേരള കൈത്തറി എന്ന പൊതു വ്യാപാരനാമത്തിലും വ്യാപാര മുദ്ര പ്രിന്റ് ചെയ്ത പാക്കേജുകളിലും പ്രാദേശിക വ്യാപാര നാമത്തിലും വിപണിയിൽ ലഭ്യമാക്കി സ്വീകാര്യത വർദ്ധിപ്പിക്കാൻ സഹായകമാവും വിധം പത്ര-ദൃശ്യ മാദ്ധ്യമങ്ങൾ, ഹോർഡിംഗ്സ് തുടങ്ങിയ പരസ്യ പ്രചരണങ്ങൾ വഴി വ്യാപക പ്രചരണം നൽകി വിൽപ്പന ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം നേടിയും ഓൺലൈൻ വിൽപ്പന ലക്ഷ്യമിട്ട് ലൂംസ് ഏന്റ് ഹോംസ് എന്ന പേരിൽ ഒരു വെബ്സൈറ്റ് തുടങ്ങുകയും ഉണ്ടായി. (www.looms& homeskerala.com)

**ഗവേഷണവും വികസനവും**

അടുത്ത കാലത്തായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി-കണ്ണൂർ ഏറ്റെടുത്ത മൂന്ന് റിസർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതികളിൽ ഒന്നാമതായി നടപ്പിലാക്കിയത് Handloom cot (കൈത്തറി കട്ടിൽ) എന്ന പദ്ധതിയാണ്.



തറിയും കട്ടിലുമായി ഉപയോഗിക്കാൻ കഴിയുന്ന ഹാൻഡ്‌ലൂം കോട്ട്

നെയ്ത്തുകാരുടെ വീടുകളിലെ സ്ഥലപരിമിതി കണക്കിലെടുത്ത് നെയ്ത്തു ജോലി ചെയ്യുന്ന സമയത്ത് തറിയായി നിവർത്തി സെറ്റു ചെയ്യുകയും രാത്രി സമയത്ത് മടക്കിവെച്ച് കട്ടിലായി രൂപാന്തരപ്പെടുത്തി ഉറങ്ങാനും സാധിക്കുന്ന വിധത്തിൽ രൂപ കൽപ്പന ചെയ്തു നിർമ്മിച്ച തറിയാണ് ഹാൻഡ്‌ലൂം കോട്ട്. ഇതിന്റെ ഘടകങ്ങൾ എല്ലാം തന്നെ ലോഹനിർമ്മിതമാണ്. കൂടാതെ ഈ തറിയിൽ ഊട്നൂൽ പായ്ക്കുന്ന (Picking) പ്രക്രിയ ഒഴികെ മറ്റ് അനുബന്ധ ചലനങ്ങൾ എല്ലാംതന്നെ ഓട്ടോമാറ്റിക്കായി നടക്കുന്നതിനാൽ കൂടിയ ഉത്പാദന ക്ഷമത കൈവരിക്കാൻ സഹായകമാണ് എന്നത് ഇതിന്റെ മികച്ച നേട്ടങ്ങളിലൊന്നാണ്. പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് ലൂം കോട്ടുകൾ നിർമ്മിച്ച് അവ എറണാകുളത്ത് 2014 ആഗസ്ത് 29-ാം തീയ്യതി കൈത്തറി ദിനത്തിൽ നെയ്ത്തുകാരുടേയും കൈത്തറി വ്യവസായികളുടേയും പൊതുജന സമക്ഷവും സമർപ്പിച്ചത്, സംസ്ഥാന വ്യവസായ, ഐ.ടി വകുപ്പുമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയാണ്. ലൂം കോട്ടുകളുടെ വ്യാപാരാടി

സ്ഥാനത്തിലുള്ള ഉത്പാദനം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ഡവലപ്മെന്റ് ഓഫ് നാനോ ഹാൻഡ് വീവിംഗ് മെഷ്യൻ**

പരമ്പരാഗത തറികൾ വീട്ടിനുള്ളിൽ സ്ഥാപിച്ച് തുണികൾ നെയ്തെടുക്കുന്ന സമ്പ്രദായം ഇന്നും നിലനിന്ന് പോരുന്നു. ഇത് സ്ഥലപരിമിതിക്കും വളരെയേറെ അസൗകര്യങ്ങൾക്കും കാരണമാവുന്നു. ഇന്നത്തെ ഉയർന്ന സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയിൽ വീട്ടിനുള്ളിലെ നെയ്ത്തും അതു സൃഷ്ടിക്കുന്ന അസൗകര്യങ്ങളും നെയ്ത്തു തൊഴിലിലേക്ക് പുതിയ തലമുറക്കാരെ ആകർഷിക്കാതിരിക്കാനും നിലവിലുള്ളവർ പലരും തൊഴിലുപേക്ഷിക്കാനും കാരണമാവുന്നുണ്ട്. ഇത് കണക്കിലെടുത്ത് പരമാവധി വലുപ്പം കുറച്ച് ഒരു പ്രത്യേക തരം തറി രൂപകല്പന ചെയ്ത് എളുപ്പത്തിൽ വീടിന്റെ ഏതെങ്കിലും സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് നെയ്ത്ത് നിർവ്വഹിക്കാൻ സാധിക്കുന്നതാകയാൽ കുറെയേറെ പേരെ ഈ തൊഴിലിൽ പിടിച്ച് നിർത്താൻ സാധിക്കും എന്ന വിശ്വാസത്തിലാണ് ഒരു നാനോ ഹാൻഡ് വീവിംഗ് മെഷീൻ രൂപകല്പന ചെയ്ത് നിർമ്മാണമാരംഭിച്ചത്. ഇത് ഈ വർഷം മാർച്ചിന് മുൻപ്തന്നെ പുറത്തിറക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**റിമോട്ട് കൺട്രോൾഡ് ഷട്ടിൽ ലൂം** (Remote Controlled Shuttle Loom)

സാധാരണ കൈത്തറികളിൽ കൈപ്പിടി വലിച്ച് ഓടം (Shuttle) ഓടിച്ചാണ് ഊടു നൂൽ ഇട്ട് തുണിനെയ്യുന്നത്. തുണിയുടെ വീതി കൂടുന്നതിനനുസരിച്ച് കൈപ്പിടി വലിക്കുന്നതിന് നെയ്ത്തുകാർ കൂടുതൽ കൂടുതൽ ശക്തി പ്രയോഗിക്കേണ്ടതായി വരുന്നു. ഇത് അവരെ തളർത്തുകയും ഉത്പാദന ക്ഷമത ഒരേ അളവിൽ നിലനിർത്താൻ കഴിയാതെ വരികയും ചെയ്യുന്നു. ഇത് ഉത്പാദന കുറവിന്നും വരുമാന നഷ്ടത്തിനും കാരണമാവുന്നു. ഇതിന് ഒരു പരിഹാരം എന്ന നിലക്കാണ് ആയാസ രഹിതമായി വീതികൂടിയ തുണിത്തരങ്ങൾ പോലും നെയ്യുവാനുതകുന്ന വിധത്തിൽ ഒരു ഉപകരണം രൂപകല്പന ചെയ്ത് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മാണത്തിന് ഒരുക്കം കൂട്ടുന്നത്. വിജയത്തിലെത്തിയാൽ നെയ്ത്ത്കാർക്ക് വലിയ കായികാദ്ധ്വാനമില്ലാതെ, കൈപ്പിടി ശക്തിയോടെ വലിക്കാതെ, കൈയ്യുലേന്തിയ റിമോട്ട് സ്വിച്ച് ഓപ്പറേറ്റ് ചെയ്ത് വീതികൂടിയ തുണിത്തരങ്ങൾ അനായാസം നെയ്തെടുക്കാൻ സാധിക്കും അങ്ങനെ കൂടിയ തോതിൽ ഉല്പാദന വർദ്ധനവ്, വരുമാന വർദ്ധനവ് സാദ്ധ്യമാവുന്നു. തറിപരിഷ്ക്കരണം, അഡ്വാൻസ്ഡ് ടെക്നോളജി ട്രാൻസ്ഫർ, നവീന നെയ്ത്തുപകരണങ്ങൾ സ്ഥാപിക്കൽ മൂല്ല്യ വർദ്ധിത ഉല്പന്ന വികസനം, വിദഗ്ധ പരിശീലനങ്ങൾ തുടങ്ങി ഈ മേഖലയുടെ സംരക്ഷണത്തിനും നിലനിൽപ്പിനും, പരിപോഷണത്തിനുമായി വിവിധങ്ങളായ പദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത കൈത്തറി ഉല്പന്നങ്ങൾക്ക് പുറമെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കുതകുന്ന വൈവിദ്ധ്യമാർന്ന മൂല്ല്യ വർദ്ധിത ഇനങ്ങളും മാർക്കറ്റിൽ ലഭ്യമാക്കുവാൻ സാധിക്കുക വഴി ഒരു പരിധിവരെ കൈത്തറി മേഖലയെ നിലനിർത്തി കൊണ്ടു വരാനും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയാനും സാധിക്കുന്നു. എന്നിരുന്നാലും നിലവിലുള്ള ബഹുഭൂരിപക്ഷം നെയ്ത്തു തഴിലാളികളുടെയും പ്രായം 45 മുതൽ 60 വയസ്സിനും ഇടയിലാണ് എന്നതും പുതിയ നെയ്ത്തുകാർ കടന്നുവരാൻ മടി കാണിക്കുന്നു എന്നതും കണക്കിലെടുത്താൽ കൈത്തറി മേഖലയുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കാൻ ഇടവരാം. ആയതിനാൽ മേഖലക്ക് മുതൽകൂട്ടാകും വിധം ബൃഹത്തായ ഒരു പരിശീലന പദ്ധതിയും, പരിശീലനത്തിന് ശേഷം തറിയുൾപ്പെടെയുള്ള തൊഴിലുപകരണങ്ങളും തുടർച്ചയായ തൊഴിലും ലഭ്യമാക്കാനുള്ള സംവിധാനവും സർക്കാർ തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടത് കൈത്തറി മേഖലയുടെ നിലനിൽപ്പിന് ആവശ്യമാണ്.

**കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയുടെ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ലേഖകൻ**



# മനുഷ്യ–വന്യജീവി സംഘർഷം; സംരക്ഷണരംഗത്തെ വെല്ലുവിളികൾ

ഡോ. ഈസ

**വനപ്രദേശങ്ങളിലെ തലമുതിർന്ന കാരണവന്മാർ ഇന്ന് വന്യജീവികളിൽ നിന്നുമുള്ള ശല്യം കുറവാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. പ്രധാനപ്രശ്നം മനുഷ്യരുടെ സമീപനത്തിൽ വന്നമാറ്റമാണ്, അവരുടെ സഹനശക്തിയിൽ വന്നകുറവാണ്. സഹജീവികളോട് താദാത്മ്യം പ്രാപിച്ചിരുന്ന തലമുറ ഏതാണ്ടില്ലാതായി എന്ന്തന്നെ പറയാം. അതുകൊണ്ടു തന്നെയാണ് തൊട്ടടുത്ത പറമ്പിലും നാട്ടിൻ പുറങ്ങളിലും കാണുന്ന പാമ്പുകളെ പിടിക്കണമെന്ന് ആവശ്യമുയരുന്നത്.**

**മ**നുഷ്യരും വന്യജീവികളും സൗഹൃദത്തിൽ, പ്രകൃതിയുടെ ഭാഗമായി കഴിഞ്ഞിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. പരസ്പര ബഹുമാനത്തോടെ പരസ്പരാശ്രയത്തോടെ കഴിഞ്ഞിരുന്ന അവസ്ഥക്ക് കാലാന്തരത്തിൽ മാറ്റമുണ്ടായി. സൗഹൃദം സംഘർഷമായി മാറി. പലപ്പോഴും സംഘർഷമെന്ന് വിളിക്കുന്നത് മനുഷ്യരുടെ താല്പര്യങ്ങൾക്ക് തടസ്സം അല്ലെങ്കിൽ നാശംവരുമ്പോഴാണ്. എന്നാൽ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിനെ നിർവ്വചിക്കുകയാണെങ്കിൽ രണ്ടു കൂട്ടരുടെയും തല്പാര്യങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥ എന്ന് പറയേണ്ടിവരും.

ഈ സംഘർഷത്തെക്കുറിച്ചുള്ള വാർത്തകൾ കേൾക്കുമ്പോൾ ഇത് പുതിയ ഒരു സംഭവമാണ് എന്ന തോന്നൽ ഉളവാക്കുന്നു. പക്ഷേ വന സംബന്ധമായ ചരിത്രം പരിശോധിച്ചാൽ ഇത് ശരിയല്ലാ എന്ന് മനസ്സിലാകും. വയനാട്ടിലൂടെ സഞ്ചരിച്ച ബ്രട്ടീഷധികാരികൾ ആയിരത്തിത്തൊള്ളായിരാമാണ്ടിൽ പോലും കൃഷി സംരക്ഷണത്തിനുള്ള ഏറുമാടങ്ങൾ നിരവധി ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂറിലെ 1818 ലെ ഒരു രാജവിളംബരത്തിൽ വന്യ മൃഗങ്ങൾമൂലമുള്ള കൃഷിനാശത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും പറയുന്നു. വനപ്രദേശങ്ങളിലെ തലമുതിർന്ന കാരണവന്മാർ ഇന്ന് വന്യജീവികളിൽ നിന്നുമുള്ള ശല്യം കുറവാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. പ്രധാനപ്രശ്നം മനുഷ്യരുടെ സമീപനത്തിൽ വന്നമാറ്റമാണ്, അവരുടെ സഹനശക്തിയിൽ വന്നകുറവാണ്. സഹജീവികളോട് താദാത്മ്യം പ്രാപിച്ച് വന്ന തലമുറ ഏതാണ്ടില്ലാതായി എന്ന് തന്നെ പറയാം. അതുകൊണ്ടു തന്നെയാണ് തൊട്ടടുത്ത പറമ്പിലും നാട്ടിൻ പുറങ്ങളിലും

കാണുന്ന പാമ്പുകളെ പിടിക്കണമെന്ന് ആവശ്യമുയരുന്നത്.

കൃഷിരീതിയിൽ വന്നമാറ്റവും ഇതോടൊപ്പം പ്രധാനമാണ്. ഇന്നത്തെ കൃഷിരീതികളിൽ നമ്മൾ ധാരാളം പണം വളത്തിനായും കീടനാശിനികൾക്കായും ജലസേചനത്തിനായും ചെലവാക്കുന്നു. അതുകൊണ്ട് ഉണ്ടാകുന്ന കൃഷിനാശം താങ്ങാവുന്നതിനുപ്പുറമാകുന്നു. അതോടൊപ്പം നാണ്യവിളകൾക്ക് പ്രാധാന്യം കൊടുക്കുന്ന സംസ്കാരം കൂടിയാകുമ്പോൾ നഷ്ടത്തിന്റെ തോത് വർദ്ധിക്കുന്നു.

വന്യജീവികൾ കൃഷിയിടങ്ങളിലേക്ക്, മനുഷ്യ വാസമുള്ളിടത്തേക്ക് ഇറങ്ങുന്നതിന് നിരവധി കാരണങ്ങൾ പറയാറുണ്ട്. വന്യ ജീവികളുടെ ആവാസവ്യവസ്ഥയിൽ വന്ന കുറവ്, ആവാസ വ്യവസ്ഥകൾ കഷണങ്ങളായതിന്റെ പ്രശ്നങ്ങൾ, ആവാസവ്യവസ്ഥയുടെ ശോഷണം തുടങ്ങി നിരവധി കാരണങ്ങൾ. വന്യജീവികൾക്ക് ഭക്ഷണം അതിന്റെ പ്രകൃതയാ ഉള്ള പ്രദേശങ്ങളിൽ കുറവായതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന വാദഗതി ശരിയല്ലാ എന്നാണ് ലേഖകനും മറ്റുള്ളവരും നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത്. അതേ സമയം വളരെ പോഷക സമൃദ്ധമായ വിളകൾ ഭക്ഷിക്കുന്നതിന് വേണ്ടിയുള്ള ശ്രമമാണ് വന്യജീവികളുടേതെന്ന് മറ്റൊരു വ്യാഖ്യാനവും ഉണ്ട്. ഒരു പക്ഷേ ഈ ഘടകങ്ങളെല്ലാം ഇതിന് കാരണമാകാം. ഇതോടൊപ്പം പ്രാധാന്യമുള്ള മറ്റൊരു കാരണം ആവാസവ്യവസ്ഥകൾക്കുള്ളിലെ മനുഷ്യ വാസവും കൃഷിയുമാണെന്നതിൽ തർക്കമില്ല. വനാന്തരങ്ങളിൽ, വനത്തിനടുത്ത് താമസിക്കുമ്പോൾ നേരിടേണ്ടി വരുന്ന ചില വെല്ലുവിളികളാണിവ എന്ന സത്യം അവശേഷിക്കുന്നു.

ഇതൊക്കെയാണെങ്കിലും നൂറ് വർഷങ്ങൾക്ക് ശേഷം ഛത്തീസ്ഘട്ടിലേക്ക് ആനകൾ കൂട്ടമായി വന്ന് ആ പ്രദേശങ്ങൾ ഉപയോഗിച്ച് തുടങ്ങിയതിനെക്കുറിച്ച് ഇപ്പോഴും തൃപ്തികരമായി ഒരുത്തരം നൽകുവാൻ കഴിഞ്ഞിട്ടില്ല. തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിലെ ചിറ്റോർ ഭാഗത്തേക്ക് നീങ്ങി കൗണ്ടിന്യ വന്യജീവിസംരക്ഷണകേന്ദ്രത്തിൽ നിലയുറപ്പിച്ച ആനകളെ കുറിച്ചും കർണ്ണാടകയിൽ



നിന്നും മഹാരാഷ്ട്രയുടെ ഭാഗങ്ങളിലേക്ക് കുടിയേറിയ ആനകളെക്കുറിച്ചും അങ്ങനെതന്നെ.

കാരണങ്ങൾ എന്തൊക്കെ ആയാലും ലോകമെമ്പാടും വന്യജീവിപരിപാലകരും ജനങ്ങളും ഈ വെല്ലുവിളി നേരിടുന്നു എന്നത് യാഥാർത്ഥ്യമാണ്. ആനകളിൽ നിന്നും രക്ഷനേടുവാൻ കൃഷിയിടങ്ങൾക്ക്, മനുഷ്യവാസ പ്രദേശങ്ങൾക്ക് ചുറ്റും ആഴത്തിലും വീതിയിലുമുള്ള കിടങ്ങുകൾ ഉണ്ടാക്കി രക്ഷനേടുവാനുള്ള ശ്രമം പൂർണ്ണമായി വിജയിച്ചിട്ടില്ല. പല സ്ഥലങ്ങളിലും ആനകൾ കിടങ്ങിൽ ഇറങ്ങികയറുന്ന സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തന്നെയുമല്ല, ഇതിന്റെ ചെലവ് വളരെ കനത്തതുമാണ്. പലയിടത്തും ഇത് പ്രായോഗികവുമല്ല. ഇന്ന് മിക്കസ്ഥലങ്ങളിലും ജനങ്ങൾ മുറവിളി കൂട്ടുന്നത് വൈദ്യുതി കമ്പിവേലികൾ അഥവാ Solar Powered Fencing ന് വേണ്ടിയാണ്. നിശ്ചിത സെക്കന്റുകൾ ഇടവിട്ട് പ്രവഹിക്കുന്ന ശക്തമായ വൈദ്യുതാഘാതമേറ്റാൽ ജീവികൾക്ക് ജീവഹാനി സംഭവിക്കില്ല. തന്നെയുമല്ല, പല



പ്പോഴും ഇതൊരു മാനസിക തടസ്സമായി രൂപാന്ത രപ്പെടുകയും ചെയ്യും. ഇതിന്റെ ചെലവ് കൂടുത ലാണെങ്കിലും കൃത്യമായ പരിപാലനം ഇതിനാവ ശ്യമാണ്. ഒരു പുൽചെടിമുട്ടിയാൽ, വള്ളി പടർന്നാൽ ഇതിന്റെ വൈദ്യുതി നഷ്ടം സംഭവിച്ച് ഒട്ടും തന്നെ ഫലപ്രദമല്ലാതാകും. പലേസ്ഥലങ്ങ ളിലും ഇത്തരം വേലികൾ തകർക്കുവാൻ ആന കൾ പഠിച്ച് കഴിഞ്ഞു. ആനക്കൊമ്പുകൾ വൈദ്യുതി പ്രവഹിപ്പിക്കാത്തതുമൂലം കൊമ്പുപ യോഗിച്ചും ചില സ്ഥലങ്ങളിൽ ഉണക്കമരങ്ങൾ ഉപയോഗിച്ച് പോലും ആനകൾ ഇത്തരം കമ്പി കൾ തകർക്കാറുണ്ട്. ഇതിലെല്ലാമുപരി ഇത്തരം വൈദ്യുതി വേലികൾ സംരക്ഷിക്കുന്നതിൽ ഇതിന്റെ ഗുണഭോക്താക്കൾ തന്നെ ശുഷ്കാന്തി കാണിക്കുന്നില്ല എന്നതും പ്രശ്നമാണ്.

വിവിധതരത്തിലുള്ള ശബ്ദങ്ങൾ പുറപ്പെടു വിച്ച് വന്യ ജീവികളെ അകറ്റി നിർത്തുവാനുള്ള ശ്രമം പണ്ട് തൊട്ടേ ഉണ്ടായിട്ടുണ്ട്. പടക്കം പൊട്ടിക്കുക, പൊട്ടി ചെണ്ട കൊട്ടുക തുടങ്ങിയവ ഇതിൽപെടും. വന്യ ജീവികളുടെ സാന്നിദ്ധ്യം ഉണ്ടായാൽ ശബ്ദം മുഴക്കുന്ന സൈറൺ തുട ങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ ശ്രീലങ്ക യിൽ കണ്ടിട്ടുണ്ട്. പകൽ മുഴുവൻ ജോലി ചെയ്ത് ക്ഷീണിച്ചകർഷകന് രാത്രിയിൽ ഇറങ്ങുവാനും സൈറന്റെ ശബ്ദത്തിൽ ജാഗ്രത പുലർത്തുവാനും സാധിക്കുന്ന ഈ സംവിധാനം ഒരു പരിധി വരെ സഹായകരമാണ്. തേനീച്ചകളുണ്ടാകുന്ന പ്രത്യേക ശബ്ദം ആനകൾക്ക് അരോചകമാണ് എന്ന തത്വ ത്തിന്റെ അടിസ്ഥാനത്തിൽ തേനീച്ചകൂടുകൾ സ്ഥാപിക്കുന്ന പദ്ധതികൾ കെനിയയിൽ ഫലപ്ര ദമായിരുന്നു. എന്നാൽ ശ്രീലങ്കയിലും ഇന്തോനേ ഷ്യയിലും ഇത് ഫലം കണ്ടില്ല. വയനാട്ടിൽ പരീ ക്ഷണാടിസ്ഥാനത്തിൽ ഇതിനുള്ള ശ്രമം നടക്കു ന്നുണ്ട്. കടുവകളുടെ ശബ്ദം റെക്കോർഡ് ചെയ്ത് ആനകളെ തുരത്തുവാനുള്ള ശ്രമങ്ങളും പരാജയപ്പെട്ടു.

ആനപിണ്ഡവും മുളകും ചേർത്ത മിശ്രിതം പുകച്ച് വന്യമൃഗങ്ങളെ പ്രത്യേകിച്ച് ആനകളെ അകറ്റി നിർത്തുവാനും ശ്രമിക്കാറുണ്ട്. കൃഷിയി ടങ്ങൾക്ക് ചുറ്റും മുളക് കൃഷി-വേലികളും ശ്രമി



ച്ചിട്ടുണ്ട്. തായ്‌ലന്റിൽ ഉപയോഗ ശൂന്യമായ കോംപാക്ട് ഡിസ്കുകൾ (CD) കെട്ടിത്തൂക്കി ആനകളെ വിരട്ടുവാൻ നടത്തിയ ശ്രമം പരാജയ പ്പെട്ടു. നിലാവുള്ള രാത്രികളിൽ ഇതിന്റെ പ്രതിഫ ലനവെളിച്ചം ആനകളെ അകറ്റി നിർത്തുമെന്നായി രുന്നു പ്രതീക്ഷ.

മ്ലാവുകൾ കൃഷിനശിപ്പിക്കുന്നത് തടയുവാ നായി സോപ്പ് കെട്ടിത്തൂക്കുന്നത് മറയൂരിൽ കണ്ടി ട്ടുണ്ട്. മതിലുകൾ കെട്ടി അകറ്റി നിർത്തുവാനു ണ്ടായ ശ്രമം ആനകൾ മറികടന്നിരുന്നു. ആറളത്ത് മതിലിന്റെ ഉയരം വർദ്ധിപ്പിക്കേണ്ടിവന്നു. തന്നെ യുമല്ല. ഇത്തരം മതിലുകൾ ഭീകരമായ ചെലവ് പോലെ തന്നെ, ആധുനിക ലോകത്ത് പരിപാലന രീതികളോട് ഒട്ടും യോജിക്കുന്നതുമല്ല.

ബംഗാളിലെ സുന്ദർബൻസ് ടൈഗർ റിസർവ്വ് കന്നുകാലികളെ പിടിക്കുന്ന നരഭോജി കളായ കടുവകൾക്ക് കുപ്രസിദ്ധമായിരുന്നു. കണ്ടൽക്കാടുകളാൽ പ്രസിദ്ധമായ ഈ പ്രദേ ശത്ത് മനുഷ്യവാസമുള്ള പ്രദേശങ്ങൾക്ക് സമീപം അതിർത്തികളിൽ വെള്ളത്തിൽ പൊന്തികിട

ക്കുന്ന വലകൾ സ്ഥാപിച്ചിട്ടുണ്ട്. വേലിയേറ്റത്തിനും വേലിയിറക്കത്തിനും അനുസരിച്ച് പൊങ്ങുകയും താഴുകയും ചെയ്യുന്ന ഈ വലകൾ കടുവകളെ കാടതിർത്തിയിൽ നിന്നും പുറത്തേക്ക് പോകാതെ തടയുന്നതിൽ സഹായിക്കുന്നു.

പുള്ളിപ്പുലികൾ നാട്ടിലേക്കിറങ്ങുന്നു എന്ന വാർത്ത ഇപ്പോൾ സർവ്വസാധാരണമാണ്. പുള്ളിപ്പുലികൾക്ക് നിബിഡവനങ്ങളേക്കാൾ പ്രിയം കുറ്റിച്ചെടികളുള്ള പ്രദേശമാണ്. വനാതിർത്തികളിൽ ഉള്ള പ്രദേശങ്ങൾ പലതും ഈ തരത്തിലുള്ള കാടുകൾ ആയതിനാലും അതിർത്തി പ്രദേശങ്ങളിൽ ധാരാളം കന്നുകാലികളെ അദ്ധ്വാനം കൂടാതെ ലഭിക്കുന്നതിനാലും പുള്ളിപ്പുലികൾ ഈ അവസരം ഉപയോഗിക്കുന്നു. സ്ഥിരം പ്രശ്നമുണ്ടാക്കുന്ന പുലികളെ പിടിച്ച് കാട്ടിൽ വീണ്ടും വിടരുതെന്നും അവയെ സ്ഥിരമായി കൂട്ടിലടക്കുകയായിരിക്കും ഉത്തമമെന്നും ഇന്ത്യാഗവൺമെന്റ് ഓർമ്മപ്പെടുത്തുന്നു.

ഇന്ത്യയിലെവിടേയും പ്രധാന പരാതി കാട്ടുപന്നിയെക്കുറിച്ചാണ്. കാടും - മനുഷ്യ വാസപ്രദേശങ്ങളും കൂടിച്ചേരുന്ന പ്രദേശങ്ങളിൽ കാട്ടുപന്നികൾക്ക് അനുയോജ്യമായ എല്ലാ സൗകര്യങ്ങളുമുണ്ട്. എന്തായാലും കൃഷിയിടങ്ങളിൽ ഇറങ്ങുന്ന കാട്ടുപന്നികളെ ലൈസൻസുള്ള തോക്കുകൾ ഉപയോഗിച്ച് വെടിവക്കാമെന്നും വിവരം അടുത്തുള്ള വനംവകുപ്പധികൃതരെ കൊല്ലപ്പെട്ട ജീവിയെ സഹിതം അറിയിക്കണമെന്നും കേരള സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഏതൊരു ജീവിയേയും യാതൊരു നിയന്ത്രണവുമില്ലാതെ കൊന്നൊടുക്കുന്നത് അതിന്റെ വംശനാശത്തിന് കാരണമായേക്കുമെന്നതിനാലാണ് നിയന്ത്രണത്തോടെയുള്ള ഈ അനുമതി നൽകിയിരിക്കുന്നത്.

നാടൻ കുരങ്ങുകളെക്കുറിച്ചുള്ള പരാതികളും സർവ്വ സാധാരണമാണ്. സാധാരണ ഭക്ഷണം കഴിച്ച് നടക്കുന്ന നാടൻ കുരങ്ങുകൾക്ക് മനുഷ്യർ, പ്രത്യേകിച്ച് ടൂറിസം കേന്ദ്രങ്ങളിൽ ഭക്ഷണം കൊടുത്താണ് ഇത്തരം ദുശ്ശീലങ്ങൾ പഠിപ്പിക്കുന്നത്. എന്നാലും ചില പ്രദേശങ്ങളിൽ കുരങ്ങുകൾ ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ കുറച്ച് കാണുവാനാകില്ല. വനത്തോടടുത്ത് കിടക്കുന്ന ചില പ്രദേശങ്ങളിൽ മലയണ്ണാൻ തെങ്ങുകൾക്കുണ്ടാക്കുന്ന പ്രശ്നങ്ങളും ചെറുതല്ല.

വനാതിർത്തികളിലും വനത്തിനകത്തുള്ള കൃഷിയിടങ്ങളിലും ഇന്നും ഫലപ്രദമായ പരിഹാരം മനുഷ്യന്റെ കാവൽ തന്നെയാണ്. കൃഷി നഷ്ടത്തിന് സമാശ്വാസ ധനം (നഷ്ടപരിഹാരം) കൊടുക്കുന്നതിന് പകരം സർക്കാർ ചെലവിൽ നാട്ടുകാർ തന്നെ ഏർപ്പാട് ചെയ്യുന്ന കാവൽക്കാരെ നിയോഗിക്കാവുന്നതാണ്. കൃഷി നഷ്ടം ഉണ്ടാകാതിരിക്കുവാൻ ഇത് സഹായിക്കും. കർഷകരുടെ കൂട്ടായ്മ ഇതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഇത്തരം കാവലുകൾ ഏർപ്പെടുത്തുന്ന സ്ഥലങ്ങളിൽ സമാശ്വാസ ധനം കൊടുക്കാതിരിക്കുകയും ചെയ്യാം.

ഓരോ സ്ഥലത്തിനനുസരിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. വന്യജീവികളുടെ എണ്ണത്തെക്കുറിച്ചും അവയുടെ വിന്യാസത്തെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടാക്കുകയും ശാശ്വതമായ പരിഹാരം തേടുകയും ചെയ്യേണ്ടത് വന്യജീവി പരിപാലനരംഗത്ത് പ്രവർത്തിക്കുന്നവരുടെ ബാദ്ധ്യത തന്നെയാണ്. ഓരോ പ്രദേശത്തും ആനകൾ ഉൾപ്പെടെ നിരവധി വന്യമൃഗങ്ങൾ കൃഷിനാശത്തെതുടർന്ന് കൊല്ലപ്പെടുന്നുണ്ടെന്നതും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. വൈദ്യുതാഘാതമേറ്റും വിഷം നിറച്ച ഭക്ഷണം കഴിച്ചും കഴിഞ്ഞ പത്തുവർഷങ്ങൾക്കിടയിൽ നൂറു കണക്കിന് ആനകൾ കൊല്ലപ്പെട്ടിട്ടുണ്ട്. മനുഷ്യർക്കും വന്യജീവികൾക്കും സംരക്ഷണം നൽകുന്ന ഒരു നയവും പ്രശ്ന പരിഹാരവും ഉരുത്തിരിയേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സഹകരണവും പിന്തുണയും ഉറപ്പാക്കി വന്യജീവി സംരക്ഷണ പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

**കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുൻ ഡയറക്ടറും, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ് മെമ്പറുമാണ് ലേഖകൻ**

# അന്താരാഷ്ട്രതലത്തിൽ എണ്ണവിലയുടെ ഗതിവിഗതികൾ

**ഹിരൺമയ് റോയ്, അനിൽകുമാർ, വിജയ് ഷെഖാവത്**

**ഇന്ന് ഇന്ധന വിപണിയിൽ അഭാവത്തിന്റെ കരിനിഴലില്ല. മറിച്ച് ലഭ്യതയുടെ പരിപൂരിതമായ സ്ഥിതിയാണുള്ളത്. യു.എസ്. ഉല്പാദനവർദ്ധനവിന് പുറമെ, ഇറാഖും, വർദ്ധിച്ച ഉല്പാദനശേഷിയോടെ വിപണിയിൽ പ്രവേശിക്കുന്നു. അംഗോള തുടങ്ങിയ പ്രമുഖ ആഫ്രിക്കൻ ഉല്പാദക രാജ്യങ്ങളുടെ കടന്ന് വരവ് ദൃശ്യമാണ്. ഗതകാല പ്രൗഢിയോടെ റഷ്യയും ഉല്പാദനശേഷി തെളിയിച്ചിരിക്കുകയാണ്. വിപണയിൽ ശുഭാപ്തി വിശ്വാസം തളിരിട്ടു കഴിഞ്ഞു.**

സമകാലിന ഇന്ധനവിലയുടെ സ്ഥിതിഗതികൾക്ക് 1970 കളിലെയും 1980 കളിലെയും സംഭവങ്ങളോട് സാദൃശ്യമുണ്ട് എന്ന് പറയാം. ഒരു സമയത്തുണ്ടാകുന്ന വിലക്കയറ്റം പിന്നീട് പാശ്ചാത്യ മേഖലയിലെ എണ്ണ ഉല്പാദന വർദ്ധനയ്ക്ക് കാരണമായിതീരുന്ന അനുഭവമാണ് അത്. കുറഞ്ഞ വിലനിലവാരം എപ്പോഴും വർദ്ധിച്ച ഉല്പാദനത്തിന് തടസ്സമായി തീരാറുണ്ട്. എണ്ണപാടങ്ങളുടെയും അനുബന്ധ വിഭവങ്ങളുടെയും സാങ്കേതിക ഘടകങ്ങൾ സമാഹരിക്കുന്നതിനും ഉല്പാദനം ലാഭകരമാക്കി മാറ്റുന്നതിനും കുറഞ്ഞ വില നിലവാരം തീരെ സഹായകരമല്ല. 1970 കളിൽ വിപണിയിൽ അലാസ്കാ, ഉത്തരസമുദ്ര പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും വർദ്ധിച്ചതോതിൽ ഇന്ധന ലഭ്യത ഉണ്ടാവുകയും ആഗോളവില നിലവാരത്തെ പിടിച്ചുനിർത്തുകയും ചെയ്തു. ഈ രീതിയിൽ ഇന്ധനവിപണിയിലുണ്ടായ നിശ്ചലാവസ്ഥ ഏതാണ്ട് പുതിയ സഹസ്രാബ്ദത്തിന്റെ തുടക്കംവരെ നിലനിൽക്കുകയുണ്ടായി.

1973 മുതൽ എണ്ണവിപണിയിൽ വിലക്കയറ്റം അനുഭവപ്പെട്ടപ്പോൾ ഒ.പി. ഇ. സി എന്ന സ്ഥാപനം ഒരു നിയന്ത്രണാധികാരിയുടെ ചുമതല സ്വയം ഏറ്റെടുക്കുകയുണ്ടായി. ദശലക്ഷക്കണക്കിന് ബാരൽ ഇന്ധനം ഹ്രസ്വകാലാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനുള്ള ശേഷിയാണ് ഒ.പി. ഇ.സി.യെ ആഗോള ഇന്ധന വിപണിയിൽ അവസരോചിതമായ ഇടപെടൽ നടത്താൻ സജ്ജമാക്കിയിട്ടുള്ളത്. 1980 കളിൽ ആഗോളതലത്തിൽ ഉണ്ടായിരുന്ന അധിക ഉല്പാദനശേഷി പൂർണ്ണമായും ഒ.പി. ഇ.സിയുടെ കൈവശം തന്നെയായിരുന്നു. അതിനാൽ ഈ മേഖലയ്ക്കു പുറത്തുള്ള ഉല്പാദകരാജ്യങ്ങളായ, അമേരിക്ക, ക്യാനഡ, റഷ്യ തുടങ്ങിയവർ - വിലനിലവാരത്തെ പരിഗണിക്കാതെ കഴിവനുസരിച്ച് ഉല്പാദനം നടത്തുക എന്ന നയം പിൻതുടർന്നപ്പോഴും, ഒ.പി.ഇ.സി. വിപണിയെയും വിലനിലവാരത്തെയും സമഗ്രമായി വിലയിരുത്തിക്കൊണ്ടുള്ള ഉല്പാതന ശൈലിയാണ് അവലംബിച്ചു പോന്നത്.

അധിക ഉല്പാദന ശേഷിയുടെ മുഖ്യപങ്കും സൗദി അറേബ്യയുടെ ഉടമസ്ഥതയിലായിരുന്നു. 1970 മുതൽ ഈ രാജ്യം ഉല്പാദനത്തിന്റെ തോതിൽ ബോധപൂർവ്വം മിതത്വം പാലിക്കുകയുണ്ടായി. വിലതകർച്ച ഒഴിവാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. വിപണി നിയന്ത്രിക്കുന്നതിനുള്ള മാതൃകാപരമായ സമീപനത്തെക്കുറിച്ച് സൗദി അറേബ്യയും ഒ.പി. ഇ.സി.യുമായി അഭിപ്രായ ഭിന്നതയും ഉണ്ടായിട്ടുണ്ട്. നിശ്ചിത ക്വോട്ടയുടെ അടിസ്ഥാനത്തിൽ അംഗരാജ്യങ്ങൾ ഉല്പാദനം കൂട്ടിയും കുറച്ചും  മുന്നോട്ട് പോകണം എന്ന് ഒ.പി.ഇ.സിയും ലഭ്യതയെ നിയന്ത്രിക്കുന്നതിനുപകരം, ഒരു നിശ്ചിതവിലയെ സുനിശ്ചിതമാക്കണം എന്ന് സൗദി അറേബ്യയും നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. വിലയിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്ന ചോദ്യത്തിനനുസരിച്ച് ഉല്പാദനം നടത്തുക എന്നതാണ് അഭികാമ്യം എന്ന് സൗദി അറേബ്യ ചിന്തിച്ചിരുന്നു. ഈ അടിസ്ഥാനത്തിൽ 1970 കളിൽ 10 ദശലക്ഷം ബാരൽ എണ്ണ ഉല്പാദിപ്പിച്ചിരുന്ന സൗദിഅറേബ്യ 1985-ൽ 3 ദശലക്ഷം ബാരലായി ഉല്പാദനം കുറച്ചു കൊണ്ടുവന്നതായി കാണാം.

ഈ രീതിയിൽ ഒരു നിശ്ചിത പരിധിയിൽ താഴെ പെട്രോളിയം വിലക്ക് മാന്ദ്യം സംഭവിച്ചാൽ ഉല്പാദനം കുറയുക തന്നെ ചെയ്യുന്നു. ഉല്പാദന ചെലവ് കൂടിയ എണ്ണപ്പാടങ്ങളിലും ഉപഭോഗകേന്ദ്രങ്ങളിൽ നിന്നും വിദൂരസ്ഥമായവയിലുമാണ് ഉല്പാദനം പെട്ടെന്ന് നിറുത്തിവയ്ക്കുന്നത്. വിലയിലെ മാന്ദ്യം മാറുകയും വിപണി സമ്മർദ്ദങ്ങൾക്ക് അയവുവരികയും ചെയ്യുന്നു. അതിനാലാണ് ഇന്ധനവിലയുടെ കയറ്റിറക്കം നിയന്ത്രിക്കുന്നതിൽ സൗദി അറേബ്യ നിർണ്ണായക പങ്ക് വഹിച്ചുപോരുന്നതായി വിദഗ്ധർ വിശ്വസിക്കുന്നത്. വിപണിയിൽ ക്ഷോഭങ്ങൾ ഒഴിവാക്കുന്നതിനും പാശ്ചാത്യ ഉല്പാദകരെ വരച്ചവരയിൽ നിറുത്തുന്നതിനും സൗദി അറേബ്യക്ക് കെല്പുണ്ടായിരുന്നു.

എന്നാൽ ഇന്ന് ഈ സ്ഥിതിക്ക് മാറ്റം സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. സൗദി അറേബ്യയുടെ പക്കൽ അധിക ഉല്പാദനശേഷി ഇല്ലാതായിരിക്കുന്നു; അധിക കയറ്റുമതിയിലൂടെ വിപണിപോഷണത്തിനുള്ള സാദ്ധ്യകതയ്ക്ക് മങ്ങലേറ്റു കഴിഞ്ഞു. 1990 കൾക്കുശേഷം, ഇന്ധനവിപണിയെ സംബന്ധിച്ച ഏറ്റവും ശ്രദ്ധേയമായ നിസ്സഹായാവസ്ഥ, സൗദി അറേബ്യയുടെ ഉല്പാദനതോത് അതിന്റെ ഉയർന്നതലത്തിൽ സ്ഥിത പ്രാപ്തമായിരിക്കുന്നു, എന്നത് തന്നെയാണ്. ഇതുമൂലം ഒ.പി. ഇ.സി കൂട്ടായ്മക്ക് വിലനിയന്ത്രണത്തിലുണ്ടായിരുന്ന സ്വാധീനം അപ്രത്യക്ഷമായി, അംഗരാജ്യങ്ങൾക്ക് ക്വോട്ട അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങളും ഇപ്പോൾ അപ്രസക്തമായിട്ടുണ്ട്. അംഗരാജ്യങ്ങളുടെ മേൽ ഉല്പാദനനിയന്ത്രണം ഏർപ്പെടുത്തുക ദുഷ്കരമായതിനാൽ, പെട്രോളിയം ലഭ്യത നിയന്ത്രിക്കാനുള്ള ഒ.പി. ഇ.സിയുടെ കഴിവ് നാമമാത്രമാണ്.

1980 കൾക്കു ശേഷം ഇന്ധന വിലയുടെ ഉയർച്ചകളെ മുഖ്യപ്രേരകശക്തി സാമ്പത്തികരംഗത്തെ സ്തൂല  ചലനങ്ങൾ തന്നെയാണ്. 2000 ന്റെ തുടക്കം മുതൽ  ആഗോളരംഗത്തെ ധനപരമായ ഘടകങ്ങളാണ് ചാലകങ്ങളായി തീർന്നിട്ടുള്ളത്. 2004-10 കാലയളവിൽ ഇന്ധനവിലയിൽ 65 ശതമാനം വർദ്ധനവ് അനുഭവപ്പെട്ടതിൽ 44 ശതമാനം വർദ്ധനവിന്റെയും മൂലകാരണം ധനപരമായ സ്വാധീനമായിരുന്നു എന്ന വസ്തുകയുടെ അടിസ്ഥാനത്തിലാണ് ഇന്ധനവിലയുടെ മൂന്നാം അതിപ്രസരം, 'ഒരു സ്തൂലധനകാര്യ പ്രതിഭാസം' എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. 2007-08 ലെ വിലക്കയറ്റത്തെ സ്തൂല സാമ്പത്തിക സ്വാധീനമായി വേർതിരിച്ച് കാണുന്നുണ്ട്. എണ്ണവില നിശ്ചയിക്കുന്നതിൽ ലഭ്യതയെ നിർണായക ഘടകമായി ധരിച്ചിരുന്നതിൽ നിന്ന് വ്യത്യസ്തമായി, ചോദനത്തിന്റെ പ്രാധാന്യം ഉരുത്തിരിയുന്നതായിട്ടാണ്, ഇപ്പോൾ വ്യക്തമായിക്കൊണ്ടിരിക്കുന്നത്.

ഇന്ധനവിലയിൽ 2003 നു ശേഷം ഉണ്ടായ വർദ്ധനവിന്റെ ഫലമായി പാശ്ചാത്യ മേഖലിയിൽ ഉല്പാദനം വൻതോതിൽ വർദ്ധിക്കുകയുണ്ടായിട്ടുണ്ട്. ഇത് പാരമ്പര്യേത രീതിയിലുള്ള ഉല്പാദനമാണ് എന്നുതും ശ്രദ്ധേയമാണ്. ഈ രാജ്യങ്ങളിൽ

നദികളിൽ നിന്നും/നദീതീരങ്ങളിൽ നിന്നും ഖനനം ചെയ്യുന്ന ഷേൽ ഓയിൽ' ഗ്യാസ്/ടാർ സാൻഡ് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളിൽ നിന്നും ഒക്കെ പെട്രോളിയം ഉല്പാദിപ്പിക്കുന്ന നൂതനസങ്കേതങ്ങൾ വികസിപ്പിച്ചാണ് ഈ വർദ്ധനവ് സാധിത പ്രായമാക്കിയത്, സാങ്കേതികമായി അസാദ്ധ്യവും  ധനപരമായി ദുഷ്കരവും ആകുന്നു എന്ന ധാരണ തിരുത്തിക്കുറിച്ച്കൊണ്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. ആകർഷകമായ വിലനിലവാരം, അമേരിക്കപോലുള്ള രാജ്യങ്ങളിൽ സാങ്കേതികവിദ്യയുടെ ഉന്നമനത്തിനും അതിലൂടെ ഭൂഗർഭപാറക്കെട്ടുകളിൽ കുടുങ്ങിക്കിടക്കുന്ന പെട്രോളിയം പദാർത്ഥങ്ങൾ സംഭരിക്കുന്നതിനുള്ള പ്രാപ്തി കൈവന്നിരിക്കുന്നതായും കാണാം. ഇന്ധന ഉല്പാദന രംഗത്ത് ഒരു പുതിയ പ്രവണത ദൃശ്യമായിരിക്കുന്നു. 1970 കളിൽ ഉല്പാദന മാന്ദ്യം അഭിമുഖീകരിച്ച അമേരിക്ക, 2008 ൽ പ്രതിദിനം 5 ദശലക്ഷം വീപ്പ ഉല്പാദിപ്പിച്ചിരുന്നിടത്ത് ഇപ്പോൾ 8.5 ദശലക്ഷം വീപ്പയാണ് ഉല്പാദിപ്പിക്കുന്നത്. സമീപഭാവിയിൽ ഇത് 9.5 ദശലക്ഷം ബാരൽ ആയി ഉയരും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. പാരമ്പര്യേതര സാങ്കേതിക വിദ്യയിലൂടെ പുതിയ ഉറവിടങ്ങളിൽ നിന്നും ആയിരിക്കും ഈ ഉല്പാദന വർദ്ധനവ് സാധിക്കുക എന്നതാണ് പ്രവചിക്കപ്പെടുന്നത്.

ഇന്ന് ഇന്ധന വിപണിയിൽ അഭാവത്തിന്റെ കരിനിഴലില്ല. മറിച്ച് ലഭ്യതയുടെ പരിപൂരിതമായ സ്ഥിതിയാണുള്ളത്. യു.എസ്. ഉല്പാദനവർദ്ധനവിന് പുറമെ, ഇറാഖും, വർദ്ധിച്ച ഉല്പാദനശേഷിയോടെ വിപണിയിൽ പ്രവേശിക്കുന്നു. അംഗോള തുടങ്ങിയ പ്രമുഖ ആഫ്രിക്കൻ ഉല്പാദക രാജ്യങ്ങളുടെ  കടന്ന് വരവ് ദൃശ്യമാണ്. ഗതകാല പ്രൗഢിയോടെ റഷ്യയും ഉല്പാദനശേഷി തെളിയിച്ചിരിക്കുകയാണ്. വിപണയിൽ ശുഭാപ്തി വിശ്വാസം തളിരിട്ടു കഴിഞ്ഞു.

രാഷ്ട്രീയ അഭിനിവേശങ്ങൾക്കും സ്വാധീനങ്ങൾക്കും പ്രാധാന്യം നൽകുന്ന വിശ്ലേഷകർ, പലപ്പോഴും മറന്നുപോകുന്ന സുപ്രധാന വസ്തുത, ഇന്ധന വിപണിയെ നയിക്കുന്നത്, നയിക്കേണ്ടത് ഇന്ധനവിലതന്നെയാണ് എന്നതാണ്. വില നിർണ്ണയിക്കപ്പെടേണ്ടത് ശാസ്ത്രീയമായിതന്നെ ആയിരിക്കണം. അതിന് ഉപോൽബലകമായ സങ്കീർണ്ണസമവാക്യങ്ങളും തല്പര കക്ഷികൾ അനുഭവിച്ചറിയുന്ന മറ്റ് അനിവാര്യപരിധികളും ഉണ്ട്. അവയുടെ നിരാകരണം പ്രതികൂല ഫലങ്ങളിലേക്ക് നയിക്കും എന്ന് അറിയണം.

വില നിർണ്ണയ തലങ്ങളിൽ ദ്രുതഗതിയിലുള്ള ചലനങ്ങൾ സംഭവിക്കുമ്പോൾ വിപണിയിൽ ഘടനാപരമായ മാറ്റങ്ങൾ സംഭവിക്കും എന്നതിൽ തർക്കമില്ല. അത് അനിശ്ചിതത്വം സൃഷ്ടിക്കുകയും ചെയ്യും.

പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും എണ്ണ ഉല്പാദനം നടത്തുന്ന മേഖലയെ സംബന്ധിച്ച് എണ്ണവില ഏറ്റവും നിർണ്ണായകമാണ്. ഒരു ബാരൽ എണ്ണ ഉല്പാദിപ്പിക്കുന്നതിന് സൗദി അറേബ്യയുടെ ചെലവ് മൂന്ന് ഡോളറിൽ താഴെ ആയിരിക്കും. എന്നാൽ ഭൂഗർഭപാറക്കെട്ടുകളിൽ നിന്നും എണ്ണ സംഭരിക്കുന്നതിനും ടാർ സാൻഡ് ഉരുക്കി ദ്രവീകരിച്ച് എണ്ണ സംഭരിക്കുന്നതിന് ചെലവും യത്നവും വളരെ ഏറെയാണ്. അതിനാൽ എണ്ണ വിലയ്ക്ക് തുടർച്ചയായി ഇടിവും മാന്ദ്യവും സംഭവിച്ചുകൊണ്ടിരുന്നാൽ പാരമ്പര്യതേര സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദനം നിരുത്സാഹപ്പെടും എന്നത് വ്യക്തമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നിലനിൽക്കാനാവാതെ വരും. യഥാർത്ഥത്തിൽ ഒരു ബാരലിന് 100 ഡോളർ എന്ന വിലനിലവാരം അടിസ്ഥാനമാക്കിയാണ് ഇത്തരം കമ്പനികൾ വായ്പ എടുക്കുന്നതും നിക്ഷേപം നടത്തുന്നതും.

മക്കെൻസി എന്ന കൺസൾട്ടിങ്ങ് സ്ഥാപനത്തിന്റെ അഭിപ്രായത്തിൽ ഭൂരിഭാഗം 'ഷേൽ ഓയിൽ' ഉല്പാദകരും ബാരലിന് 75 ഡോളറിന് മുകളിലുള്ള വിലനിലവാരം പ്രതീക്ഷിച്ചുകൊണ്ടാണ് അവരുടെ അവരുടെ ഉല്പാദന രീതികൾ -ചെലവ്-ക്രമീകരിക്കുന്നത് എന്ന് ചൂണ്ടിക്കാണിക്കുന്നു. എങ്കിൽ മാത്രമെ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുകയുള്ളു. എപ്പോൾ വിലനിലവാരം

85 ഡോളറിന് താഴേക്ക് നീങ്ങുമോ, അപ്പൊഴൊക്കെ ഊർജ്ജ ഉല്പാദകർ, നിക്ഷേപം നിറുത്തുകയും എണ്ണകിണറുകൾ ഒന്നൊന്നായി കയ്യൊഴിയാൻ തുടങ്ങുകയും ചെയ്തു. രംഗത്തുനിന്ന് പലായനം ചെയ്യാൻ സാദ്ധ്യതയുള്ളവരുടെ പട്ടികയിൽ കാനഡയിലെ ഘന എണ്ണ കമ്പനിയാണ് ഒന്നാമൻ, അതിനെതുടർന്ന് അമേരിക്കൻ കമ്പനികൾ, ഈ കമ്പനികളുടെ പരിമിധി വർദ്ധിച്ച ഉല്പാദന ചെലവ് മാത്രമല്ല ഉല്പന്നത്തിന്റെ ഗതാഗതചരക്കുകൂലിയും ഭീമമാണ്. ഗൾഫ് രാജ്യങ്ങൾ നൽകേണ്ടിവരുന്ന ചരക്കുകൂലി ഒരു ബാരലിന് 3 ഡോളർ ആണെങ്കിൽ, കാനഡയുടേത് 12 മുതൽ 15 വരെ ഡോളർ ആണ്. കാനഡയിലെ ഉല്പാദന കേന്ദ്രങ്ങൾ സമുദ്രതീരങ്ങളിൽ നിന്നും വിദൂരമായ ഉൾപ്രദേശങ്ങളിലാണ്.ഉല്പന്നത്തിന് താരതമ്യേന സാന്ദ്രത കൂടുതലുള്ളതിനാൽ പമ്പ് ചെയ്ത് അമേരിക്കയിലെയും മെക്സിക്കോയിലെയും ടെർമിനലുകളിൽ എത്തിക്കുന്നതിനും ഭാരിച്ചചെലവ് വഹിക്കേണ്ടവരുന്നു. ഗുണമേന്മകുറവായതിനാൽ കനേഡിയൻ ഇന്ധനം പലപ്പോഴും കിഴിവ് നൽകി വില്ക്കേണ്ടതായും വരുന്നുണ്ട്.

2003-08, 2010-11 കാലയളവുകളിൽ ക്രൂഡ് ഓയിലിന്റെ സ്പോട്ട് വിലയിൽ സ്ഫോടനാത്മകമായ വർദ്ധനവുണ്ടായി. ഇന്ധനവിലയെ നിയന്ത്രിക്കുന്ന ഘടകങ്ങളെക്കുറിച്ച് സജീവമായ പൊതുചർച്ചയിലേക്ക് ഇത് നയിക്കപ്പെടുകയും ചെയ്തു. വിലയെ സ്വാധീനിക്കുന്നതും അടിസ്ഥാനപരമായ സാമ്പത്തികകാരണങ്ങൾ മാത്രമല്ല എന്നതാണ് പരക്കെ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായം. ഇന്ധനത്തിന്റെ മുൻകൂർ വിപണി സമ്പ്രദായം ഇന്ധനത്തെ ഒരു ധനപരമായ ഉപകണമായി വീക്ഷിക്കപ്പെടുന്ന രീതി, ഇന്ധന വിലയിൽ ഊഹക്കച്ചവടത്തിന്റെ സാദ്ധ്യതകൾ എന്നിവ സൃഷ്ടിക്കുന്ന ഒരു അസ്വാഭാവിക വില നിർണ്ണയം സംഭവിച്ചിട്ടുണ്ട് എന്നാണ്  ചൂണ്ടിക്കാണിക്കപ്പെട്ടത്. എണ്ണയുടെ മുൻകൂർ വിപണ സമ്പ്രദായത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം എന്ന ശുപാർശയും ഉയർന്നു വരികയുണ്ടായി. മുൻകൂർ വിപണികൾ, യഥാർത്ഥ ക്രയവിക്രയം നടക്കുന്ന സ്പോട്ട് മാർക്കററിലെ വിലനിലവാരത്തെ സ്വാധീനിക്കുമെന്നത് താത്വികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. കഫ്മാൻ ഉൽമാൻ പഠനങ്ങൾ സൂചിപ്പിക്കുന്നത് മുൻകൂർ വിപണിയുടെ സാന്നിദ്ധ്യം അനുദിന വിപണിയിലെ വില വർദ്ധനക്ക് കാരണമാകുന്നുണ്ടെന്നും, ഇതിനെ ഒരു സുസ്ഥിര ദീർഘകാല പ്രവണതയായി മാറ്റുന്നതിൽ അടിസ്ഥാന സാമ്പത്തിക ഘടകങ്ങളോടൊപ്പം, ഊഹക്കച്ചവടക്കാരും വർദ്ധിച്ചതോതിൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്നതും ആണ്. ഊഹക്കച്ചവടവും ഡോളർ/യൂറോ കറൻസിയുടെ വിനിമയ നിരക്കിലെ അപഥ പ്രവണതയും എണ്ണവിലയിൽ സൃഷ്ടിക്കുന്ന അതീവ ചാഞ്ചല്യം ഉപഭോക്താക്കളുടെ മനസ്സിൽ ആശങ്ക സൃഷ്ടിക്കുന്നുണ്ട്. ക്രൂഡ് ഓയിൽ കരുതൽ സംഭരണവും മുൻകൂർ വ്യാപാരവിലയും ഒരേ ദിശയിലായിരിക്കുമെന്നും അത് വർത്തമാനകാല വിപണിവിലയെയും അതേ രീതിയിൽതന്നെ സ്വാധീനിക്കുമെന്നും ഉള്ളതിന് തെളിവുകൾ ലഭ്യമാക്കുന്ന പഠനങ്ങളാണ് സ്റ്റെവാർസ് ആന്റ് സെഷൻസ് (2008), ആചാര്യ മുതൽപേർ (2009) സമർപ്പിക്കുന്നത്. ഹെഡ്ജ് ഫണ്ടും വിപണിയിലെ ഇതര ധനകാര്യ പങ്കാളികളും അവരുടെ പ്രവർത്തനങ്ങളിലൂടെ മുൻകൂർ കരാറുകളുടെ പ്രത്യാഘാതങ്ങളെ വർത്തമാനകാല എണ്ണ വ്യാപാരത്തിൽ വിളക്കിച്ചേർക്കുന്നതിൽ വിജയിച്ചിരിക്കുന്നു എന്ന് ബുയുക്സഹിൻ (2011) പ്രസ്താവിക്കുന്നുണ്ട്.

എന്നാൽ ഊഹക്കച്ചവടത്തിന് ഇന്ധനവില നിർണ്ണയത്തിൽ പ്രധാന പങ്കുണ്ടെന്ന വാദഗതിയെ നിഷേധിക്കുന്നവയാണ് ഭൂരിഭാഗം പഠനങ്ങളും. ലഭ്യത സംബന്ധിച്ച പരിമിധികൾ ഒരു വശത്തും, ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന നാഗരികതയുടെ വർദ്ധിച്ച പ്രവർത്തനങ്ങൾ മറുവശത്തും നിന്ന് സംയുക്തമായി ചോദനം വർദ്ധിപ്പിക്കുന്നത് തന്നെയാണ് എണ്ണവിലയുടെ ചാഞ്ചല്യത്തിന് മുഖ്യഹേതു എന്നാണ് അൽക്യുസ്റ്റ്-ജർവെയ്സ് (2011) വിശദീകരിക്കുന്നത്. മുൻകൂർ വിപണിയും സ്പോട്ട് വിപണിയും ഒരുപോലെ സാമ്പത്തിക ശാസ്ത്രത്തിലെ മൗലിക തത്വങ്ങൾക്ക് പൂർണ്ണ

മായും വിധേയമായിതന്നെയാണ് പ്രവർത്തിക്കുന്നത് എന്നാണ്. ഘുട്സ് കിലിയാൻ, ബസാം ഫറ്റോ, ലെവൻ മഹാദേവ (2011) ഇവരുടെ സർവ്വെ റിപ്പോർട്ട് നൽകുന്ന സന്ദേശം. മുൻകൂർ വിപണിയുടെ ധനകാര്യവൽക്കരണം എന്ന ആശയത്തിന് അമിത പ്രാധാന്യം നൽകേണ്ടതില്ല, എന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

എണ്ണവിലയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ - ചോദനം, ലഭ്യത, മുൻകൂർ വിപണിവില, കറൻസികളുടെ വിനിമയ നിരക്ക്, ഊഹക്കച്ചവടം എന്നിവയെ പ്രത്യേകം പ്രത്യേകമായി കാണേണ്ടതില്ലെന്നും, സംയുക്തമായി പ്രവർത്തിക്കുന്ന അനുപൂരക ഘടകങ്ങളായി വീക്ഷിക്കപ്പെടാവുന്നതാണെന്നും പറയട്ടെ.

1997-2011 കാലയളവിൽ അനുഭവപ്പെട്ട എണ്ണവിലയിലെ വ്യതിയാനങ്ങൾ ലഭ്യതയുടെയും ചോദനത്തിന്റെയും സന്തുലനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വിശദീകരിക്കാൻ സാദ്ധ്യമല്ല. ഈ വിശകലനത്തിൽ, ഇതര ഘടകങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്വേഷണമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. എണ്ണവില നിർണ്ണയത്തിൽ ഊഹക്കച്ചവടത്തിന് വലിയ പ്രസക്തി ഇല്ല എന്ന് കരുതേണ്ടിയിരിക്കുന്നു. വ്യാപാര ആവശ്യങ്ങൾക്ക് തരള-ധനം ലഭ്യമാക്കുന്നതിലൂടെ വില നിർണ്ണയ പ്രക്രിയയിൽ അത് പ്രയോജനപ്പെടുന്നുണ്ട്. എന്നാൽ അത് വില വർദ്ധനവിന് കാരണമാകുന്നില്ല. പ്രസ്തുത കാലയളവിലെ വിലക്കയറ്റത്തിന് അടിസ്ഥാനശക്തികളായ ലഭ്യതയും ചോദനവുമാണ് മുഖ്യചാലകശക്തികൾ.

ഇൻഡ്യയിലെ എണ്ണവിപണി സ്വതന്ത്രവും മത്സരാധിഷ്ഠിതവുമായിട്ടാണ് പ്രവർത്തിക്കുന്നത്. അതിനാൽ ആഗോള വിലനിലവാരവും ഇൻഡ്യയിലെ ആഭ്യന്തര നിലവാരവും സമരസപ്പെട്ടുതന്നെയാണ് നിലകൊള്ളുന്നത്. ആഗോള വിപണി വിശ്ലേഷണത്തിൽ പ്രസക്തമായി ഗണിക്കപ്പെടുന്ന ഘടകങ്ങൾ ഇൻഡ്യയെ സംബന്ധിച്ചും പ്രസക്തമായിത്തീരുന്നു. ഇൻഡ്യയെ സംബന്ധിച്ച് ലഭ്യതയും ദാതാക്കളുടെ പ്രവർത്തന ശൈലിയും വളരെ നിർണ്ണായകമാണ് ഏതെങ്കിലും ഒരു പ്രത്യേക ദാതാവ് പരാജയപ്പെട്ടാൽ പകരക്കാരനെ ബുദ്ധിപൂർവ്വം കണ്ടുപിടിക്കേണ്ടതുണ്ട്. നമ്മുടെ അഭ്യന്തര വിലനിലവാരത്തെ സ്വാധീനിക്കാവുന്ന മറ്റു രണ്ടുകാര്യങ്ങൾ ഗവൺമെന്റിന്റെ നയങ്ങളും അന്തർദ്ദേശിയ ബന്ധങ്ങളുമാണ്. അടുത്തകാലത്ത് പെട്രോളിയം മന്ത്രാലയത്തിൽ നിന്നും വിവരങ്ങളും രേഖകളും ആസൂത്രിതമായി ചോർത്തിയെടുത്ത സംഭവം, ഇൻഡ്യയിൽ ഊഹക്കച്ചവടം, വിപണിയെ ബാധിക്കാവുന്ന തോതിൽ, പേരെടുക്കുന്നില്ലെ എന്ന് സംശയം ജനിപ്പിക്കുന്നതാണ്. ജനജീവിതത്തിന്റെ നിലനിൽപിനും സാമ്പത്തിക വളർച്ചയ്ക്കും അത്യന്താപേക്ഷിതമായ ഒരു ഉപാധിയാണ് പെട്രോളിയം ഇന്ധനങ്ങൾ. വലിയ തോതിൽ ഈ പദാർത്ഥം നമ്മുടെ രാജ്യത്തിന് ആവശ്യമാണ്. അതിനാൽ എണ്ണവിലയെ സംബന്ധിച്ച സുചിന്തവും സുസ്ഥിരവുമായ ഒരു നയം, ബഡ്ജറ്റിലൂടെ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്.

ഈ വിശകലനത്തിലെ പ്രധാന കണ്ടെത്തൽ, ആഗോളതലത്തിൽ നിലവിൽ വന്ന എണ്ണവിപണി, ഒരു മാതൃകാ വിപണിക്ക് വേണ്ട അഭിലഷണീയമായ സവിശേഷതകളോ ഗുണമേന്മയോ കൈവരിക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ്. വിപണിയിൽ വ്യാപാരബാഹുല്യം, വിലനിലവാരത്തിൽ അമിത ചാഞ്ചല്യം തുടങ്ങിയ അനഭിലഷണീയമായ പ്രവണതകൾ ദൃശ്യമായിരുന്നു. വിപണിയിൽ തകർച്ചയുടെ സൂചനകൾ കാണപ്പെട്ടിരുന്നു. നിരീക്ഷണത്തിലൂടെ ഉരുത്തിരിഞ്ഞ പ്രവണതകളെ പ്രസക്തമായ സിദ്ധാന്തങ്ങളുടെ ഉൾകാഴ്ച പ്രയോജനപ്പെടുത്തി സത്യം കണ്ടെത്താൻ നടത്തിയ ശ്രമത്തിൽ, നിക്ഷേപകരുടെ രീതികളും എണ്ണവില നിർണ്ണയത്തിലെ അപാകതകളും അന്വേഷിച്ച് അറിയാൻ സാധിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല.

**ആഗോള ഇന്ധനവിലയേക്കുറിച്ച് ഗവേഷണം നടത്തുന്നവരാണ് ലേഖകർ**

# വിദേശ ഇൻഷുറൻസ് കമ്പനികളുടെ പ്രാധാന്യം

ധീരജ് നയ്യാർ

**ഇന്ത്യയിലെ പാവപ്പെട്ടവർക്ക് ഇൻഷുറൻസ് പരിരക്ഷ നല്കുന്നതിനു ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നു കേന്ദ്രബജറ്റ് വ്യക്തമാക്കുന്നു. രാജ്യത്ത് സമഗ്രമായ സാമൂഹ്യ സുരക്ഷിതത്വ സംവിധാനം രൂപവത്ക്കരിക്കുന്നതിന്റെ ഭാഗമായി താഴ്ന്ന വരുമാനക്കാർക്കായി രണ്ട് പുതിയ ഇൻഷുറൻസ് പദ്ധതികളാണ് ബജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്.**

**ഇ**ൻഷുറൻസ് അപകടങ്ങൾക്കെതിരെയുള്ള വെറും മുൻകരുതൽ അല്ല. അതൊരു സാമൂഹ്യ സുരക്ഷാ ഉപകരണം കൂടിയാണ്. ധനികരാജ്യങ്ങളിൽ ഇൻഷുറൻസ് സമ്പന്നർക്കു മാത്രമുള്ളതല്ല. ഇന്ത്യയെ പോലെ വികസ്വര രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അത് ഇവിടുത്തെ പാവപ്പെട്ടവർക്കാണ് കൂടുതൽ ഗുണപ്രദം. നിർഭാഗ്യവശാൽ ഇന്ത്യ പൂർണമായി ഇൻഷുർ ചെയ്യപ്പെട്ട ഒരു രാജ്യമല്ല. വികസിത രാജ്യങ്ങളിലൊക്കെ സംഭരിക്കുന്ന ഇൻഷുറൻസ് പ്രീമിയം ശതമാനം അവിടുത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 9 ശതമാനമാണ്. എന്നാൽ ഇന്ത്യയുടേത് കേവലം 3.96 ശതമാനം മാത്രം. പക്ഷെ ഇക്കാര്യത്തിൽ നാം ചൈനയേക്കാൾ ഭേദമത്രെ. അവരുടേത് 3 ശതമാനമാണ്. ഇന്ത്യയുടെ ഇൻഷുറൻസ് സാന്ദ്രത പ്രതിശീർഷ ഇൻഷുറൻസ് പ്രീമിയമായി കണക്കു കൂട്ടുമ്പോൾ 53 ഡോളറാണ്. സാമ്പത്തികമായി പുരോഗതി നേടിയ രാജ്യങ്ങളിൽ ഇത് 2000 – 7000 ഡോളറിനു മുന്നിൽ നില്ക്കുന്നു. പക്ഷെ ഇവിടെ ചൈനയും ഇന്ത്യക്കു മുന്നിലാണ്. അവരുടെ ഇൻഷുറൻസ് സാന്ദ്രത 178 ഡോളറാണ്. രണ്ടു രാജ്യങ്ങളിലെയും വിപണികൾ പൊതുമേഖലാ കമ്പനികളുടെ മാത്രം കൈവശത്തിലായിരുന്നതിനാലാണ്, സാമ്പത്തികമായി മുന്നേറുന്ന ഇന്ത്യയും ചൈനയും ഇൻഷുറൻസിന്റെ കാര്യത്തിൽ മാത്രം പിന്നിലായി പോയത്. അടുത്ത നാളിൽ മാത്രമാണ് ഇരു രാജ്യങ്ങളിലും ഭാഗികമായിട്ടെങ്കിലും ഉദാരീകൃത വിദേശ നിക്ഷേപം ആരംഭിച്ചത്. സ്വകാര്യ, വിദേശ ഇൻഷുറൻസ് കമ്പനികളുടെ വിപണി വിഹിതവും വളരെ ചെറുതാണ്. ഇന്ത്യയുടെ ഇൻഷുറൻസ് വിപണി അത്രയ്ക്ക് മത്സര ക്ഷമമല്ല എന്നതാണ് യാഥാർത്ഥ്യം. ഈ വിപണിക്ക് ഒരു പ്രഭുജനാധിപത്യ സ്വഭാവമാണ് ഉണ്ടായിരുന്നത്. അതായത്, കമ്പനികൾ മിക്കതും പൊതു ഉടമയിലുള്ളവയും നല്ല ലാഭം ഉണ്ടാക്കുന്നവയും വളരെ കുറച്ചു മാത്രം ലാഭവിഹിതം ഓഹരി ഉടമകളായ പൊതുജനത്തിനു നല്കുകയും ചെയ്തു പോന്നു. വരുമാനം കുറഞ്ഞ ഉപഭോക്താക്കൾക്കായി അവരുടെ പക്കലുണ്ടായിരുന്നത് വളരെ കുറച്ച് ലാഭവിഹിതം ലഭിക്കുന്ന പദ്ധതികൾ

മാത്രമായിരുന്നു. അതിനാൽ ഇന്ത്യയിലെ ഇൻഷുറൻസ് മേഖല അഭിവൃദ്ധിപ്പെടണമെങ്കിൽ വിദേശ കമ്പനികൾ ഇവിടെ കമ്പനികൾ സ്ഥാപിക്കുകയും മൂലധനം നിക്ഷേപിക്കുകയും ചെയ്യണം.

ഇന്ത്യയിലെ പാവപ്പെട്ടവർക്ക് ഇൻഷുറൻസ് പരിരക്ഷ നല്കുന്നതിനു ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നു കേന്ദ്രബജറ്റ് വ്യക്തമാക്കുന്നു. രാജ്യത്ത് സമഗ്രമായ സാമൂഹ്യ സുരക്ഷിതത്വ സംവിധാനം രൂപവത്ക്കരിക്കുന്നതിന്റെ ഭാഗമായി താഴ്ന്ന വരുമാനക്കാർക്കായി രണ്ട് പുതിയ ഇൻഷുറൻസ് പദ്ധതികളാണ് ബജറ്റിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. സുരക്ഷാ ബീമാ പദ്ധതിയിൽ രണ്ടു ലക്ഷം രൂപയുടെ അപകട ഇൻഷുറൻസിന് വ്യക്തി ഒരു വർഷം അടയ്ക്കേണ്ട വിഹിതം വെറും 12 രൂപ മാത്രമാണ്. ജീവൻ ജ്യോതി ബീമ യോജനയിൽ വ്യക്തികൾ വാർഷിക പ്രീമിയമായി 330 രൂപ( അതായത് ദിവസം ഒരു രൂപയിലും താഴെ)യാണ് രണ്ടു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് അടയ്ക്കേണ്ടത്. രാജ്യത്തെ പൊതുമേഖലാ കമ്പനികളായ എൽഐസി, ജിഐസി തുടങ്ങിയ സ്ഥാപനങ്ങളാവും ഈ പദ്ധതികൾ കൊണ്ടു നടക്കുക.

ഇത്രയൊക്കെ മാത്രമെ ഗവൺമെന്റിനു ചെയ്യാൻ സാധിക്കുകയുള്ളു. കുറഞ്ഞ വരുമാനക്കാർക്ക് അവരുടെ ജീവനും അപകടത്തിനും ഇൻഷുറൻസ് പരിരക്ഷ വേണം. ഓരോ ഇന്ത്യക്കാരനും ആരോഗ്യ ഇൻഷുറൻസ് വേണം, ഓരോ കർഷകനും വിള ഇൻഷുറൻസ് വേണം. ഇപ്പോഴത്തെ പ്രശ്നം നിലവിലുള്ള പൊതു മേഖലാ ഇൻഷുറൻസ് കമ്പനികളോ സ്വകാര്യ ഇൻഷുറൻസ് കമ്പനികളോ (26 ശതമാനം വിദേശ നിക്ഷേപമുള്ളവ ഉൾപ്പെടെ)ഈ വലിയ വിപണിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ സന്നദ്ധരല്ല. ഇതിന് കമ്പനികൾ തമ്മിൽ ഒരു മത്സരബുദ്ധി ഉണ്ടാകണം. പുതിയ പദ്ധതികൾ വിപണിയിൽ ആവിഷ്കരിക്കണം. ഇതിനുള്ള പ്രാപ്തി ഇപ്പോൾ വിദേശ നിക്ഷേപകർക്കു മാത്രമെയുള്ളു. പദ്ധതികളെ കുറിച്ചു പുതിയ ഉത്പ്പന്നങ്ങളെ കുറിച്ചും അവർക്ക് നല്ല ധാരണയുണ്ട്. വിദേശ ഇൻഷുറൻസ് കമ്പനികളെ സംബന്ധിച്ചിടത്തോളം ആഗോളവ്യാപകമായി അവർ നിക്ഷേപം നടത്തുകയും നഷ്ട സാധ്യത വൈവിധ്യവത്ക്കരിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ത്യൻ കമ്പനികളാകട്ടെ, അവരുടെ പണം ഇവിടെ മാത്രം നിക്ഷേപിക്കുകയും നഷ്ടസാധ്യത കേന്ദ്രീകരിക്കുകയും ചെയ്യുന്നു. തത്ഫലമായി വിദേശ കമ്പനികളുടെ പ്രീമിയം തുക ഇന്ത്യൻ കമ്പനികളുടേതിനെക്കാൾ താരതമ്യേന കുറവായിരിക്കും. വിദേശ ഇൻഷുറൻസ് ദാതാക്കളുടെ സാന്നിധ്യം ഇൻഷുറൻസ് ശേഷി വർധിപ്പിക്കും. ഇൻഷുറൻസിനെ ഒരു സാമൂഹ്യ സുരക്ഷാ ഉപകരണമായി മാറ്റാൻ ഗവൺമെന്റ് വളരെ ഗൗരവമായി ചിന്തിക്കുന്നുണ്ടെങ്കിൽ ഈ രംഗത്ത് അടിയന്തിരമായി ഉദാരീകരണം നടപ്പാക്കേണ്ടിയിരിക്കുന്നു.

അതിന് ഇപ്പോൾ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന പദ്ധതി ഇൻഷുറൻസ് മേഖലയിൽ അനുവദിച്ചിരിക്കുന്ന 26 ശതമാനം വിദേശ നിക്ഷേപം 49 ശതമാനമാക്കി വർധിപ്പിക്കുക എന്നതാണ്. ഇത് ദീർഘനാളായി നടപ്പാക്കാൻ ആഗ്രഹിക്കുന്ന ഒരു പരിഷ്കാരമായിരുന്നു. എന്നാൽ പാർലമെന്റിൽ പാസാക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിനായി ഗവൺമെന്റ് ഒരു ഓർഡിനൻസ് തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷുറൻസ് ബില്ല് പാർലമെന്റിൽ പാസാകുക എന്നത് അടിയന്തര ആവശ്യമാണ്. ഇന്ത്യയ്ക്ക് ധാരാളം പുതിയ ഇൻഷുറൻസ് കമ്പനികളെ ആവശ്യമുണ്ട്. ഇന്ത്യയിൽ ഇപ്പോൾ 52 ഇൻഷുറൻസ് കമ്പനികളാണ് ഉള്ളത്. അവയിൽ 24 കമ്പനികൾ ജീവൻ പരിരക്ഷാ മേഖലയിലും ബാക്കി 28 ഇതര മേഖലകളിലുമാണ് പ്രവർത്തിക്കുന്നത്. ഇന്ത്യൻ ഇൻഷുറൻസ് മേഖലയിലെ 26 ശതമാനം വിദേശ നിക്ഷേപം എന്നാൽ നമ്മുടെ 35000 സ്വകാര്യ ഓഹരികളുമായി താരതമ്യം ചെയ്യുമ്പോൾ 8700 കോടിയാണ്. എന്നാൽ ഇത് 49 ശതമാനമായി വർധിപ്പിക്കുമ്പോൾ വിദേശ നിക്ഷേപം 50000 കോടിയിലേയ്ക്ക് ഉയരുന്നു. അതിനാൽ നിക്ഷേപം 49 ശതമാനമായി ഉയർത്താൻ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കണം. ഇൻഷുറൻസ് കമ്പനികളുടെ ഉട

മസ്ഥാവകാശം ഇന്ത്യയുടെ പൊതുമേഖലയിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിൽ വലിയ സാമ്പത്തിക യുക്തിയൊന്നും ഇല്ല. ഇത്തരം നിയന്ത്രണങ്ങൾ കൊണ്ടുള്ള മെച്ചം ഒരു പ്രാദേശിക സംരംഭകന് ഇത്തരം ഒരു ബിസിനസ് ആരംഭിക്കാനുള്ള സാധ്യത നല്കുന്നു എന്നു വാദത്തിനുവേണ്ടി സമ്മതിക്കാമെങ്കിലും , കഴിവിന്റെ കാര്യത്തിൽ അയാൾ വിദേശ കമ്പനിയെ അപേക്ഷിച്ച് വളരെ പിന്നിലായിരിക്കും.വിദേശ നിക്ഷേപം അനുവദിച്ചാൽ ഇന്ത്യൻ ഇൻഷുറൻസ് മേഖലയിലെ നിക്ഷേപം 74 മുതൽ 100 വരെ ഇരട്ടിയായി വർധിച്ചേക്കാം. നിയന്ത്രണം പൂർണമായി വിദേശ ഇൻഷുറൻസ് കമ്പനിക്ക് നല്കിയാൽ ഇന്ത്യൻ വിപണിയിൽ ധൈര്യപൂർവം ഇറങ്ങാനുള്ള ആത്മവിശ്വാസം അവർക്ക് ലഭിക്കും. വിദേശ നിക്ഷേപങ്ങൾക്കുള്ള നിയന്ത്രണങ്ങൾ എടുത്തു കളയുക എന്നതു തന്നെയാണ് അടുത്ത ഏതാനും വർഷങ്ങളിലെ മുഖ്യവിഷയവും.

ഇൻഷുറൻസ് മേഖല വിദേശ നിക്ഷേപത്തിനായി തുറന്നു നല്കുന്നതിൽ എന്താണ് അപകടസാധ്യത? വിമർശകർ കാരണമായി ചൂണ്ടിക്കാണിക്കുന്നത് 2008 ലെ സാമ്പത്തിക മാന്ദ്യത്തിനു കാരണക്കാർ ലോകത്തിലെ വമ്പൻ ഇൻഷുറൻസ് കമ്പനികളാണ് എന്നതത്രെ. എന്നാൽ ഇന്ത്യൻ സാമ്പത്തിക മേഖല അമേരിക്കയുടേതു പോലല്ല. സാമ്പത്തിക മേഖലയിലെ ഒരു വൻ കമ്പനിയുടെ സ്ഥാപനപരമായ തകർച്ചയെ പൂർണമായി ഉൾക്കൊള്ളാൻ അതിനാവില്ല. 2008 നു മുമ്പുള്ള വർഷങ്ങളിൽ പാശ്ചാത്യ ഇൻഷുറൻസ് കമ്പനികൾ ആർക്കും മനസിലാകാത്ത, അതു രൂപവത്ക്കരിച്ചവർക്കു മാത്രം മനസിലായ ചില സങ്കീർണ സാമ്പത്തിക ഉത്പ്പന്നങ്ങളിലാണ് നിക്ഷേപം നടത്തിയത്. അതിലാണ് തിരിച്ചടി ഉണ്ടായത്. ഈ ഉത്പ്പന്നങ്ങളുടെ വില്പനയിലെ അവ്യക്തതയും സുതാര്യത ഇല്ലായ്മയുമാണ് ആഗോള വിപണിയിൽ സാമ്പത്തിക പ്രതിസന്ധിക്കു കാരണമായത്. സ്വാഭാവികമായും ഇതര സാമ്പത്തിക സ്ഥാപനങ്ങളെ പോലെ വൻ ലാഭം പ്രതീക്ഷിച്ച ഇൻഷുറൻസ് കമ്പനികളും പാശ്ചാത്യ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യത്തിൽ അകപ്പെട്ടു പോയി എന്നത് യാഥാർത്ഥ്യം.

വിദേശ ഇൻഷുറൻസ് കമ്പനികളെ സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ ഇതു മാത്രമല്ല, കാരണം. പ്രശ്നങ്ങളെ യോജിച്ച നിയമങ്ങളിലൂടെയാണ് പരിഹരിക്കേണ്ടത്,അല്ലാതെ പൂർണമായി അടച്ചു പൂട്ടിക്കൊണ്ടല്ല. സാമ്പത്തികമായി പുരോഗമിച്ച രാജ്യങ്ങൾ 2008 ലെ മാന്ദ്യത്തോട് പ്രതികരിച്ചത് അനുയോജ്യമായ നിയമനിർമാണത്തിലൂടെയാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിക്കു കാരണമായ സങ്കീർണ ഉത്പ്പന്നങ്ങൾ ഇന്ത്യയിൽ നിയമങ്ങൾ അനുവദിച്ചതേയില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഇന്ത്യയ്ക്കു ഭയപ്പെടേണ്ടതേയില്ല. സത്യത്തിൽ സാമ്പത്തിക വിപണികളെ ഉദാരവ്തക്കരിക്കുക എന്നതാണ് ഇന്ത്യ ഇപ്പോഴും ചെയ്യേണ്ടത്. എങ്കിൽ മാത്രമെ സാമ്പത്തിക പുരോഗതി കൈവരിച്ച രാഷ്ട്രങ്ങളുടെ വിപണിക്കു സമീപമെങ്കിലും എത്താൻ നമുക്കു സാധിക്കൂ. ഇന്ത്യയിൽ വളരെ സ്വതന്ത്രവും ശക്തവുമായ ഒരു ഇൻഷുറൻസ് റഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിട്ടി പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യൻ കമ്പനികളെ നിയന്ത്രിക്കുന്നതു പോലെ വിദേശ കമ്പനികളെയും ഈ അതോറിട്ടിക്ക് നിയന്ത്രിക്കാനാവും.

ചൈനയുടെ പരിഷ്കർത്താവായ ഡെൻ സിയാവോ പിങ് ഒരിക്കൽ പറയുകയുണ്ടായി, പൂച്ച കറുത്തതോ വെളുത്തതോ എന്നതല്ല പ്രശ്നം മറിച്ച് അതു എലിയെ പിടിക്കുമോ എന്നതാണ്. ഇന്ത്യയുടെ പരിഗണന ഇവിടുത്തെ ജനകോടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക എന്നതാണ്. സ്വാതന്ത്ര്യം നേടി 67 വർഷം കഴിഞ്ഞിട്ടും രാജ്യത്തെ കമ്പനികൾ ഇക്കാര്യത്തിൽ വൻ പരാജയമായിരുന്നു. അതുകൊണ്ട് അവയെ സംരക്ഷിക്കുക എന്ന നയം ഉപേക്ഷിച്ച് വിദേശ കമ്പനികളെ ഇങ്ങോട്ടേയ്ക്ക് ക്ഷണിക്കുക. അതിലൂടെ സംഭവിക്കുന്ന നഷ്ടങ്ങളെക്കാൾ കൂടുതൽ ലാഭം നമുക്ക് നേടാൻ സാധിക്കും.

**സാമ്പത്തിക കാര്യ ജേണലിസ്റ്റാണ് ലേഖകൻ**

# തൊഴിലിടങ്ങളിലെ സ്ത്രീ സംരക്ഷണ നിയമങ്ങൾ

അഡ്വ. നിസ ഫാസിൽ

**2013 ഏപ്രിൽ 23ന് ഇന്ത്യൻ പാർലമെന്റ് തൊഴിൽ ഇടങ്ങളിൽ ലൈംഗിക പീഡനം (പ്രതിരോധം, നിരോധനം, തടയൽ) നിയമം 2013 പാസ്സാക്കുകയുണ്ടായി. വിശാഖ കേസിലെ മാർഗ നിർദ്ദേശങ്ങൾ കുറച്ചുകൂടി വിശാലമായി ഈ നിയമത്തിൽ പരിഗണിക്കപ്പെടുന്നു. ഉദാഹരണമായി ഗാർഹിക ജോലി ചെയ്യുന്ന സ്ത്രീകളെകൂടി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. അതുപോലെ തൊഴിൽ ദാതാവിന്റെ നിർവചനത്തിലും സ്വകാര്യ മേഖലയേയും പൊതു മേഖലയേയും സഹകരണ മേഖലയേയും ഉൾപ്പെടുത്തി കൂടുതൽ വിപുലമാക്കി. പരാതി നൽകാനായി സുസജ്ജമായ ഒരു സംവിധാനം ഒരുക്കി എന്നതാണ് ഈ നിയമത്തിന്റെ പ്രധാന സവിശേഷത.**

**തൊഴിലാളി** ചൂഷണം ചരിത്രാതീത കാലം മുതൽ നില നിൽക്കുന്നു. ഭാരത സംസ്കാരത്തിൽ തൊഴിൽ നിർണ്ണയിച്ചിരുന്നത് ചാതുർവർണ്യ വ്യവസ്ഥയാണ്. ജന്മം കൊണ്ട് തന്നെ തൊഴിലാളി വർഗം സൃഷ്ടിക്കപ്പെട്ടു. തുടർന്ന് വ്യാവസായിക വിപ്ലവവും നവോത്ഥാനവും കുറെ അധികം മാറ്റങ്ങളും പുതിയ തൊഴിൽ നിയമങ്ങളും കൊണ്ട് വന്നു. തൊഴിലിടങ്ങളിൽ ഏറ്റവും കൂടുതൽ ചൂഷണത്തിനും അവകാശ നിഷേധങ്ങൾക്കും ഇരയായത് സ്ത്രീകളാണ്. പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനത്തിൽ സ്ത്രീകളെ കൊണ്ട്, പണിയെടുപ്പിക്കുക വിശ്രമസമയം നൽകാതിരിക്കുക, പ്രസവ ശേഷം ജോലി നിഷേധിക്കുക, ഫാക്ടറികളിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കാതിരിക്കുക തുടങ്ങി ചൂഷണങ്ങൾ നിരവധി. നിയമങ്ങൾ വഴി ഇത്തരം അവകാശ നിഷേധങ്ങളും ചൂഷണങ്ങളും ഒരു പരിധിവരെ പരിഹരിച്ചിരിക്കുന്നു. വിവിധ തൊഴിൽ നിയമങ്ങളിലെ സ്ത്രീ സംരക്ഷണ വകുപ്പുകൾ വിശകലനം ചെയ്യാനുള്ള ശ്രമമാണ് ഈ ലേഖനം.

## ഇന്ത്യൻ ഫാക്ടറി നിയമം 1948

ആരോഗ്യ പൂർണ്ണവും സുരക്ഷിതവുമായ തൊഴിൽ അന്തരീക്ഷം പണിശാലകളിൽ ഉറപ്പു വരുത്തുന്നതിനായി നിർമ്മിക്കപ്പെട്ട നിയമം ആണിത്. ഈ നിയമം തൊഴിലാളികൾക്ക് ആരോഗ്യം, ക്ഷേമം, സുരക്ഷിതത്വം, വിനോദം ഇവ ഉറപ്പു നൽകുന്നു. സ്ത്രീ സംരക്ഷണത്തിനായി പ്രത്യേക വകുപ്പുകൾ ഉൾക്കൊള്ളിച്ചു ഉചിതമായ ഒരു തൊഴിൽ സംസ്കാരം സൃഷ്ടിക്കാൻ ഈ നിയമത്തിനു സാധിച്ചു. തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കണമെന്നും ശുദ്ധവായു കടന്നുവരാൻ പര്യാപ്തമായ ജനാലകൾ ഉണ്ടായിരിക്കണമെന്നും പുകയും പൊടിയും തടയാനുള്ള സംവിധാനം സ്ഥാപിക്കണമെന്നും മുറിയിൽ ആരോഗ്യത്തിനു ഹാനികരം ആകും വിധത്തിൽ തൊഴിലാളികൾ തിങ്ങി കൂടരുതെന്നും മതിയായ വെളിച്ചം, കുടിവെള്ളം ഇവ ഉണ്ടായിരിക്കണം എന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. ഫാക്ടറിയിൽ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി യന്ത്രഭാഗങ്ങൾ വേലികെട്ടി സംരക്ഷിക്കണം, ലിഫ്റ്റും ഹോയിസ്റ്റും ഉണ്ടായിരിക്കണം. തീപിടുത്തം തടയാനുള്ള മുൻകരുതലും തീപിടുത്തം ഉണ്ടായാൽ അത് പടർന്നു പിടിക്കുന്നത് ഫലപ്രദമായി തടയുന്ന സംവിധാനങ്ങളും ഉണ്ടായിരിക്കണം എന്നും നിഷ്കർഷിക്കുന്നു.

തൊഴിലാളികളുടെ ക്ഷേമത്തിനായി എല്ലാ ഫാക്ടറികളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും വേർതിരിച്ചു കഴുകാൻ സൗകര്യം നൽകണം. 150 പേരിൽ കൂടുതൽ ഉള്ള ഫാക്ടറികളിൽ വിശ്രമമുറികളും ഉച്ചഭക്ഷണ മുറികളും ഉണ്ടായിരിക്കണം. ആഴ്ചയിൽ ഒരു വിശ്രമ ദിനം നൽകണം. 5 മണിക്കൂർ ജോലി ചെയ്താൽ അര മണിക്കൂർ വിശ്രമം അനുവദിക്കണം. മുകളിൽ വ്യക്തമാക്കിയ വ്യവസ്ഥകളോടൊപ്പം സ്ത്രീ തൊഴിലാളികൾക്ക് താഴെ വിവരിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾക്ക് അവകാശമുള്ളതാണ്.

1. സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥലത്ത് തന്നെ ആവശ്യത്തിനു മൂത്രപ്പുരകളും ശൗചാലയങ്ങളും ഉണ്ടായിരിക്കണമെന്ന് ഈ നിയമം 19-ാം വകുപ്പിൽ വ്യക്തമാക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും ഇവ പ്രത്യേകമായി തരം തിരിക്കുകയും വേണം. ആവശ്യത്തിനു വെളിച്ചവും വായുസഞ്ചാര മാർഗ്ഗങ്ങളും ഉണ്ടായിരിക്കണം. ഇവയിൽ വൃത്തിയും ശുചിത്വവും എപ്പോഴും ഉണ്ടെന്നു ഉറപ്പുവരുത്തണം.

2. ഈ നിയമം 22(2) വകുപ്പനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യന്ത്രഭാഗങ്ങളെ വൃത്തിയാക്കുക, എണ്ണയിടുക തുടങ്ങിയ ജോലികൾക്ക് സ്ത്രീകളെയും കുട്ടികളെയും ഉപയോഗിക്കരുതെന്ന് നിഷ്കർഷിക്കുന്നു.

3. 4-48-ാം വകുപ്പനുസരിച്ച് 30 ൽ കൂടുതൽ സ്ത്രീകൾ ജോലിയെടുക്കുന്ന ഫാക്ടറികളിൽ അവരുടെ 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഉപയോഗത്തിനായി വൃത്തിയും വെടിപ്പും ഉള്ളതും വായുവും വെളിച്ചവും കടക്കുന്നതുമായ മുറി ഉണ്ടായിരിക്കണം.

4. കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനായി പരിശീലനം ലഭിച്ച ഒരു വനിതയുടെ മേല്നോട്ടം ഉണ്ടായിരിക്കണം. ഇടവേളകളിൽ മുലയൂട്ടുന്നതിനുള്ള സൗകര്യവും നൽകേണ്ടതാണ്.

5. രാവിലെ 6 മണിക്കും വൈകുന്നേരം 7 മണിക്കും ഇടയ്ക്ക് അല്ലാത്ത സമയം സ്ത്രീ തൊഴിലാളികളെ തൊഴിൽ ചെയ്യിക്കരുതെന്നും നിയമം അനുശാസിക്കുന്നു. അത്പോലെ രോഗം ഉണ്ടാകാനും വിഷബാധ, പരിക്കുകൾ ഇവ ഉണ്ടാകാനും സാധ്യതയുള്ള അപകടകരമായ ജോലികളിൽ നിന്നും സ്ത്രീകളെ വിലക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരം ഉണ്ടെന്നു 82-ാം വകുപ്പ് വ്യക്തമാക്കുന്നു. ഫാക്ടറി നിയമത്തിലെയോ അനുബന്ധ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ അനുസരിക്കാത്ത തൊഴിൽ ഉടമകളും മാനേജരും കൈവശക്കാരനും ശിക്ഷാർഹരാണ്. രണ്ടു വർഷം തടവ് ശിക്ഷയോ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ശിക്ഷയായി ലഭിക്കാം. ശിക്ഷിക്കപ്പെട്ട ശേഷവും അതേ കുറ്റകൃത്യം തുടർന്നാൽ ഓരോ ദിവസവും ആയിരം രൂപ വച്ച് പിഴ വിധിക്കാവുന്നതാണ്. സുരക്ഷിതത്വത്തെക്കുറിച്ച് പറയുന്ന വ്യവസ്ഥകൾ ലംഘിച്ച

തിനെ തുടർന്ന് തൊഴിലാളികൾക്ക് മരണം സംഭവിച്ചാൽ 35,000/- രൂപയിൽ കുറയാത്ത തുകയും മാരകമായ പരിക്ക് പറ്റിയാൽ 10,000 രൂപയിൽ കുറയാത്ത തുകയും പിഴ ശിക്ഷ വിധിക്കാം. കുറ്റം ആവർത്തിച്ചാൽ 3 വർഷം തടവും 2 ലക്ഷം രൂപ പിഴയും വിധിക്കാം.

**തുല്യ വേതന നിയമം, 1976**

സ്ത്രീ പുരുഷന്മാർക്കു ലിംഗഭേദമന്യേ തുല്യ വേതനം ലഭ്യമാക്കുന്നതിനും ജോലിയിലും അനുബന്ധ കാര്യങ്ങളിലും വിവേചനം തടയാനും ആയി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണിത്.

ഈ നിയമം 4-ാം വകുപ്പനുസരിച്ചു ഒരേ ജോലിയോ ഒരേ സ്വഭാവമുള്ള ജോലിയോ ചെയ്യുന്ന തൊഴിലാളികൾക്ക് മുതലാളി നൽകുന്ന വേതനം എതിർലിംഗ തൊഴിലാളിക്ക് കൊടുക്കുന്ന വേതനത്തിനേക്കാൾ കുറയാൻ പാടില്ല എന്ന് വ്യക്തമാക്കുന്നു. ഈ വ്യവസ്ഥ പാലിക്കാനായി ഒരു മുതലാളിയും തൊഴിലാളിയുടെ വേതനം കുറയ്ക്കാൻ പാടില്ല. അത്പോലെതന്നെ ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് ഒരു സ്ഥാപനത്തിലോ തൊഴിലിലോ ഒരേ ജോലിക്ക് രണ്ടുതരത്തിലുള്ള നിരക്കുകളാണ് പ്രാബല്യത്തിലുള്ളതെങ്കിൽ അതിൽ ഏറ്റവും കൂടിയ നിരക്ക് അനുസരിച്ചുള്ള വേതനം ഈ നിയമം നിലവിൽ വന്ന ശേഷം സ്ത്രീ പുരുഷഭേദമന്യേ എല്ലാ തൊഴിലാളികൾക്കും നൽകണം.

ഈ നിയമം 5-ാം വകുപ്പനുസരിച്ച് നിയമം നിലവിൽ വരുന്നത് മുതൽ ഒരേ ജോലിയിൽ നിയമിക്കപ്പെടുന്ന സ്ത്രീ, പുരുഷ ജോലിക്കാർക്കിടയിൽ സ്ഥാനക്കയറ്റം, സ്ഥലംമാറ്റം പരിശീലനം മുതലായ ജോലി വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു വിവേചനവും പാടില്ല എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നിലവിൽ ഉള്ള മറ്റൊരു നിയമപ്രകാരം സ്ത്രീകളെ അത്തരം ജോലിയിൽ നിയമിക്കുന്നത് തടയുകയോ നിയന്ത്രിക്കുകയോ ചെയ്യാം. ഈ വകുപ്പ് പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ, സായുധ സേനയിൽ നിന്നും വിരമിച്ചവർ, തൊഴിലിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ എന്നിവർക്കുള്ള പ്രേരക പരിഗണനയോ സംവരണത്തെയോ ബാധിക്കുന്നില്ല.

ഈ നിയമം അനുസരിച്ച് സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനായി സർക്കാറിനെ ഉപദേശിക്കാനായി ഉപദേശകസമിതികൾ രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്. ഉപ സമിതിയിൽ 10ൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ പകുതി അംഗങ്ങൾ സ്ത്രീകൾ ആയിരിക്കേണ്ടതും ആണ്. ഉപദേശം നൽകുമ്പോൾ ഉപദേശക സമിതി നിശ്ചിത സ്ഥാപനത്തിലോ തൊഴിലിലോ ഉള്ള സ്ത്രീ തൊഴിലാളികളുടെ എണ്ണം, തൊഴിൽ സ്വഭാവം, തൊഴിലിനുള്ള സ്ത്രീകളുടെ അനുയോജ്യത, ഭാഗിക സമയ തൊഴിൽ ഉൾപ്പെടെ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നതിന്റെ ആവശ്യകത കൂടാതെ സമിതിക്കു യുക്തം എന്ന് തോന്നുന്ന ഇതര കാര്യങ്ങൾ എന്നിവ പരിഗണിക്കേണ്ടത് ആണ്.

15 വകുപ്പനുസരിച്ച് താഴെ പറയുന്ന കാര്യങ്ങൾക്കു ഈ നിയമം ബാധകം അല്ല.

1. സ്ത്രീകൾക്ക് പ്രത്യേക പരിഗണന കൊടുക്കുന്നതിനുള്ളതും നിലവിലുള്ളതും ആയ ഏതെങ്കിലും നിയമത്തിലെ സ്ത്രീകളുടെ തൊഴിലുമായി ബന്ധപ്പെട്ട വ്യവസ്ഥകളോ നിബന്ധനകളോ പാലിക്കുന്നതിനെയും

2. കുട്ടികളെ പ്രസവിക്കുമ്പോഴോ പ്രസവിക്കാൻ പോകുമ്പോഴോ സ്ത്രീകൾക്ക് പ്രത്യേക പരിഗണനയോ മരണം, വിരമിക്കൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകളിലും നിബന്ധനകളിലും ലഭ്യമായ പ്രത്യേക പരിഗണനയും ബാധിക്കുന്നില്ല.

**പ്രസവാനുകൂല്യ നിയമം, 1961**

പ്രവസവത്തിനു മുൻപും പിൻപും ഉള്ള കുറച്ചു കാലത്തേക്ക് ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്ന നിയമം ആണിത്.

ഈ നിയമത്തിലെ 4ാം വകുപ്പനുസരിച്ച് ചില സമയങ്ങളിൽ സ്ത്രീകൾ ജോലി ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. പ്രസവശേഷമോ ഗർഭചിദ്രത്തിനു ശേഷമോ തുടർന്നുള്ള 6 ആഴ്ചകാലം ഒരു സ്ഥാപനത്തിൽ അറിഞ്ഞുകൊണ്ട് ഒരു മുതലാളിയും ജോലിക്ക് നിയമിക്കാൻ പാടില്ല. ഗർഭിണിയെയും, അവർ പ്രത്യേകം ആയി ആവശ്യപ്പെട്ടാൽ പോലും അവരുടെ ഗർഭത്തെ ബാധിക്കുന്നതോ ഭ്രൂണത്തിന്റെ വളർച്ചയേ ബാധിക്കുന്നതോ ഗർഭം അലസുന്നതിനു കാരണമാകുന്നതോ മറ്റു തരത്തിൽ അവരുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതോ ആയ ജോലികൾ ചെയ്യുന്നതിന് ഒരു മുതലാളിയും ആവശ്യപ്പെടാൻ പാടില്ല.

ഈ നിയമത്തിലെ വകുപ്പുകൾക്ക് വിധേയമായി മേൽപറഞ്ഞ കാലയളവിൽ ജോലിക്ക് ഹാജരാകാതിരുന്ന സമയങ്ങളിൽ കിട്ടേണ്ട ശരാശരി വേതനം അനുസരിച്ചുള്ള നിരക്കിൽ വേതനം പ്രസ്തുത അവധി ദിവസങ്ങളിൽ കിട്ടുന്നതിനു സ്ത്രീക്ക് അവകാശം ഉള്ളതാണ്. പ്രസവത്തിനു തൊട്ടുമുൻപുള്ള വർഷത്തിൽ കുറഞ്ഞത് 80 ദിവസം എങ്കിലും ജോലി ചെയ്ത ഒരാൾക്ക് മാത്രമേ പ്രസവാനുകൂല്യത്തിനു അവകാശം ഉണ്ടായിരിക്കുകയുള്ളൂ. ഒരു സ്ത്രീക്ക് ഏറ്റവും കൂടുതൽ 12 ആഴ്ച വരയെ പ്രസവാനുകൂല്യത്തിനു അർഹത ഉള്ളൂ. ഇക്കാലയളവിൽ സ്ത്രീ മരിച്ചാൽ മരിച്ച ദിവസം ഉൾപ്പെടെ അത് വരെയുള്ള പ്രസവാനുകൂല്യം നല്കേണ്ടതാണ്. (ഒരു സ്ത്രീ പ്രസവ സമയമോ പ്രസവിച്ചശേഷം അടുത്ത ദിവസമോ മരിച്ചാൽ ആ സമയം മുഴുവൻ പ്രസവാനുകൂല്യത്തിനു അർഹത ഉള്ളതാണ്.) പിന്നീടു കുട്ടി മരണപ്പെട്ടാൽ കുട്ടി മരിച്ച സമയം ഉൾപ്പെടെയുള്ള സമയം വരെ പ്രസവാനുകൂല്യം നൽകേണ്ടതാണ്.

പ്രസവാനുകൂല്യത്തിനു അർഹത ഉള്ള സ്ത്രീ അവരുടെ മുതലാളിക്ക് നിർദ്ധിഷ്ട ഫോറത്തിൽ അർഹമായ പ്രസവാനുകൂല്യം അവർക്കോ അവർ നിർദ്ദേശിക്കുന്ന ആൾക്കോ കൊടുക്കാൻ ആവശ്യപ്പെട്ടു രേഖാ മൂലം നോട്ടീസ് നൽകേണ്ടതാണ്. ഗർഭിണി ആയിരുന്ന സമയം നോട്ടീസ് നൽകാതിരുന്ന ഒരു സ്ത്രീക്ക് പ്രസവശേഷം നോട്ടീസ് നൽകാവുന്നതാണ്. പ്രസവത്തിനു മുൻപുള്ള സമയത്തെ ആനുകൂല്യം ഗർഭിണി ആണെന്ന് തെളിവ് ഹാജരാകുന്ന മുറയ്ക്ക് മുൻകൂറായി ആ സ്ത്രീക്ക് നൽകേണ്ടതും അതിനു ശേഷം നൽകേണ്ട ആനുകൂല്യം പ്രസവിച്ചു എന്ന് തെളിവ് ഹാജരാക്കി 48 മണിക്കൂറിനുള്ളിൽ നൽകേണ്ടതുമാണ്.

ഗർഭം അലസുകയോ ഗർഭചിദ്രം നടത്തുകയോ ചെയ്താൽ അതിനുശേഷം നിർദ്ദിഷ്ട തെളിവുകൾ ഹാജരാക്കിയാൽ 6 ആഴ്ചത്തേക്ക് ശമ്പളസഹിതം അവധി നല്കേണ്ടത് ആണെന്ന് 9-ാം വകുപ്പ് അനുശാസിക്കുന്നു. ഒരു സ്ത്രീ വന്ധ്യകരണ ശസ്ത്രക്രിയയ്ക്ക് വിധേയ ആയാൽ നിർദ്ദിഷ്ട തെളിവുകൾ ഹാജരാക്കിയാൽ ശസ്ത്രക്രിയയ്ക്ക് ശേഷം 2 ആഴ്ച വേതനത്തോടുകൂടിയ അവധി ലഭിക്കുമെന്ന് 9 എ വകുപ്പ് വ്യക്തമാക്കുന്നു. ഈ നിയമം 10-ാം വകുപ്പനുസരിച്ച് ഒരു സ്ത്രീ ഗർഭം പ്രസവം, വളർച്ച എത്താത്ത കുട്ടിയെ പ്രസവിക്കൽ, ഗർഭം അലസൽ, ഔഷധത്താലുള്ള ഗർഭചിദ്രം, വന്ധ്യകരണ ശസ്ത്രക്രിയ മുതലായ കാരണങ്ങൾ മൂലം ഉണ്ടാകുന്ന രോഗം പിടിപെട്ടാൽ തെളിവ് ഹാജരാക്കുന്ന മുറയ്ക്ക് 6-ാം വകുപ്പു പ്രകാരമോ 9-ാം വകുപ്പ് പ്രകാരമോ ഉള്ള പ്രസവ ആനുകൂല്യങ്ങൾക്കു പുറമെ ഒരു മാസം കൂടി ശമ്പളത്തോടു കൂടിയ അവധിക്കു അർഹത ഉണ്ടായിരിക്കുന്നതാണ്.

പ്രസവം കഴിഞ്ഞു ജോലിക്ക് ഹാജരാകുമ്പോൾ അവർക്കു നൽകുന്ന വിശ്രമ സമയം ഒഴികെ ദിവസവും രണ്ടു ഇടവേളകൾ അനുവദിക്കേണ്ടത് ആണെന്നും പ്രസ്തുത ഇടവേളകൾ കുട്ടിക്ക് 18 മാസം പ്രായം ആകുന്നതുവരെ ലഭിക്കുന്നതാണെന്നും 11-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. ഗർഭകാലത്ത് ജോലിക്ക് ഹാജരായില്ല എന്ന കാരണത്താൽ സ്ത്രീയെ ജോലിയിൽ നിന്നും പിരിച്ചുവിടാൻ പാടില്ല. ഒരു സ്ത്രീയെ പിരിച്ചുവിടുന്നത് ഗർഭാവസ്ഥയിൽ ആണ് എങ്കിൽ പ്രസ്തുത പിരിച്ചുവിടൽ അവരുടെ പ്രസവആനുകൂല്യങ്ങളെയോ ചികിത്സാ ആനുകൂ

ല്യങ്ങളെയോ എടുത്തു കളയുന്നതല്ല. എന്നാൽ പിരിച്ചുവിടുന്നത് ഏതെങ്കിലും പെരുമാറ്റ ദൂഷ്യം കൊണ്ടാണെങ്കിൽ പ്രസവാനുകൂല്യവും ചികിത്സ ആനുകൂല്യവും നഷ്ടം ആകുന്നതാണ്. നിയമപ്രകാരമുള്ള പ്രസവാനുകൂല്യങ്ങളോ ചികിത്സ ആനുകൂല്യങ്ങളോ നിഷേധിക്കുന്ന പക്ഷം അധികാരികൾ മുൻപാകെ 60 ദിവസത്തിനകം സ്ത്രീ തൊഴിലാളികൾക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും അതിലെ തീരുമാനം അന്തിമമായിരിക്കുന്നതും ആണെന്ന് 120-ാം വകുപ്പ് വ്യക്തമാക്കുന്നു. ഈ നിയമത്തിന്റെ ഉദ്ദേശങ്ങൾക്കായി ഇൻസ്പെക്ടറെ നിയമിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഇൻസ്പെക്ടർക്കു സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ഫാക്ടറിയിൽ പ്രവേശിക്കാനും ഈ നിയമപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാവുന്നതും അവ പരിശോധിക്കുന്നതിന് ഹാജരാകാൻ ആവശ്യപ്പെടാവുന്നതുമാണെന്ന് 15-ാം വകുപ്പ് വ്യക്തമാക്കുന്നു. എന്നാൽ സ്വന്തം ഇഷ്ടത്തിനു എതിരെ മൊഴി പറയാൻ ആരെയും നിർബന്ധിക്കാൻ പാടില്ല. സ്ത്രീ തൊഴിലാളികൾക്ക് അർഹമായ പ്രസവ ആനുകൂല്യം നിഷേധിച്ചാൽ അത് കൊടുക്കാൻ ഇൻസ്പെക്ടർക്കു നിർദ്ദേശിക്കാം.

ഈ നിയമത്തിലെ 21-ാം വകുപ്പനുസരിച്ച് അർഹമായ പ്രസവാനുകൂല്യം സ്ത്രീ തൊഴിലാളിക്ക് നൽകിയില്ലെങ്കിലോ ഈ നിയമപ്രകാരം അനുവദനീയമായ അവധി എടുത്തു എന്ന കാരണത്താൽ പ്രസ്തുത അവധി സമയം ഒരു സ്ത്രീ തൊഴിലാളിയെ പിരിച്ചുവിടുകയോ ജോലിയിൽ നിന്നും നീക്കം ചെയ്യുകയോ ചെയ്താൽ തൊഴിലുടമയ്ക്ക് 3 മാസത്തിൽ കുറയാത്തതും 1 കൊല്ലം ശിക്ഷ ലഭിക്കാവുന്നതാണ്. ഈ നിയമം അനുസരിച്ചുള്ള കുറ്റകൃത്യങ്ങളുടെ വിചാരണ ജുഡീഷ്യൽ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിലാണ് നടത്തുക. പരാതിക്കാരി നേരിട്ടോ അവർ ഉൾപ്പെടുന്ന ട്രേഡ് യൂണിയൻ മുഖേനയോ രജിസ്റ്റർ ചെയ്യപ്പെട്ട സന്നദ്ധ സംഘടന വഴിയോ, ഇൻസ്പെക്ടർക്കു നേരിട്ടു നൽകുന്ന പരാതിയിൻ മേലോ കോടതിക്ക് കേസ് എടുക്കാം. പരാതി കുറ്റകൃത്യം നടന്ന് ഒരു വർഷത്തിനകം നൽകിയിരിക്കണം.

**തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം (പ്രതിരോധം, നിരോധനം, തടയൽ) നിയമം, 2013**

തൊഴിൽ സ്ഥലങ്ങളിലെ ലൈംഗിക പീഡനം തടയുന്നതിനായി സുപ്രീം കോടതി വിശാഖ V സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ എന്ന കേസിൽ ചില മാർഗ നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി. മാർഗ നിർദ്ദേശങ്ങളിലേക്ക് കടക്കുംമുൻപ് ഈ കേസിൽ കോടതി ലൈംഗീക പീഡനത്തിന് നൽകിയ നിർവചനം പരിശോധിക്കാം. ലൈംഗിക പീഡനം എന്നാൽ സ്വാഗതാർഹം അല്ലാത്ത പ്രത്യക്ഷവും പരോക്ഷവുമായ താഴെ പറയുന്ന തരത്തിലുള്ള പെരുമാറ്റങ്ങളാണ്;

1. ശാരീരിക സമ്പർക്കങ്ങളും നീക്കങ്ങളും
2. ലൈംഗിക ആനുകൂല്യത്തിനു വേണ്ടിയുള്ള ആവശ്യപെടലോ അപേക്ഷിക്കലോ
3. ലൈംഗിക ചുവയുള്ള അഭിപ്രായ പ്രകടനങ്ങൾ
4. അശ്ലീലം പ്രദർശിപ്പിക്കൽ
5. ശാരീരികം ആയതോ വാക്കാലുള്ളതോ വാക്കുകൾ കൊണ്ടല്ലാത്തതോ ആയ ലൈംഗിക സ്വഭാവമുള്ള മറ്റു പെരുമാറ്റങ്ങൾ

ഇത്തരം ലൈംഗിക പീഡനങ്ങൾ തടയാനായി കോടതി താഴെപറയുന്ന മാർഗ നിർദ്ദേശങ്ങൾ ആവിഷ്കരിക്കുകയുണ്ടായി;

1. മുകളിൽ വിവരിച്ച പ്രകാരമുള്ള ലൈംഗിക പീഡനം വിലക്കികൊണ്ട് ഉചിതമായ രീതിയിൽ വിജ്ഞാപനം ചെയ്യുകയും ആയത് പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക

2.സർക്കാറിന്റെയും പൊതുമേഖല സ്ഥാപനങ്ങളുടെയും ചട്ടങ്ങളിലും മറ്റും ലൈംഗിക പീഡനം നിരോധിച്ചുകൊണ്ടുള്ള വ്യവസ്ഥകളും കുറ്റക്കാർക്ക് തക്കതായ ശിക്ഷ നല്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപെടുത്തേണ്ടതാണ്.

3.സ്വകാര്യ തൊഴിലുടമകൾക്കായി 1946 ലെ Industrial Employment (Standing Orders) Act അനുസരിച്ചുള്ള Standing Orders കളിൽ ലൈംഗിക പീഡന നിരോധന വ്യവസ്ഥകൾ

ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് പ്രതികൂല സാഹചര്യങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പു നൽകാനായി ശുചിത്വം, വിശ്രമം എന്നിവ സംബന്ധിച്ച് ഉചിതമായ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക.

5. യാതൊരു സ്ത്രീ ജീവനക്കാരിയും തന്റെ തൊഴിലിനെ സംബന്ധിച്ച് പ്രതികൂലമായ അവസ്ഥ ഉണ്ടെന്നു വിശ്വസിക്കാൻ ന്യായമായ കാരണങ്ങൾ ഇല്ലാതിരിക്കുക.

6. തൊഴിൽ ഇടങ്ങളിൽ പരാതി കമ്മിറ്റി രൂപീകരിക്കുക. ഇത്തരം കമ്മിറ്റിയുടെ അധ്യക്ഷ സ്ത്രീ ആയിരിക്കണം എന്നും പകുതിയിൽ കൂടുതൽ അംഗങ്ങൾ സ്ത്രീകൾ ആയിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

വിശാഖ കേസിലെ മാർഗ നിർദ്ദേശങ്ങൾ വെറും കടലാസ് പുലികൾ ആയി മാറി. 2012 ൽ Human Rights Watch Network എന്ന സംഘടന ഫയൽ ചെയ്ത മേധാ കൊത്വൽ ലീല v യൂണിയൻ ഓഫ് ഇന്ത്യ എന്ന പൊതു താല്പര്യ ഹർജിയിൽ പല സംസ്ഥാനങ്ങളും വിശാഖ മാർഗ നിർദേശങ്ങൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി കണ്ടെത്തി. ഈ കേസിൽ സുപ്രീം കോടതി കേസിലെ മാർഗ നിർദ്ദേശങ്ങൾ അതിന്റെ ശരിയായ സാരത്തിലും അർത്ഥത്തിലും നടപ്പാക്കി തൊഴിൽ സ്ഥലങ്ങളിലെ സ്ത്രീകളുടെ അന്തസ്സും മാന്യതയും കാത്തു സൂക്ഷിക്കണമെന്ന് വ്യക്തമാക്കുകയുണ്ടായി.

ഇത്തരം സാഹചര്യത്തിൽ ഒരു നിയമം അനിവാര്യമാണെന്ന് മനസ്സിലായതിനെ തുടർന്ന് 2013 ഏപ്രിൽ 23ന് ഇന്ത്യൻ പാർലമെന്റ് തൊഴിൽ ഇടങ്ങളിൽ ലൈംഗിക പീഡനം (പ്രതിരോധം, നിരോധനം, തടയൽ) നിയമം 2013 പാസ്സാക്കുകയുണ്ടായി. വിശാഖ കേസിലെ മാർഗ നിർദ്ദേശങ്ങൾ കുറച്ചുകൂടി വിശാലമായി ഈ നിയമത്തിൽ പരിഗണിക്കപ്പെടുന്നു. ഉദാഹരണമായി ഗാർഹിക ജോലി ചെയ്യുന്ന സ്ത്രീകളെ കൂടി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി. അതുപോലെ തൊഴിൽ ദാതാവിന്റെ നിർവചനത്തിലും സ്വകാര്യ മേഖലയേയും പൊതു മേഖലയേയും സഹകരണ മേഖലയേയും ഉൾപ്പെടുത്തി നിർവചനത്തെ കൂടുതൽ വ്യാപ്തമാക്കി. പരാതി നൽകാനായി സുസജ്ജമായ ഒരു സംവിധാനം ഒരുക്കി എന്നതാണ് ഈ നിയമത്തിന്റെ പ്രധാന സവിശേഷത. നിയമം നാലാം വകുപ്പനുസരിച്ച് തൊഴിലിടങ്ങളിൽ Internal Complaints കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പത്തിൽ കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ICC രൂപീകരിക്കേണ്ടതാണ്. ICC യിൽ കുറഞ്ഞത് നാല് അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കേണ്ടതും അധ്യക്ഷ മുതിർന്ന സ്ഥാനം വഹിക്കുന്ന വനിത ആയിരിക്കണമെന്നും വ്യവസ്ഥയുണ്ട്. സംഭവം നടന്നു മൂന്നു മാസത്തിനകം പരാതി നല്കേണ്ടതാണ്. മതിയായ കാരണങ്ങളുണ്ട് എങ്കിൽ ഈ കാലാവധി നല്കാവുന്നതാണ്. പരാതി ലഭിച്ചു കഴിഞ്ഞാൽ അതിന്മേൽ അന്വേഷണം നടത്തേണ്ടതും 90 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കേണ്ടതും ആണ്. തുടർന്ന് പ്രഥമ ദൃഷ്ട്യാ കേസ് ഉണ്ടെന്നു തെളിഞ്ഞാൽ പരാതി പോലീസിന് അയച്ചുകൊടുത്ത് ഇന്ത്യൻ ശിക്ഷ നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരാതി ശരിയാണെന്ന് കണ്ടെത്തിയാൽ എതിർകക്ഷിക്ക് എതിരേ സർവീസ് റൂൾ അനുസരിച്ചോ അല്ലെങ്കിൽ ഈ നിയമം അനുസരിച്ചോ നടപടി എടുക്കാനും കൂടാതെ പരാതിക്കാരിക്കോ അവരുടെ അവകാശികൾക്കോ യുക്തമായ നഷ്ടപരിഹാരം എതിർകക്ഷിയുടെ വേതനത്തിൽ നിന്നോ ശമ്പളത്തിൽ നിന്നോ പിടിച്ചെടുക്കാനും വേണ്ട നിർദ്ദേശങ്ങൾ തൊഴിലുടമയ്ക്ക് നൽകാവുന്നതാണ്. ഇത്തരം നിർദ്ദേശങ്ങൾ തൊഴിലുടമ 60 ദിവസത്തിനകം പാലിക്കേണ്ടതാണ്. ഇത്തരം നിർദ്ദേശം അനുസരിക്കാത്ത തൊഴിലുടമയ്ക്ക് 50,000/- രൂപ പിഴ വിധിക്കാവുന്നതും കുറ്റം ആവർത്തിച്ചാൽ ഇരട്ടി പിഴ ചുമത്താവുന്നതും സ്ഥാപനത്തിന്റെ ലൈസൻസോ രജിസ്ട്രേഷനോ റദ്ദാക്കാവുന്നതുമാണ്.

**വനിതാ സംരക്ഷണ നിയമ വിദഗ്ധയാണ് ലേഖിക**



# ഹൈടെക് കൃഷിയിലേക്ക് കരുതലോടെ ചുവടുവയ്ക്കാം..

ബി. എൽ. ബിജുലാൽ



**കൃത്യതാ കൃഷി കൂടുതൽ സൂക്ഷ്മതയോടെ പ്രാവർത്തികമാക്കണമെങ്കിൽ വിള വളരുന്ന അന്തരീക്ഷത്തെ പൂർണമായും നിയന്ത്രിക്കേണ്ടതുണ്ട്. ഇതിനായി താപനില, ഈർപ്പം, അന്തരീക്ഷ ആർദ്രത, പ്രകാശം തുടങ്ങി വിളയുടെ വളർച്ചയെ സ്വാധീനിക്കുന്ന സൂക്ഷ്മകാലാവസ്ഥയെ നിയന്ത്രിക്കുന്ന തരത്തിൽ അടച്ചിട്ട അന്തരീക്ഷത്തിൽ വളർത്തുന്ന രീതിയാണ് ഗ്രീൻഹൗസ് കൃഷി.**

**കാ**ർഷികരംഗത്ത് കേരളം മരവിക്കാൻ പ്രധാന കാരണം വിദ്യാഭ്യാസം നമ്മുടെ പുതിയ തലമുറയെ മണ്ണിലിറങ്ങി പണിയെടുക്കാൻ മടിയുള്ളവരാക്കി എന്നതാണ്. പരമ്പരാഗത കർഷകരുടെ പിൻമുറക്കാരിൽ ഭൂരിഭാഗത്തിനും കൃഷിയിൽ യാതൊരു താല്പര്യവുമില്ലാതായി. അവർക്കെല്ലാം ഉദ്യോഗം വേണ്ടത് ഐ.ടി., സർവീസ് മേഖല തുടങ്ങിയ രംഗങ്ങളിലാണ്.

മറുവശത്ത് കാർഷികരംഗത്ത് പിടിച്ചു നിൽക്കാൻ ശ്രമിച്ചവർ ഒട്ടേറെ വൈതരണികളെ നേരിടേണ്ടി വന്നു. ഉല്പാദനോപാധികൾ, ഉപകരണങ്ങൾ, വേതനം തുടങ്ങിയവയിലെ മുതൽ മുടക്ക് അനുദിനം ക്രമാതീതമായി പെരുകി. തദനുസൃതമായി ഉല്പാദനമോ ഉല്പന്നവിലയോ വർദ്ധിച്ചില്ല. ഒപ്പം കാലാവസ്ഥാ വ്യതിയാനവും ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള സാമ്പത്തിക പിൻതുണയുടെ കുറവും ഒട്ടേറെപ്പേരെ കാർഷികമേഖല ഉപേക്ഷിച്ചുപോകാൻ നിർബന്ധിതരാക്കി.

കേരളത്തിലെ കൃഷിഭൂമിയിൽ 96 ശതമാനവും ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ളതാണ്. ഇത് വൻതോതിൽ കൃഷിയിറക്കാനുള്ള സാഹചര്യം തുലോം പരിമിതമാക്കുന്നു. നിലവിലെ സാഹചര്യങ്ങളിൽ പരമാവധി ഉല്പാദനവും ഉല്പാദനക്ഷമതയും വരുമാനവും കൊയ്തെടുക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി. ഒപ്പം നാളെയുടെ പ്രതീക്ഷയും ആശ്രയവുമായ യുവതലമുറയെ പരമാവധി കാർഷികസംരംഭങ്ങളിലേക്ക് ആകർഷിക്കേണ്ടതുമുണ്ട്.

ഈ സാഹചര്യത്തിലാണ് ഹൈടെക് കൃഷി കേരളത്തിൽ പ്രസക്തമാവുന്നത്.

ഗ്രീൻഹൗസ് കൃഷി, പോളിഹൗസ് കൃഷി, സംരക്ഷിതകൃഷി, കൃത്യതാ കൃഷി, സൂക്ഷ്മ കൃഷി തുടങ്ങി നിരവധി പേരുകളിൽ അറിയപ്പെടുന്ന ഹൈടെക് കൃഷിരീതി ലോകത്ത് ആരംഭിച്ചിട്ട് അര നൂറ്റാണ്ടായി. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും നിരവധി വർഷങ്ങളായി ഈ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 ലേറെ വർഷങ്ങളായി ഹൈടെക് കൃഷി നിലവിലുണ്ടെങ്കിലും പ്രായോഗികമായി ഇത് നിലവിൽ വന്നിട്ട് 5 വർഷമേ ആകുന്നുള്ളൂ.

സാധാരണഗതിയിൽ തുറസ്സായ സ്ഥലങ്ങളിൽ വിളകൾ വളർത്തുമ്പോൾ പ്രകൃതിയുടെ എല്ലാ പ്രതിഭാസങ്ങളോടും മല്ലടിക്കേണ്ടി വരുന്നതിനാൽ ജലസേചനം, വളപ്രയോഗം, കീടനിയന്ത്രണം, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഇവയിലൊന്നും കാര്യക്ഷമമായ നിയന്ത്രണം സാധ്യമാകാതെ പോകും. ഇത് വിഭവങ്ങളുടെ ദുർവ്യയത്തിന് കാരണമാവുകയും ഉല്പാദനച്ചെലവ് കൂട്ടുകയും ചെയ്യും. എന്നാൽ വിളകൾക്കാവശ്യമുള്ള ജലവും പോഷണവും ആവശ്യമുള്ള സമയത്ത്, ആവശ്യമുള്ള അളവിൽ, ആവശ്യമുള്ള രീതിയിൽ ലഭ്യമാക്കിയാൽ വിഭവങ്ങളുടെ പാഴാക്കൽ തടയാനും കൃഷി കൂടുതൽ ലാഭകരമാക്കാനും കഴിയും. ഇങ്ങനെ ഓരോ പ്രദേശത്തിന്റെയും വിളയുടെയും പ്രത്യേകത അനുസരിച്ച് ഉല്പാദനോപാധികളായ ജലം, വളം തുടങ്ങിയവ നിയന്ത്രിതമായി നൽകി ഉല്പാദനവർദ്ധന സാധ്യമാക്കുന്ന രീതിയാണ് പൊതുവേ കൃത്യതാ കൃഷി, സൂക്ഷ്മ കൃഷി തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന പ്രിസിഷൻ ഫാമിംഗ്. തുറസ്സായ സ്ഥലങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്) ഉപയോഗിച്ച് ഫെർട്ടിഗേഷൻ രീതിയിൽ വെള്ളവും വളവും ആവശ്യാനുസരണം മാത്രം നൽകി പച്ചക്കറികൾ, ഫലവർഗങ്ങൾ തുടങ്ങിയ കൃഷിചെയ്യുന്നത് ഇതിന് ഉദാഹരണമാണ്.

തുറസ്സായ സ്ഥലങ്ങളിലെ കൃത്യതാകൃഷിയുടെ പ്രധാന പോരായ്മ കാലാവസ്ഥയുടെ പ്രതികൂലത അതിനെ നേരിട്ട് ബാധിക്കുന്നു എന്നതാണ്. മഴസമയത്തു പോലും കൃഷിയിറക്കാവുന്നതരത്തിൽ മേൽക്കൂരയുള്ള മഴമറകൾ (റെയിൻ ഷെൽട്ടർ) ചെലവുകുറഞ്ഞ രീതിയിൽ നടപ്പാക്കാവുന്ന കൃത്യതാകൃഷിരീതിയാണ്. പച്ചക്കറികൃഷിയിൽ കേരളത്തിൽ ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഒരു ഹൈടെക് രീതിയാണ് ഇത്.

കൃത്യതാ കൃഷി കൂടുതൽ സൂക്ഷ്മതയോടെ പ്രാവർത്തികമാക്കണമെങ്കിൽ വിള വളരുന്ന അന്തരീക്ഷത്തെ പൂർണമായും നിയന്ത്രിക്കേണ്ടതുണ്ട്. ഇതിനായി താപനില, ഈർപ്പം, അന്തരീക്ഷ ആർദ്രത, പ്രകാശം തുടങ്ങി വിളയുടെ വളർച്ചയെ സ്വാധീനിക്കുന്ന, സൂക്ഷ്മകാലാവസ്ഥയെ നിയന്ത്രിക്കുന്ന തരത്തിൽ അടച്ചിട്ട അന്തരീക്ഷത്തിൽ വളർത്തുന്ന രീതിയാണ് ഗ്രീൻഹൗസ് കൃഷി. ആദ്യകാലങ്ങളിൽ ഗ്ലാസ്, കട്ടിയുള്ള പ്ലാസ്റ്റിക് തുടങ്ങിയവകൊണ്ടാണ് ഗ്രീൻഹൗസുകൾ നിർമ്മിച്ചിരുന്നത്. ക്രമേണ ഭാരം കുറഞ്ഞ പോളിത്തീൻ ഷീറ്റുകളുടെ പ്രചാരത്തോടെ ഇത്തരം സങ്കേതങ്ങളുടെ നിർമ്മാണവും കൈകാര്യം ചെയ്യലും എളുപ്പമായി. സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികളെ നിയന്ത്രിക്കാൻ പ്രത്യേകം തയ്യാറാക്കിയ പോളിത്തീൻ ഷീറ്റുകൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഗ്രീൻഹൗസുകളാണ് ഇന്ന് നമുക്ക് ഏറെ സുപരിചിതമായ പോളിഹൗസുകൾ. ഏതാനും ചതുരശ്രമീറ്റർ വിസ്തൃതിയുള്ള ചെറിയ ഷെഡുകൾ മുതൽ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന പടുകൂറ്റൻ പോളിഹൗസുകൾ വരെ ഇന്ന് നിലവിലുണ്ട്.

തുറസ്സായ സ്ഥലത്തെ കൃഷിയിൽനിന്നും ഏറെ മെച്ചങ്ങൾ പോളിഹൗസ് കൃഷിക്കുണ്ട്. പ്രകൃതിക്ഷോഭങ്ങൾ ബാധിക്കില്ല, ശത്രുകീടങ്ങളുടെ ഉപദ്രവം തീരെ കുറവായിരിക്കും, കീടനാശിനി പ്രയോഗം പരമാവധി ഒഴിവാക്കാനാവും, വെള്ളവും വളവും ഒരുമിച്ച് ചെടിച്ചുവട്ടിൽ നൽകുതിനാൽ നഷ്ടവും കൂലിച്ചെലവും കുറയും, 5–10 മടങ്ങ് അധികം വിളവ് കിട്ടും, ഓഫ് സീസണിൽ വിളവൊരുക്കി പരമാവധി ലാഭം നേടാം, ഉല്പന്നങ്ങളുടെ ഉയർന്ന ഗുണനിലവാരം കയറ്റുമതി സാധ്യതകൾ വർദ്ധിപ്പിക്കുന്നു തുടങ്ങിയവയൊക്കെ ഈ ഹൈടെക് കൃഷിയുടെ മേൻമകൾ തന്നെയാണ്.

എന്നാൽ നമ്മുടെ ശ്രദ്ധപതിയേണ്ട ചില പോരായ്മകളും പോളിഹൗസ് കൃഷിക്കുണ്ട്. ഉയർന്ന മൂലധന നിക്ഷേപം വേണ്ടിവരുന്നു എന്നതുതന്നെയാണ് പ്രധാനകാര്യം. പരിമിതമായ വിളകളുടെ കാര്യത്തിലേ ഈ ഉയർന്ന മുതൽ മുടക്കിന് ആനുപാതികമായ ആദായം ഉറപ്പുള്ളൂ. വളരെ മുന്തിയ ശ്രദ്ധയും പരിചരണവും ആവശ്യമുണ്ട് എന്നതുകൊണ്ടുതന്നെ ചെറിയ അശ്രദ്ധ പോലും വലിയ നഷ്ടം ഉണ്ടാക്കാം. വർഷം മുഴുവൻ ഉല്പാദനം സാധ്യമാക്കണമെങ്കിൽ അത്ര വലിയ ചെലവും വരും. ഉല്പാദനം വർദ്ധിക്കുമ്പോൾ വിപണിവില താഴ്ന്നുപോയാൽ അഥവാ ലാഭകരമായ വിപണി ഉറപ്പുവരുത്തിയില്ലെങ്കിൽ നഷ്ടം സംഭവിക്കാം. നാടൻ വിത്തുകൾ, നാടൻ വളങ്ങൾ, നാടൻ കൃഷി സമ്പ്രദായങ്ങൾ തുടങ്ങിയവ പ്രയോഗിച്ച് ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കാനാവില്ല. ഒറ്റപ്പെട്ട രീതിയിൽ ഏതെങ്കിലും ഉൾപ്രദേശത്ത് തുടങ്ങി വിജയിപ്പിക്കാനാവില്ല. കെട്ടിടങ്ങൾ കൊണ്ടും വിളകളും വൃക്ഷങ്ങളും കൊണ്ടും തണൽ വീഴുന്ന സ്ഥലങ്ങളിലും പോളിഹൗസുകൾ പ്രായോഗികമല്ല.

ഹൈടെക് കൃഷിയെക്കുറിച്ചുള്ള പ്രാഥമികമായ ഇത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിൽ ഈ രംഗത്തുനടക്കുന്ന പ്രവർത്തനങ്ങളെ വിശകലനം ചെയ്യേണ്ടതുണ്ട്.

കൃത്യതാകൃഷിയുടെ തുടക്കം സൂക്ഷ്മജലസേചനത്തിൽ ആയിരുന്നു. ദേശവ്യാപകമായി ഈ രംഗത്ത് ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്തുന്നത് കേന്ദ്ര കൃഷിമന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കമ്മിറ്റി ഓഫ് പ്ലാസ്റ്റിക്കൾച്ചർ ആപ്ലിക്കേഷൻസ് ഇൻ ഹോർട്ടിക്കൾച്ചർ (എൻ.സി.പി.എ.എച്ച്.) എന്ന സ്ഥാപനമാണ്. ഇതിനുകീഴിൽ 22 സംസ്ഥാനങ്ങളിലായി പ്രിസിഷൻ ഫാമിംഗ് ഡെവലപ്മെന്റ് സെന്ററുകൾ (പി.എഫ്.ഡി.സി.) പ്രവർത്തിക്കുന്നു. 1995 ൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മലപ്പുറം ജില്ലയിലെ തവനൂരിലുള്ള കേളപ്പജി കാർഷിക എൻജിനീയറിംഗ് കോളേജിലാണ് കേരളത്തിലെ പി.എഫ്.ഡി.സി. സ്ഥാപിതമായത്. ആദ്യഘട്ടത്തിൽ സൂക്ഷ്മ ജലസേചനരീതികളുടെ പ്രചാരണത്തിൽ മുഖ്യപങ്കുവഹിച്ച ഈ സ്ഥാപനമാണ് പിന്നീട് കേരളത്തിലെ കർഷകർക്കും ഉദ്യോഗസ്ഥർക്കുമായി കൃത്യതാ കൃഷിരീതിയിലെ വിവിധ ഘടകങ്ങളായ സംരക്ഷിതകൃഷി, സൂക്ഷ്മ ജലസേചനം, പോളിഹൗസ് നിർമ്മാണം, പോളിഹൗസിനകത്തും പുറത്തുമുള്ള ശാസ്ത്രീയകൃഷിരീതികൾ തുടങ്ങിയ വിഷയങ്ങളിൽ അംഗീകൃത പരിശീലനം നൽകാൻ തുടങ്ങിയത്.



എന്നാൽ ഇതിനോടൊപ്പം തന്നെ സർക്കാർ-സഹകരണ-സ്വകാര്യ മേഖലയിലുള്ള പല സ്ഥാപനങ്ങളും ഒപ്പം അന്വേഷണ കുതുകികളായ പല വ്യക്തികളും അന്യരാജ്യങ്ങളിലും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലും കൃത്യതാ കൃഷി രംഗത്തെ മുന്നേറ്റങ്ങൾ പഠിക്കുകയും അവ പല തോതിൽ സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ തുടങ്ങുകയും ചെയ്തു.

ക്രമേണ നാഷണൽ മിഷൻ ഓൺ മൈക്രോ ഇറിഗേഷൻ (എൻ.എം.എം.ഐ.), നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (എൻ.എച്ച്.എം.), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) തുടങ്ങിയ കേന്ദ്രസർക്കാർ പദ്ധതികളുടെ ഭാഗമായി ഹൈടെക് കൃഷി

കേരളത്തിലും പ്രോത്സാഹിപ്പിക്കപ്പെടാൻ തുടങ്ങി.

### സംസ്ഥാന സർക്കാർ പദ്ധതികൾ

2012-13 ലാണ് സംസ്ഥാന സർക്കാർ ഹൈടെക് കൃഷി വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചത്. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും 3 പോളിഹൗസുകൾ വീതം നിർമ്മിക്കാനുള്ള അതിബ്രഹത്തായ പദ്ധതിയാണ് ആ വർഷത്തെ ബഡ്ജറ്റിൽ ധനകാര്യമന്ത്രി പ്രഖ്യാപിച്ചത്. 14 ജില്ലകളിലെ 978 പഞ്ചായത്തുകളിലായി 2934 പോളിഹൗസുകളാണ് ഇത്തരത്തിൽ വിഭാവന ചെയ്യപ്പെ'ത്. 400 ചതുരശ്രമീറ്റർ (10 സെന്റ്) വരുന്ന സ്വാഭാവിക വായുസഞ്ചാരമുള്ള പോളിഹൗസ് ഒിന് 3.74 ലക്ഷം രൂപ ചെലവ് കണക്കാക്കുകയും ഇതിന്റെ 75% സഹായധനമായി പ്രഖ്യാപിക്കുകയും ചെയ്തു. ഒപ്പം തന്നെ 100% സബ്സിഡിയോടെ 18 സർക്കാർ സ്ഥാപനങ്ങളിലും 90% സബ്സിഡിയോടെ 3 സ്വകാര്യസ്ഥാപനങ്ങളിലും മാതൃകാ പോളിഹൗസുകൾ നിർമ്മിക്കാനും തുക വകയിരുത്തി. തുറസ്സായ സ്ഥലത്ത് വാഴ, പച്ചക്കറികൾ ഇവയിലെ കൃത്യതാകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തികൾക്കും കർഷക കൂട്ടായ്മകൾക്കുമായി 1000 ഹെക്ടറിലേക്കും ധനസഹായം പ്രഖ്യാപിച്ചു. ഈ മൂന്ന് പ്രവർത്തനങ്ങൾക്കുമായി ആ വർഷം 45 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ മാറ്റിവച്ചത്.

2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ ഹൈടെക് കൃഷിക്കുള്ള വിഹിതം 200 കോടിയായി ഉയർത്തപ്പെട്ടു. ആകെ 1,28,000 ചതുരശ്രമീറ്ററിൽ ഹൈടെക് കൃഷി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളിഹൗസുകൾക്കാണ് ഇപ്പോൾ ധനസഹായം നൽകുന്നത്. ഓരോ കൃഷിഭവൻ പരിധിയിലും 5 വീതം പോളിഹൗസുകൾ നിർമ്മിക്കാനും നിർമ്മാണച്ചെലവിന്റെ 90% വായ്പ നൽകാനും വായ്പ മുടക്കംകൂടാതെ തിരിച്ചടയ്ക്കുന്നവർക്ക് പ്രത്യേക ധനസഹായം നൽകാനുമാണ് തീരുമാനം. ഒപ്പം ഹൈടെക് സംരംഭങ്ങൾക്ക് സൗജന്യവൈദ്യുതിയും കെട്ടിടനികുതി ഇളവും പ്രഖ്യാപിക്കപ്പെടുകയും ഉല്പന്ന സംഭരണം സർക്കാർ സംവിധാനത്തിലൂടെ കാര്യക്ഷമമാക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

ഇതുകൂടാതെ മട്ടുപ്പാവിലോ വീട്ടുമുറ്റത്തോ ചെറിയ പോളിഹൗസുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിപ്രകാരം സഹായമുണ്ട്. 40 മുതൽ 399 ചതുരശ്ര മീറ്റർ വരെയുള്ള പോളിഹൗസുകൾക്ക് ഒരു ചതുരശ്രമീറ്ററിന് പ്രതീക്ഷിക്കുന്ന ചെലവായ 935 രൂപയുടെ 50% ധനസഹായം ലഭിക്കും.



### 2012 മുതൽ ഇതുവരെയുള്ള പുരോഗതി

രാഷ്ട്രീയ കൃഷി വികാസ് യോജന (85590 ച.മീ.), വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് (1000 ച.മീ.), നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ (132073 ച.മീ.), ഹൈടെക് പദ്ധതി (151883 ച.മീ.), പച്ചക്കറി വികസന പദ്ധതി (24483 ച.മീ.) എന്നിവയിലൂടെ ആകെ 3,95,030 ചതുരശ്രമീറ്ററിലാണ് സംസ്ഥാനത്ത് പോളിഹൗസുകൾ നിർമ്മിച്ചിരിക്കുന്നത്. അതായത് മൊത്തം 100 ഏക്കർ വിസ്തൃതിയിൽ കേരളത്തിൽ പോളിഹൗസുകൾ നിരന്നുകഴിഞ്ഞു. ഇതേ പദ്ധതികളിലായി 1,00,000 ച.മീറ്റർ (25 ഏക്കർ) കൂടി സമീപഭാവിയിൽ നിർമ്മാണം പൂർത്തീകരിക്കുകയാണ്.

### ചില വിജയകഥകൾ

പാലക്കാട് പെരുമാട്ടിയിലാണ് ഹൈടെക് കൃഷിയിലെ കേരളത്തിന്റെ ആദ്യകാല പരീക്ഷണങ്ങൾക്ക് തുടക്കം കുറിച്ചത്. അതേ ഉത്സാഹത്തോടെ ഇന്നും പെരുമാട്ടി നമ്മുടെ ഹൈടെക് ഭൂപടത്തിലുണ്ട്. വിവിധയിനം പോളിഹൗസുകളുടെ നിർമ്മാണത്തിലും വിവിധ വിളയിനങ്ങളും കൃഷിമുറകളും പരീക്ഷി

ക്കുന്നതിലും പരിശീലനങ്ങൾക്ക് വേദിയൊരുക്കുന്നതിലും ഒക്കെ മാതൃകയായി നിന്ന് കേരളത്തിന് ഹൈടെക് കൃഷി നന്നായി ഇണങ്ങും എന്ന് കാണിച്ചുതരുന്നതിൽ പെരുമാട്ടിയുടെ പങ്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. എന്നാൽ പെരുമാട്ടി നമുക്ക് കാണിച്ചുതന്ന ഏറ്റവും നല്ല മാതൃക ഇത് എങ്ങിനെ ഒരു ജനകീയമുന്നേറ്റമാക്കി മാറ്റി എപ്രകാരം ഒരു ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റാം എതായിരുന്നു. കുടുബശ്രീ അംഗങ്ങളുടെ കൂട്ടായ്മയ്ക്ക് പരീശീലനവും ആത്മവിശ്വാസവും പകർന്നു നൽകിയും വായ്പയും സാമ്പത്തികസഹായവും സമന്വയിപ്പിച്ചും ഒപ്പം പുതിയ വിപണനതന്ത്രങ്ങളിലൂടെ മെച്ചപ്പെട്ട വില ഉറപ്പുവരുത്തിയും പെരുമാട്ടി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഒരു പഞ്ചായത്തിനെയാകെ പുത്തൻപാതയിലേക്ക് കൊണ്ടുവരാനായത് ഇന്നും കേരളത്തിന് ഈ രംഗത്ത് വഴികാട്ടിയായി നിൽക്കുന്നു.

വയനാട് മാനന്തവാടിയിലെ ഡിഗോൾ തോമസ് ഗൾഫിലെ ജോലി ഉപേക്ഷിച്ചാണ് നാലു വർഷം മുമ്പേ ഹൈടെക് കൃഷിയിലേക്ക് ഇറങ്ങിയത്. 1000 ചതുരശ്രമീറ്റർ പോളിഹൗസിൽ പത്തിൽപ്പരം പച്ചക്കറിയിനങ്ങൾ പരീക്ഷിച്ചു വിജയിച്ചു. പാവൽ തുടങ്ങിയവയുടെ കൃഷിയിൽ കൈകൊണ്ടുള്ള കൃത്രിമപരാഗണം വാണിജ്യാടിസ്ഥാനത്തിൽ സാധ്യമാണെന്ന് തെളിയിച്ചു. 6 ഏക്കറിൽ റബ്ബർതോട്ടത്തിൽ ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ കൃത്യതാകൃഷിരീതിയിൽ വിജയകരമായി ചെയ്യുന്നു. പുതിയ വിളകളും രീതികളും പരീക്ഷിക്കാനും പരിശീലനം നൽകാനും വിപണനത്തിൽ പുതുമകൾ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാനും ഹൈടെക് കൃഷിരംഗത്ത് നിൽക്കുന്ന കർഷകരുടെ കൂട്ടായ്മകൾക്ക് നേതൃത്വം കൊടുക്കാനും ഡിഗോളിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഈ യുവസംരംഭകൻ ധൈര്യമായി ഈ രംഗത്ത് ചുവടുറപ്പിച്ച് നിൽക്കാം എന്ന സന്ദേശമാണ് യുവാക്കൾക്ക് നൽകുന്നത്.

തിരുവനന്തപുരം പാറശ്ശാലയിലെ സിസിൽ ചന്ദ്രൻ 600 ചതുരശ്രമീറ്റർ പോളിഹൗസിൽ നിന്നും 5 സീസണിൽ പച്ചക്കറികൃഷിയിൽ നിന്നും ഉണ്ടാക്കിയ ആകെ വരുമാനം 18 ലക്ഷത്തിൽപ്പരം രൂപയാണ്. ഒന്നാംവിള – സലാഡ് വെള്ളരി (8 ടൺ), രണ്ടാം വിള – സലാഡ് വെള്ളരി (7 ടൺ), മൂാം വിള – പയർ (2.5 ടൺ), നാലാം വിള – സലാഡ് വെള്ളരി (8 ടൺ), അഞ്ചാം വിള – കാപ്സിക്കം (10.5 ടൺ) ഇങ്ങനെയായിരുന്നു അദ്ദേഹത്തിന്റെ വിളനേട്ടം.



**ചില അനുഭവ പാഠങ്ങൾ**

കുറ്റമറ്റ പോളിഹൗസ് നിർമ്മാണത്തിലൂടെ പകുതി കൃഷിവിജയം നേടാം. ഓരോ സീസണിലും ഏറ്റവും ഡിമാന്റ് ഉള്ള വിളകളും അവയുടെ അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളും ഉറപ്പുവരുത്തുന്നതിലൂടെ വിജയത്തിലേക്ക് ഒരുപടികൂടി അടുത്തെത്താം. കൃത്യമായ ജലസേചനം, പോഷണം, സസ്യസംരക്ഷണം ഇവ ഉറപ്പാക്കുന്നതിലൂടെ വിജയം കയ്യെത്തിപ്പിടിക്കാം. ഒപ്പം ഈ വിജയം അർത്ഥപൂർണമാവണമെങ്കിൽ ഏറ്റവും ലാഭകരമായ വിപണനം കൂടി സാധ്യമാവേണ്ടതുണ്ട്. ഇവയെല്ലാം കൂടിച്ചേരുമ്പോഴാണ് ഒരു പോളിഹൗസ് കൃഷി വിജയിക്കുന്നതെങ്കിൽ, ഏറ്റവും ശ്രദ്ധേയമായ കാര്യം ഇവയിൽ ഏതെങ്കിലും ഒന്നിൽ പരാജയപ്പെട്ടാൽ പോലും പോളിഹൗസ് കൃഷി പരാജയത്തിൽ കലാശിക്കും എന്നതാണ്.

ആദ്യകാലങ്ങളിൽ പോളിഹൗസുകൾ നിർമ്മിച്ച കുറേപ്പേരെങ്കിലും ഇന്ന് അതിൽ നിന്നു പിൻമാറിയിരിക്കുന്നു എന്ന വസ്തുത നമ്മൾ കാണാതെ പോകരുത്. വേണ്ടത്ര തയ്യാറെടുപ്പുകൾ ഇല്ലാതെ ഈ രംഗത്തേക്ക് വന്നതും പിൻതു

ണയും സാങ്കേതികസഹായവും ലഭിക്കാതെ പോയതും എല്ലാം ഇതിന് കാരണമായിരിക്കാം. ആദ്യ വർഷങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ വളരെ വ്യക്തമായ മാനദണ്ഡങ്ങൾ പുലർത്തിയിരുന്നില്ല. എന്നാൽ കഴിഞ്ഞ വർഷം മുതൽ ഈ പദ്ധതിയിൽ ഉൾപ്പെടുന്നവർ വളരെ ഗൗരവമായി പോളിഹൗസ് കൃഷി മുന്നോട്ടുകൊണ്ടുപോകും എന്നുറപ്പിക്കാൻ വ്യക്തമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട് എന്നത് ശുഭസൂചകമാണ്.

നമ്മുടെ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപിപ്പിക്കാനുള്ള സർക്കാർ തീരുമാനം ഈ രംഗത്ത് ഒരു നാഴികക്കല്ലാണെങ്കിലും ബന്ധപ്പെട്ട ഏജൻസികളുടെ യോജിച്ചുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ സമഗ്രമായ ആസൂത്രണം അടിയന്തിരമായി ഉണ്ടാകണം. ഗവേഷണം നടക്കേണ്ട മേഖലകളിലും ശാസ്ത്രീയമായ പിൻതുണ ലഭ്യമാക്കേണ്ട മേഖലകളിലും മെച്ചപ്പെട്ട വിപണനം ഉറപ്പാക്കേണ്ടതിലും എല്ലാം സ്മാർട്ട് ആവാൻ കഴിഞ്ഞാൽ മാത്രമേ ഹൈടെക് കൃഷി കേരളത്തെ സ്മാർട്ട് ആക്കൂ. ഈ പോളിഹൗസുകൾ സംസ്ഥാനത്ത് സ്ഥാപിതമാവുന്ന അടിസ്ഥാനസൗകര്യമായിക്കണ്ട് ഓരോ സീസണിലും ഏറ്റവും ലാഭകരമായ രീതിയിൽ കാർഷികോല്പാദനം സാധ്യമാക്കാനുള്ള ഏകോപനം സർക്കാർ ഭാഗത്തുനിന്നുണ്ടാവണം. കർഷകരുടെ കൂടി താല്പര്യം പരിഗണിച്ച് ജില്ലാടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും പ്രൊഡക്ഷൻ പ്ലാനുകൾ ഉണ്ടാകണം. അതിനനുസരിച്ച് കർഷകർക്ക് മെച്ചപ്പെട്ട നടീൽ വസ്തുക്കളും ഉല്പാദനോപാധികളും ലഭ്യമാക്കുകയും അവർക്ക് വേണ്ട പരിശീലനവും സാങ്കേതിക പിൻതുണയും സമയാസമയം ലഭ്യമാക്കുകയും മാർക്കറ്റിംഗ് പ്ലാൻ അനുസരിച്ച് മെച്ചപ്പെട്ട വില ഉറപ്പുവരുത്തുകയും ചെയ്താൽ ഈ പോളിഹൗസുകളിലൂടെ കേരളത്തിന് ഒരു കുതിച്ചുചാട്ടം നടത്താനാവും.

പരമാവധി 5 വർഷങ്ങൾ മാത്രമേ പോളിത്തീൻ ഷീറ്റുകൾക്ക് ഈട് നിൽക്കാനാവൂ. അതുപോലെ നിർമ്മാണസാമഗ്രികളുടെ ഗുണനിലവാരവും പോളിഹൗസുകളുടെ ആയുസ്സിനെ ബാധിക്കും. അങ്ങിനെ നോക്കിയാൽ ക്രമേണ ഈ പോളിഹൗസുകൾക്കെല്ലാം ഭീമമായ ആവർത്തനച്ചെലവുകൾ ഉണ്ടാകാം. ഇത്തരം കാര്യങ്ങളും പരിഗണിച്ചാലേ പോളിഹൗസ് കൃഷി വിജയകരമായി മുന്നോട്ടുപോകൂ.

ഇതേ രീതിയിൽത്തന്നെ തുറസ്സായ സ്ഥലങ്ങളിലുള്ള കൃത്യതാകൃഷിയിലും നമുക്ക് വിപ്ലവം സൃഷ്ടിക്കാനാവും. വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ചെലവു കുറഞ്ഞ മഴമറകൾ പ്രോത്സാഹിപ്പിക്കാം. പച്ചക്കറി നഴ്സറികൾ തയ്യാറാക്കുന്നതിനുള്ള വിസ്തൃതി കുറഞ്ഞ പോളിഹൗസുകളിലൂടെ കുറഞ്ഞ കാലയളവിൽ കൂടുതൽ നേട്ടമുണ്ടാക്കാൻ യുവാക്കൾ ഉൾപ്പെടെയുള്ളവരെ മുന്നോട്ടുകൊണ്ടുവരികയും ഒപ്പം ഹൈടെക് കൃഷിക്കാവശ്യമായ മുന്തിയ ഇനം നടീൽവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യാം. വെർട്ടിക്കൽ ഫാമിംഗ് ഉൾപ്പെടെയുള്ള പുതിയ തലമുറ ഹൈടെക് രീതികളും അനുയോജ്യമായ സ്ഥലങ്ങളിൽ യാഥാർത്ഥ്യമാക്കപ്പെടണം. വിളകൾക്കൊപ്പം മൃഗസംരക്ഷണവും മത്സ്യങ്ങളും എല്ലാം ഉൾപ്പെടുത്തിയുള്ള സംയോജിത ഹൈടെക് രീതികളും പ്രായോഗിക തലത്തിൽ എത്തണം.

ഇത്തരത്തിൽ ശാസ്ത്ര സാങ്കേതികരംഗത്തുണ്ടാകുന്ന ഓരോ പുരോഗതിയും കാർഷിക രംഗത്തേക്ക് പറിച്ചുനടപ്പെടുന്ന ഒരവസ്ഥ സംജാതമാകുന്നതോടെ അഭ്യസ്തവിദ്യരായ പുതു തലമുറ ഈ രംഗത്തേക്ക് ആത്മവിശ്വാസത്തോടെ കടന്നുവരും എ കാര്യത്തിൽ സംശയമില്ല. അവരിലൂടെ പരിമിതമായ നമ്മുടെ വിഭവങ്ങളിൽ നിന്നും വിജയമാതൃകകൾ നിറച്ച സുസ്ഥിരമായ ഒരു ഹൈടെക് കേരളം എന്നതാവണം നമ്മുടെ ദീർഘകാല ലക്ഷ്യം. ഇപ്രകാരം ഭാവികേരളത്തിലേക്ക് നമുക്ക് കരുതലോടെ ചുവടുവയ്ക്കാം.

**ഗ്രീൻടച്ച് ഫാം മീഡിയയുടെ ഡയറക്ടറാണ് ലേഖകൻ**

## നിങ്ങൾക്കറിയാമോ?

### സൂക്ഷ്മാണു വ്യവസ്ഥ (മൈക്രോബയോം)

**സൂ**ക്ഷ്മാണുവ്യവസ്ഥ അഥവാ മൈക്രോബയോം എന്ന പദം ആദ്യമായി ഉപയോഗിച്ചത് ജോഷാലഡർബർഗ് ആണ്. ആമാശയം, കുടൽ, സ്തനഗ്രന്ഥികൾ, കണ്ണുകളിലെ ചർമ്മ പാളികൾ എന്നിവിടങ്ങളിലെല്ലാം കാണപ്പെടുന്ന സൂക്ഷ്മാണുക്കളാണ് ഇവ. ഈ സൂക്ഷ്മാണുക്കൾ മനുഷ്യശരീരത്തിന് ഉപകാരികളാണ്. ഭക്ഷണം ദഹിക്കുന്നതിനും കാർബോ ഹൈഡ്രേറ്റിനെ ഊർജ്ജമാക്കി മാറ്റുവാനും ഇവ സഹായിക്കുന്നു. ഭക്ഷണപാനീയങ്ങളിലൂടെയും മറ്റും മനുഷ്യശരീരത്തിൽ എത്തിച്ചേരുന്ന രോഗവാഹകരായ ബാക്ടീരിയകൾ, ഫംഗസുകൾ, വൈറസുകൾ എന്നിവയോട് ചെറുത്തുനിന്ന് നമ്മുടെ ശരീരത്തെ രക്ഷിക്കുന്നത് മൈക്രോബയോം ആണ്. വൈറ്റമിൻ ബി-1, ബി-2, ബി-3, ബി-6, ബി-12, ഫോളിക് ആസിഡ്, പാൻടോതനിക്ക് ആസിഡ്, വൈറ്റമിൻ കെ-2, എന്നിവയുടെ ഉൽപാദനത്തിലും ബൈൽ ആസിഡ്, സറ്ററോൾസ്, സെനോബയോട്ടിക്സ് എന്നിവയുടെ പ്രവർത്തനത്തിനും ഈ സൂക്ഷ്മാണുക്കൾ പങ്കുവഹിക്കുന്നുണ്ട്. പ്രോബയോട്ട എന്ന പേരിൽ അറിയപ്പെടുന്ന സൂക്ഷ്മാണുക്കൾ അന്നനാളം, കുടൽ എന്നിവിടങ്ങളിൽ ഉപദ്രവകാരികളായ ബാക്ടീരിയകൾ വളരാതിരിക്കാൻ കാരണമാകുകയും ചെയ്യുന്നു.

മനുഷ്യശരീരത്തിൽ ഏകദേശം 100 ട്രില്യൺ സൂക്ഷ്മാണുക്കൾ ഉണ്ട്. ഇത് കോശങ്ങളുടെ എണ്ണത്തിന്റെ പത്തിരട്ടി ആണ്. എന്നാൽ ഇവയുടെ മൊത്തം ഭാരം ഏകദേശം 200 ഗ്രാം മാത്രമേ വരൂ. ഇവയുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാതിരിക്കുന്നിടത്തോളം ഈ സൂക്ഷ്മാണുക്കൾ പ്രശ്നക്കാരല്ല. ആതിഥേയ ശരീരത്തിന് ഉപദ്രവങ്ങളൊന്നും ചെയ്യാതെ അവ സഹവർത്തിക്കുന്നു. മനുഷ്യശരീരത്തിൽ സാധാരണയായി കണ്ടുവരുന്ന സൂക്ഷ്മാണുക്കൾ 'ആർക്കിയ' എന്ന പേരിൽ അറിയപ്പെടുന്ന ഏക കോശജീവകളാണ്.

**സർഫെയ്സി ആക്ട്**

വസ്തുവകകളുടെ സുരക്ഷിതത്വവും പുനർനിർമാണവും ഉറപ്പുവരുത്തുന്നതിനും സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം നടപ്പിലാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. നിയമപ്രകാരം ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്കു വേണ്ടി വായ്പകളുടെ തിരിച്ചടവ് യഥാസമയം നടത്തിയില്ലെങ്കിൽ ബാങ്കുകൾക്കും ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കൾ ലേലം ചെയ്ത് വായ്പ കുടിശ്ശിക വസൂലാക്കാവുന്നതാണ്.

ഭവന വായ്പ എടുത്ത വ്യക്തി, തുടർച്ചയായി ആറുമാസം വായ്പതിരിച്ചടവ് തുക അടക്കുന്നില്ലെങ്കിൽ, ബാങ്ക് അയാൾക്ക് തിരിച്ചടവു തുടങ്ങുന്നതിനായി 60 ദിവസത്തെ കാലാവധി നൽകും. ആ സമയത്തിനകം തിരിച്ചടവു നടത്താതിരിക്കുകയാണെങ്കിൽ ബാങ്കിന് പ്രസ്തുത സ്ഥലം ലേലം ചെയ്ത് നഷ്ടം നികത്താവുന്നതാണ്. പ്രദേശത്തെ വസ്തുവിന്റെ മാർക്കറ്റ് വിലക്കനുസരിച്ചാണ് ലേലത്തുക നിശ്ചയിക്കുന്നത്. മിനിമം ലേലതുക ബാങ്ക് നിശ്ചയിക്കും ബാങ്കിൽ അടയ്ക്കേണ്ട തുകയേക്കാൾ കൂടുതൽ തുക ലേലത്തിൽ കിട്ടിയാൽ മിച്ചം തുക സ്ഥലത്തിന്റെ ഉടമസ്ഥനു (വായ്പ എടുത്ത ആൾ) നൽകും. താല്പര്യമുള്ളവർ തങ്ങളുടെ തുക എത്രയെന്ന് എഴുതിയ കവർ സീൽ ചെയ്ത് ബാങ്കിൽ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ ഒരു നിശ്ചിത ശതമാനം തുക ബാങ്കിൽ റിസർവ് വിലയായി കെട്ടിവെക്കണം. ഇത് തിരിച്ചുനല്കുന്നതാണ്.

സീൽചെയ്ത കവറുകൾ ലേലത്തിനു സന്നിഹിതരായവരുടെ സമക്ഷം തുറക്കുകയും ഏറ്റവും കൂടിയ ലേലത്തുക പ്രഖ്യാപിക്കുകയും ചെയ്യുന്നു. വിജയിച്ചയാൾ ലേലതുകയുടെ 25 ശതമാനം അടച്ച് ലേലം ഉറപ്പിക്കേണ്ടതുണ്ട്. മാർക്കറ്റിൽ നിലവിലുള്ളതിനേക്കാൾ 20-30 ശതമാനം കുറഞ്ഞ വിലക്ക് വസ്തു ലഭിക്കുമെന്നതാണ് ഇങ്ങനെയുള്ള ലേലത്തിന്റെ ഗുണം - കൂടാതെ ആദ്യം ബാങ്ക് വായ്പ നല്കിയ സ്ഥലമായതിനാൽ ഉടമസ്ഥാവകാശത്തിൽ നൂലാമാലകൾ പ്രസ്തുത സ്ഥലത്തിനുണ്ടാവില്ല - എന്നാൽ സ്ഥലത്തിനു നിലവിൽ മറ്റു വ്യവഹാരങ്ങളോ ബാധ്യതകളോ ഉണ്ടെങ്കിൽ അവ പുതിയ ഉടമസ്ഥസ്ഥനിലേക്ക് കൈമാറ്റം ചെയ്യപ്പെടും എന്ന ദോഷവശവും ഇതിനുണ്ട്.

# DO YOU WANT TO BE THE PROUD OWNER OF SHE TAXI AND DRIVE IN STYLE?

shetaxi
A Govt. of Kerala Initiative

she transcends™

The Kerala State Women's Development Corporation Ltd.
Dept. of Social Welfare, Government of Kerala

Provides loan facilities at low interest rate

**Contact : 0471 2727668**





genderpark
resolve the gender inequity

An initiative of Dept.of Social Justice. Govt.of Kerala

Yojana (Malayalam) March 2015 Rs. 20 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1/3/2015




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം., എഡിറ്റർ – ആർ.കെ. പിള്ള**

